ദിവ്യബോധനം ഗ്രന്ഥാവലി – 15

# നേർവഴിയിൽ

## (ഓർത്തഡോക്സ് സഭകൾ – ഒരു പഠനം)

**ഫാ. സി. സി. ചെറിയാൻ**

**ഫാ. ഡോ. ജോൺസ് അബ്രഹാം കോനാട്ട്**

**ദിവ്യബോധനം പബ്ലിക്കേഷൻസ്**

സോഫിയാ സെന്റർ

ഓർത്തഡോക്സ് സെമിനാരി

കോട്ടയം – 686 001

വില: 40.00

*(Malayalam)*

**Nervazhiyil**
(Orthodox Churches - A Study)

**Fr. C. C. Cherian** B.Sc., B.D., B. Lib. Sc., M. Th.
**Fr. Dr. Johns Abraham, Konat,** D. Th.

| | | |
|---|---|---|
| Published by | : | **Divyabodhanam Publications**<br>Orthodox Seminary, P.B. 98, Kottayam<br>Ph: 0481 - 2566 526, 2568 083 |
| First Published | : | March 1988 |
| Revised Edition | : | January 2007 |
| Copyright reserved | | |
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. | : | Sophia Print House, Kottayam Ph. 0481 - 3255054 |
| Printing | : | Catholicate Press, Devalokam, Kottayam |

Price: **Rs. 40/-**

# പ്രസ്താവന

വാത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 –ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9–ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥി – വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

## ഫാ. സി. സി. ചെറിയാൻ



ബി. എസ്. സി. ബിരുദാനന്തരം വൈദിക സെമിനാരിയിൽ നിന്നും ജി. എസ്. റ്റി. ഡിപ്ലോമായും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ഡി. യും കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നു ലൈബ്രറി സയൻസിൽ B. Lib. Sc. ബിരുദവും കരസ്ഥമാക്കി. 1974 മുതൽ ഓർത്തഡോക്സ് വൈദികസെമിനാരിയിൽ ലൈബ്രേറിയനായി പ്രവർത്തിക്കുന്നു. ദിവ്യബോധനം പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ കോർഡിനേറ്ററായും രജിസ്ട്രാറായും ആരംഭം മുതൽ പ്രവർത്തിച്ചു. വേദശാസ്ത്രത്തിൽ ബിരുദാനന്തര പഠനം (M. Th.) പൂർത്തിയാക്കിയ അച്ചൻ ഡൽഹിയിലെ നാഷനൽ ആർക്കൈവ്സിൽ നിന്നും പ്രത്യേക പരിശീലനം നേടി സർട്ടിഫിക്കറ്റ് സമ്പാദിച്ചിട്ടുണ്ട്. സെമിനാരിയിലെ എം. ജി. ഡി. എം. ആർക്കൈവ്സിന്റെ ചുമതല കൂടി വഹിക്കുന്നു.തിരുവചനഭാഷ്യം എഡിറ്റോറിയൽ കമ്മറ്റിയിൽ ജനറൽ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു.

## ഫാ. ഡോ. ജോൺസ് അബ്രഹാം



കോനാട്ട് പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളിയിൽപ്പെട്ട ബ. അച്ചൻ, ദിവംഗതനായ മുൻ വൈദികട്രസ്റ്റി കോനാട്ട് അബ്രഹാം മല്പാനച്ചന്റെ മകനാണ്. ബി. എ. ബിരുദാനന്തരം കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നു ജി. എസ്. റ്റി. ഡിപ്ലോമായും സെറാമ്പൂർ യൂണിവേഴ്സിറ്റിയിലെ ബി. ഡി. ഡിഗ്രിയും സമ്പാദിച്ചു. പാരീസിലെ ലുവേയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നു വേദശാസ്ത്രത്തിൽ ബിരുദാനന്തര പഠനം നടത്തി മാസ്റ്റർ ബിരുദം (M. Th.) കരസ്ഥമാക്കി. 1985 മുതൽ വൈദിക സെമിനാരിയിൽ സുറിയാനിയും സഭാചരിത്രവും പഠിപ്പിക്കുന്നു. കണ്ടനാട് ഭദ്രാസന സെക്രട്ടറിയായും അഖില മലങ്കര വൈദിക സംഘം ജോയിന്റ് സെക്രട്ടറിയായും അച്ചൻ സേവനമനുഷ്ഠിച്ചു വരുന്നു. ചരിത്രപ്രസിദ്ധമായ കോനാട്ട് ഗ്രന്ഥശേഖരത്തിന്റെ ഉടമ കൂടിയാണിദ്ദേഹം.

# ആമുഖം

അപ്പോസ്തോലിക കാലം മുതൽ ക്രൈസ്തവ വിശ്വാസം നേർവഴിയിൽ കാത്തുസൂക്ഷിച്ചുപോരുന്ന ഒരു സമൂഹമായിട്ടാണ് 'ഓർത്തഡോക്സ്' എന്ന വിശേഷണം സഭ സ്വീകരിക്കാനിടയായത്. വിശ്വാസത്തിന്റെ വിവരണങ്ങൾക്കു കാലാകാലങ്ങളിൽ വ്യത്യാസം വരുത്തുവാൻ കഴിയുന്നതോടൊപ്പം അടിസ്ഥാന പ്രമാണങ്ങൾ ആദ്യത്തെ മൂന്നു സുന്നഹദോസുകളുടെ വെളിച്ചത്തിൽ പാവനമായി സംരക്ഷിച്ചുവരുന്ന പാരമ്പര്യം ഓർത്തഡോക്സ് സഭകൾക്കെല്ലാമുണ്ട്. ദേശീയ നേതൃത്വവും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്ന ഓർത്തഡോക്സ് സഭകൾ ക്രിസ്തീയാരാധനയിലും വിശ്വാസ വ്യാഖ്യാനത്തിലും അതതു ദേശത്തിന്റെ തനിമയുൾക്കൊണ്ടു വളർന്നുവരുന്നതിന് ഊന്നൽ കൊടുക്കുന്നു. അപ്രകാരം ഭാരതത്തിലെ ഓർത്തഡോക്സ് സഭയും ദേശീയധാരയിൽ ഇഴുകിച്ചേർന്ന് ഒരു പുതിയ ക്രൈസ്തവമുഖം, ഭാരതീയ സഹോദരങ്ങൾക്ക് പരിചിതമായവിധം സ്വീകരിക്കേണ്ടിയിരിക്കുന്നു. 16-ാം നൂറ്റാണ്ടിനു ശേഷം വന്ന വിദേശ സഭാപ്രവർത്തകരുടെ ആധിപത്യ മനോഭാവത്തിന്റെ ഫലമായി ഭാരതീയ ക്രൈസ്തവ സംസ്കാരം വേണ്ടത്ര പോഷിപ്പിക്കപ്പെടാതെ പോയി. ഈ ദേശത്തിന്റെ അന്തരാത്മാവിൽ ലയിച്ചുചേർന്ന് ഭാരതത്തിൽ ക്രൈസ്തവസാക്ഷ്യം ഫലപ്രദമായി നിർവഹിക്കുന്നതിന് ഓർത്തഡോക്സ് സഭ ശ്രമിക്കേണ്ടതുണ്ട്. ആയതിനു ഭാരത ക്രൈസ്തവരെ, പ്രത്യേകിച്ചും ഓർത്തഡോക്സ് സഭാംഗങ്ങളെ പ്രബുദ്ധരാക്കുവാൻ അല്പമായിട്ടെങ്കിലും ഈ ഗ്രന്ഥം സഹായിക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഇത്രയും ചുരുങ്ങിയ പേജുകളിൽ ലോകത്തിലെ ഓർത്തഡോക്സ് സഭകളുടെയെല്ലാം ചരിത്രം നൽകുന്നതിൽ ഏറെ പരിമിതികളുണ്ട്. ആയതിനാൽ ഓരോ സഭകളെപ്പറ്റിയും വളരെ പ്രസക്തമായ കാര്യങ്ങൾ മാത്രമേ ഇവിടെ ചേർത്തിട്ടുള്ളു. സ്ഥലപരിമിതി മൂലം 'യൂണിയറ്റ്' സഭകളെ പരാമർശിച്ചിട്ടില്ല. 'കിഴക്കിന്റെ സഭ', ഓറിയന്റൽ സഭയല്ലെങ്കിലും നമ്മുടെ സഭയുമായുള്ള സാമീപ്യം കണക്കിലെടുത്തു പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നൽകിയിരിക്കുന്ന അംഗസംഖ്യാ വിവരണം കൃത്യമാണെന്നവകാശപ്പെടുന്നില്ല. പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കഴിയുന്ന സഭകളുടെ ശരിയായ കണക്കു ലഭിക്കുക പ്രയാസമാണു താനും.

ഓർത്തഡോക്സിയെപ്പറ്റി ആധികാരികമായി എഴുതാൻ കഴിവുള്ള ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സമയ ദൗർലഭ്യം നിമിത്തമാണ് ഞങ്ങൾ ഈ ഗ്രന്ഥരചനയ്ക്ക് ആദ്യം തുനിഞ്ഞത്. അഭിവന്ദ്യ തിരുമനസ്സിന്റെ ശിഷ്യരായ ഞങ്ങൾക്കു തിരുമേനിയുടെ ക്ലാസ്സുകൾ, പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവയിൽ നിന്നും

ലഭിച്ച പ്രചോദനങ്ങൾ ഈ ഗ്രന്ഥരചനയിൽ ഞങ്ങളെ വളരെയേറെ സഹായിച്ചിട്ടുണ്ട്. അതുപോലെ തന്നെ, ഞങ്ങളുടെ വന്ദ്യഗുരുവായ ബ. ഡോ. വി. സി. ശമുവേലച്ചൻ കൈയെഴുത്തുപ്രതി പരിശോധിക്കുന്നതിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ആ ഗുരുക്കന്മാരിരുവരും ദൈവസന്നിധിയിൽ വിശ്രമിക്കുന്നു. അഭി. മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയും ഇതിന്റെ ഏതാനും ഭാഗങ്ങൾ വായിച്ചു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദിവ്യബോധനം പരമ്പരയിലെ മറ്റെല്ലാ ഗ്രന്ഥ ങ്ങളുടെയുമെന്നപോലെ ഈ ഗ്രന്ഥത്തിന്റെയും കൈയെഴുത്തുപ്രതി മുഴു വനും സസൂക്ഷ്മം പരിശോധിച്ച്, ആശയാവിഷ്കരണത്തിലും വാചകഘടന യിലും ഭാഷാശുദ്ധിയിലും വേണ്ടവിധത്തിൽ മേൽനോട്ടം വഹിച്ചതു ബ. ടി. ജെ. ജോഷ്വാ അച്ചനാണ്. ഈ വന്ദ്യഗുരുഭൂതന്മാരോടെല്ലാം ഞങ്ങൾ ക്കുള്ള നന്ദിയും കടപ്പാടും ഇവിടെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു. 1988 ൽ രചിച്ച ഈ ഗ്രന്ഥം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുവാൻ ദിവ്യബോ ധനം കമ്മറ്റി തീരുമാനിച്ചതനുസരിച്ച് ആയതു നിർവഹിക്കാനായതിലും സന്തോഷമുണ്ട്. ദിവ്യബോധനം പഠിതാക്കൾക്കായി ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

**ഫാ. സി. സി. ചെറിയാൻ**
**ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്**

ഓർത്തഡോക്സ് സെമിനാരി
20-12-2006

# പ്രസാധകക്കുറിപ്പ്

ദിവ്യബോധനം ഡിപ്ലോമാ പഠിതാക്കൾക്ക് ഓർത്തഡോക്സ് സഭകളെ പരിചയപ്പെടുത്തുവാനായി തയ്യാറാക്കിയിട്ടുള്ള *നേർവഴിയിൽ* എന്ന ഗ്രന്ഥം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയാണ്. ഓർത്തഡോക്സ് സഭകളുടെ വിശ്വാസം, സവിശേഷതകൾ, സമീപനങ്ങൾ, ഭാരത ഓർത്തഡോക്സ് സഭയും ഇതര സഭകളും, വിവിധ ഓർത്തഡോക്സ് സഭകളുടെ ചരിത്രം എന്നിവയെക്കുറിച്ച് അത്യാവശ്യം വേണ്ട അറിവ് ഈ ഗ്രന്ഥം നല്കുമെന്നാശിക്കുന്നു. സെമിനാരി ലൈബ്രേറിയനും *ദൈവജനം* എന്ന ഗ്രന്ഥത്തിന്റേതടക്കം അനേക ഗ്രന്ഥങ്ങളുടെ കർത്താവുമായ റവ. ഫാ. സി. സി. ചെറിയാൻ ആണ് ഈ ഗ്രന്ഥത്തിന്റെ ആദ്യ ഭാഗം രചിച്ചത്. രണ്ടാം ഭാഗത്തിന്റെ കർത്താവ് സെമിനാരി ബർസാറും സുറിയാനി, സഭാചരിത്രം എന്നിവയുടെ നിസ്തന്ദ്ര അന്വേഷിയുമായ ഡോ. ജോൺസ് ഏബ്രഹാം അച്ചനും. ഈ ഗ്രന്ഥം രചിച്ചതിനും പരിഷ്കരിച്ചതിനും രണ്ടു പേർക്കും പ്രത്യേകം നന്ദി. കൂടാതെ പരിഷ്കരണത്തിൽ സഹകരിച്ചിട്ടുള്ള റവ. ഫാ. തോമസ് ജോൺ കായംകുളം, റവ. ഫാ. ഡോ. സാബു കുര്യാക്കോസ് എന്നിവരോടും നന്ദിയുണ്ട്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കു നിർലോപമായ അനുഗ്രഹാശ്ശിസുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡണ്ടും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡണ്ട് റവ. ഫാ ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നത്.

വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽട്ടിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും പല അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി നിർവഹിച്ച സോഫിയാ പ്രിന്റ് ഹൗസിനും അച്ചടി വളരെ ഭംഗിയായും കൃത്യമായും നിർവഹിച്ച കാതോലിക്കേറ്റ് പ്രസിനും നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം കൂടി ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

യൽദോ നോമ്പ്
ഡിസംബർ, 2006

# ഉള്ളടക്കം


പ്രസ്താവന 3

ആമുഖം 5

പ്രസാധകക്കുറിപ്പ് 7

## യൂണിറ്റ് 1

## ഓർത്തഡോക്സ് വിശ്വാസവും വീക്ഷണങ്ങളും

1 ഓർത്തഡോക്സിയും ഇതര വിശ്വാസങ്ങളും 11

2 ഓർത്തഡോക്സ് വിശ്വാസം ഒറ്റനോട്ടത്തിൽ 16

3 ഓർത്തഡോക്സ് പരിഗണനകളും ഊന്നലുകളും 22

4 ആദ്ധ്യാത്മികതയും സാമൂഹ്യതയും: ഒരു പൗരസ്ത്യ സമീപനം 29

5 അധികാരവും പ്രമാണവും: ഓർത്തഡോക്സ് കാഴ്ചപ്പാടിൽ 36

6 സഭയുടെ സ്വയംശീർഷകത്വവും ദേശീയ സാക്ഷ്യവും: ഓർത്തഡോക്സ് അടിസ്ഥാനം 42

## യൂണിറ്റ് 2

## ഓർത്തഡോക്സ് സഭകളും, ഇതര സഭകളും: ബന്ധവും അകൽച്ചയും

1 സഭയിലെ പിളർപ്പുകൾ: ഒരു ചരിത്രാവലോകനം 48

2 ഓറിയന്റൽ – ബൈസന്റയിൻ സഭകൾ ഐക്യപാതയിൽ 54

3 ഓർത്തഡോക്സ് – റോമൻ കത്തോലിക്കാ സഭകൾ വിയന്നാ ഐക്യ സംഭാഷണ വെളിച്ചത്തിൽ 59

4 സഭകളുടെ ലോകകൗൺസിലും ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തവും 65

5 ഭാരതത്തിലെ ഓർത്തഡോക്സ് സഭയും ഇതരസഭകളും ഐക്യ സംഭാഷണ വെളിച്ചത്തിൽ 72

6 ഭാരതസഭകൾ ഐക്യത്തിന്റെ പാതയിൽ 78

## യൂണിറ്റ് 3

## പൗരസ്ത്യ (ഓറിയന്റൽ) ഓർത്തഡോക്സ് സഭകൾ


| | | |
|---|---|---|
| 1 | കോപ്റ്റിക് സഭ | 84 |
| 2 | അന്ത്യോക്യൻ സുറിയാനി സഭ | 89 |
| 3 | എത്യോപ്യൻ സഭ | 95 |
| 4 | അർമീനിയൻ സഭ | 103 |
| 5 | ഭാരതീയ ഓർത്തഡോക്സ് സഭ | 109 |
| 6 | ഇതര കിഴക്കൻ സഭകൾ | 114 |


## യൂണിറ്റ് 4

## ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ


| | | |
|---|---|---|
| 1 | നാലു പുരാതന പാത്രിയർക്കേറ്റുകൾ | 122 |
| 2 | സ്ലാവോണിക് സഭകൾ - 1 | 128 |
| 3 | സ്ലാവോണിക് സഭകൾ - 2 | 133 |
| 4 | റുമേനിയൻ സഭ, ജോർജിയൻ സഭ, അൽബേനിയൻ സഭ | 136 |
| 5 | ഗ്രീസിലെ സഭ, സൈപ്രസിലെ സഭ, സീനായി സഭ | 141 |
| 6 | ഓട്ടോണോമസ് സഭകൾ | 146 |

# യൂണിറ്റ് 1

# ഓർത്തഡോക്സ് വിശ്വാസവും വീക്ഷണങ്ങളും

## പാഠം 1

## ഓർത്തഡോക്സിയും ഇതര വിശ്വാസങ്ങളും

❑ ആമുഖം ❑ വിശ്വാസ പഠനം ആവശ്യമോ? ❑ ഇതര വിശ്വാസങ്ങൾ എങ്ങിനെയുണ്ടായി? ❑ ഓർത്തഡോക്സി എന്നാൽ എന്ത്? ❑ ഓർത്തഡോക്സ് വിശ്വാസത്തിന്റെ പ്രസക്തി

**ആമുഖം**

നസ്രായനായ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ 'ക്രിസ്തു' ആകുന്നു എന്ന വിശ്വാസപ്രഖ്യാപനത്തെ ഉൾക്കൊണ്ടുള്ള ഒരു ജീവിത പ്രമാണമാണല്ലോ ക്രൈസ്തവ വിശ്വാസത്തിനടിസ്ഥാനം. യേശുക്രിസ്തുവിൽ 'ദൈവത്തിന്റെ സർവ്വസമ്പൂർണതയും ദേഹരൂപമായി വസിക്കുന്നു' (കൊലോ. 2:9) എന്ന വേദപ്രമാണം അംഗീകരിച്ചുകൊണ്ടു തന്നെ 'സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും' (യോഹ. 16:13) എന്ന കർത്തൃവചനവും സത്യവിശ്വാസ പഠനത്തിന് ആധാരമായി നാം സ്വീകരിക്കുന്നു. യേശുക്രിസ്തുവിൽ ദൈവത്തിന്റെ പൂർണതയുണ്ടെന്നു വാദിക്കുമ്പോൾ, ആ പൂർണതയെ പൂർണമായി ഗ്രഹിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നു കൂടി വിനയപൂർവ്വം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. 'കർത്താവേ ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു എന്നെ സഹായിക്കേണമെ' (മർക്കോ. 9:14) എന്ന സമീപനം സ്വീകരിക്കാൻ നമുക്കു കഴിയണം. സ്വന്തം വിശ്വാസത്തിലല്ല, ദൈവത്തിന്റെ കരുണയിലാശ്രയിക്കുന്നതിലാണു ക്രൈസ്തവജീവിതം പുഷ്ടിപ്പെടുന്നത് എന്നു നാം ഓർത്തിരിക്കണം.

അതേസമയം, നാം അറിയുകയും, പാലിക്കുകയും ചെയ്യുന്ന കാര്യങ്ങളുടെ വിശ്വാസ്യതയും അടിസ്ഥാനവും സാമാന്യം ലളിതമായി ഗ്രഹിക്കുവാനും, സാധിക്കുന്നതുപോലെ മറ്റുള്ളവരെ ധരിപ്പിക്കുവാനും ഓരോ വിശ്വാസിക്കും ചുമതലയുണ്ട്. 'പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ. ഓരോരുത്തനോടു നിങ്ങൾ എങ്ങിനെ ഉത്തരം പറയണമെന്നു അറിയേണ്ടതിനു, നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കട്ടെ' (കൊലോ. 4:6) എന്നു വി. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്. അതുപോലെ 'നിങ്ങളിലുള്ള പ്രത്യാശയെ

ക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ' എന്നു വി. പത്രോസ് ശ്ലീഹായും ആവശ്യപ്പെടുന്നു (1 പത്രോ. 3:15). ഇപ്രകാരം സത്യവിശ്വാസത്തെപ്പറ്റി പഠിക്കുവാൻ തയ്യാറാകുമ്പോൾ വേദാടിസ്ഥാനത്തിലുറച്ചുനിന്നുകൊണ്ടും സകല സത്യത്തിലേക്കും വഴി നടത്തുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി കാത്തിരുന്നുകൊണ്ടും; സ്വന്തം ബുദ്ധിയേക്കാൾ ദൈവകരുണയ്ക്കു വിധേയപ്പെടുത്തിയും നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കണം. കേവലം വാദപ്രതിവാദത്തിനു മുതിരാതെ വേദസത്യങ്ങൾ അതിന്റെ ഗൗരവത്തോടും സത്യസന്ധമായും പരിശുദ്ധാത്മ നടത്തിപ്പിൽ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. എപ്പോഴും, എവിടെയും, ആരോടും, എങ്ങനെയും അവതരിപ്പിക്കാനോ, തർക്കിക്കാനോ ഉള്ളതല്ല ദൈവിക മർമ്മങ്ങൾ. ഇക്കാര്യം നല്ല പോലെ ഗ്രഹിച്ചുകൊണ്ടു വേണം, വിശ്വാസകാര്യങ്ങളെ പരിശോധിക്കാൻ.

### 1. വിശ്വാസപഠനം ആവശ്യമോ?

കേവലം വാദപ്രതിവാദത്തിനു മുതിർന്നതിന്റെ ഫലമായി, വിശ്വാസവൈരുദ്ധ്യങ്ങൾ പലതും പലപ്പോഴായി സഭയിൽ കടന്നുകൂടാനിടയായി എന്നു ചരിത്രം സാക്ഷിക്കുന്നു. ക്രൈസ്തവ പീഡനം നിലനിന്നിരുന്ന ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ സഭാജീവിതം പരിശോധിച്ചാൽ, അന്നത്തെ തീക്ഷ്ണതയും വിശ്വാസസ്ഥൈര്യവും ഇന്നും ഭക്തിജീവിതത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നു. സഭകൾ പലതായി വിഭജിക്കപ്പെടുന്നതിനു മുൻപുള്ള ആ പൊതു സമീപനത്തെ വിലയിരുത്തി, അവിടെനിന്നും ഒരു തുടക്കവും തുടർച്ചയും സാധിക്കുമെങ്കിൽ വിശ്വാസാചാരങ്ങളെപ്പറ്റി, പിന്നീടു സഭകളിലുണ്ടായ തർക്കങ്ങളെയും സമീപനങ്ങളെയും വിലയിരുത്താൻ ഒരു പരിധി വരെ നമുക്കു സാധിക്കും. അതിനുള്ള ഒരു പരിശ്രമം മുൻവിധികളൊന്നും കൂടാതെ സ്വതന്ത്രമായി നടത്തുവാൻ സാധിക്കുമെങ്കിൽ, ഇന്നു കാണുന്ന വിവിധ സഭകൾ തമ്മിലുള്ള അഭിപ്രായാന്തരവും വിശ്വാസ വൈവിധ്യങ്ങളും കുറെയൊക്കെ കുറയ്ക്കുവാൻ സാധിക്കും.

### 2. ഇതര വിശ്വാസങ്ങൾ എങ്ങനെയുണ്ടായി?

സഭയിൽ ആദ്യമുണ്ടായിരുന്ന വിശ്വാസ സ്ഥിരതയും തീക്ഷ്ണതയും ഭക്തിജീവിതത്തിന്റെ വീഴ്ച, ആത്മ നടത്തിപ്പിന്റെ മാന്ദ്യം, ബുദ്ധിവൈഭവത്തിന്റെ ഊന്നൽ, ഭൗതിക സുഖലോലുപതയുടെ ആകർഷണത എന്നിവയാൽ കുറഞ്ഞുപോയി. തൽഫലമായി യഥാർത്ഥ വിശ്വാസ സംരക്ഷണത്തിനുള്ള ഊന്നൽ കുറഞ്ഞിട്ട് വികലമായ വിശ്വാസങ്ങൾ കടന്നുകൂടി. കാലാകാലങ്ങളിൽ ക്രിസ്തീയ വിശ്വാസത്തെ ഉൾക്കൊള്ളാനും, അവതരിപ്പിക്കാനും സഭയ്ക്കു ചുമതലയുണ്ടെങ്കിലും ആത്യന്തികമായി കരുതിപ്പോരുന്ന

പ്രമാണങ്ങളെ അവഗണിക്കുന്ന സാഹചര്യങ്ങൾ പലപ്പോഴായി ഉണ്ടായി ട്ടുണ്ട്. അതിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല. എന്നാൽ ദേശീയവും രാഷ്ട്രീയവും, സാംസ്കാരികവും, ഭാഷാപരവുമായ സ്വാധീനത്തിൽ ക്രൈസ്തവ മൂല്യങ്ങൾ കേടുകൂടാതെ സംരക്ഷിക്കപ്പെടാ വുന്നതാണെങ്കിലും, മേല്പറഞ്ഞ ഘടകങ്ങൾ തന്നെയാണു സഭാ വിഭജന ങ്ങൾക്കും കാരണമായിത്തീർന്നത് എന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സി ലാക്കാം. വിശ്വാസകാര്യങ്ങൾ ചർച്ച ചെയ്തു അവതരിപ്പിക്കുന്നതിൽ മേല് പറഞ്ഞ ഘടകങ്ങൾ വളരെയേറെ സ്വാധീനിച്ചു. അങ്ങനെ അഞ്ചാം നൂറ്റാ ണ്ടിലും (എ. ഡി. 431, 451) പതിനൊന്നാം നൂറ്റാണ്ടിലും (1054) പതിനാറാം നൂറ്റാണ്ടിലും (1531) ഉണ്ടായ സഭാ വിഭജനങ്ങൾ നിമിത്തം ക്രൈസ്തവ സഭകൾ, ഭിന്നമായ കാഴ്ചപ്പാടുകൾ അവലംബിച്ച് നിലകൊള്ളുന്നു.

അഞ്ചാം നൂറ്റാണ്ടിലും, പതിനൊന്നാം നൂറ്റാണ്ടിലും ഉണ്ടായ സഭാവി ഭജനങ്ങളിലൂടെ പാശ്ചാത്യസഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളും തമ്മിൽ (ഓറിയന്റൽ, ബൈസന്റൈൻ എന്നിവ) വേർപിരിഞ്ഞു. പാശ്ചാത്യ സഭയിൽ തന്നെയുണ്ടായ നവീകരണ പ്രസ്ഥാനത്തിന്റെ ഫലമായി റോമൻ കത്തോലിക്കാസഭയിൽ നിന്നു പ്രോട്ടസ്റ്റന്റ് സഭകൾ പതിനാറാം നൂറ്റാണ്ടിൽ ആവിർഭവിച്ചു. ഓരോ സഭയ്ക്കും അതാതിന്റെ വാദമുഖങ്ങൾ നിരത്തിവയ് ക്കാനുണ്ടാകും. അവയെ പൂർണ്ണമായി സ്വീകരിക്കാനോ, തിരസ്കരിക്കാനോ സാധിക്കുകയുമില്ല. എന്നിരുന്നാലും അവയെ കഴിയുന്നിടത്തോളം വസ്തു നിഷ്ഠമായി വിലയിരുത്താൻ കഴിയുമെങ്കിൽ അതു വളരെ നല്ല ഒരു പരി ശ്രമമായിരിക്കും. ആയതിനുള്ള ഒരു അളവുകോൽ കണ്ടെത്താനുള്ള പരി ശ്രമം ആവശ്യമായിരിക്കുന്നു.

### 3. ഓർത്തഡോക്സി എന്നാൽ എന്ത്?

ഗ്രീക്കു ഭാഷയിൽ 'Orthodox' എന്ന പദത്തിനു വിവിധ അർത്ഥങ്ങളുണ്ട്. 'Ortho' എന്നതിന് Straight, right എന്നും 'doxa' എന്നതിനു 'glory' എന്നും അർത്ഥം കൊടുക്കാറുണ്ട്. നേരെയുള്ള, ശരിയായിട്ടുള്ള അഭിപ്രായം എന്നോ സ്തുതിപ്പ് അഥവാ ആരാധന എന്നോ അർത്ഥം നൽകാം (A worship that is straight or right). ആദിമ നൂറ്റാണ്ടുകളിലെ അടിസ്ഥാനപരമായ വിശ്വാസവും ആരാധനയും വലിയ മാറ്റങ്ങൾ കൂടാതെ നേരെ സംര ക്ഷിച്ചുവരുന്ന സഭകൾ എന്ന അർത്ഥത്തിലാണ് ഓർത്തഡോക്സ് സഭ കൾ ആ പേരു സ്വീകരിച്ചു വരുന്നത്. 'സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസം' എന്ന് ഓർത്തഡോക്സ് വിശ്വാസത്തെ വിശേഷിപ്പിക്കുന്നതു ഈയർത്ഥ ത്തിലാണ്. നേരായ ആരാധനയുള്ളവർ എന്ന അർത്ഥത്തിലാണ് ഓർത്ത ഡോക്സ് സഭ എന്നു പറയുന്നത്.

സാധാരണ നിഘണ്ടുകൾ പരിശോധിച്ചാൽ Orthodox എന്ന പദത്തിനു

'യാഥാസ്ഥികമായ', 'ധർമ്മാനുസാരിത്വമായ', 'സുസമ്മതമായ', 'തെറ്റാത്ത അഭിപ്രായങ്ങളുള്ള' തുടങ്ങിയ അർത്ഥങ്ങൾ കൊടുത്തു കാണുന്നു. യാഥാസ്ഥികത്വത്തെ കേവലം 'പഴഞ്ചൻ രീതി' മാത്രമായി ചിലരൊക്കെ മുദ്രയടിക്കാറുണ്ട്. എന്നാൽ ക്രൈസ്തവ വീക്ഷണത്തിൽ ഓർത്തഡോക്സ് എന്നതു വെറും യാഥാസ്ഥികമായ പഴഞ്ചൻരീതിക്കാർ എന്ന അർത്ഥത്തിലല്ല, പ്രത്യുത, കാലാനുസൃതമായി സത്യവിശ്വാസത്തെ അതിന്റെ വേരിൽനിന്നും വേർപെടുത്താതെ ആനുകാലികമായി അവതരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെയാണു വിവക്ഷിക്കുന്നത്. ആയതിനാൽ, ഓർത്തഡോക്സ് സഭകളിലെല്ലാം കാല, ദേശ, ഭാഷാ സംസ്കാരങ്ങൾക്കനുസൃതമായ ഒരു ക്രൈസ്തവ സഭാജീവിതം വളർത്തിയെടുക്കാൻ ഓർത്തഡോക്സ് തത്വം അനുവദിക്കുന്നു. നിർഭാഗ്യവശാൽ പാശ്ചാത്യ പരിഷ്കാരങ്ങൾ കണ്ട് ഇളകിവശായവർക്ക് ഓർത്തഡോക്സിയെ പഴഞ്ചനായി മാത്രമേ കാണാൻ കഴിയുന്നുള്ളു. അത് അവരുടെ കാഴ്ചപ്പാടിനെ അപ്രകാരം രൂപപ്പെടുത്തിയ വിദേശിയരുടെ കാഴ്ചപ്പാടും സമീപനവും മൂലമാണെന്നു പറയാതെ തരമില്ല. അതോടൊപ്പം ഓർത്തഡോക്സിയുടെ കാതലായ കാര്യങ്ങളെ അവഗണിച്ച് മറ്റു പലതിലും ഓർത്തഡോക്സുകാർ കാണിക്കുന്ന വ്യഗ്രതയും ഓർത്തഡോക്സി തെറ്റിദ്ധരിക്കപ്പെടാൻ കാരണമായിട്ടുണ്ട്.

ഓർത്തഡോക്സ് മാനദണ്ഡത്തെപ്പറ്റി പറയുമ്പോൾ, മറ്റൊരുവശം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇന്ന് ഓർത്തഡോക്സ് സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സഭകളെല്ലാം മേല്പറഞ്ഞ 'ഓർത്തഡോക്സി' എന്തു മാത്രം സ്വായത്തമാക്കി സംരക്ഷിക്കുന്നുണ്ട് എന്നതു വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതാണ്. രാഷ്ട്രീയവും, സാമുദായികവും, സാംസ്കാരികവും, ദേശീയവും, ഭാഷാപരവും മറ്റുമായുള്ള പരിഗണനകൾ ആഗോള ക്രൈസ്തവമൂല്യത്തെ അവഗണിക്കാനോ, വികലമാക്കാനോ ഇടയാക്കുന്ന സന്ദർഭങ്ങൾ സഭാചരിത്രത്തിൽ ധാരാളമുണ്ടായിട്ടുണ്ട്. അങ്ങനെ ഉണ്ടായിട്ടുള്ള വികല്പങ്ങളെയും അവഗണനകളെയും വേണ്ടത്ര വിലയിരുത്തി തിരുത്താതിരുന്നാൽ 'ഓർത്തഡോക്സി' തെറ്റിദ്ധരിക്കപ്പെടാം. ഒരുപക്ഷേ ഭാരതത്തിലും ഇപ്രകാരമുണ്ടാകാവുന്ന തെറ്റിദ്ധാരണ ഒഴിവാക്കാനായി ഇപ്പോൾ പാലിച്ചുവരുന്ന 'ഓർത്തഡോക്സി'യിൽ 'അന്യ'മായി കൂട്ടിചേർന്നിരിക്കുന്നവയെ കഴിയുന്നിടത്തോളം കണ്ടുപിടിച്ചു നീക്കം ചെയ്യാനും, മേലിൽ കലരാതിരിക്കുന്നതിനും, വിട്ടുപോയവയുണ്ടെങ്കിൽ, അവയെ കണ്ടുപിടിച്ചു വിലയിരുത്തി കൂട്ടിച്ചേർക്കുന്നതിനുമായി നിരന്തരമായ ശ്രമം ഉണ്ടാകണം. ആരാധനയിലും അനുഷ്ഠാനങ്ങളിലും മറ്റു സഭകളോടും മതങ്ങളോടുമുള്ള സമീപനത്തിലുമൊക്കെ ആരോഗ്യകരമായ നിലപാട് സ്വീകരിക്കാൻ സഭയ്ക്കു കഴിയണമെങ്കിൽ, ഇപ്രകാരമൊരു *സ്ഥിരപരിഷ്കരണ സംവിധാനം* ഓർത്തഡോക്സ് തത്വത്തിലും പാരമ്പര്യത്തിലുമധിഷ്ഠിതമായി സഭയിൽ നിലകൊള്ളേണ്ടതാണ്.

## 4. ഓർത്തഡോക്സ് വിശ്വാസവും പ്രസക്തിയും

റോമൻ കത്തോലിക്കാസഭയിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെടാനിടയായ വിശ്വാസാചാരങ്ങൾക്കെതിരെയാണു പ്രോട്ടസ്റ്റന്റുകാർ നവീകരണാശയം പ്രചരിപ്പിച്ചത്. എന്നാൽ യഥാർത്ഥമായ ഓർത്തഡോക്സ് രീതികൾ എല്ലാവരും വേണ്ടവിധം ഗ്രഹിച്ചാൽ അതിൽ പ്രതിഷേധിക്കാനോ, എതിർക്കാനോ, കാര്യമായി ഒന്നുംതന്നെയില്ലെന്നു മനസ്സിലാകും. നിർഭാഗ്യവശാൽ, ഇന്ന് അറിയപ്പെടുന്ന ഓർത്തഡോക്സ് സഭകളിലെല്ലാം ഓർത്തഡോക്സിക്കു നിരക്കാത്ത രീതികളും കാണപ്പെടുന്നതിനാൽ യഥാർത്ഥ ഓർത്തഡോക്സി തെരഞ്ഞു കണ്ടെത്തുവാൻ നാം ശ്രമിക്കണം. ഇക്കാര്യത്തിൽ, ആശാവഹമായ ഒരു സമീപനം ക്രൈസ്തവരുടെ ഇടയിൽ പൊതുവായി ഉണ്ടാകേണ്ടതുണ്ട്.

ഓർത്തഡോക്സ് സഭകൾ ശ്ലീഹന്മാർക്കെല്ലാം തുല്യ അവകാശവും അധികാരവും (സിംഹാസനവും) ഉള്ളതായി കരുതുന്നതിനാൽ ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകൃതമായ പരമാധികാരം സ്വീകരിക്കുന്നില്ല. വ്യക്തിയേക്കാൾ സമൂഹത്തിനു പ്രാധാന്യം നൽകുന്ന തത്വം അംഗീകരിക്കുന്നതിനാൽ അപ്രമാദിത്തവാദം നിരസിച്ച് കർത്താവിന്റെ ശരീരമായ സഭയിലൂടെയുള്ള ദൈവ നടത്തിപ്പിന്നായി ഒരൊറ്റ സമൂഹമായി ഓർത്തഡോക്സുകാർ കാത്തിരിക്കുന്നു. പട്ടത്വസ്ഥാനികളും, വി. മാമോദീസായേറ്റ വിശ്വാസികളും വി. കുർബാനയുടെ പങ്കാളിത്തത്തിലൂടെയുണ്ടാകുന്ന ഐക്യത്തിൽ എത്തുമ്പോഴാണു സഭയുടെ പൂർണത ദർശനീയമാകുന്നത്. പട്ടക്കാർ മാത്രമായോ, ജനങ്ങൾ മാത്രമായോ ഓർത്തഡോക്സ് സഭയിൽ ഒരു കാര്യവും ചെയ്യുന്നില്ല. കർത്താവിന്റെ ശരീരമായ സഭയ്ക്കു മുഴുവനുമാണ് അധികാരം. ആ അധികാരമാകട്ടെ, സ്നേഹത്തിന്റെയും സഹനത്തിന്റേതുമാണ്. ദേശീയ സഭകളെല്ലാം, പൂർണ്ണ സ്വാതന്ത്ര്യമുള്ള ഭരണ സംവിധാനം സംരക്ഷിക്കുന്നു. ലോകത്തിലെ ഒരു ഓർത്തഡോക്സ് സഭയും മറ്റൊരു ഓർത്തഡോക്സ് സഭയുടെ മുകളിലോ, കീഴിലോ അല്ല (ഈ ഓർത്തഡോക്സ് തത്വം അന്ത്യോഖ്യാ പാത്രിയർക്കീസ് അംഗീകരിച്ചിരുന്നെങ്കിൽ മലങ്കരസഭയിൽ ശാശ്വതമായ പൂർണസമാധാനം കൈവന്നേനേ!). ആരാധനയ്ക്കും ആത്മീയ ജീവിതത്തിനും പ്രഥമസ്ഥാനം നൽകുന്ന ഓർത്തഡോക്സ് സഭകൾ പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവ വളരെ ഗൗരവമായി പാലിക്കുന്നു. വാങ്ങിപ്പോയ പരിശുദ്ധന്മാർക്കു വേണ്ടിയും, അവരോടും മദ്ധ്യസ്ഥതയർപ്പിക്കുന്നു. ആരാധനയിലും ഭാഷയിലും ദേശീയ സംസ്കാരങ്ങളും രീതികളും ഉൾക്കൊള്ളാനും ആനുകാലികമായി വിശ്വാസാചാരങ്ങളെ അവതരിപ്പിച്ച് ദേശീയമായി വേരുറച്ച് വളരാനുമുള്ള ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ചെയ്യുന്നതിനുള്ള

സ്വാതന്ത്ര്യം ഓർത്തഡോക്സ് സഭകൾ പരിരക്ഷിക്കുന്നു.

## ചോദ്യങ്ങൾ

1. ഇതര വിശ്വാസങ്ങളുടെ പശ്ചാത്തലത്തിൽ വിശ്വാസപഠനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുക?
2. ഓർത്തഡോക്സി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
3. ഓർത്തഡോക്സ് വിശ്വാസവും പ്രസക്തിയും വിലയിരുത്തുക?

## പാഠം 2

# ഓർത്തഡോക്സ് വിശ്വാസം ഒറ്റ നോട്ടത്തിൽ

❑ ആമുഖം ❑ ദൈവവിശ്വാസം ❑ ദൈവം ❑ വി. ത്രിത്വം ❑ സഭ ❑ സഭയും വാങ്ങിപ്പോയവരും ❑ രക്ഷ നിരന്തരമായ രൂപാന്തരത്തിലൂടെ ❑ ആത്മീയ വളർച്ച കൂദാശകളിലൂടെ ❑ പട്ടത്വ നൽവരം ❑ വിശ്വാസികൾ സഭയിൽ

### ആമുഖം

വിശ്വാസം എന്ന പദം പലപ്പോഴും തെറ്റിദ്ധരിക്കപ്പെടാറുണ്ട്. വ്യക്തമായ തെളിവു നൽകാൻ സാധ്യമല്ലാത്ത ഒരു അഭിപ്രായം വച്ചുപുലർത്തുക എന്ന നിലയിലാണു സാധാരണയായി വിശ്വാസത്തെ നാം മനസ്സിലാക്കാറുള്ളത്. ഓർത്തഡോക്സ് കാഴ്ചപ്പാടിൽ വിശ്വാസത്തിന് അടിസ്ഥാനം ദൈവാരാധനയാണ്. അതു ഭക്തിജീവിതത്തിലൂടെയും സ്നേഹപ്രവർത്തനങ്ങളിലൂടെയും ഊറിത്തെളിഞ്ഞുവരുന്നതും വാക്കുകൾക്കതീതവുമായ അനുഭവയാഥാർത്ഥ്യമാണ്. പറയപ്പെടാവുന്നതോ, പ്രകടിപ്പിക്കപ്പെടാവുന്നതോ ആയ ഒരു പരിമിത യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ബുദ്ധിപരമായ വിവരണമല്ല. പ്രത്യുത ആത്യന്തികമായി നിലനില്ക്കുന്നതും നമുക്കു വിശ്വാസമർപ്പിക്കാവുന്നതും, മനുഷ്യമനസ്സിനു ബന്ധപ്പെടാവുന്നതുമായ 'ഏക പരമ യാഥാർത്ഥ്യ'ത്തെപ്പറ്റിയുള്ള (Ultimate reality) അനന്തമായ അന്വേഷണമാണ്, അതോടൊപ്പം തന്നെ അനുസ്യൂതമായ കണ്ടെത്തലുമാണ് യഥാർത്ഥ വിശ്വാസം. ഈ അന്വേഷണവും കണ്ടെത്തലും സമാന്തരമായി നടക്കുന്നു. വാക്കുകളിലൂടെയുള്ള വിശ്വാസപ്രഖ്യാപനങ്ങളും പ്രമാണങ്ങളും ഈ

പ്രക്രിയയെ ഒരളവു വരെ പ്രകടിപ്പിക്കാൻ പര്യാപ്തമാകുമെങ്കിലും, അവയെല്ലാം ആനുകാലിക പ്രാധാന്യമുള്ള മാധ്യമങ്ങൾ മാത്രമാണ്. അതുകൊണ്ടുതന്നെ, 'ദൈവത്തിൽ വസിക്കുന്ന', 'ക്രിസ്തുവിൽ വളരുന്ന', 'ആത്മാവിനാൽ നയിക്കപ്പെടുന്ന' ഒരു സജീവ സമൂഹത്തിന്റെ മനസ്സാണു ലിഖിത പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിശ്വാസത്തെ ഉൾക്കൊള്ളുന്നതും, വിലയിരുത്തുന്നതും, വ്യാഖ്യാനിക്കുന്നതും, അവതരിപ്പിക്കുന്നതും.

## 1. ദൈവവിശ്വാസം

'കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.' കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായി യാഥാർത്ഥ്യങ്ങളെ അംഗീകരിച്ച്, അവയുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ ആരാധിക്കുന്നതിലൂടെയാണ് വിശ്വാസം വളർന്നു വരുന്നത്. സൃഷ്ടിയെല്ലാം തന്നെ അവനിൽ നിന്നും അവനിലേയ്ക്കും ആണെന്ന അവബോധം ആരാധനയ്ക്കു മനുഷ്യനെ നയിക്കുന്നു. സകല നന്മയുടെയും സന്തോഷത്തിന്റെയും നിലനില്പിന്റെയും കാരണഭൂതനായ ദൈവത്തെ ആരാധിപ്പാനല്ലാതെ ആരാഞ്ഞറിയുവാനോ പരിശോധിച്ചു പൂർണമായി ബോധ്യപ്പെടുവാനോ മനുഷ്യനു സാധ്യമല്ല. എന്നാൽ, ദൈവം സ്വയം വെളിപ്പെടുത്തുന്നതിലൂടെ, മനുഷ്യനു തന്നെത്തന്നെ മനസ്സിലാക്കുവാനും, തന്നിലുള്ള ദൈവസ്വരൂപത്തെ (Image of God) സ്വാംശീകരിച്ചു ദൈവീകരിക്കപ്പെടുവാനും ദൈവസ്വഭാവത്തിൽ പങ്കുചേർന്നു ദൈവത്തെ തിരിച്ചറിവാനും അവസരം ലഭിക്കുന്നു.

അതായത് ഉല്പത്തി 1:26, 27 അനുസരിച്ച് മനുഷ്യൻ ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമാണ് എന്ന് ദൈവീകമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈ സ്വരൂപത്തിന്റെയും സാദൃശ്യത്തിന്റെയും സമ്പൂർണ്ണതയാണ്, അഥവാ മനുഷ്യത്വത്തിന്റെ സമ്പൂർണ്ണതയാണ് ദൈവപുത്രനായ യേശുക്രിസ്തുവിൽ വെളിപ്പെടുന്നത്. ഈ സമ്പൂർണ്ണ മാതൃകയുടെ തികവിലേക്ക് ആണ് വിശ്വാസം മനുഷ്യനെ നയിക്കേണ്ടത്. വിശ്വാസത്തിന്റെ അർത്ഥവും ഫലവും ഇതാണ്. ഇപ്രകാരം ക്രിസ്തുവാകുന്ന തലയോളം രൂപാന്തരപ്പെട്ട് വളരുവാൻ സഹായിക്കാത്ത വിശ്വാസം – അതെത്ര അത്ഭുതങ്ങൾ അവകാശപ്പെടുന്നതാണെങ്കിലും – വിശ്വാസമല്ല.

## 2. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ, ത്രീയേക ദൈവം

ദൈവം പിതാവാകുന്നു എന്നും ആ പിതാവിന്റെ തനി സ്വരൂപമായി പുത്രൻതമ്പുരാൻ യേശുക്രിസ്തുവിൽ സ്വയം വെളിപ്പെട്ടു എന്നും, ആ വെളിപാടിലേയ്ക്കു ചരിത്രത്തെ നിയന്ത്രിച്ചു നയിക്കുന്ന പരിശുദ്ധാത്മാവ് ആദിമുതൽ ഇന്നും എന്നേക്കും പ്രവർത്തിക്കുന്നു എന്നും ഉൾക്കൊള്ളാൻ കഴിയുമ്പോൾ അതിനെ 'ത്രീയേക ദൈവവിശ്വാസം' എന്നു വിശേഷിപ്പിക്കാം.

ഇതു ബുദ്ധിപരമായ ഒരു പരസ്യ വിവരണമായിട്ടല്ല, ആരാധിക്കപ്പെടുന്ന ഒരു രഹസ്യ പൊരുളായിട്ടാണു ഓർത്തഡോക്സ് സഭ കരുതുന്നത്. ബുദ്ധി പരമായ വിശദീകരണത്തേക്കാൾ ജീവിതവിശുദ്ധിയിലധിഷ്ഠിതമായ ആരാ ധനയിലൂടെയും രൂപാന്തരത്തിലൂടെയുമാണു സത്യവിശ്വാസം വെളിപ്പെട്ടു വരുന്നത്.

ദൈവികസത്തയെ (The essence of God) പൂർണമായി ഗ്രഹിപ്പാനോ അവതരിപ്പിക്കാനോ യാതൊരു മനുഷ്യ 'മനസ്സിനും' ത്രാണിയില്ലാത്തതി നാൽ ദൈവിക വെളിപ്പാടുകളെ ആശ്രയിക്കുകയാണു മനുഷ്യൻ. ദൈവിക പ്രവർത്തനങ്ങളെ ഒരളവുവരെ ഗ്രഹിച്ച് അതിനു വിധേയപ്പെടുവാൻ മനു ഷ്യനു സാധിക്കുന്നു. ദൈവികസത്ത പരമാവധി വെളിപ്പെടുത്താവുന്ന പൂർ ണ്ണതയിൽ യേശുക്രിസ്തുവിൽ വസിക്കുന്നു. എന്നാൽ ക്രിസ്തുവിൽ വെളി പ്പെട്ട ദൈവത്തിന്റെ 'സർവ സമ്പൂർണത' പൂർണമായി ഉൾക്കൊള്ളാൻ മനു ഷ്യന് ഇതുവരെയും കഴിഞ്ഞിട്ടില്ല. ആയതിലേയ്ക്കുള്ള ഒരു 'ആയിത്തീരൽ' മനുഷ്യനു വേണ്ടിയിരിക്കുന്നു. ഇത് അനുസ്യൂതമായ ഒരു ദൈവീകരണ പ്രക്രിയയാണ്. പ്രകൃതിനിയമങ്ങൾക്കു വിധേയമായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തു, പ്രകൃതിനിയമങ്ങൾക്കതീതമായ ദൈവസ്വരൂപത്തിന്റെ ഉടമയായി മരണത്തേയും ദ്രവത്വത്തെയും അതിജീ വിച്ചു. അങ്ങനെ അദ്രവത്വത്തിന്റെ അഥവാ നിത്യതയുടെ അനന്തസാധ്യത യിലേയ്ക്കുള്ള വാതിൽ 'മർത്യ'നായ മനുഷ്യനു തുറന്നുകൊടുത്ത് അവനെ അമർത്യതയിലേയ്ക്കു ക്ഷണിക്കുന്നു. ദൈവമായിരുന്നുകൊണ്ടു തന്നെ സൃഷ്ടിയായ മനുഷ്യസാദൃശ്യം ധരിച്ച യേശുക്രിസ്തു, മനുഷ്യനായിരിക്കെ ത്തന്നെ 'ദൈവസാദൃശ്യത്തിലേയ്ക്കു' വളരാനുള്ള അനന്തസാധ്യത തന്റെ മനുഷ്യാവതാരം മൂലം എല്ലാ മനുഷ്യർക്കും നൽകി. യേശുക്രിസ്തുവിലുള്ള 'ദൈവ മനുഷ്യ' സ്വഭാവത്തിലേയ്ക്കുള്ള ഈ പങ്കുചേരലാണു യഥാർത്ഥ രക്ഷയിലേയ്ക്കുള്ള പാതയായി ഓർത്തഡോക്സ് സഭ കരുതുന്നത് (2 പത്രോ. 2:4; എബ്രാ. 2:10-14; 1 യോഹ. 3:1-10).

ജീവൻ നൽകുന്നവനും, വിശുദ്ധീകരിക്കുന്നവനും, പൂർത്തീകരിക്കുന്ന വനും, പുതുതാക്കുന്നവനുമായ ദൈവാത്മാവു വി. ത്രിത്വത്തിൽ മൂന്നാ മനായി, അദൃശ്യനായി, അനാദിയായി, അന്തര്യാമിയായി പ്രവർത്തിക്കുന്ന അപരിമേയ ദൈവമാണ്. പാപക്കറ നീക്കി, മനുഷ്യനും ദൈവവുമായി ആഭി മുഖ്യം വരുത്തി, മനുഷ്യരെ ദൈവാനുരൂപികളാക്കിത്തീർത്ത് യഥാർത്ഥ ജീവൻ നൽകി ദൈവകൃപയിൽ വളർത്തുന്നതു പരിശുദ്ധാത്മാവാണ്. സൃഷ്ടി മുഴുവനിലും അപരിമിതനായി പ്രവർത്തിക്കുന്നതോടൊപ്പം, സഭ യിൽ സകല സത്യത്തിലും വഴിനടത്തിക്കൊണ്ട്, വി. കൂദാശാനുഷ്ഠാന ങ്ങളിലൂടെ നിരന്തരമായി മനുഷ്യരക്ഷയ്ക്കായിട്ടുള്ള പ്രവർത്തനം തുടർ ന്നുകൊണ്ടിരിക്കുന്നതും പരിശുദ്ധാത്മാവു തന്നെ.

പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നിങ്ങനെ മൂന്നു നാമങ്ങളിൽ ദൈവം ലോകത്തിൽ അനാദിയായി, ഏകമായി പ്രവർത്തിക്കുന്നു. 'ത്രീയേക ദൈവം' ബുദ്ധിപരമായ ഒരു വിശ്വാസപ്രമാണമല്ല; ആരാധിക്കപ്പെടാനുള്ള ഒരു ആത്യന്തിക യാഥാർത്ഥ്യമാണ്. വിശദീകരണമോ വ്യാഖ്യാനമോ അർഹിക്കാത്ത നിത്യസത്യത്തെ ആരാധിക്കുക മാത്രം; അതാണ് ഓർത്ത ഡോക്സ് വിശ്വാസത്തിന്റെ കാതൽ.

### 3. സഭ

ക്രിസ്തു മനുഷ്യാവതാരം ചെയ്തതിന്റെ പരിണിതഫലമാണു 'സഭ'. ക്രിസ്തുവിന്റെ ശരീരമായി ഇന്നും മനുഷ്യാവതാര പ്രവർത്തനം ലോക ത്തിൽ പ്രകടിതമായി നടപ്പാക്കുവാനുള്ള ദൈവത്തിന്റെ ഉപകരണമായി സഭ ലോകത്തിൽ നിലകൊള്ളുന്നു. ക്രിസ്തുവിനു സാക്ഷ്യം വഹിക്കു കയും, ക്രിസ്തു വസിക്കുകയും, ക്രിസ്തുവിൽ വസിക്കുകയും ചെയ്യുന്ന ഈ സഭയിലൂടെയാണു സൃഷ്ടി മുഴുവന്റെയും രൂപാന്തരം നടക്കേണ്ടത്. രക്ഷ നേടിയെടുക്കേണ്ടതിലേയ്ക്കു സകലത്തേയും ജീവിപ്പിക്കുന്ന പരിശു ദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും സഭയിലാണ്. അതിന്റെ അതിര് അദൃശ്യമാണ്. ഇന്നു ജീവനോടിരിക്കുന്ന കുറച്ചു മനുഷ്യർ കൂടിച്ചേർന്നതു മാത്രമല്ല സഭ, പ്രത്യുത ആദാം മുതൽ കർത്താവിന്റെ രണ്ടാമത്തെ വരവു വരെ ക്രിസ്തുവിൽ ആയിട്ടുള്ളവരും ആയിത്തീരാനുള്ളവരുമായ ജീവനു ള്ളവരും വാങ്ങിപ്പോയവരും ജനിക്കാനുള്ളവരുമായ വലിയ ഒരു 'സാക്ഷി കളുടെ സമൂഹ'മാണത്. കാതോലികവും, ഏകവും, അപ്പോസ്തോലികവും വിശുദ്ധവുമായ ആ സഭയുടെ പരിധി നിർണയിക്കാവതല്ലെങ്കിലും, വി. കുർബാനാ സംസർഗത്തിനായി കൂടിച്ചേരുന്ന 'പ്രാദേശികസമൂഹം' ഈ സഭയുടെ പൂർണതയുൾക്കൊള്ളുന്നതായി ഓർത്തഡോക്സ് സഭ പഠിപ്പി ക്കുന്നു.

### 4. സഭയും വാങ്ങിപ്പോയവരും

വാങ്ങിപ്പോയവരോടും വാങ്ങിപ്പോയവർക്കുവേണ്ടിയും സഭയായി പ്രാർ ത്ഥിക്കുന്നത് ഈ വിശ്വാസത്തിലാണ്. മരിക്കുന്നതുവരെ മാത്രമല്ല ഒരുവൻ ക്രിസ്തുവിലായിത്തീരുന്നത്. ജീവനോടിരിക്കുന്നവരോട് കരുണ കാണി ക്കുന്ന അതേ ദൈവം തന്നെയാണു വാങ്ങിപ്പോയവരേയും പരിപാലിക്കു ന്നത്. ക്രിസ്തുവിലുള്ള നിരന്തരമായ വളർച്ച ഒരു വിശ്വാസി മരണശേഷവും തുടരുന്നതിനാലും, ആ കാലഘട്ടത്തിലും ദൈവത്തിന്റെ കരുണ ആവ ശ്യമുള്ളതിനാലും അവരെ നാം ഓർത്തു പ്രാർത്ഥിക്കുന്നു. വിശ്വാസി കളെ പൊതുവായി 'വിശുദ്ധന്മാർ' എന്നു വിശേഷിപ്പിക്കുന്നെങ്കിലും, പ്രത്യേക അർത്ഥത്തിൽ പരിശുദ്ധന്മാരും ശുദ്ധിമതികളും കാലാകാലങ്ങ ളിൽ സഭയിൽ ഉണ്ടായിട്ടുണ്ട്. ദൈവമാതാവായ പ. കന്യകമറിയാം,

അപ്പോസ്തോലന്മാർ, അപ്പോസ്തോലിക പിതാക്കന്മാർ, രക്തസാക്ഷികൾ, വിശ്വാസ പോരാട്ടക്കാർ തുടങ്ങിയവരെയെല്ലാം ഓർത്തഡോക്സ് സഭ പ്രത്യേകം ബഹുമാനിക്കുകയും, പെരുന്നാളുകൾ നടത്തി അവരുടെ ഓർമ്മ നിലനിർത്തുകയും ചെയ്യുന്നു. വിശുദ്ധന്മാരിൽ അധിവസിക്കുന്ന പരിശുദ്ധനായ ദൈവത്തെയാണ് ഈ പെരുന്നാളുകൾ വഴി ആത്യന്തികമായി സഭ ബഹുമാനിക്കുന്നത്.

### 5. രക്ഷ നിരന്തരമായ രൂപാന്തരത്തിലൂടെ

നരകത്തിൽ പോകാതെ എങ്ങിനെയെങ്കിലും സ്വർഗത്തിലൊന്നു കടക്കുക എന്ന വിധത്തിലാണു രക്ഷയെപ്പറ്റി ചിലരെങ്കിലും ധരിച്ചിരിക്കുന്നത്. രക്ഷിക്കാൻ കഴിവുള്ള ക്രിസ്തുവിൽ 'വിശ്വസിച്ചാൽ' മാത്രം മതി എന്ന ഒരു ലഘുപ്രമാണവും അതിന് അടിസ്ഥാനമായി പറഞ്ഞു കേൾക്കാറുണ്ട്. (ഓർത്തഡോക്സുകാർക്ക്) 'രക്ഷ' എന്നത് ഒറ്റയടിക്കു നേടിയെടുക്കാവുന്ന ഒരു ലോട്ടറിയാണോ? തിന്മയിൽ നിന്നും അകന്നു നന്മയിൽ വളരുന്നതു മൂലം മനുഷ്യനുണ്ടാകുന്ന ഒരു രൂപാന്തരമാണത്. അഥവാ ദൈവീകരണമാണു രക്ഷയിലേയ്ക്കു മനുഷ്യനെ നയിക്കുന്നത്. ദൈവസ്നേഹത്തിലും, ദൈവപരിജ്ഞാനത്തിലും, ദൈവകൃപയിലും നിരന്തരമായി വളരുക എന്നതാണു രക്ഷയുടെ അടിസ്ഥാനം. ബുദ്ധിപരമായ ഒരു 'വിശ്വാസപ്രഖ്യാപനം' കൊണ്ടു മാത്രം ഈ 'രക്ഷ' ലഭിക്കുന്നില്ല. 'വീണ്ടും ജനനം' ഒരു തടസ്സം മാത്രം. വളർച്ചയില്ലെങ്കിൽ ജനനം കൊണ്ടുള്ള ലക്ഷ്യം നേടുന്നില്ലല്ലോ. വീണ്ടും ജനനത്തോടൊപ്പം നിരന്തരമായ ആത്മീയ വളർച്ചയും രക്ഷയുടെ അടിസ്ഥാനമായി നാം കണക്കാക്കുന്നു. ഇവിടെയാണ് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പ്രസക്തി അനുഭവപ്പെടുന്നത്.

### 6. ആത്മീയ വളർച്ച, കൂദാശകളിലൂടെ

അപ്രത്യക്ഷങ്ങളായ കൃപയുടെ പ്രത്യക്ഷ മാർഗ്ഗങ്ങളാണ് കൂദാശകൾ എന്നതാണ് പരക്കെ അംഗീകൃതമായ നിർവചനം. ദൈവത്തിനുവേണ്ടി, ദൈവപദ്ധതിക്കുവേണ്ടി നമ്മെ വേർതിരിക്കുന്നതാണ് ഓരോ കൂദാശയും. കൂദാശകൾ എത്രയെന്നു തിട്ടപ്പെടുത്തുന്നത് ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. ഓരോ പ്രാർത്ഥനയും, കുമ്പിടലും എല്ലാം നമ്മെ ദൈവത്തിന്റേതായി സമർപ്പിക്കുന്നു.

പരിശുദ്ധാത്മവ്യാപാരം മൂലം സ്വർഗീയ നന്മകൾ മനുഷ്യർക്കു നൽകപ്പെടുന്ന പ്രതീകാത്മകങ്ങളായ പ്രവർത്തനങ്ങളാണു കൂദാശകൾ. സാക്രമെന്റ്സ് എന്നു പാശ്ചാത്യസഭയിൽ പറയുന്നെങ്കിലും രഹസ്യങ്ങൾ (മർമങ്ങൾ – Mysteries എന്ന പേരിലാണ് ഓർത്തഡോക്സ് സഭകളിൽ കൂദാശകൾ അറിയപ്പെടുന്നത്). 'മാമോദീസാ – മൂറോൻ – വി. കുർബാന' ഇവ സഭ മുഴുവനുമായി നിർവഹിക്കുന്ന രഹസ്യങ്ങളാണ്. ക്രിസ്തുവുമായുള്ള നിത്യബന്ധത്തിന്റെ ദൃശ്യമായ അടയാളമായി ഇവയെ സഭ അനുഷ്ഠി

ക്കുന്നു. പാപമോചനം, കുമ്പസാരം, വിവാഹം, പട്ടത്വനൽവരം, രോഗികളുടെ തൈലാഭിഷേകം തുടങ്ങിയവയും കൂദാശകളായി നാം അനുഷ്ഠിക്കുന്നു.

### 7. പട്ടത്വ നൽവരം

വി. സഭ മുഴുവനുമായിട്ടാണു കൂദാശകളനുഷ്ഠിക്കുന്നതെങ്കിലും, അവയ്ക്ക് മേൽനോട്ടം വഹിച്ച് നടത്തേണ്ടതിന് അപ്പോസ്തോലിക അധികാര പിന്തുടർച്ചയുള്ള പ്രത്യേക പട്ടത്വസ്ഥാനികൾ (മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ) സഭയുടെ ഘടനയിൽ തന്നെ കാർമ്മികരായി സ്ഥിര സ്വഭാവത്തോടു കൂടി വാഴിക്കപ്പെടുന്നു. പട്ടത്വം ഒരു കൂദാശയായതിനാൽ അതിനുള്ള സ്ഥിരസ്വഭാവം (Indelible Character) ഓർത്തഡോക്സ് സഭ പ്രത്യേകമായി വിലമതിക്കുന്നു. പട്ടത്വമില്ലാതെ സഭയാകുന്നില്ല; സഭയിലല്ലാതെ പട്ടത്വവുമില്ല. ഇവ തമ്മിലുള്ള സമ്യക്കായ യോജിപ്പാണ് ഓർത്തഡോക്സിയുടെ സവിശേഷതയും ഭദ്രതയും.

### 8. വിശ്വാസികൾ സഭയിൽ

സഭയിലെ എല്ലാവരും വിശ്വാസികളാണ് (ഹയ്മ്നെ: വിശ്വാസി എന്ന സുറിയാനി പദത്തിൽ നിന്നും 'അയ്മേനി' എന്ന മലയാള രൂപം, 'ലൗകീകർ' എന്ന അർത്ഥത്തിൽ 'അത്മായർ' (ഒൽമോ = ലോകം) എന്ന പദം കത്തോലിക്കർ ഉപയോഗിക്കുന്നു). 'പട്ടക്കാരും' 'ജനങ്ങളും' എന്ന ഇരുവിഭാഗങ്ങൾ സഭയിലുണ്ടെങ്കിലും സഭയുടെ പൊതുപ്രവർത്തനങ്ങളിലോ, കൂദാശാനുഷ്ഠാനങ്ങളിലോ, 'ജന'ത്തെ അഥവാ 'അയ്മേനി'യെ കൂടാതെ പട്ടക്കാർ മാത്രമായി യാതൊരു കൂദാശയും സഭയിൽ നിർവഹിക്കപ്പെടുന്നില്ല. സഭയുടെ ഭരണകാര്യത്തിൽ പ്രത്യേകിച്ച്, വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നീ കാര്യത്തിൽ ആത്യന്തിക തീരുമാനം കൈക്കൊള്ളുന്നത് 'സഭ'യാൽ തെരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെടുന്ന മേല്പട്ടക്കാരുടെ സുന്നഹദോസ് ആണെങ്കിലും സഭയിലെ വിശ്വാസവും ആചാരങ്ങളും അന്തിമമായി സ്വീകരിക്കപ്പെടുന്നത് 'സഭ മുഴുവനുമായി' അവയെ അംഗീകരിച്ചു നടപ്പാക്കുമ്പോഴാണ്. സഭാചരിത്രത്തിൽ വേദവിപരീതികളായ സഭാനേതാക്കന്മാരിൽ പലരും പട്ടത്വസ്ഥാനികളിൽ നിന്നാണുണ്ടായിട്ടുള്ളത്. അപ്പോഴെല്ലാം സത്യവിശ്വാസത്തിന്റെ കാവൽഭടന്മാരായി വിശ്വാസികൾ പട പൊരുതിയിട്ടുണ്ട്.

ആയതിനാൽ അയ്മേനികളെ വിശ്വാസകാര്യങ്ങൾ പഠിപ്പിക്കുന്നതിലും വിശ്വാസകാര്യങ്ങൾ തങ്ങളുടെ അനുദിനജീവിതത്തിൽ പ്രയോഗിക്കുന്നതിലേയ്ക്ക് അവരെ പരിശീലിപ്പിക്കുന്നതിലും ഓർത്തഡോക്സ് സഭകൾ കൂടുതൽ ഊന്നൽ കൊടുക്കുന്നു. സണ്ടേസ്കൂൾ, ആത്മീയ പ്രസ്ഥാനങ്ങൾ, പഠനപദ്ധതികൾ എന്നിങ്ങനെ ജനങ്ങളുടെ പരിശീലനത്തിൽ ഓർത്തഡോക്സ്സഭകൾ പൊതുവെ ഉത്സുകരാണ്.

**ചോദ്യങ്ങൾ**

1. ഓർത്തഡോക്സ് വിശ്വാസത്തിൽ ത്രീയേകദൈവത്തെ എങ്ങനെ അവതരിപ്പിക്കാം.
2. മനുഷ്യരക്ഷയിൽ സഭയിലെ കൂദാശകളിലൂടെയുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പങ്ക് എന്ത്?
3. പട്ടക്കാരും ജനങ്ങളും ഒത്തൊരുമിച്ചുള്ള സഭയുടെ ജീവിതശൈലി ഓർത്തഡോക്സ് കാഴ്ചപ്പാടിൽ വിലയിരുത്തുക.

## പാഠം 3

# ഓർത്തഡോക്സ്: പരിഗണനകളും ഊന്നലുകളും

❑ ആമുഖം ❑ ആരാധിക്കുന്ന സമൂഹമാണു സഭ ❑ സൃഷ്ടി മുഴുവന്റെയും രക്ഷയ്ക്കു വേണ്ടിയുള്ള മധ്യവർത്തിത്വം ❑ ദൈവീകരണം അഥവാ ക്രിസ്തീയ രൂപാന്തരം ❑ ഓർത്തഡോക്സ് ആദ്ധ്യാത്മികത ❑ നിഷ്ഠയുള്ള സുശിക്ഷിത സമൂഹം ❑ സഭയും രാഷ്ട്രവും

**ആമുഖം**

ഒരു സഭയുടെ പ്രധാന ദൗത്യം എന്താണെന്നുള്ളതിന് നവീകരണ സഭകളിൽ നിന്നും ലഭിക്കുന്ന ഉത്തരം 'വചനം പ്രസംഗിക്കുക', 'സുവിശേഷം ഘോഷിക്കുക', 'സാക്ഷ്യം പറയുക' എന്നിങ്ങനെയാകാം. എന്നാൽ സത്യവിശ്വാസത്തിലും, ആരാധനയിലും, ആദ്ധ്യാത്മിക ജീവിതത്തിലും, സാമൂഹ്യസേവനത്തിലും ഊന്നൽ നൽകിക്കൊണ്ടു ക്രിസ്തുവിൽ ജീവിക്കുന്ന ഒരു സമൂഹത്തെ പരിശുദ്ധാത്മ വ്യാപാരത്തിൽ നിലനിർത്തി സംരക്ഷിച്ചു പോരുക എന്നതാണു പ്രധാന ക്രൈസ്തവ ദൗത്യമായി ഓർത്തഡോക്സ് സഭകൾ കരുതുന്നത്. പാശ്ചാത്യ മാതൃകയിൽ രൂപംകൊണ്ടിട്ടുള്ള നവീകരണ മിഷനറി വീക്ഷണമുള്ളവർ, ഓർത്തഡോക്സുകാർക്കു മിഷൻ പ്രവർത്തനമില്ല എന്നു കുറ്റപ്പെടുത്താറുണ്ട്. ഓർത്തഡോക്സ് സഭയെക്കുറിച്ചുള്ള അവരുടെ അജ്ഞതയും, ഓർത്തഡോക്സുകാരുടെ തന്നെ അലസതയുമാണ് അപ്രകാരമൊരു ആരോപണത്തിന് ഇടനൽകുന്നത്. ഓർത്തഡോക്സ് വിശ്വാസവും പരിഗണനകളും മനസ്സിലാക്കുവാനും പാലി

ക്കുവാനും കഴിയുന്തോറും മേൽപ്പറഞ്ഞ ആരോപണം കുറെയേറെ നീങ്ങിക്കിട്ടും. ഓർത്തഡോക്സ് ഊന്നലുകളെപ്പറ്റി ഒരു ലഘുവിവരണം ഈ സാഹചര്യത്തിൽ പ്രസക്തമാണ്.

### 1. ആരാധിക്കുന്ന സമൂഹമാണു സഭ

ആരാധനയില്ലാത്ത സഭ നിർജീവമാണ്. ആരാധിക്കാത്ത സമൂഹം സഭയല്ല. ആരാധനയെന്നതു വേദവായന, പാട്ട്, പ്രസംഗം, മനഃപ്രാർത്ഥന എന്നിവ മാത്രമാണോ? ഇവയെല്ലാം യഥാർത്ഥ ആരാധനയിലേയ്ക്കു നയിക്കുന്ന ഘടകങ്ങളാണെങ്കിലും ആത്മാവിലും സത്യത്തിലുമുള്ള ആരാധന വി. കുർബാനയിലാണ് ഓർത്തഡോക്സ് സഭ ദർശിക്കുന്നത്. വി. കുർബാനയെന്നതിൽ മേൽപ്പറഞ്ഞ ഘടകങ്ങളുണ്ടെങ്കിലും അതിന്റെ പ്രധാന ഊന്നൽ യേശുക്രിസ്തുവിന്റെ കാഴ്ചപ്പാടിലും, ക്രൂശുമരണത്തിലും, പുനരുത്ഥാനത്തിലുമുള്ള വിശ്വാസികളുടെ സജീവ പങ്കുചേരലാണ്. യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനത്തിലുള്ള വിശ്വാസികളുടെ ഈ പങ്കുചേരലിലൂടെയല്ലാതെ ലോകത്തിന്റെ രക്ഷ പൂർണമാകുന്നില്ല. ഈ പങ്കുചേരൽ മാനസികമായ ഒരു സംതൃപ്തിയായോ ബുദ്ധിപരമായ ഒരു ധാരണയോ പ്രഖ്യാപനമോ മാത്രമായി പരിമിതപ്പെടുത്താവുന്നതല്ല. പരിശുദ്ധാത്മ നിശ്വസിതമായ വിശ്വാസികളുടെ സമൂഹത്തിൽ, ആത്മ ശരീര മനസ്സുകളുടെ പൂർണ പങ്കാളിത്തത്തോടെ, യേശുക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള പ്രത്യാശാപൂർണമായ സംബന്ധമാണത്. വചനം പ്രസ്താവിക്കുക, പ്രസംഗിക്കുക എന്നത് ആരാധനയിലുള്ള ദൈവ-മനുഷ്യ സംയോജിപ്പിന്റെയും രമ്യതയുടെയും സമാധാനത്തിന്റെയും അനുഭവത്തിൽ നിന്നു വേർപെടുത്തിക്കൊണ്ടുള്ളതായിരിക്കരുത്. യേശുക്രിസ്തുവിന്റെ മരണത്തെയും പുനരുത്ഥാനത്തെയും യഥാർത്ഥ ആരാധനയിലൂടെ പ്രഖ്യാപിക്കപ്പെടേണ്ടതാണ്. 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും അവന്റെ മരണത്തെ പ്രസ്താവിക്കുന്നു' (1 കൊരി. 11:26). ഇപ്രകാരം, യഥാർത്ഥ ആരാധനയിലധിഷ്ഠിതമായി, യേശുക്രിസ്തുവോടു ചേർന്ന്, അവനിൽ വസിച്ച്, അവനോടു താദാത്മ്യം പ്രാപിച്ച് അനുദിനം രൂപാന്തരപ്പെട്ടു വളരുന്നതാണു പ്രധാന ജീവിത ലക്ഷ്യമായി സഭ കരുതുന്നത്.

### 2. സൃഷ്ടി മുഴുവന്റെയും രക്ഷയ്ക്കു വേണ്ടിയുള്ള മധ്യവർത്തിത്വം

യേശുക്രിസ്തുവിന്റെ ക്രൂശുമരണവും, അതിൽ പങ്കുചേരുന്ന വിശ്വാസിയുടെ ആരാധനയും, സൃഷ്ടി മുഴുവന്റെയും രക്ഷയ്ക്കു വേണ്ടിയുള്ളതാണ്. അവനവന്റെ രക്ഷയും വളർച്ചയും എന്നതിലുപരി, മറ്റുള്ളവരുടെയും അഖില സൃഷ്ടിയുടെയും രക്ഷയാണു ഓർത്തഡോക്സ് വീക്ഷണത്തിൽ

പ്രാധാന്യം അർഹിക്കുന്നത്. തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ മുഴുവനും സ്നേഹിച്ചു. ആയതിനാൽ 'എന്റെ വിശ്വാസവും വളർച്ചയും മൂലം ഞാൻ രക്ഷപ്പെട്ടു' എന്ന സമീപനമല്ല 'സൃഷ്ടിയുടെ മുഴുവൻ രക്ഷയും വളർച്ചയും നടക്കേണ്ടതിലേയ്ക്ക് ഞാൻ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു' എന്നതാണ് ഓർത്തഡോക്സ് സമീപനം. വി. കുർബാന, സൃഷ്ടി മുഴുവനും വേണ്ടി രക്ഷയുണ്ടാകുന്നതിനുള്ള വ്യക്തികളുടെ ത്യാഗപൂർണമായ പങ്കുചേരലാണ്. വി. കുർബാനയിലെ പ്രാർത്ഥനകൾ പലതും ഇപ്രകാരം സൃഷ്ടി മുഴുവനും വേണ്ടിയുള്ളതാണ്. സഭാജീവിതം മുഴുവനും, ആരാധനയായാലും, ആദ്ധ്യാത്മികതയായാലും, സാക്ഷ്യമായാലും, സേവനമായാലും അതു വ്യക്തിഗതമായ രക്ഷയും വളർച്ചയുമെന്നതിലുപരി, സമൂഹം മുഴുവന്റെയും, സൃഷ്ടി മുഴുവന്റെ രക്ഷയും വളർച്ചയും ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്.

സൃഷ്ടി മുഴുവനും കൂടി സ്രഷ്ടാവിന്റെ മുൻപാകെ ആരാധിക്കുന്ന അനുഭവമായ വി. കുർബാനയിൽ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സൃഷ്ടി മുഴുവനും വേണ്ടി സ്രഷ്ടാവോടു നന്ദിയർപ്പിക്കുന്നു. സൃഷ്ടി മുഴുവനും രൂപാന്തരം പ്രാപിക്കേണ്ടതിലേയ്ക്കു മനുഷ്യന്റെ, മദ്ധ്യവർത്തിത്വം സ്രഷ്ടാവായ ദൈവം ആവശ്യപ്പെടുന്നു. ഇവിടെയാണു സഭയുടെ മഹാപൗരോഹിത്യ ശുശ്രൂഷയുടെ അർത്ഥം നാം ഗ്രഹിക്കേണ്ടത്. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ദൈവമുൻപാകെ സൃഷ്ടി മുഴുവനുവേണ്ടിയും, സൃഷ്ടിയുടെ മുൻപാകെ ദൈവസ്വരൂപവും സാദൃശ്യവും ധരിച്ചുകൊണ്ടു ദൈവത്തിന്റെ പ്രതിനിധിയായും നിലകൊള്ളുന്നു. സഭ രാജകീയ പുരോഹിതവർഗമായി (1 പത്രോ. 2:5-10) മദ്ധ്യവർത്തിത്വം വഹിക്കുക എന്നതു പരമ പ്രധാനമായ പ്രമാണമാണ്. ഇതാണു സഭയുടെ യഥാർത്ഥ ദൗത്യം.

### 3. 'ദൈവീകരണം' അഥവാ 'ക്രിസ്തീയ രൂപാന്തരം'

'ദൈവം തന്റെ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു' (ഉല്പ. 1:27). ഈ സ്വരൂപവും സാദൃശ്യവും വീഴ്ച മൂലം മങ്ങലേറ്റു പോയെങ്കിലും, ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പു മൂലം, വീണ്ടും സജീവമായി വളരാൻ തുടങ്ങി. വി. മാമോദീസായിലൂടെ വീണ്ടും ജനിക്കുന്ന ഓരോ വിശ്വാസിയും തന്നിലുള്ള ഈ ദൈവസ്വരൂപവും സാദൃശ്യവും നഷ്ടമാകാതെ, നാൾക്കുനാൾ 'ക്രിസ്തുവിൽ നിരന്തരമായി വളരുവാനായുള്ള സമൃദ്ധമായ ജീവൻ പ്രാപിക്കുകയാണ്. യേശുക്രിസ്തുവിനോട് ഒട്ടിച്ചു ചേർക്കപ്പെടുന്നതിലൂടെ തന്റെ സ്വരൂപത്തിലും നിത്യജീവനിലും പങ്കുചേർന്നു വളരുകയാണ്. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവമനുഷ്യത്വ പൂർണതയിലേയ്ക്ക് ഓരോ വിശ്വാസിയും സഭാജീവിതത്തിലൂടെ വളരുകയാണ്. ഈ വളർച്ച കർത്താവിന്റെ രണ്ടാം വരവു വരെയും തുടരു

കയുമാണ്. ഇപ്രകാരമുള്ള വളർച്ചയും രൂപാന്തരവും വിശ്വാസികളിൽ ഉണ്ടാകുന്നതിലൂടെയാണ് സകല മാനവരാശിയുടേയും സൃഷ്ടി മുഴുവന്റെയും രക്ഷ സാദ്ധ്യമായിത്തീരുന്നത്.

ദൈവസ്വഭാവത്തിലേക്കുള്ള രൂപാന്തരമാണ് 'രക്ഷ' എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്. ദൈവം നല്ലവനാണ്, സർവ്വശക്തനാണ്, സ്നേഹവാനാണ്, സ്വതന്ത്രനാണ്, വിജ്ഞാന ഉറവയാണ് എന്നൊക്കെ പറയുമ്പോൾ ദൈവസ്വഭാവത്തെ ഉൾക്കൊള്ളാനുള്ള മനുഷ്യന്റെ അഭിവാഞ്ഛയാണു പ്രകടിപ്പിക്കപ്പെടുന്നത്. അതായത്, ദൈവത്തിന് എന്തെല്ലാം ഗുണഗണങ്ങൾ മനുഷ്യമനസ്സിന് ഗ്രഹിക്കാവതായിട്ടുണ്ടോ, ആ ഗുണങ്ങളെല്ലാം സ്വായത്തമാക്കി അവനോടു താദാത്മ്യം പ്രാപിച്ച് വളരുവാനുള്ള അനന്ത സാദ്ധ്യത മനുഷ്യന് ദൈവം നൽകിയിട്ടുള്ളതിനെയാണ് 'ദൈവസാദൃശ്യം' എന്നു പറയുന്നത്. വീണ്ടും ജനനത്തിലൂടെ ദൈവസാദൃശ്യത്തിന്റെ പൂർണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണം ആരംഭിക്കുന്നു. എന്നാൽ ആ പൂർണതയെന്നത് ഒരു അനന്തസാദ്ധ്യതയായി നിത്യത വരെ തുടരുന്നു. ഈ ദൈവസാദൃശ്യപ്രക്രിയയിലേക്ക് പ്രവേശിച്ച്, ദൈവത്തിന്റെ സ്നേഹം, പരിജ്ഞാനം, സ്വാതന്ത്ര്യം തുടങ്ങിയ സ്വഭാവങ്ങൾ പ്രകടിപ്പിക്കുക എന്നതാണു സഭയുടെ മറ്റൊരു പ്രധാന ദൗത്യം. മിഷനറി സംഘടനകളിലൂടെയുള്ള പ്രവർത്തനങ്ങൾ, അച്ചടി – ദൃശ്യമാധ്യമങ്ങൾ, ഉപവിയുടെ പ്രവർത്തനങ്ങൾ എന്നിവ മാത്രം കൊണ്ട് സഭയുടെ യഥാർത്ഥ ദൗത്യം നിറവേറ്റാമെന്ന ധാരണ ഓർത്തഡോക്സ് സഭകൾക്കില്ല. സഭയിലൂടെ വ്യക്തികൾക്കും സമൂഹത്തിനു മുഴുവനും ദൈവീകരണം പ്രാപിക്കുക എന്നതാണു പരമ പ്രധാനം. ആയതിലേക്ക് മാദ്ധ്യമങ്ങൾ സഹായിക്കുമെങ്കിൽ അവയെ സ്വീകരിക്കാൻ ഓർത്തഡോക്സ് സഭകൾ ശ്രമിക്കും. ലക്ഷ്യം മറന്ന്, മാർഗത്തെ ലക്ഷ്യമാക്കി അവതരിപ്പിക്കുമ്പോഴാണ് പരാജയം സംഭവിക്കുന്നത്. സുവിശേഷത്തിന്റെ ലാളിത്യവും ആരാധനയുടെ വിശുദ്ധിയും വിശ്വാസത്തിന്റെ സ്ഥിരതയും സ്നേഹത്തിന്റെ പ്രകടനങ്ങളും ആത്മാവിന്റെ നടത്തിപ്പും ഒത്തിണങ്ങി പ്രത്യാശയും നിഷ്ഠയുമുള്ള ഒരു സമൂഹമായി സഭ രൂപാന്തരം പ്രാപിക്കുന്നില്ലെങ്കിൽ അതിൽ നടത്തപ്പെടുന്നതെല്ലാം 'മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ' ആയിത്തീരാം.

## 4. ഓർത്തഡോക്സ് ആദ്ധ്യാത്മികത*

ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന ഊന്നലുകൾ സംക്ഷിപ്തമായി താഴെ ചേർക്കുന്നു. (1) ദൈവത്തോടുള്ള ഐക്യവും ദൈവീകരണത്തിലൂടെയുള്ള രൂപാന്തരവുമാണ് ക്രിസ്തീയ ജീവിതലക്ഷ്യം. (2) അതിന് ദൈവകൃപയും മനുഷ്യമനസ്സും ഒന്നു ചേർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മനസ്സോടെയുള്ള സമർപ്പണം ദൈവപ്രസാദമനുഭവിക്കുന്നതിന്

അടിസ്ഥാനമാണ്. (3) ദൈവിക മേഖലയിലേക്ക് ഉയരുന്നതിനു നമ്മെ സഹായിക്കുന്ന ധ്യാനവും ശിക്ഷണവും പരിശുദ്ധാത്മ സഹായത്താൽ നിരന്തരമായി ആത്മികതയെ പുഷ്ടിപ്പെടുത്തുന്നതിന് സഹായിക്കുന്നു (Asceticism and Mysticism). പ്രാർത്ഥനയും ആത്മശോധനയും മൗനവും ഉപവാസവും എല്ലാം ആത്മീയ രൂപാന്തരത്തിലേക്ക് നയിക്കുന്ന ഘടകങ്ങളാണ്. (4) സഭയിലെ കൂദാശാനുഭവ ജീവിതത്തിലൂടെ ആദ്ധ്യാത്മിക വളർച്ച സാധിക്കുന്നു. (5) വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലൂടെ ആത്മീയത നിലനിൽക്കുന്നു. പാശ്ചാത്യസഭയിൽ (റോമാ സഭയിൽ) രൂപങ്ങൾ എന്നപോലെ, പൗരസ്ത്യസഭയിൽ ഐക്കണുകൾ ആരാധനയിലുപയോഗത്തിലിരിക്കുന്നു. വിശ്വാസിയും അദൃശ്യലോകവും തമ്മിൽ ദൃശ്യരൂപത്തിൽ ബന്ധപ്പെടുവാൻ സഹായിക്കുന്ന ഒരു ഉപാധിയായി ഐക്കണുകളും ക്രിസ്തീയ ചിത്രങ്ങളും ദേവാലയങ്ങളിൽ ഉപയോഗിക്കുന്നു. ദൈവമാതാവിനുള്ള പ്രത്യേക സ്ഥാനം ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ വിലമതിക്കപ്പെടുന്നു. (6) നന്മ പ്രവൃത്തികളിലൂടെയും (Praxis) ആദ്ധ്യാത്മികതയിലേക്കു പ്രവേശിക്കപ്പെടും. ധ്യാനത്തിലൂടെ വളർന്നും ബുദ്ധിപരമായ പക്വത കൈവരിച്ചും (Theoria) വികാരങ്ങളെ അടക്കി ആത്മനിയന്ത്രണം പ്രാപിച്ചും (Apathia) പൂർണത (teleios) യിലേക്കു വളർന്നു ദൈവപരിജ്ഞാനികളായി (Theologia) ത്തീരുക, എന്നിവ ആദ്ധ്യാത്മികതയുടെ വിവിധ ഘട്ടങ്ങളായി പൗരസ്ത്യ പിതാക്കന്മാർ വിവരിച്ചിട്ടുണ്ട് (See Orthodox Spirituality, SPCK, 1945).

### 5. നിഷ്ഠയുള്ള സുശിക്ഷിത സമൂഹം

ക്രിസ്തീയ ആദ്ധ്യാത്മികതയിൽ വളരുന്ന വ്യക്തികളുടെ ഒരു സമൂഹമായിത്തീരുവാൻ സഭയ്ക്കു സാധിക്കുമോ? സംഘടനാബലവും, സാമ്പത്തികശേഷിയും, സാങ്കേതികജ്ഞാനവും, പ്രവർത്തകരുമെല്ലാം ഈ രൂപാന്തരപ്രക്രിയയ്ക്ക് ആവശ്യം തന്നെ. സഭയിലെ വ്യവസ്ഥാപിതമായ ഭരണ സംവിധാനങ്ങളും ശിക്ഷണ നടപടികളും ആദ്ധ്യാത്മിക പരിശീലനങ്ങളുമെല്ലാം ഇതിലേക്കു പ്രയോജനപ്പെടണം. വി. കുർബാനാനുഷ്ഠാനത്തിലെ സജീവ പങ്കാളിത്തത്തിലേക്കു സഭാംഗങ്ങളെ നയിക്കുന്നതോടൊപ്പം, സമൂഹത്തിൽ ക്രൈസ്തവ സാക്ഷ്യത്തിനു വിരുദ്ധമായി സ്വതന്ത്രജീവിതം നയിക്കുന്നവരെ കണ്ടെത്തി, ഗുണദോഷിച്ചു സഭയിലേക്കു കൊണ്ടുവരുവാൻ സഭയ്ക്ക് സാധിക്കണം. ആദിമസഭയിലെന്ന പോലെ അലക്ഷ്യമായി ജീവിക്കുന്നവർക്കെതിരെ ആവശ്യമായ ശിക്ഷണ നടപടികൾ എടുക്കുന്നതിനും വേണ്ടി വന്നാൽ നിഷ്കാസനം ചെയ്യുന്നതിനുമുള്ള ആത്മനിറവ് സഭയിലുണ്ടാകണം (1 കൊരി. 5:1-5).

---

* വിശദപഠനം അടുത്ത പാഠത്തിലും ഈ പാഠ്യപദ്ധതിയിലെ തന്നെ 'ക്രിസ്തീയ ആദ്ധ്യാത്മികത' എന്ന ഗ്രന്ഥത്തിലും കാണുക.

സഭയിലെ വി. കൂദാശാനുഭവങ്ങളിലൂടെ വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കു വളരുന്നതിനു സഭാംഗങ്ങളെ സഹായിക്കുന്ന യാമപ്രാർത്ഥനകൾ, രഹസ്യപ്രാർത്ഥനകൾ, നിമിഷപ്രാർത്ഥനകൾ, ഉപവാസം, നോമ്പ്, ഭക്തിജന്യമായ പെരുന്നാളുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ഓർത്തഡോക്സ് സഭകൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയിലൂടെയെല്ലാം ക്രിസ്തുവിനെ ധരിച്ച വിശ്വാസി ക്രിസ്തുവിലായിത്തീർന്ന് ക്രിസ്തുവിനെപ്പോലെ ആയിത്തീർന്നു രൂപാന്തരം പ്രാപിക്കുന്ന അനുഭവം ഉണ്ടാകണമെന്ന ലക്ഷ്യമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്. യേശുക്രിസ്തുവിലുള്ള ജീവിതത്തിൽ പങ്കുചേരുകയാണ് ഇവയുടെയെല്ലാം പരമലക്ഷ്യം. വി. മാമോദീസായിലൂടെ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമാകുന്ന വിശ്വാസി, വി. മൂറോനഭിഷേകത്തിലൂടെ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, രാജത്വത്തിലും, പ്രവാചകത്വത്തിലും പങ്കുചേരുന്നു. വി. കുർബാനയിലൂടെ കർത്താവിന്റെ പരമയാഗത്തിൽ പങ്കുകാരാകുന്നു. അനുദിനം നടത്തുന്ന ആരാധനയിലൂടെ, നാം ക്രിസ്തുവിന്റെ നിത്യമദ്ധ്യസ്ഥതയിൽ പങ്കുചേരുന്നു. ആരാധനാവർഷത്തിലെ പെരുന്നാളുകളുടെ ആചരണങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ പങ്കുചേരുന്നു. വിശുദ്ധന്മാരുടെ ഓർമ്മ ആഘോഷിക്കുന്നതിലൂടെ യേശുക്രിസ്തുവിലുള്ള നിത്യജീവന്റെ ഭാഗ്യാവസ്ഥയിൽ പ്രത്യാശ വച്ച് ആനന്ദിക്കുന്നു. അങ്ങനെ സഭയിലെ എല്ലാ ക്രമീകരണങ്ങളും ക്രിസ്തുവിന്റെ ജീവിതത്തോട് താദാത്മ്യം പ്രാപിച്ചു വളരുവാൻ വിശ്വാസികളുടെ സമൂഹത്തിനു സഹായകമാകുമെന്ന് ഓർത്തഡോക്സ് സഭ കരുതുന്നു.

### 6. സഭയും രാഷ്ട്രവും

സഭയും രാഷ്ട്രവും രണ്ടാണെന്ന ചിന്താഗതി ഓർത്തഡോക്സ് സഭകളിലൊന്നും ആദിമകാലങ്ങളിൽ കാണുന്നില്ല. രാഷ്ട്രം താല്ക്കാലികമെന്നും, സഭ നിത്യമാണെന്നും ഉള്ള വ്യത്യാസം ഉണ്ടായിരിക്കാമെങ്കിലും, അവ തമ്മിലുള്ള സഹവർത്തിത്വത്തിലാണ് ആദിമകാലങ്ങളിൽ, ആത്മപ്രബുദ്ധതയുള്ള ഓർത്തഡോക്സ് സഭകൾ വളർന്നിട്ടുള്ളത്. എന്നാൽ ആധുനിക കാലഘട്ടത്തിൽ, മിക്ക ഓർത്തഡോക്സ് സഭകളും കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിലുള്ള രാഷ്ട്രങ്ങളിൽ ആയതിനാൽ, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങൾ ഉലഞ്ഞുതുടങ്ങിയിട്ടുണ്ട്. സഭകൾക്കു പുതിയ ഒരു 'തനിമ' രാഷ്ട്രീയ സാമൂഹ്യ താദാത്മ്യപ്പെടലിന് സഹായിക്കത്തക്കവിധം വളർത്തിയെടുക്കേണ്ടതുണ്ട്. ആയതിന് സഹായകമായ നിലയിൽ ദേശീയ നേതൃത്വം ഉറപ്പാക്കുവാൻ സ്വയംഭരണാവകാശവും സ്വയംശീർഷകത്വവും ഓർത്തഡോക്സ് സഭകളുടെ മുഖമുദ്രയായി നിലകൊള്ളുന്നു. മിക്ക ഓർത്തഡോക്സ് സഭകളും അവരവരുടെ പൗരാണിക സ്വഭാവം (ethnic character) നഷ്ടപ്പെടാതിരിക്കാൻ അമിതമായി ശ്രദ്ധിക്കുന്നതിനാൽ

ദേശീയത വേണ്ടത്ര ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നു എന്നത് ഒരു ബലഹീനതയായി ഇന്നും നിലകൊള്ളുന്ന ഒരു യാഥാർത്ഥ്യമാണ്. ഭാരതത്തിലായാലും, ദേശീയതേക്കാളുപരി, 'സുറിയാനി' രീതികളെ അന്ധമായി അനുകരിക്കാൻ ഇഷ്ടപ്പെടുന്ന പ്രവണത നിലനില്ക്കുന്നിടത്തോളം സഭയ്ക്കു രാഷ്ട്രീയ – സാമൂഹ്യധാരയിൽ പങ്കുചേർന്നു ക്രൈസ്തവസാക്ഷ്യം നിർവഹിക്കുന്നതിന് സാധ്യമല്ല തന്നെ.

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളുടെ ചരിത്രം പരിശോധിച്ചാൽ സഭയും രാഷ്ട്രവുമായി മൂന്നു വിധത്തിൽ ബന്ധം പുലർത്തുന്ന സഭകളെ കാണാം. 1. രാഷ്ട്രത്തലവൻ സഭയുടെ അംഗമായിരിക്കുന്ന അവസ്ഥ: ഉദാ. പുരാതന ബൈസന്റിയം, എഡേസ്സാ. 2. രാഷ്ട്രീയ പീഡനം നേരിടുന്ന ന്യൂനപക്ഷ സഭകൾ: ഉദാ. ഗ്രീക്ക്, സിറിയൻ, ഈജിപ്ഷ്യൻ തുടങ്ങിയ സഭകൾ തുർക്കികളുടെ ഭരണത്തിൻകീഴിൽ. 3. പീഡനമോ സഹായമോ ഇല്ലാത്ത രാഷ്ട്രനേതൃത്വത്തിൻകീഴിൽ സമാധാന സൗഹൃദം നിലനിർത്തുന്ന സഭകൾ: ഉദാ. ഭാരതസഭ. രണ്ടും മൂന്നും മാതൃകകൾ സമൂഹത്തിലും രാഷ്ട്രത്തിലും ക്രൈസ്തവ സ്വാധീനം വേണ്ടത്ര പുലർത്തുവാൻ പര്യാപ്തങ്ങളല്ല. എന്നാൽ ആദ്യത്തെ മാതൃക ക്രൈസ്തവ സാക്ഷ്യത്തിനു വളരെ ഫലപ്രദമാണ്. എഡ്ഡേസ്സാ, എത്യോപ്യ, അർമേനിയ, ജോർജിയ തുടങ്ങിയ സഭകളിലെല്ലാം സംസ്കാരം, ഭാഷ, സാഹിത്യം, സംഗീതം, കല, സാമൂഹ്യചട്ടങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം എന്നീ രംഗങ്ങളിൽ കാര്യമായ സംഭാവനകൾ നൽകി അവയെ രൂപം കൊടുത്തു പരിപോഷിപ്പിച്ചിട്ടുണ്ട്. അതേസമയം തന്നെ നിരവധി ചൂഷണങ്ങളും മൂല്യശോഷണങ്ങളും ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുമുണ്ട്. ഉദാ. സാർ ഭരണകാലത്തെ റഷ്യൻ സഭ.

### ചോദ്യങ്ങൾ

1. 'സൃഷ്ടി മുഴുവനും വേണ്ടി മദ്ധ്യസ്ഥതയർപ്പിക്കുന്നതും ക്രിസ്തുവിൽ ജനിച്ചു വളരുന്നതുമായ ഒരു സുശിക്ഷിത സമൂഹമാണു സഭ' – ചർച്ച ചെയ്യുക.
2. 'രക്ഷ എന്നതു ദൈവീകരണവും ക്രിസ്തീയ രൂപാന്തരവുമാണ്.' വിവരിക്കുക
3. 'ഓർത്തഡോക്സ് ആദ്ധ്യാത്മികതയും നിഷ്ഠയുള്ള സമൂഹവും സഭയുടെ വളർച്ചയ്ക്ക് ആവശ്യമാണ്' ചർച്ച ചെയ്യുക.

## പാഠം 4

# ആദ്ധ്യാത്മികതയും സാമൂഹ്യതയും: ഒരു പൗരസ്ത്യ സമീപനം

❑ ആമുഖം ❑ പാശ്ചാത്യ-പൗരസ്ത്യ വീക്ഷണങ്ങൾ: ഒരു താരതമ്യം, ❑ ആദ്ധ്യാത്മികത: ദൈവവുമായുള്ളതും മനുഷ്യർ തമ്മിലുള്ളതും ❑ സ്നേഹവും നീതിയും: ആദ്ധ്യാത്മികതയുടെ അടിസ്ഥാനം ❑ സന്യാസവും ആദ്ധ്യാത്മികതയും ❑ ആദ്ധ്യാത്മികതയും കുടുംബജീവിതവും❑ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം സഭാജീവിതം

**ആമുഖം**

ആദ്ധ്യാത്മികത, സാമൂഹ്യത, അവ തമ്മിലുണ്ടായിരിക്കേണ്ട ബന്ധം എന്നിവ നിർവചിക്കുന്നതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. വ്യക്തികൾക്ക് ഊന്നൽ കൊടുക്കുന്ന പാശ്ചാത്യ ആദ്ധ്യാത്മിക പാരമ്പര്യമുള്ളവരും, സമൂഹത്തിന് ഊന്നൽ കൊടുക്കുന്ന പൗരസ്ത്യ ആദ്ധ്യാത്മികത പുലർത്തുന്നവരും ആദ്ധ്യാത്മികതയെ ലോകജീവിതത്തിൽ നിന്നു മാറ്റി നിർത്തുന്ന 'വേർപാടു'കാരും, ലോകത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാണ് ആദ്ധ്യാത്മികത എന്നു വാദിക്കുന്ന 'ലിബറേഷൻ' ചിന്താഗതിക്കാരുമൊക്കെ ഇന്നു ക്രൈസ്തവരുടെ ഇടയിൽ തന്നെയുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഷയത്തെ, ഓർത്തഡോക്സ് വീക്ഷണത്തിൽ വിലയിരുത്തുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള ഒരു ചെറിയ ശ്രമമാണിവിടെ നടത്തുന്നത്.

## 1. പാശ്ചാത്യ-പൗരസ്ത്യ വീക്ഷണങ്ങൾ: ഒരു താരതമ്യം

i) ബുദ്ധിപരമായ ആശയാവിഷ്കരണവും ലിഖിതമായ പ്രമാണങ്ങളും പാശ്ചാത്യർ വിലമതിക്കുമ്പോൾ, പൗരസ്ത്യർ ബുദ്ധിയ്ക്കും യുക്തിക്കും ലിഖിത പ്രമാണങ്ങൾക്കും ഉപരിയായി പരിശുദ്ധാത്മ നടത്തിപ്പിന് ഊന്നൽ നൽകുന്നു. ii) വ്യക്ത്യാധിഷ്ഠിതമായ (Individualistic) ഒരു ആദ്ധ്യാത്മികതയ്ക്കു പാശ്ചാത്യർ മുൻതൂക്കം കൊടുക്കുമ്പോൾ, സമൂഹമായുള്ള (Corporate) ആദ്ധ്യാത്മികതയാണു പ്രധാനമായും പൗരസ്ത്യ ചിന്തയിലുള്ളത്. iii) വസ്തുനിഷ്ഠമായി ഗ്രഹിക്കാവുന്ന യാഥാർത്ഥ്യങ്ങൾക്കു മാത്രം ഊന്നൽ കൊടുത്തുകൊണ്ട് ഇന്ദ്രിയങ്ങൾക്കതീതമായ യാഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള ഒരു ആദ്ധ്യാത്മികതയാണു പാശ്ചാത്യർക്കുള്ളതെങ്കിൽ, ഇന്ദ്രിയങ്ങൾക്കു മുഴുവനായും പങ്കെടുക്കാവുന്നതിലുമുപരി, അദൃശ്യമായ യാഥാർത്ഥ്യങ്ങളെക്കൂടി ബുദ്ധിപരമായി അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ പോലും പ്രതീകങ്ങളിലൂടെ ആരാധനയുടെ ഭാഗമായി പൗരസ്ത്യർ കരുതിപ്പോരുന്നു. iv) മനുഷ്യനും ദൈവവും തമ്മിൽ, എന്നും വലിയ അകൽച്ചയുണ്ടെന്നും, മനുഷ്യൻ മോചനത്തിനായി കൈ

നീട്ടി നില്ക്കുന്ന ഒരു പാപിയാണെന്നും പാശ്ചാത്യർ പഠിപ്പിക്കുമ്പോൾ, ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം സാധിക്കുവാനാണ് യേശു മനുഷ്യാവതാരം ചെയ്തതെന്നും, ആ കാരണത്താൽ, മനുഷ്യർ ദൈവസ്വരൂപം തിരികെ ലഭിച്ച ദൈവമക്കളാണെന്നും, ആ ധൈര്യത്തോടെ ദൈവവുമായുള്ള സാമീപ്യവും ഐക്യവുമാണ് ക്രൈസ്തവ ലക്ഷ്യമെന്നും പൗരസ്ത്യർ പഠിപ്പിക്കുന്നു. v) പാപിയായ മനുഷ്യൻ പാപപരിഹാരം നല്കിയ ക്രിസ്തുവിനെ സേവിക്കുന്നതിലേയ്ക്കായി വ്യക്തിപരമായ സമർപ്പണത്തിനും തുടർന്ന് അവനായുള്ള സുവിശേഷ പ്രവർത്തനത്തിനും ഊന്നൽ നല്കി, ദൈവത്തോടുള്ള കടപ്പാടു തീർക്കാൻ ശ്രമിക്കണമെന്ന ഊന്നൽ പാശ്ചാത്യർ നല്കുമ്പോൾ; ലോകത്തെ മുഴുവനും രക്ഷിക്കാനായി വന്ന ക്രിസ്തുവിൽ ആയിത്തീർന്ന് അവന്റെ ശരീരമായ സഭയിലൂടെയുള്ള സമൂഹ ആരാധന, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെയുള്ള സാക്ഷ്യത്തിനു ഊന്നൽ കൊടുക്കുന്ന ഒരു ആദ്ധ്യാത്മികതയാണു പൗരസ്ത്യർ കൂടുതൽ ഇഷ്ടപ്പെടുന്നത്. vi) ആദ്ധ്യാത്മികതയും (Spirituality) ദൈവശാസ്ത്രവും (Theology) രണ്ടു തട്ടുകളിലായി പാശ്ചാത്യർ കരുതുമ്പോൾ, ആദ്ധ്യാത്മികതയിൽ അടിസ്ഥാനമാക്കിയുള്ള ദൈവശാസ്ത്ര ചിന്തകളാണു പൗരസ്ത്യ പാരമ്പര്യത്തിൽ കാണുന്നത്. ആത്മികതയിൽ വളർന്നുവരുന്ന വ്യക്തികളുടെ വെളിപാടുകളും വിലയിരുത്തലുകളും സഭയുടെ മുഴുവനുമായുള്ള ദൈവശാസ്ത്ര ചിന്തയെ കരുപ്പിടിപ്പിക്കുന്നുവെങ്കിലും, അപ്രകാരമുള്ള വ്യക്തികൾ സഭയുടെ ചിന്താപാരമ്പര്യത്തിൽ നിന്ന് വേറിട്ടു നിന്നു കൊണ്ടുള്ള സമീപനം സ്വീകാര്യമാകുന്നില്ല. ചുരുക്കത്തിൽ ആദ്ധ്യാത്മികതയും വേദശാസ്ത്രവും വ്യക്തികളുടേയും സഭയുടേയും കൂട്ടായ ഒരു അനുഭവമാണ്. അവ രണ്ടല്ല പരസ്പര പൂരകങ്ങളാണ്. vii) ലൗകീകം (Secular) ദൈവികം (Sacred) എന്ന വേർതിരിവ് പാശ്ചാത്യർ വ്യക്തമാക്കുമ്പോൾ, മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തു, മനുഷ്യത്വത്തിൽ ദൈവികത ലയിപ്പിച്ചു എന്നും, ആ പ്രക്രിയ സഭയായി ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു എന്നും പൗരസ്ത്യർ കരുതുന്നു.

## 2. ആദ്ധ്യാത്മികത: ദൈവവുമായുള്ളതും മനുഷ്യർ തമ്മിലുള്ളതും

ദൈവവുമായുള്ള മനുഷ്യന്റെ ആത്മബന്ധമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനം എന്നുള്ളതും (Vertical relation), ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുന്നത് മനുഷ്യനും - മനുഷ്യനും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കി മാത്രമാണ് എന്നുള്ളതും (Horizontal relation) കാലാകാലങ്ങളായി നിലനിന്നുവരുന്ന രണ്ടു വാദമുഖങ്ങളാണ്. ഒന്നാമത്തെ ചിന്താഗതിക്കാർ, ആദ്ധ്യാത്മികതയെ ആരാധനയിലും, അനുഷ്ഠാനങ്ങളിലും മാത്രം ഒതുക്കിനിർത്തുമ്പോൾ, രണ്ടാമത്തെ ചിന്താഗതിക്കാർ, മനുഷ്യസേ

വനത്തിലും സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനത്തിലും ആദ്ധ്യാത്മികത ദർശിക്കുന്നു. വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി വി. പൗലോസ് ശ്ലീഹായും, വി. യാക്കോബ് ശ്ലീഹായും അവതരിപ്പിക്കുന്ന ബന്ധംപോലെ തന്നെ, ആദർശവും (Theory) നടപടിയും (Praxis) തമ്മിലുള്ള ബന്ധം കൂടുതൽ ആഴത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു. ഒന്നാമത്തെ ചിന്താഗതിക്കാർ, മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തിലൂടെ സ്വയം ശരിപ്പെടാതെ, സമൂഹത്തെ സേവിക്കുവാൻ പ്രാപ്തനാകുന്നില്ല എന്നും ആയതിനാൽ, സേവനത്തിനിറങ്ങും മുൻപ്, ദൈവാശ്രയത്തിലും, ദൈവ നടത്തിപ്പിലും, ദൈവവിശ്വാസത്തിലും ആഴത്തിലടിസ്ഥാനമിട്ട്, സ്വയം രൂപാന്തരപ്പെട്ടു മാത്രമേ സമൂഹത്തെ രൂപാന്തരപ്പെടുത്താനാകൂ എന്നും, അതിനാൽ വ്യക്തികൾ ചേർന്നു സഭാജീവിതത്തിലൂടെയും കുടുംബത്തിലൂടെയും ഒരു സാമൂഹ്യസാക്ഷ്യമാണു നടത്താനുള്ളതെന്നും വാദിക്കും. എന്നാൽ, രണ്ടാമത്തെ കൂട്ടരാകട്ടെ, വ്യക്തികളെ രൂപപ്പെടുത്തുന്നതും വളർത്തുന്നതുമൊക്കെ സമൂഹമാകയാൽ, സമൂഹത്തെ ആദ്യം ശരിയാക്കാതെ വ്യക്തികൾക്കു പൂർണ്ണതയിലേയ്ക്കു വളരാൻ സാധ്യമല്ലെന്നും, യേശുക്രിസ്തു ഇവിടെ വന്നു സാമൂഹ്യപരിഷ്ക്കാരങ്ങൾ വരുത്തിയാണു രക്ഷ നല്കിയതെന്നും, ഇന്നും 'രക്ഷ' വേണമെങ്കിൽ, രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള ഒരു മുന്നേറ്റത്തിലൂടെ മാത്രമേ ആയതു സാധിക്കുകയുള്ളൂ എന്നും വാദിക്കുന്നു. അതുകൊണ്ടു, രാഷ്ട്രീയ സാമ്പത്തിക മേഖലകളിലെ ഒരു അഴിച്ചുപണി നടത്തേണ്ടതിലേയ്ക്കു വിപ്ലവത്തിന്റെ മാർഗം തന്നെയാണു അഭികാമ്യം എന്നും അവർ വാദിക്കും. ക്രിസ്തുവിനെ തന്നെ ഒന്നാമത്തെ വിപ്ലവകാരിയായും അവർ ചിത്രീകരിക്കും (ലൂക്കോ. 4:18–19).

മേൽപ്പറഞ്ഞ രണ്ടു കൂട്ടരിൽ, അടിസ്ഥാനപരമായി നോക്കുമ്പോൾ, പാശ്ചാത്യ-പൗരസ്ത്യ ആദ്ധ്യാത്മികതകളുടെ സ്വാധീനം പൊതുവെ കാണാമെങ്കിലും വ്യക്തികളുടെ ഭൗതിക വിമോചനത്തിലൂടെയുള്ള മാനവരക്ഷ എന്നതു പാശ്ചാത്യ ദർശനത്തിന്റെ പരിണിതഫലമാണെന്നു തോന്നുന്നു. അതേസമയം സാമൂഹ്യവിപ്ലവത്തിലൂടെയുള്ള വിമോചനമെന്നതു പൗരസ്ത്യദർശനത്തിന്റെ സ്വാധീനമാണെന്നും പൊതുവായി പറയാം. ഈ രണ്ടു സമീപനങ്ങളുടേയും നല്ല വശത്തെ ഉൾക്കൊണ്ടുള്ള ഒരു ആദ്ധ്യാത്മികതയാണു ഭാരതസഭയ്ക്ക് ഇന്നാവശ്യമായിട്ടുള്ളത്.

### 3. സ്നേഹവും നീതിയും: ആദ്ധ്യാത്മികതയുടെ അടിസ്ഥാനം

ലൗകികതയും ആത്മീകതയും തമ്മിലുള്ള സന്തുലിതാവസ്ഥ (Equilibrium) സംരക്ഷിക്കുന്നതിൽ ആദിമ ക്രൈസ്തവ സഭയ്ക്ക് ഒരളവുവരെ സാധിച്ചിരുന്നു. യഥാർത്ഥമായ സ്നേഹം, നീതിപൂർവ്വകമായ പങ്കിടലിലൂടെ ആദിമസഭ നിർവഹിച്ചുപോന്നു. സാമ്പത്തിക മേഖലയിൽ അല്പംപോലും

അസമത്വമില്ലാതെ, ആർക്കും സ്വന്തമായി സമ്പാദ്യമില്ലാതെ, എല്ലാം വിറ്റ് അപ്പോസ്തലന്മാരുടെ കാൽക്കൽവച്ച്, ദൈവത്തെ ആരാധിച്ചും, മനുഷ്യരെ സേവിച്ചും കഴിഞ്ഞുവന്ന സമൂഹത്തെ ആദിമസഭയിലൂടെ കാണുന്നു (അപ്പൊ. പ്രവൃ. 2:44–47). എന്നാൽ അവർ ഒന്നിച്ചു പ്രവർത്തിച്ചു സാമ്പത്തിക, സാമൂഹ്യരംഗം കെട്ടിപ്പടുക്കാൻ പരിശ്രമിക്കാതെ പോയതിനാൽ ആ സമൂഹവ്യവസ്ഥിതി ഏറെത്താമസിയാതെ തകർന്നു പോകുന്നതായും കാണുന്നു. ഗ്രീക്കുകാർ എബ്രായക്കാരുടെ നേരെ പിറുപിറുക്കാൻ തുടങ്ങി (അപ്പൊ. പ്രവൃ. 6:1). ആ പ്രതിസന്ധി ഒഴിവാക്കുന്നതിലേയ്ക്കു താല്ക്കാലിക സംവിധാനം ഉണ്ടാക്കുന്നതായും അവിടെ കാണുന്നു. ഏതായാലും, സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഈ മൂന്നു കാര്യങ്ങളും അനിവാര്യമാണ്: (1) ആരാധിക്കുന്ന സമൂഹം, (2) പങ്കിടുന്ന സമൂഹം, (3) സമൂഹത്തിനു വേണ്ടി ഒന്നിച്ച് അദ്ധ്വാനിക്കുന്ന സമൂഹം. ഇപ്രകാരമുള്ള ഒരു വീക്ഷണഗതിയാണു പിൽക്കാലത്ത് ആശ്രമങ്ങളും സന്യാസ പ്രസ്ഥാനങ്ങളും സഭയിലുണ്ടാകുവാൻ പ്രേരണ നല്കിയത്.

### 4. സന്യാസവും ആദ്ധ്യാത്മികതയും

അപ്പോസ്തല ക്രൈസ്തവ സമൂഹത്തിന്റെ പുനർനിർമാണത്തിന്നാവശ്യമായ ഘടകങ്ങളെ ഉൾക്കൊണ്ടു കൂടുതൽ തീക്ഷ്ണതയോടെ വളരുവാനുള്ള ആവേശത്തിലാണ് ആദിമകാലഘട്ടത്തിൽ സന്യാസപ്രസ്ഥാനം രൂപം കൊണ്ടത്. ലൗകികതയുടെ വേലിയേറ്റവും, സഭാജീവിതത്തിന്റെ മാന്ദ്യവും, നിഷ്ഠയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ പ്രചോദനം നല്കി. ക്രൈസ്തവമൂല്യം വീണ്ടെടുക്കാനുള്ള വ്യഗ്രതയിൽ, പലരും ലോകത്തിൽ നിന്നും മരുഭൂമിയിലെത്തി തപസ്സ് അനുഷ്ഠിച്ചു. ഗ്രീക്ക് സംസ്കാരത്തിന്റെ ഭാഗമായി 4–ാം നൂറ്റാണ്ടിൽ അംഗീകരിക്കപ്പെട്ടിരുന്ന 'നിയോപ്ലാറ്റോണിക്ക്' (Neo - Platonic) ആദ്ധ്യാത്മികതയിലാകൃഷ്ടരായ പല സഭാപിതാക്കന്മാരും ക്രൈസ്തവസഭയിലും ആ ആദ്ധ്യാത്മികത വളർത്തിയെടുക്കുവാൻ ശ്രമിച്ചു. പൗരസ്ത്യ പിതാക്കന്മാരായ നിസ്സായിലെ മാർ ഗ്രീഗോറിയോസ്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്, ദീവന്നാസ്യോസ് അരിയോപഗൈറ്റ് എന്നിവരും, ഹിപ്പോയിലെ അഗസ്തീനോസും (പാശ്ചാത്യ സഭയിൽ) മേൽപ്പറഞ്ഞ ആദ്ധ്യാത്മികത ഉൾക്കൊണ്ടവരാണ്. ഓരോ വ്യക്തിയിലും ദൈവാത്മാവിന്റെ അംശം ഉണ്ടെന്നും (Nous) അതു ദൈവവുമായി ബന്ധപ്പെടുന്നതിലൂടെയാണു പൂർണ്ണതയിലേക്കു വളരുന്നതെന്നും ഈ വളർച്ചയ്ക്ക് തടസമായി നിൽക്കുന്നതു ലോകവും ജഡവുമാണെന്നും, ജഡിക ചിന്തകളും ബന്ധങ്ങളും പാപമാണെന്നും ആയതിനാൽ, പൂർണത ആഗ്രഹിക്കുന്നെങ്കിൽ ലോകത്തിൽ നിന്നും വേർപെട്ടു നിൽക്കണമെന്നും നിയോ പ്ലാറ്റോണിക് ആദ്ധ്യാത്മികതയുടെ ഉപജ്ഞാതാവായ 'പ്ളോട്ടൈനസ്' (3–ാം നൂറ്റാണ്ട്) പഠിപ്പിച്ചു. മുൻ സൂചിപ്പിച്ച

തുപോലെ, ആദ്ധ്യാത്മികതയുടെ ഒരു വശത്തിനുമാത്രം, 'ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിനു മാത്രം' ഊന്നൽ കൊടുത്തുകൊണ്ടുള്ളതിനാൽ ഈ സമീപനം മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തെ അകറ്റാനിടയാക്കി.

ആദിമസഭയുടെ സാമൂഹ്യജീവിതത്തിന്റെ മഹത്വത്തേയും ഊന്നലുകളേയും ഉൾക്കൊണ്ടു സഭയിൽ വളർന്നുവന്ന പ്രസ്ഥാനമാണു സന്യാസം. ലോകം, ജഡം ഇവ തിന്മയാണെന്ന ചിന്താഗതിയിലോ, വ്യക്തിഗതമായി പൂർണ്ണത കൈവരിക്കാനുള്ള ഉപാധിയായോ, ചിലരൊക്കെ സന്യാസം സ്വീകരിച്ചിരുന്നിരിക്കാമെങ്കിലും, ആദിമസഭയുടെ ലാളിത്യവും, സാഹോദര്യവും, വിശുദ്ധിയും, നിഷ്ഠയും, അനുസരണവും അദ്ധ്വാനശീലവും, സേവനതല്പരതയും ഉൾക്കൊണ്ടുള്ള സന്യാസസമൂഹങ്ങൾ താമസിയാതെ വളർന്നുവന്നു. വി. പക്കോമിയോസ്, വി. അന്തോണിയോസ് എന്നിവരൊക്കെ, ഏകാന്തവാസികളായി കഴിഞ്ഞിരുന്ന സന്യാസികളെ കോർത്തിണക്കി സമൂഹപ്രസ്ഥാനമാക്കുകയും, പിൽക്കാലത്തു സഭാജീവിതത്തിനും സാക്ഷ്യത്തിനും ഊന്നൽ നല്കികൊണ്ടുള്ള വിവിധ സന്യാസ പ്രസ്ഥാനങ്ങൾ പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും ഉടലെടുക്കുകയും ചെയ്തു. ആത്മീകത സമൂഹജീവിതത്തിലൂടെ മാത്രമേ വളർത്താൻ സാധിക്കൂ എന്ന പൊതു തത്ത്വം, സഭാജീവിതത്തിലും കുടുംബജീവിതത്തിലുമെന്നപോലെ സന്യാസസമൂഹങ്ങളിലും പൊതുവേ അംഗീകരിക്കപ്പെട്ടു. സ്നേഹവും, നീതിയും സമത്വവും, സേവനവും ശിക്ഷണവുമെല്ലാം വിലമതിക്കപ്പെടുന്ന ഒരു സമൂഹത്തിലൂടെ മാത്രമേ ആദ്ധ്യാത്മികത വളർത്തിയെടുക്കുവാനാകുകയുള്ളൂ.

## 5. ആദ്ധ്യാത്മികതയും കുടുംബജീവിതവും

ഭാരതീയ ചിന്താധാരയിൽ കുടുംബജീവിതവും ആശ്രമജീവിതത്തിന്റെ ഭാഗമാണ്. സംയക്കായി 'ന്യസി'ക്കുന്നവനാണു (ത്യജിക്കുന്നവൻ) സന്യാസി. അതായതു നിഷ്ഠയായി ജീവിക്കുന്നവൻ. കുടുംബജീവിതത്തിലും നിഷ്ഠ വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പായി കുടുംബത്തെ കണക്കാക്കുമ്പോൾ, കുടുംബജീവിതത്തിലൂടെയുള്ള ആദ്ധ്യാത്മികത ഒട്ടും ബലഹീനമാകാൻ പാടില്ലാത്തതാണ്. പഴയനിയമകാലത്തും, ആർഷഭാരത സംസ്ക്കാരത്തിലും കുടുംബജീവിതം പവിത്രമാണ്. എന്നാൽ, ലൗകീകമായ ഒരു താല്ക്കാലിക ക്രമീകരണമായി കുടുംബബന്ധത്തെ കാണുമ്പോഴാണു കുടുംബജീവിതത്തിന്റെ മാഹാത്മ്യം നഷ്ടമാകുന്നത്. പ്രത്യേകിച്ചും പാശ്ചാത്യ സംസ്കാരത്തിന്റെ വേലിയേറ്റത്തിൽ ഭാരത സംസ്കാരത്തിനു മങ്ങലേൽക്കുന്നെങ്കിലും, ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ടു വളരുന്ന തലമുറയെ വാർ

ത്തെടുക്കാൻ കുടുംബങ്ങൾ വഴി മാത്രമേ സഭയ്ക്ക് സാധിക്കൂ എന്ന് അംഗീകരിച്ചുകൊണ്ടു കുടുംബജീവിതത്തിനനുയോജ്യമായ ഒരു ആത്മീകത വളർത്തിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുടുംബജീവിതത്തിന്റെ മാഹാത്മ്യം ഊന്നിപ്പറയുവാൻ സഭയ്ക്ക് കഴിയണം.

## 6. ആദ്ധ്യാത്മികതയുടെ അടിസ്ഥാനം - സഭാജീവിതം

മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ സജീവ പങ്കാളിത്തത്തിലൂടെയാണു ക്രൈസ്തവ ആദ്ധ്യാത്മികത രൂപം കൊണ്ടു വളരുന്നത് (യോഹ. 1:1–18). ദ്രവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ അദ്രവത്വത്തിന്റെ അടിസ്ഥാനം യേശുക്രിസ്തു മാത്രമാണ്. ദൈവകൃപയിൽ ആശ്രയിച്ചു വളരുന്നതിലൂടെയാണു ക്രിസ്തുവിൽ വെളിപ്പെട്ട യഥാർത്ഥ സത്യം ലോകത്തിനു കാണിച്ചുകൊടുക്കാൻ നമുക്ക് സാധിക്കുന്നത്. ദൈവപുത്രനായ ക്രിസ്തുവിനെ ധരിച്ചു നാം ദൈവമക്കളായിത്തീരുന്നതിലൂടെയാണ് ഈ സാക്ഷ്യം നിർവഹിക്കപ്പെടുന്നത്. ദൈവത്തിന്റെ നീതിയും കരുണയും സ്നേഹവും നമ്മുടെ ജീവിതത്തിലൂടെ പ്രയോഗിക്കുമ്പോഴാണു പൂർണ്ണതയിലേയ്ക്കുള്ള വളർച്ച നമ്മിൽ സംഭവിക്കുന്നത്. താല്ക്കാലികമായ ഈ ലോകത്തെ നിത്യതയിലേയ്ക്ക് ഉയർത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ഒരു ഉപകരണമായിട്ടാണു സഭ ലോകത്തിൽ നിലകൊള്ളുന്നത്.

ക്രിസ്തുവിന്റെ ശരീരമായ സഭയിലെ (എഫേ. 1:3–2:10) സജീവ പങ്കാളിത്തത്തിലൂടെയാണ് ആദ്ധ്യാത്മികത പരിശീലിപ്പിക്കപ്പെടുന്നത്. വിശുദ്ധിയിലേയ്ക്കു വളരാനുള്ള സാദ്ധ്യത മാമോദീസായിലൂടെ ഓരോ വിശ്വാസിക്കും ലഭിക്കുന്നു. ആത്മാവിനാൽ വീണ്ടും ജനിക്കപ്പെട്ടശേഷം ആത്മാവിൽ വളർന്നു വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേയ്ക്കു വളരുക എന്നതാണ് സഭാജീവിതത്തിലൂടെയുള്ള ആദ്ധ്യാത്മിക ജീവിതം കൊണ്ട് സാധിക്കുവാനുള്ളത്. പരിശുദ്ധാത്മ നടത്തിപ്പിൽ വിധേയരായിക്കഴിയുന്ന സഭാംഗങ്ങൾ വ്യക്തികളായും, സമൂഹമായും പരസ്പരം പൂർണതയിലേക്കു നയിക്കപ്പെടുന്നതു കൂദാശാപരമായ സഭാജീവിതത്തിലൂടെയാണ്. സഭയെന്നത് ഒരു പ്രത്യേക ദൗത്യത്തിനായുള്ള (mission) ഒരു താല്ക്കാലിക ക്രമീകരണമല്ല; ദൈവത്തിന്റെ ആലയമാണ്. ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും ആയിത്തീരുന്ന അനുഭവമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. അത് നിത്യതയിലേയ്ക്കുള്ള നിരന്തരമായ ഒരു ആയിത്തീരലാണ്. സകലത്തേയും നിറയ്ക്കുന്ന ക്രിസ്തുവിന്റെ 'നിറവായ' (Pleroma=പൂർണത) സഭ ക്രിസ്തുവിനോടുള്ള ബന്ധത്തിലും വി. ത്രിത്വത്തിലുള്ള സംസർഗത്തിലും, ദൃശ്യവും അദൃശ്യവുമായ, താല്ക്കാലികവും നിത്യവുമായ സാന്നിദ്ധ്യത്തിലും വളർച്ചയിലും നിലനിൽക്കുന്ന

യാഥാർത്ഥ്യമാണ്. ഈ സഭയുടെ ശുശ്രൂഷ സ്ഥലകാലങ്ങൾക്കതീതമായി ആത്യന്തികമായി സകല സൃഷ്ടിയുടേയും രൂപാന്തരത്തിനായി നിലകൊള്ളുന്നതാണ്. താല്ക്കാലിക ഫലത്തിനായിട്ടല്ല, നിത്യതയിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന യാഥാർത്ഥ്യത്തെ പ്രതീക്ഷിച്ചുകൊണ്ടാണു സഭ ഈ ദൗത്യം നിർവഹിക്കുന്നത്. ഇപ്രകാരമുള്ള ഒരു പ്രത്യാശ വളർത്തുന്ന ആദ്ധ്യാത്മികത സഭാജീവിതത്തിലൂടെ രൂപപ്പെട്ടു വരേണ്ട തുണ്ട്.

ഇപ്രകാരമൊരു ആദ്ധ്യാത്മികത വളർത്തിയെടുക്കുന്നതിന്, ആരാധന യിലും, സേവനത്തിലും ക്രൈസ്തവ മൂല്യങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ള ഒരു പ്രവർത്തനശൈലി രൂപപ്പെടുത്തണം. വി. കുർബാനയിലും മറ്റു കൂദാശാനുഷ്ഠാനത്തിലും കൂടി ക്രിസ്തുവിലുള്ള ജീവിതത്തിൽ വ്യക്തിപരമായി പങ്കുചേർന്ന്, സമൂഹമായി ലോകത്തെ രൂപാന്തരപ്പെടു ത്തുന്നവരായിത്തീരണം ക്രൈസ്തവർ. യാമപ്രാർത്ഥനകൾ, നോമ്പ്, ഉപ വാസം, നിമിഷപ്രാർത്ഥനകൾ, ധ്യാനം, ജാഗരണം, രഹസ്യപ്രാർത്ഥനകൾ, ദാനകർമ്മങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം പൊതുആരാധനയ്ക്കു പുറമേ ആദ്ധ്യാത്മിക വളർച്ചയ്ക്കും ക്രിസ്തീയ രൂപാന്തരത്തിനും അത്യന്താപേക്ഷിതമാണ്. അതേസമയം, സമൂഹത്തിൽ സഭയായി നിർവഹിക്കേണ്ട കാര്യങ്ങളെപ്പറ്റി ശരിയായ ബോധവും ആയ തിനുള്ള സന്നദ്ധതയും സഭാംഗങ്ങൾ വളർത്തിയെടുക്കണം. യേശുക്രി സ്തുവിന്റെ നസ്രത്തു മാനിഫെസ്റ്റോ (ലൂക്കോ. 4:18-19) പ്രായോഗികമാ ക്കുവാനുള്ള ദൗത്യം സഭയായി എറ്റെടുക്കുന്നതോടൊപ്പം, വ്യക്തിപര മായ ഒരു ആത്മീയ രൂപാന്തരത്തിനു സഭാജീവിതത്തിലൂടെ വ്യക്തികൾ വളർച്ച പ്രാപിക്കുകയും വേണം. ദൈവവും മനുഷ്യനുമായുള്ള ബന്ധം, മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തിലേക്കു വഴി നയിക്കാനുതകുന്ന ഒരു ആദ്ധ്യാത്മികതയും സാമൂഹ്യജീവിതവും ഉണ്ടാകുകയാണ് ഇന്ന ത്തെ ആവശ്യം.

### ചോദ്യങ്ങൾ

1. ആദ്ധ്യാത്മികതയിൽ പാശ്ചാത്യ-പൗരസ്ത്യ സമീപനങ്ങൾ താരത മ്യപ്പെടുത്തി വിലയിരുത്തുക.
2. 'സ്നേഹവും നീതിയും അടിസ്ഥാനമാക്കി, ദൈവവും മനുഷ്യനുമാ യുള്ള ബന്ധത്തിൽ വളർന്നു വരുന്ന ആദ്ധ്യാത്മികത' ചർച്ച ചെയ്യുക.
3 ആദ്ധ്യാത്മികതയുടെ സാമൂഹ്യ അടിസ്ഥാനം സന്യാസജീവിത ത്തിലും കുടുംബജീവിതത്തിലും എപ്രകാരം പ്രകടമാക്കപ്പെടുന്നു എന്നു വിവരിക്കുക.

## പാഠം 5

# അധികാരവും പ്രമാണവും ഓർത്തഡോക്സ് കാഴ്ചപ്പാടിൽ

❑ ആമുഖം ❑ പ്രമാണത്തിലൂടെയുള്ള അധികാരം ❑ പ്രമാണങ്ങൾ: എഴുതപ്പെട്ടതും എഴുതപ്പെടാത്തതും ❑ വേദപുസ്തകവും പാരമ്പര്യവും ❑ സഭയുടെ അധികാരം ❑ ഭാരതീയ പ്രമാണങ്ങളും ക്രിസ്തീയ പാരമ്പര്യവും

## ആമുഖം

അധികാരം (Authority) എന്നത് ഇന്നു വളരെയേറെ ശ്രദ്ധയാകർഷിക്കപ്പെടുന്ന ഒരു പദമാണ്. മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, നേതാക്കന്മാർ, ഗൃഹനാഥന്മാർ തുടങ്ങിയവരുടെ തലങ്ങളിലൊക്കെ ഉപയോഗിക്കപ്പെടുന്ന അധികാരം ഇന്ന് ആഴമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. അധികാരമേൽക്കലും, അധികാര കൈമാറ്റവും, അധികാര ദുർവിനിയോഗവും അധികാരികളുമായുള്ള സംഘട്ടനങ്ങളും വടംവലികളുമൊക്ക സമൂഹത്തെ കാര്യമായി സ്വാധീനിച്ചു വരുന്ന സാധാരണ സംഭവങ്ങളാണ്. സഭാന്തരീക്ഷത്തിലും കാര്യങ്ങൾ വിഭിന്നമല്ല. ഒരു സഭയുടേയൊ സമൂഹത്തിന്റേയൊ സ്ഥാപനത്തിനും നിലനില്പിനും വളർച്ചയ്ക്കുമായി അധികാരം, പ്രമാണം എന്നിവയെപ്പറ്റിയുള്ള ശരിയായ ധാരണയും അംഗീകാരവും ആവശ്യമാണ്. സഭയെ സംബന്ധിച്ചിടത്തോളവും ഇക്കാര്യം വളരെയേറെ പ്രാധാന്യമർഹിക്കുന്നുണ്ട്. യേശുക്രിസ്തു സമാരംഭിച്ച പുതിയ സമീപനങ്ങൾക്കും ഉപദേശങ്ങൾക്കും അധികാരവും പ്രാമാണ്യവും, വേണ്ടത്രയില്ലായെന്ന കാരണത്താലാണ് യഹൂദന്മാർ അദ്ദേഹത്തെ സ്വീകരിക്കാതെ പോയത്. “നീ എന്തധികാരത്താൽ ഇതു ചെയ്യുന്നു” എന്ന യഹൂദ പ്രമാണികളുടെ ചോദ്യത്തിന് ഉത്തരം പറയാതെ മറുചോദ്യം നല്കുന്ന യേശുക്രിസ്തുവിന്റെ സമീപനം വളരെ അന്വർത്ഥമാണ്. സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്കു നല്കപ്പെട്ടിരിക്കുന്നു എന്നും, എന്നാൽ സ്വന്ത അധികാരം നിവൃത്തിപ്പാനല്ല ദൈവയിഷ്ടം നടപ്പാക്കാനാണു താൻ വന്നതെന്നുമുള്ള യേശുക്രിസ്തുവിന്റെ സമീപനം ക്രിസ്തീയ സഭയുടെ അധികാരത്തിന് അടിസ്ഥാനമാണ് (വായിക്കുക. മത്താ. 7:29; 9:6, 28:18; യോഹ. 5:30; റോമ. 13:1).*

## 1. പ്രമാണത്തിലൂടെയുള്ള അധികാരം

യേശുക്രിസ്തുവിന്റെ ഉപദേശത്തിലും ജീവിതത്തിലും ആകൃഷ്ടരായി വിശ്വാസം സ്വീകരിച്ച ആദിമ ക്രൈസ്തവ സമൂഹം, യെഹൂദ മതഗ്രന്ഥമായ ‘പഴയനിയമം’ ആധികാരിക പ്രമാണമായി സ്വീകരിച്ചു; യഹൂദന്മാരുടെ സിനഗോഗ് ആരാധനയുടെ മാതൃകയും പിന്തുടർന്നു. യേശുക്രിസ്തുവിനെ

യഹൂദന്മാരുടെ ഇടയിൽ അവതരിപ്പിക്കുന്നതിനു പഴയനിയമ പ്രവചനങ്ങളെ ആധികാരിക പ്രമാണമായി അപ്പോസ്തോലിക സഭ അംഗീകരിച്ചു. അതേ സമയം, ക്രൈസ്തവ സമീപനം അന്നത്തെ യഹൂദ വ്യാഖ്യാനത്തിൽ നിന്നും പല കാര്യങ്ങളിലും വ്യത്യാസപ്പെട്ടിരുന്നു. 'ഡിഡാക്കെ' എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ അപ്പോസ്തോലിക കാലഘട്ടത്തിൽ യഹൂദന്മാരുടെ ഉപവാസ ദിവസങ്ങൾ (തിങ്കൾ, വ്യാഴം) മാറ്റി ബുധൻ, വെള്ളി എന്നാക്കി. കാലം പിന്നിട്ടപ്പോൾ സഭ ഗ്രീക്ക്, ലത്തീൻ സംസ്കാരങ്ങളിലേയ്ക്കു വ്യാപിച്ച് വളർന്നതിന്റെ ഫലമായി പുതിയ ചിന്താധാരകൾ ഉൾക്കൊള്ളാൻ ഇടയായി. ഗ്രീക്കുകാരുടെ 'ലോഗോസ്' ചിന്താഗതി ദത്തെടുത്തുകൊണ്ട് ഒരു ക്രിസ്തു ശാസ്ത്രം വികസിപ്പിക്കുന്നതിലേയ്ക്ക് വി. യോഹന്നാൻ ശ്ലീഹായുടെ സമീപനത്തിന് കഴിഞ്ഞു. കുറേക്കൂടി കഴിഞ്ഞപ്പോൾ, അന്ത്യോഖ്യാ, അലക്സാണ്ട്രിയ വീക്ഷണഗതികൾ, അതതു പ്രദേശത്തിന്റെ സാംസ്കാരികമായ സാഹചര്യത്തിൽ വളർന്നുവന്നു. പാശ്ചാത്യ പൗരസ്ത്യ വിഭജനവും, തുടർന്നുണ്ടായ നവീകരണ പ്രസ്ഥാനവുമൊക്കെ, ഇപ്രകാരമുള്ള സ്വാധീനങ്ങളുടെ ഫലമായി വളർന്നവയാണ്. ഇന്ന് സഭയിൽ കാണുന്ന വിഭിന്ന സമീപനങ്ങളെല്ലാം 'ആധികാരിക പ്രമാണ'ങ്ങളുടെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളവയാകയാൽ ഈ വിഷയം പഠനം അർഹിക്കുന്നു.

### 2. പ്രമാണങ്ങൾ: എഴുതപ്പെട്ടതും എഴുതപ്പെടാത്തതും

യഹൂദന്മാരുടെയും ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും ചിന്താധാരയിൽ പഴയനിയമ ഗ്രന്ഥങ്ങളുമായുള്ള ബന്ധം കാണാം. പഴയനിയമ പ്രമാണങ്ങളെ വ്യാഖ്യാനിക്കുന്നതിലും വിലയിരുത്തുന്നതിലും ഓരോ വിഭാഗവും തങ്ങളുടെ താല്പര്യങ്ങളും വിശ്വാസ - സമീപനങ്ങളും സംരക്ഷിക്കുവാൻ പരിശ്രമിക്കുമെന്നതു സ്വാഭാവികമാണ്. ആയതിനാൽ എഴുതപ്പെട്ട പഴയനിയമ ലിഖിതത്തിന്റെ സ്വീകാര്യത ആ ലിഖിത സംഹിതയെ എപ്രകാരം മനസ്സിലാക്കുന്നു; അവതരിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. യേശുക്രിസ്തു തന്നെയും പഴയനിയമത്തെ നീക്കം ചെയ്യുവാനല്ല, ശരിയായി നിവൃത്തിപ്പാനാണല്ലോ വന്നത്. ഈ യാഥാർത്ഥ്യം ക്രൈസ്തവർ അംഗീകരിക്കുന്നതുപോലെ, യഹൂദന്മാരോ മുസ്ലീങ്ങളോ അംഗീകരിക്കണമെന്നില്ല. ആയതിനാൽ, എഴുതപ്പെട്ട പ്രമാണങ്ങൾ അംഗീകരിച്ച് വ്യാഖ്യാനിക്കുന്ന സമൂഹത്തിന്റെ വിശ്വാസവും താല്പര്യങ്ങളും വളരെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്. ഈ ഘടകങ്ങളെ മാറ്റിനിർത്തിക്കൊണ്ട് 'എഴുതപ്പെട്ട പ്രമാണ'ങ്ങൾ മാത്രം സ്വീകരിച്ച് സഭയായോ സമൂഹമായോ നിലനില്ക്കാം എന്ന വാദഗതി അടിസ്ഥാനപരമായി നിലനില്ക്കുകയില്ല. ക്രൈസ്

* 'ജനതകളുടെ പ്രകാശം' രണ്ടാം യൂണിറ്റ് മൂന്നും നാലും പാഠങ്ങൾ 'അധികാരം' എന്ന വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

തവസമൂഹത്തിൽ തന്നെ 'എഴുതപ്പെട്ട പ്രമാണം' (വേദപുസ്തകം) മാത്രം മതി എന്ന നിലപാട് സ്വീകരിക്കുന്ന നവീകരണസഭകളിലും ഭിന്ന നിലപാടുകൾ 'പ്രമാണ'മായിത്തീരുന്നു എന്നതാണ് പരമാർത്ഥം. അതുകൊണ്ട്, എഴുതപ്പെട്ട 'പ്രമാണങ്ങളെ' സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ് സഹവസിക്കുന്ന 'സഭയുടെ' വ്യാഖ്യാനത്തിലൂടെ മാത്രമേ സ്വീകാര്യമായ അടിസ്ഥാനമാകൂ എന്ന് അംഗീകരിക്കേണ്ടി വരുന്നു.

'പഴയനിയമം' മാത്രം പ്രമാണങ്ങളായി കരുതിയതിനാൽ, അതിന്റെ പൊരുളായ ക്രിസ്തുവിനെ കണ്ടെത്താൻ യഹൂദന്മാർക്കു കഴിയാതെ പോയതുപോലെ, 'വേദപുസ്തകം' എന്ന ലിഖിത പ്രമാണത്തിൽ മാത്രം ഉറച്ചുനിന്നാൽ സമൂഹത്തിൽ യേശുക്രിസ്തുവിന്റെ ആധുനിക ഇടപെടലുകളും, വെളിപ്പെടുത്തലും, മനസ്സിലാകാത്ത 'കുരുടന്മാരായി' തീരുവാനിടയുണ്ട്. ആയതിനാൽ ക്രിസ്തുവിൽ ജീവിക്കുന്ന ഒരു സമൂഹത്തിന്റെ അഥവാ സഭയുടെ സുസമ്മതമായ ഏക മനസ്സിലാണു വേദവ്യാഖ്യാനത്തിനുള്ള 'അധികാരം' നിലകൊള്ളേണ്ടത്. അപ്രകാരമൊരു അധികാരം സഭയ്ക്കുണ്ടെന്ന് അംഗീകരിക്കുമ്പോൾ, കാലാകാലങ്ങളിൽ ആ 'സഭയുടെ ഏകമനസ്സ്' രൂപം കൊടുക്കുന്ന മാനദണ്ഡങ്ങളും മാതൃകകളും കേവലം മനുഷ്യനിർമ്മിതങ്ങളായ 'വ്യർത്ഥ പാരമ്പര്യങ്ങളായി' തള്ളിക്കളയില്ല.

### 3. വേദപുസ്തകവും പാരമ്പര്യവും

യേശുക്രിസ്തുവാണ് യഥാർത്ഥ 'ദൈവവചനം.' പ്രവാചകന്മാർ മൂലം പ്രവചിക്കപ്പെട്ട് വാക് രൂപത്തിൽ എഴുതപ്പെട്ട 'വചനം' ജഡമെടുത്തു നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:14). ഇന്നും ജീവിക്കുന്ന ആ യേശുക്രിസ്തുവാകുന്ന വചനമാം ദൈവത്തെ പൂർണ്ണമായി ഉൾക്കൊള്ളുവാനോ അവതരിപ്പിക്കുവാനോ ആർക്കും സാധ്യമല്ല. യേശുക്രിസ്തു സ്വന്തമായി ഒന്നും എഴുതിയില്ല, എഴുതിവയ്ക്കുവാൻ ആരേയും ഭരമേല്പിച്ചില്ല. തന്നെ അനുഗമിച്ച് ജീവിക്കുന്ന ഒരു സമൂഹത്തിനു താൻ രൂപംകൊടുത്തു. യേശുക്രിസ്തുവിനെ വിശ്വസിച്ച് അവനെ അനുഗമിക്കുന്ന ഒരു സമൂഹത്തിനു യേശുക്രിസ്തുവിലൂടെ ദൈവത്തിലേയ്ക്കു സാമീപ്യം ലഭിക്കുന്നു. ആ ദൈവ സാമീപ്യത്തിന് അവിശ്വാസിയെ ബോധമണ്ഡലത്തിലൂടെ വിശ്വസിപ്പിക്കുവാൻ ലിഖിത രൂപത്തിലുള്ള 'വേദവചനം' ഒരളവുവരെ സഹായിക്കും. എന്നാൽ ജീവിക്കുന്ന വചനമായ ക്രിസ്തുവിനെ, ജീവിക്കുന്ന സമൂഹത്തിലൂടെ അവിശ്വാസിക്കു കാണിച്ചുകൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, യഥാർത്ഥ ക്രൈസ്തവ വിശ്വാസം നിലനില്ക്കുകയില്ലെന്നതാണു പരമാർത്ഥം. ആയതിനാൽ കാലാകാലങ്ങളിൽ പരിശുദ്ധാത്മ നടത്തിപ്പിനു വിധേയമായി യഥാർത്ഥവചനമായ ക്രിസ്തുവിൽ വിശ്വസിച്ചു ജീവിക്കുന്ന സഭയ്ക്ക് മാത്രമേ ക്രിസ്തുവിനെ ലോകത്തിലവതരിപ്പിക്കുവാൻ

സാധിക്കൂ. അപ്രകാരം ജീവിക്കുന്ന സമൂഹത്തിന്റെ ജീവിതവും ഉപദേശവും രീതികളുമൊക്കെ അലിഖിത പാരമ്പര്യ പ്രമാണങ്ങളായി സ്വീകരിച്ചേ മതിയാകൂ.

ആദിമസഭ രൂപംകൊണ്ട് അനേക വർഷങ്ങൾ കഴിഞ്ഞാണ് എഴുതപ്പെട്ട രൂപത്തിൽ വേദഗ്രന്ഥങ്ങളുണ്ടായത്. അവ തന്നെയും ഓർമ്മയിൽ നിന്നും എഴുതപ്പെട്ടതിനാൽ പൂർണ്ണമാണ് എന്ന് അവകാശപ്പെടാനാവില്ല. ക്രിസ്തുവിലുള്ള ദൈവിക വെളിപ്പാടിന്റെ പൂർണ്ണത മുഴുവനായി ഗ്രഹിപ്പാൻ മനുഷ്യമനസ്സിനു ത്രാണിയില്ലാത്തതിനാൽ പരിശുദ്ധാത്മാവു വെളിപ്പെടുത്തിത്തരും എന്നു കർത്താവു തന്നെ പഠിപ്പിക്കുന്നു (യോഹ. 16:12-13). പരിശുദ്ധാത്മാവ് ഇന്നും സഭയെ നയിക്കുന്നു. പുതിയനിയമ കാലഘട്ടം അവസാനിച്ചിട്ടില്ല. യഹൂദന്മാരുടെ പിൽക്കാല ചരിത്രം പഴയനിയമ ഗ്രന്ഥമായി അംഗീകരിക്കുന്നതുപോലെ കർത്താവിന്റെ രണ്ടാം വരവു വരെയുള്ള കാലഘട്ടത്തിലെ 'പുതിയ യിസ്രായേലാകുന്ന' സഭയുടെ ചരിത്രവും പാരമ്പര്യവും ദൈവനടത്തിപ്പുള്ളതും, ദൈവാത്മപ്രേരിതവുമായ പ്രമാണങ്ങളാണെന്നും അംഗീകരിക്കേണ്ടി വരും.

ചുരുക്കത്തിൽ, വേദപുസ്തക രൂപത്തിൽ വചനമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവ ലിഖിതങ്ങൾ ആയ പുതിയനിയമഗ്രന്ഥങ്ങൾ മാത്രം ആധികാരിക വിശ്വാസത്തിന്റെ അടിസ്ഥാനമായി നവീകരണസഭകൾ സ്വീകരിച്ചുവരുന്ന 'പാരമ്പര്യം' പരിശുദ്ധാത്മ നടത്തിപ്പിനെ നിഷേധിക്കുന്നതിനാൽ സ്വീകാര്യമല്ല. അതേസമയം പുതിയ നിയമഗ്രന്ഥങ്ങളിൽ എഴുതപ്പെട്ട അടിസ്ഥാന പ്രമാണങ്ങൾ പോലെ തുല്യ പ്രാധാന്യം നല്കി പുതിയ 'പാരമ്പര്യങ്ങളെ' സഭയിൽ കൂട്ടിച്ചേർക്കാൻ മാർപ്പാപ്പായ്ക്ക് അധികാരമുണ്ടെന്നും, അപ്രകാരം, കാലാകാലങ്ങളിൽ പാപ്പാ നല്കുന്ന പ്രഖ്യാപനങ്ങളെ (Ex- cathedra declarations) വേദവാക്യം പോലെ തന്നെ പ്രമാണമായി അംഗീകരിക്കണമെന്ന റോമൻ വാദഗതിയും സ്വീകാര്യമല്ല. ദൈവിക വെളിപ്പാടുകളുടെ രണ്ടു പ്രത്യേക ഉറവിടങ്ങളായി വേദവചനത്തേയും, മാർപാപ്പായുടെ പ്രഖ്യാപനത്തെയും കരുതുന്ന റോമൻരീതി ഓർത്തഡോക്സ് സഭ നിരാകരിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കൽ ചുവടെ ചേർക്കും പ്രകാരമാണ്. 1) ദൈവിക വെളിപ്പാടിന്റെ ഏക ഉറവ സഭയുടെ സജീവ പാരമ്പര്യമാണ്. 2) എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ പ്രമാണങ്ങൾ സഭയുടെ പൂർണ്ണമനസ്സോടെ (Consensus Fidelium) അംഗീകരിച്ച് കാലാകാലങ്ങളിൽ നടപ്പാക്കണം. 3) എഴുതപ്പെട്ട വേദവചനം സഭയുടെ ഏക സജീവ പാരമ്പര്യത്തിന്റെ ഒരു പ്രധാനഭാഗമാണ്. 4) പരിശുദ്ധാത്മാവു സകല സത്യത്തിലും സഭയെ വഴിനടത്തുന്നു. 5) തിരുവചന സത്യത്തിനു വിപരീതമായ പാരമ്പര്യങ്ങളെ സഭ നിരാകരിക്കുന്നു. ചുരുക്കത്തിൽ, എഴു

തപ്പെട്ട പാരമ്പര്യമാണ് വേദപുസ്തകം, എഴുതപ്പെടാത്ത വേദപ്രമാണങ്ങൾ പാരമ്പര്യവും.

### 4. സഭയുടെ അധികാരം

വി. വേദപുസ്തകത്തിൽ ലിഖിതമായി വെളിപ്പെട്ട ക്രൈസ്തവ പ്രമാണങ്ങളെ, സഭയുടെ പാരമ്പര്യമായി സ്വീകരിച്ചു വ്യാഖ്യാനിച്ചു പഠിപ്പിക്കുവാൻ സഭയ്ക്ക് അധികാരമുള്ളതിനാൽ, സഭയിൽ കാലാകാലങ്ങളിൽ കാലദേശ ഭാഷാ സംസ്കാരങ്ങൾക്കനുസൃതമായി അടിസ്ഥാന പ്രമാണങ്ങളിൽ നിന്നും വേറിട്ടു പോകാതെയും എതിരാകാതെയും പാരമ്പര്യങ്ങൾക്കു രൂപം കൊടുക്കുവാൻ സഭയ്ക്ക് ആദിമസഭയിലെന്നപോലെ തന്നെ, ഇന്നും അധികാരമുണ്ട്. വേദപുസ്തകം സഭയ്ക്ക് മുകളിലല്ല. പിതാവാം ദൈവത്തിനു സ്വയം വിധേയപ്പെടുത്തിക്കൊടുത്തവനും പരിശുദ്ധാത്മ നടത്തിപ്പിൽ വ്യാപരിക്കുന്നവനുമായ 'യേശുക്രിസ്തുവാകുന്ന ജീവിക്കുന്ന വചനമാണ്' സഭയുടെ തലയും അടിസ്ഥാനവും. ആ ജഡമെടുത്ത വചനമായ യേശുക്രിസ്തുവിനെ ഒന്നാം നൂറ്റാണ്ടിലെ ചരിത്രത്തിന്റെ താളുകളിൽ, വാചകത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്താനാവില്ല. അങ്ങിനെ വരുമ്പോൾ യേശുക്രിസ്തുവിന്റെ ശരീരമായ സഭയിൽ കാലാകാലങ്ങളിൽ രൂപംകൊണ്ടിട്ടുള്ള 'സ്വർഗീയ മർമ'ങ്ങളെല്ലാം (Holy Mysteries and Sacraments) ക്രൈസ്തവ ജീവിതത്തിന് ആധാരമായിത്തീരുന്നു.

യേശുക്രിസ്തുവിൽ സജീവമായി വെളിപ്പെട്ട യഥാർത്ഥ ദൈവസ്വഭാവമാണ് ആധികാരികതയുടെ അടിസ്ഥാനം. സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും, സ്വയം സമർപ്പിക്കുന്നതിനും കഷ്ടപ്പെടുന്നതിനും, മരണത്തോളം ത്യാഗമനുഭവിക്കുന്നതിലുമാണ് യേശുക്രിസ്തുവിലുള്ള അധികാരം സ്ഥിതിചെയ്യുന്നത്. ആദിമസഭാധികാരികളിലും സ്നേഹത്തിന്റെ, ശുശ്രൂഷയുടെ ത്യാഗത്തിന്റെ രക്തസാക്ഷിത്വത്തിന്റെ അധികാരം മാത്രമേ സാധാരണ കാണുന്നുള്ളൂ. രാജകീയ രാഷ്ട്രീയ – സാമൂഹ്യ ശൈലിയിലുള്ള അധികാര വടംവലികൾ സഭയിലും പിൽക്കാലത്ത് ഉടലെടുക്കുവാൻ ഇടയായി എന്നത് ഒരു ദുഃഖസത്യം തന്നെ. അപ്രകാരമുള്ള 'അധികാര പ്രവണത' പരിശുദ്ധാത്മ നടത്തിപ്പുള്ള പാരമ്പര്യമായി അംഗീകരിക്കണമെന്ന ചില അധികാരികളുടെ വാദമാണു യഥാർത്ഥ ഭിന്നത സഭയിലുണ്ടാക്കുന്നത്.

യേശുക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, കഷ്ടതയുടെ 'അധികാരം' പ്രമാണമായി സ്വീകരിക്കാൻ സഭയ്ക്ക് കഴിയണം. ലൗകികനിലയിൽ അധികാരം സംരക്ഷിക്കപ്പെടേണ്ടതു സഭാംഗങ്ങൾ ആത്മീകമായി അധഃപതിക്കുമ്പോൾ ആവശ്യമായി വരും. എന്നാൽ ആ മാനദണ്ഡങ്ങൾ സഭയുടെ സാധാരണഗതിയിലുള്ള പ്രമാണവും പാരമ്പര്യവും അംഗീകരിപ്പിക്കാനുള്ള പ്രവണത ഏതു ഭാഗത്തു നിന്നുണ്ടായാലും

സഭയുടെ ആത്മിക വളർച്ചയ്ക്കും കെട്ടുപണിക്കും അതു വേണ്ടത്ര ഉതകുകയില്ല.

വേദവിപരീതങ്ങളും അക്രൈസ്തവ രീതികളും സഭയിലുണ്ടാകുമ്പോൾ അവയെ നേരിടുന്നതിലേയ്ക്ക് ആവശ്യമായ അധികാരികളും നിയമങ്ങളും സുന്നഹദോസുകളും സമിതികളുമെല്ലാം ആവശ്യമാണ്. എന്നാൽ സഭയുടെ സാധാരണ സ്വഭാവത്തിൽ 'യേശുക്രിസ്തുവിന്റെ അധികാരം' സംരക്ഷിക്കപ്പെടുന്നതിലേക്കും വിശ്വാസികളെ ആത്മികമായി വളർത്തുന്നതിലേക്കും അവയെല്ലാം ഉപാധികളായി തീരണമെന്നു മാത്രം. ക്രിസ്തുവിനെ ജീവിക്കുന്നവനായി സമൂഹത്തിൽ അവതരിപ്പിക്കുക എന്നതായിരിക്കണം അധികാരം കൊണ്ടും, പ്രമാണം കൊണ്ടും, പാരമ്പര്യം കൊണ്ടുമൊക്കെ ആത്യന്തികമായി സാധിച്ചെടുക്കേണ്ടത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രമാണമാണു ക്രൈസ്തവ അധികാരത്തിനടിസ്ഥാനം.

### 5. ക്രിസ്തീയ പാരമ്പര്യവും ഭാരതീയ പ്രമാണങ്ങളും

സഭയുടെ ചരിത്രത്തിൽ കാലാകാലങ്ങളിൽ പരിശുദ്ധാത്മ നടത്തിപ്പിലൂടെ വികസിച്ചുവന്ന ഒരു സജീവ പാരമ്പര്യമാണു സഭയുടെ ആധികാരിക പ്രമാണത്തിന് അടിസ്ഥാനമെന്നു നാം കണ്ടു. യഹൂദമതത്തിലേയും ഗ്രീക്ക്, സ്ലാവോണിക്, ലത്തീൻ, സിറിയൻ തുടങ്ങിയ സംസ്കാരങ്ങളിലേയും ഘട്ടങ്ങളെ ഉൾക്കൊണ്ട് വളരുവാൻ ആ സഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിലും അപ്രകാരമൊരു ക്രൈസ്തവ പാരമ്പര്യം കൈക്കൊള്ളുവാൻ ഭാരതത്തിലെ ഓർത്തഡോക്സ് സഭയ്ക്കും ക്രൈസ്തവ സമൂഹത്തിനു മുഴുവനായിത്തന്നെയും ചുമതലയുണ്ട്. അങ്ങനെ ഒരു സജീവ ഭാരതീയ ക്രൈസ്തവ പാരമ്പര്യത്തിനു രൂപംകൊടുക്കുമ്പോൾ ഭാരതീയ മതഗ്രന്ഥങ്ങളും ആചാരാനുഷ്ഠാനങ്ങളും സംസ്കാരരീതികളും ക്രൈസ്തവ വേദപ്രമാണത്തിനും പാരമ്പര്യത്തിനും എതിരല്ലാത്ത വിധത്തിൽ ആവോളം ഉൾക്കൊള്ളുവാനും ക്രൈസ്തവ മൂല്യങ്ങൾ കൊണ്ടു നിറയ്ക്കുവാനും ക്രൈസ്തവർക്ക് സാധിക്കണം. അപ്രകാരം പാടില്ലെന്നു ശഠിക്കുന്ന ദേശീയവും വിദേശീയവുമായ പ്രവണതകളെ ക്രിയാത്മകമായി നേരിടുവാനും, ദേശീയ മണ്ണിൽ വളർന്നു വേരുറച്ചു വളവും വെള്ളവും വെളിച്ചവും സ്വീകരിച്ചു വളർന്നുവരുന്ന ഒരു ക്രൈസ്തവ സമൂഹത്തെ കെട്ടിപ്പടുക്കാനുമുള്ള സഭയുടെ അധികാരത്തെ വിവിധ ഓർത്തഡോക്സ് സഭകൾ എക്കാലവും വിലമതിച്ച് അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ട്. ആ വഴിയിലൂടെയുള്ള പരിശ്രമം ഭാരതത്തിലും ത്വരിതപ്പെടുത്തുവാൻ പരിശുദ്ധാത്മ നടത്തിപ്പിനായി കാത്തിരുന്നു പ്രവർത്തിക്കാം.

**ചോദ്യങ്ങൾ**

1. അധികാരവും പ്രമാണവും സഭാജീവിതത്തിന് എപ്രകാരം അടിസ്ഥാനമായിരിക്കുന്നു?
2. വേദപുസ്തകവും പാരമ്പര്യവും ദൈവിക വെളിപാടിന്റെ രണ്ട് ഉറവിടങ്ങളായി കാണുന്ന കത്തോലിക്കാ വീക്ഷണവും, വേദപുസ്തകം മാത്രം മതി എന്ന പ്രോട്ടസ്റ്റന്റ് വീക്ഷണവും ഓർത്തഡോക്സ് കാഴ്ചപ്പാടിൽ വിലയിരുത്തുക.

## പാഠം 6

# സഭയുടെ സ്വയംശീർഷകത്വവും ദേശീയ സാക്ഷ്യവും: ഓർത്തഡോക്സ് അടിസ്ഥാനം

❑ ആമുഖം ❑ സ്വയംശീർഷകത്വവും സ്വാതന്ത്ര്യവും എന്തിന്? ❑ ഭാരത ഓർത്തഡോക്സ് സഭയും ദേശീയതയും

**ആമുഖം**

വി. കുർബാനയിലെ ഐക്യത്തിൽ ഒന്നിച്ചുകൂടുന്ന ഓരോ ദേശീയ സഭയും ആഗോള ക്രൈസ്തവസഭയുടെ പൂർണതയുൾക്കൊള്ളുന്നു ('Every Eucharistic Community is a Church in miniature'). ഓരോ ദേശത്തെ ഭാഷയും സംസ്കാരവും, മതപശ്ചാത്തലവും ഉൾക്കൊണ്ട്, സ്വതന്ത്രമായ നിലയിൽ ദേശീയമായി താദാത്മ്യം പ്രാപിച്ച് ക്രിസ്തീയസാക്ഷ്യം നിർവഹിക്കുവാനുള്ള സ്വാതന്ത്ര്യം ഓർത്തഡോക്സ് സഭകളെല്ലാം അവകാശപ്പെടുന്നുണ്ട്. ദേശീയ സ്വയംഭരണാവകാശവും (Autonomy) സ്വയംശീർഷകത്വവും (Autocephaly) ഓർത്തഡോക്സ് സഭകളുടെ മുഖമുദ്രയാണ്. ഒരു രാഷ്ട്രത്തിലെ ഓർത്തഡോക്സ് സഭ, യാതൊരു വിദേശ സഭയുടെയും മേൽക്കോയ്മ അംഗീകരിക്കുന്നില്ല. തങ്ങളുടെ സഭാദ്ധ്യക്ഷന്മാരേയും (മേല്പട്ടക്കാർ) സഭാ മേലദ്ധ്യക്ഷനേയും (കാതോലിക്കോസ് / പാത്രിയർക്കീസ്) തെരഞ്ഞെടുത്തു വാഴിക്കാനുള്ള അവകാശം ഓരോ ദേശീയ സഭയും പരിരക്ഷിച്ചു വരുന്നു. യാതൊരു ഓർത്തഡോക്സ് സഭയ്ക്കും മറ്റൊരു ഓർത്തഡോക്സ് സഭയെ ഭരിപ്പാനും സംസ്കാരം അടിച്ചേല്പിക്കാനും അവകാശമില്ല. അതുകൊണ്ടു തന്നെയാണ് വിദേശ മിഷനറിമാരും, വിദേശ മെത്രാന്മാരും – അതു കത്തോലിക്കരായാലും, ഓർത്തഡോക്സുകാരായാലും നവീകരണ സഭക്കാരായാലും – സഭയെ നിയന്ത്രിക്കാനും ഭരി

ക്കാനും സ്വാധീനിക്കാനും ഓർത്തഡോക്സ് സഭകൾ അനുവദിക്കാത്തത്. വിദേശത്തുള്ള പാത്രിയർക്കീസോ, പാപ്പായോ, മിഷനറിമാരോ ഭാരതത്തിലെ ക്രൈസ്തവ സമൂഹത്തെ നിയന്ത്രിക്കുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതിനാലാണ്, ഭാരത ഓർത്തഡോക്സ് സഭ (മലങ്കരസഭ) ഇക്കാര്യത്തിൽ ഓർത്തഡോക്സ് പാരമ്പര്യം നിലനിർത്തുന്നതിനുള്ള ദേശീയ സ്വാതന്ത്ര്യത്തിനായി പരിശ്രമിക്കുന്നത്.

### 1. സ്വയംശീർഷകത്വവും സ്വാതന്ത്ര്യവും എന്തിന്?

ദേശീയ സ്വതന്ത്ര നിലപാടു കൊണ്ടു സഭ ലക്ഷ്യമാക്കുന്നത് എന്താണ്? മറ്റെല്ലാ ഓർത്തഡോക്സ് സഭകളെയും പോലെ, ഓരോ ദേശത്തിന്റെയും സംസ്കാരവും, ആവശ്യങ്ങളും പരിഗണിച്ച്, ക്രൈസ്തവ സത്തയെ, കാല - ദേശ - സംസ്കാര സമീപനങ്ങൾക്ക് അനുയോജ്യമായി അവതരിപ്പിക്കുവാനുള്ള ഒരു കൂട്ടായ പരിശ്രമം സ്വതന്ത്രമായി തന്നെ നടത്തുക എന്നതാണു സ്വയം ശീർഷകത്വം കൊണ്ടു സാധിച്ചെടുക്കാനുള്ളത്. ഓരോ ഓർത്തഡോക്സ് സഭയും അതതു ദേശത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ടു വളരുന്നതിനാൽ, ആരാധനാനുഷ്ഠാനങ്ങളിലും മത സമീപനങ്ങളിലും വ്യക്തമായ തനിമയും (Identity) വ്യതിരിക്തതയും (Uniqueness) സംരക്ഷിച്ചുപോരുന്നു. ഗ്രീക്ക്, സിറിയൻ, ഈജിപ്ഷ്യൻ സംസ്കാരങ്ങൾ ആ പ്രദേശങ്ങളിലെ സഭകളെ വളരുവാൻ സഹായിച്ചതുപോലെ ഭാരതീയ സംസ്കാരങ്ങളും രീതികളും ഉൾക്കൊണ്ടു വളരുവാൻ കഴിയുമ്പോഴേ, ഭാരത ഓർത്തഡോക്സ് സഭ എന്ന സ്വയംശീർഷകസഭ ഉടലെടുക്കുകയുള്ളു. അപ്രകാരമൊരു ദേശീയ സഭയ്ക്കു മാത്രമേ 'ഓർത്തഡോക്സ് സഭ' എന്ന പേരിനർഹതയുള്ളു. ഗ്രീക്ക്, ലത്തീൻ, ആംഗ്ലിക്കൻ, അറേബിയൻ (സിറിയൻ), സ്ലാവോണിക്, ബൈസന്റൈൻ തുടങ്ങിയ സംസ്കാരങ്ങൾ ഉൾക്കൊണ്ട് ഭാരതത്തിൽ വളരുന്ന ക്രൈസ്തവ സമൂഹത്തിന് 'ഓർത്തഡോക്സ്' എന്ന വിശേഷണം അന്വർത്ഥമല്ല. അതുകൊണ്ട്, ഭാരതത്തിൽ ഒരു യഥാർത്ഥ 'ഓർത്തഡോക്സ് സഭ' അതിന്റെ തനിമയിലും, പൂർണതയിലും വേരുറച്ചു വളരണമെങ്കിൽ, അതിന്റെ സ്വതന്ത്രമായ നേതൃത്വവും ഭരണ സംവിധാനവും ഉണ്ടാകുക തന്നെ വേണം. ആ സംവിധാനം ദേശീയത ഉൾക്കൊണ്ടു വളരാൻ സഭയെ നിരന്തരമായി പ്രോത്സാഹിപ്പിക്കുകയും വേണം. എങ്കിൽ മാത്രമേ ക്രൈസ്തവസാക്ഷ്യം ഫലപ്രദമായി നിർവഹിക്കുവാൻ ഏതൊരു സഭയ്ക്കും സാധിക്കുകയുള്ളു.*

### 2. ഭാരത ഓർത്തഡോക്സ് സഭയും ദേശീയതയും

പൗരാണിക സ്വഭാവം അണുവിട വ്യത്യാസപ്പെടുത്താതെ പഴഞ്ചനായി,ത്തന്നെ കാത്തുസൂക്ഷിക്കുന്ന ഒരു സമൂഹമായി 'ഓർത്തഡോക്സി' തെറ്റിദ്ധരിക്കപ്പെടാറുണ്ട്. എന്നാൽ, അടിസ്ഥാനപ്രമാണങ്ങളിൽ നിന്നും

വ്യതിചലിക്കാതെ ആനുകാലികമായി അവ ഉൾക്കൊള്ളുന്നതിലും, അവ തരിപ്പിക്കുന്നതിലും വേണ്ടത്ര സ്വാതന്ത്ര്യം ഓർത്തഡോക്സ് സഭകളിലുണ്ട്. ആരാധനയിലും മതാദ്ധ്യയനത്തിലും നൂതന സമീപനങ്ങൾ സ്വീകരിച്ച്, ക്രൈസ്തവ സാക്ഷ്യം ഫലപ്രദമായി നിർവഹിക്കുവാൻ ഓർത്തഡോക്സ് സഭകളിൽ അവസരമുണ്ട്. ആചാരാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നു എങ്കിലും, അവയും വളർന്നുവരുന്ന തലമുറയ്ക്കു പ്രയോജനകരമായി പുഷ്ടിപ്പെടുത്തുവാൻ ഓർത്തഡോക്സ് തത്ത്വം അനുവദിക്കുന്നുണ്ട്. അടിസ്ഥാനകാര്യങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ, ക്രിസ്ത്യാനിത്വത്തെ ദേശീയ ധാരയിൽ ഉൾപ്പെടുത്തി അവതരിപ്പിക്കുവാൻ ഓർത്തഡോക്സ് സഭകൾക്കുള്ള സാധ്യത മറ്റൊരു സമൂഹത്തിനും അവകാശപ്പെടാനാവില്ല. തന്മൂലം, ഒരു സ്ഥലത്ത് വിവിധ ഓർത്തഡോക്സ് സഭകളിലെ അംഗങ്ങൾ ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ, ആരാധനയിലും രീതികളിലുമൊക്കെ വ്യക്തമായ 'വ്യതിരിക്തത' വെളിപ്പെടാറുള്ളതു സാധാരണമാണ്.

ഉദാഹരണത്തിന്, വി. കുർബാന ഐക്യമുള്ള ബൈസന്റൈൻ സഭകളിലെ അംഗങ്ങൾ അമേരിക്കൻ ഐക്യനാടുകളിൽ താമസമാക്കുമ്പോൾ അവർക്കു അവരവരുടെ ആചാരരീതികൾ (Ethnic nature) ആരാധനയിലും മറ്റും പാലിക്കേണ്ടതിനാൽ വേറെ വേറെ ദേവാലയങ്ങൾ സ്ഥാപിച്ചു സ്വതന്ത്ര സമൂഹങ്ങളായി കഴിയാനിട വരുന്നുണ്ട്. എന്നാൽ, അവരവരുടെ ദേശീയതലത്തിൽ അവർക്കു താദാത്മ്യവും സംയോജ്യതയും അനുഭവപ്പെടുന്നു എന്നതു പ്രാധാന്യമർഹിക്കുന്നു.

പൗരാണിക ഗ്രീസിലെ ആത്മീക - ബൗദ്ധിക പശ്ചാത്തലത്തിൽ രൂപംകൊണ്ട ക്രൈസ്തവരീതികൾ സാവകാശം മറ്റു പൗരസ്ത്യദേശങ്ങളിലെന്നപോലെ ഭാരതത്തിലും പിൽക്കാലത്തു വന്നെത്തി. മറ്റു പൗരസ്ത്യ സഭകളിലെല്ലാം തന്നെ, അവരവരുടെ ദേശത്തിന്റെ പാരമ്പര്യവും സംസ്കാരവും സ്വീകരിച്ചു വളരുവാൻ ശ്രമിച്ചിട്ടുണ്ട്. ഭാരതത്തിലെ സമ്പന്നമായ മത - സംസ്കാര പാരമ്പര്യത്തെ മനസ്സിലാക്കാനോ സ്വായത്തമാക്കാനോ ഭാരതസഭയ്ക്ക് ഇതുവരെ കഴിഞ്ഞില്ലെന്നതിനു പല കാരണങ്ങൾ കണ്ടേക്കാം. വിദേശാധിപത്യത്തിന്റെ പേരിൽ 'ദേശീയത' വിസ്മരിക്കപ്പെട്ടതാകാം. സാമൂഹ്യ, രാഷ്ട്രീയ സാമ്പത്തിക തലത്തിൽ മാത്രമുള്ള ദേശീയ താല്പര്യം മതപരമായ താദാത്മ്യത്തെ പ്രോത്സാഹിപ്പിക്കാതെ വന്നതായിരിക്കാം.

ഗ്രീക്കു സംസ്കാരത്തേക്കാൾ സമ്പുഷ്ഠമായ ഭാരത സംസ്കാര പാരമ്പര്യവുമായി അടുത്തറിയാൻ പോലും നാം ശ്രമിച്ചിട്ടില്ല. അതുകൊണ്ടു

---

* 'സാക്ഷ്യപാതയിൽ' - ഫാ. ഡോ. ജേക്കബ് കുര്യൻ, 'ഇത് ഒരു ഇന്ത്യൻ സഭയോ? - ഫാ. ഡോ. വി. സി. ശാമുവേൽ എന്നീ ഗ്രന്ഥങ്ങളിൽ ഇക്കാര്യം കൂടുതൽ വിശദീകരിക്കുന്നുണ്ട്.

തന്നെയാണു ഭാരതത്തിന്റേതായി ഒരു വേദശാസ്ത്ര പണ്ഡിതവൃന്ദം ഉടലെടുക്കാതെ പോയതും. വേദശാസ്ത്രപരമായും ആരാധനാവിഷയത്തിലും ശക്തമായ പാരമ്പര്യങ്ങൾ മറ്റു സഭകൾക്കെന്നപോലെ ഭാരതസഭയ്ക്കില്ലാതെ പോയതിന്റെ കാരണവും മറ്റൊന്നല്ല. ദേശീയമായ സ്വയംശീർഷകത്വവും, സ്വതന്ത്രസ്വഭാവവും ഭരണതലത്തിൽ സംരക്ഷിക്കാനുള്ള പരിശ്രമം മാത്രമേ ഇതുവരെ ഭാരത ഓർത്തഡോക്സ് സഭയിൽ നടന്നിട്ടുള്ളു. അതിനപ്പുറത്തു 'ദേശീയത' ഉൾക്കൊള്ളുന്ന 'ഭാരത ഓർത്തഡോക്സ് സഭ'യെ രൂപപ്പെടുത്തുവാൻ നാം ഇനിയും വളരെയേറെ മുന്നേറേണ്ടിയിരിക്കുന്നു.

ദേശീയധാരയിൽ മുന്നേറുവാനുള്ള സാധ്യത ഓർത്തഡോക്സിയിലുണ്ടെന്ന വസ്തുത മനസ്സിലാക്കാൻ നമുക്കു കഴിയാതെ പോയതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിലെ ആരാധനയും രീതികളും. അവ പതിമൂന്നാം നൂറ്റാണ്ടിനു മുമ്പുള്ളതായിട്ടുപോലും, അപ്പാടെ അന്ധമായി സ്വീകരിപ്പാൻ നിർബന്ധിതമായതിനാൽ, മറ്റൊന്നിന്, അഥവാ, അതിന്റെ തന്നെ ആഴത്തിലേക്കു കടന്നു ചിന്തിക്കാൻ ഭാരത ഓർത്തഡോക്സ് മക്കൾക്ക് അവസരം കിട്ടിയില്ല. സുറിയാനി പാരമ്പര്യത്തോട് എത്രമാത്രം താദാത്മ്യപ്പെടാമോ അതാണ് ഓർത്തഡോക്സി എന്ന് ഇതുവരെ നമ്മെ ധരിപ്പിച്ചു വച്ചു (ഇന്നും ആ പ്രക്രിയ തുടരുന്നു).

രണ്ടാമതായി, 17-ാം നൂറ്റാണ്ടോടു കൂടി റോമൻ കത്തോലിക്കാ വിശ്വാസം നമ്മുടെയിടയിൽ കാര്യമായി അടിച്ചേല്പിക്കപ്പെട്ടു. ഓർത്തഡോക്സ് സഭയിൽ, റോമൻ കത്തോലിക്കാ വിശ്വാസവും രീതികളും അറിഞ്ഞും അറിയാതെയും പലപ്പോഴായി കടന്നുകൂടി. സുറിയാനി, ലത്തീൻ പാരമ്പര്യങ്ങൾ മോശമാണെന്നല്ല. മറ്റു ദേശീയ പാരമ്പര്യങ്ങളിൽ ഒന്നായി മാത്രമേ ഇവയിൽ ഓരോന്നിനെയും കണക്കാക്കാൻ പാടുള്ളു. അതേസമയം, ആ പാരമ്പര്യങ്ങളെപ്പോലെ തന്നെ ഈടുറ്റ ഒരു 'ഭാരതീയ' ക്രൈസ്തവപാരമ്പര്യം വളർത്തിയെടുക്കുവാനുള്ള സാദ്ധ്യതയും അവസരവും മേല്പറഞ്ഞ സ്വാധീനത്തിലൂടെ ഭാരതസഭയ്ക്ക നഷ്ടമായി എന്നു വിലപിക്കുന്നതോടൊപ്പം, അപ്രകാരം ഒരു ഭാരതീയ വേദശാസ്ത്രചിന്തയും, ക്രൈസ്തവ പാരമ്പര്യവും, 'മറ്റു പ്രസിദ്ധ' പാരമ്പര്യങ്ങളെപ്പോലെ വളർത്തിയെടുക്കണമെന്ന് ആവശ്യപ്പെടുന്നു എന്നു മാത്രം.

ഇക്കാര്യം കുറെക്കൂടി വ്യക്തമാക്കാൻ ശ്രമിക്കാം. ഓർത്തഡോക്സ് സഭകൾക്കെല്ലാം, ക്രൈസ്തവസഭയുടെ പൈതൃക വിശ്വാസവും പാരമ്പര്യവും ഒരുപോലെ അവകാശപ്പെടാമെങ്കിൽ തന്നെയും, ഈ പരമ്പരാഗത വിശ്വാസവും രീതികളും ഓരോ ദേശത്തിന്റെയും കാലത്തിന്റെയും സംസ്

കാരത്തിന്റെയും, ആനുകാലിക പ്രശ്നങ്ങളുടെയും, മത വീക്ഷണങ്ങളുടെയും പശ്ചാത്തലത്തിൽ, അനുയോജ്യമായി രൂപപ്പെടുത്തി, പരിഷ്ക്കരിച്ച് അവതരിപ്പിക്കുവാൻ ഓരോ ഓർത്തഡോക്സ് സഭയും ശ്രമിച്ചിട്ടുണ്ട്. തൽഫലമായി അവരവർ 'വേദശാസ്ത്ര വീക്ഷണവും' 'ആരാധനാശൈലിയും' രൂപപ്പെടുത്തിയിട്ടുമുണ്ട്. ഭാരതസഭയ്ക്കും ഇപ്രകാരമൊരു സാധ്യത അനുഭവത്തിൽ വരുത്താൻ കഴിയണം എന്നതാണു പ്രധാന വിഷയം. 'ഭാരതീയ ദൈവശാസ്ത്രവും' ഭാരതീയ ക്രൈസ്തവാരാധനയും രൂപപ്പെടുത്തുവാൻ 'ഓർത്തഡോക്സ് സഭ' മുന്നോട്ടു വരണം. പൗരാണികകാലത്ത് അലക്സാണ്ട്രിയായിലും അന്ത്യോഖ്യായിലുമൊക്കെ 'വേദശാസ്ത്ര സ്കൂളുകൾ' (Schools of Thought) വളർന്നതുപോലെ ഭാരതത്തിലുമുണ്ടാകണം. അതിനു ഓർത്തഡോക്സുകാർക്കു കഴിയാതെ പോയതിനാൽ, വിദേശീയ നിയന്ത്രണത്തിൽ നിന്നും വേർപെടുത്താനാവാതെ നിലനില്ക്കുന്ന റോമൻ കത്തോലിക്കരും, പ്രോട്ടസ്റ്റന്റുകാരും രൂപംകൊടുത്തുവരുന്ന 'ഭാരത ക്രൈസ്തവ ദൈവശാസ്ത്രമേഖല'യിലെ പോരായ്മകളെ തീർത്തു 'തനിമ' സംരക്ഷിക്കുന്നതിൽ ഓർത്തഡോക്സുകാർക്കുള്ള പങ്കു വളരെയേറെയാണ്.

അടിസ്ഥാനതത്ത്വത്തിൽ, ഓർത്തഡോക്സ് സഭയ്ക്കു മാത്രമേ 'ദേശീയ' ധാരയിൽ പൂർണമായി ചേർന്നു പ്രവർത്തിക്കാനാവൂ. വിദേശ നിയന്ത്രണത്തിലുള്ള ഏതു സഭയ്ക്കും, അതിന്റേതായ വിദേശ സ്വാധീന വലയത്തിൽ നിന്നും ഒരു പരിധിക്കപ്പുറം പോകാനാവില്ല. ആയതിനാൽ, ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ രൂപപ്പെടുത്തുന്ന 'ഭാരതീയ ദൈവശാസ്ത്രവും' 'ഭാരതീയ ആരാധനാശൈലിയും' ഇതുവരെ രൂപംകൊണ്ടിട്ടുള്ളതിൽ നിന്നും കുറെയെങ്കിലും വ്യത്യസ്തമാകാനേ സാദ്ധ്യതയുള്ളു. അത് എങ്ങിനെ സാധിച്ചെടുക്കാമെന്ന് ഉറക്കെ ചിന്തിക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. ഇപ്പോൾ ഓർത്തഡോക്സുകാരെ 'പഴഞ്ചന്മാരായി' മറ്റുള്ളവർ മുദ്ര കുത്തുന്നുണ്ടെങ്കിൽ അതിലവരെ കുറ്റപ്പെടുത്താനില്ല. എന്നാൽ, യഥാർത്ഥ 'ഓർത്തഡോക്സി' എന്താണെന്നു മനസ്സിലാക്കാനും അത് ഉൾക്കൊണ്ട് അവതരിപ്പിക്കാനും അങ്ങനെ യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം ഭാരതത്തിൽ നിർവഹിക്കാനും ഭാരത ഓർത്തഡോക്സ് സഭയ്ക്കു കഴിയണം. ഭാരതീയർക്കനുയോജ്യമായ ക്രൈസ്തവ സാക്ഷ്യം നിർവഹിക്കുന്നില്ലെങ്കിൽ, ഈ സഭ നിലനിൽക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. യഥാർത്ഥ ക്രൈസ്തവ സന്ദേശം 'ഭാരതീയ മനസ്സിൽ' ലയിപ്പിക്കേണ്ടതിനു പകരം, മറ്റു മതങ്ങളുടെ കൂട്ടത്തിലൊരു മതമായി ക്രിസ്ത്യാനിത്വത്തെ അവതരിപ്പിക്കാനിടയായെങ്കിൽ അത് തിരുത്തി, ക്രൈസ്തവ സത്തയെ ഭാരതീയമായി അവതരിപ്പിക്കുവാൻ നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം. ഇതിനു തടസ്സം നിൽക്കുന്ന വിദേശ നിയന്ത്രണങ്ങളെ വലിച്ചെറിയാനും ഭാരതസഭ

കൾക്കു കഴിയണം. അതിനു പരിശ്രമിക്കുന്നില്ലെങ്കിൽ, ഭാരതത്തിലെ ക്രൈസ്തവ സാക്ഷ്യവും, എക്യുമെനിസവും കേവലം മരീചികയായി തുടരും.

### ചോദ്യങ്ങൾ

1. 'സ്വയംശീർഷകത്വവും സ്വയംഭരണാവകാശവും' ഓർത്തഡോക്സി സംരക്ഷിക്കുവാൻ എത്രമാത്രം പര്യാപ്തമാണ്?
2. 'ഭാരത ഓർത്തഡോക്സ് സഭയും ദേശീയ സാക്ഷ്യവും' ചർച്ച ചെയ്യുക.

## യൂണിറ്റ് 2

# ഓർത്തഡോക്സ് സഭകളും ഇതര സഭകളും: ബന്ധവും അകൽച്ചയും

## പാഠം 1

## സഭയിലെ പിളർപ്പുകൾ: ഒരു ചരിത്രാവലോകനം

❑ ചരിത്ര പശ്ചാത്തലം ❑ കൽക്കിദോൻ നിർവചനം ❑ ഏഴു സുന്നഹദോസുകൾ

### 1. ചരിത്ര പശ്ചാത്തലം

ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ഒരു ലഘു വിവരണം വി. വേദപുസ്തകത്തിൽ നമുക്കു കാണാം. അപ്പോസ്തോല പ്രവൃത്തികളിൽ വിവിധ പ്രാദേശിക പേരുകൾ – ഗലാത്യാ, റോമാ, കൊരിന്ത്യാ എന്നിങ്ങനെ – കാണുന്നുണ്ടെങ്കിലും വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഏക സഭ തന്നെയായിരുന്നു. പിന്നീട്, വിശ്വാസവിപരീതികൾ സഭയിലുണ്ടായപ്പോഴെല്ലാം, പണ്ഡിതരായ സഭാപിതാക്കന്മാർ അവയെ നിഷ്കാസനം ചെയ്ത് ഏക സഭയുടെ സത്യവിശ്വാസം സംരക്ഷിച്ചുപോന്നു. എ. ഡി. 431–ലെ എഫേസൂസ് സുന്നഹദോസ് വരെ 'ഏക സഭ' എന്ന യാഥാർത്ഥ്യം നിലനിന്നു. എന്നാൽ സഭയുടെ വിഭജന ചരിത്രമാണ് പിന്നീട് നാം കാണുന്നത്. വി. കന്യകമറിയാമിനെ 'ദൈവമാതാവ്' എന്ന് അംഗീകരിക്കാൻ വിസമ്മതിച്ച നെസ്തോറിയസ് എന്ന ഒരു ബിഷപ്പിനെ വേദവിപരീതിയായി സഭ പ്രഖ്യാപിച്ചെങ്കിലും നെസ്തോറിയസിനെ അനുകൂലിച്ച് സഭയിലെ ഒരു വിഭാഗം ജനങ്ങളും ചേർന്നതിനാൽ ചെറിയ തോതിലെങ്കിലും ഒരു വിഭജനം സഭയിൽ അതേ തുടർന്നുണ്ടായി എന്നു പറയാം. നെസ്തോറിയസിന്റെ പിൻഗാമികൾ പിന്നീടു പറഞ്ഞുവച്ച വേദവിപരീതമൊന്നും നെസ്തോറിയസ് പറഞ്ഞിരുന്നതല്ല എന്നു സഭാപിതാക്കന്മാർ പലരും പിന്നീട് സമ്മതിക്കുന്നുണ്ട്. ഏതായാലും ഒന്നാമത്തെ വിഭജനം എ. ഡി. 431 ൽ കൂടിയ സുന്നഹദോസിനെ അടിസ്ഥാനമാക്കി നടന്നു.

എ. ഡി. 451–ൽ നടന്ന കൽക്കദോൻ സുന്നഹദോസിൽ യേശുക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ച അഭിപ്രായ ഭിന്നത രൂക്ഷമായതിനാൽ വീണ്ടും വിഭജനമുണ്ടായി. ഇതു, ബൈസന്റൈൻ സഭകൾ എന്നറിയപ്പെടുന്ന കിഴക്കൻ ഓർത്തഡോക്സ് സഭകളും, റോമൻ കത്തോലിക്കാസഭയും ഒരു വശത്തും, ഓറിയന്റൽ സഭകൾ എന്നറിയപ്പെടുന്ന പൗരസ്ത്യ

ഓർത്തഡോക്സ് സഭകൾ ന്യൂനപക്ഷമായി മറുവശത്തും നിന്നതിനാൽ രണ്ടാമത്തെ വിഭജനത്തിനു വഴിയൊരുക്കി. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ചേർന്നുള്ള 'ഒരു സ്വഭാവം' എന്നോ ഭിന്നങ്ങളായ 'രണ്ടു സ്വഭാവങ്ങൾ' എന്നോ ഉള്ള വാദമായിരുന്നു അന്നത്തെ തർക്കകാരണം. ഇവയിൽ ആദ്യത്തെ നിലപാട് ഈജിപ്റ്റിലെ കോപ്റ്റിക് സഭയും അന്ത്യോഖ്യായുമായി ബന്ധപ്പെട്ട സുറിയാനിസഭയും അവലംബിച്ചു. പിന്നീട് അർമേനിയൻസഭയും, എത്യോപ്യൻ സഭയും ആ നിലപാട് സ്വീകരിച്ചു. ആധുനികകാലങ്ങളിൽ ഇൻഡ്യയിലെ മലങ്കരസഭയും ആ പാരമ്പര്യവുമായി ചേർന്നു. അങ്ങിനെ ഈഗുപ്തായ, അർമേനിയ, എത്യോപ്യാ, അന്ത്യോഖ്യാ, ഇൻഡ്യാ എന്നിവിടങ്ങളിലായി 'ഓറിയന്റൽ സഭകൾ' വി. കുർബാന ഐക്യത്തിൽ കഴിഞ്ഞുവരുന്നു.

എ. ഡി. 1054-ൽ അതുവരെയും അന്ത്യോഖ്യാ സമ്പർക്കത്തിൽ കഴിഞ്ഞുവന്ന റോമൻസഭയും കുസ്തന്തീനോപോലീസ് സഭയും തമ്മിൽ പിരിഞ്ഞു. അതിനു കാരണമായി പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ പുറപ്പാടു സംബന്ധിച്ചുള്ള ഉപദേശ വ്യത്യാസമാണ്. പിതാവിൽ നിന്നാണ് പരിശുദ്ധാത്മാവു പുറപ്പെടുന്നത് എന്നു പൗരസ്ത്യ സഭകളെല്ലാം ഊന്നിപ്പറയുമ്പോൾ, പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നു പാശ്ചാത്യസഭ പഠിപ്പിക്കുന്നു. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യത്യാസവും അകൽച്ചയുമാണ് യഥാർത്ഥ പിളർപ്പിലേക്കു വഴി നയിച്ചത്. വിശ്വാസത്തിലുള്ള അനൈക്യം ഒരു പ്രത്യക്ഷ കാരണമാക്കി കാണിക്കുന്നു എന്നു മാത്രം.

ഈ വിഭജനത്തോടു കൂടി അന്നത്തെ റോമൻ പാപ്പായും കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസും പരസ്പരം മുടക്കി (1964 ൽ അവ പിൻവലിച്ചു). കിഴക്കൻ ഓർത്തഡോക്സ് സഭകൾ പൊതുവെ ദേശീയ നേതൃത്വവും സ്വഭാവവും, ഭാഷയും സംസ്കാരവും നിലനിർത്തുന്നതിന് ഊന്നൽ കൊടുക്കുന്ന സഭകളാണ്. അവയിൽ പ്രധാനമായവ താഴെ പറയുന്നവയാണ്: റഷ്യൻ, റുമേനിയൻ, ഗ്രീക്ക്, ബൾഗേറിയൻ, ജോർജിയൻ, സെർബിയൻ, സൈപ്രസ്, ഫിൻലണ്ട്, അൽബേനിയൻ, സീനായ്, പോളണ്ട് തുടങ്ങിയവ. ഈ സഭകളെല്ലാം കൽക്കിദോന്യ വിശ്വാസം സ്വീകരിക്കുന്നവരാകയാൽ പൗരസ്ത്യ (ഓറിയന്റൽ) ഓർത്തഡോക്സ് സഭകളുമായി വി. കുർബാനാ സംസർഗം ഇല്ലാത്തവയാണ്. ഇവ പൊതുവായി ബൈസന്റൈൻ സഭകൾ എന്നും അറിയപ്പെടുന്നു.

റോമൻ കത്തോലിക്കാ സഭയിൽ 16-ാം നൂറ്റാണ്ടിലുണ്ടായ നവീകരണത്തിന്റെ ഫലമായി നിരവധി 'പ്രോട്ടസ്റ്റന്റ് സഭകൾ' ഉടലെടുത്തു. 1531-ൽ ലിയോ പത്താമൻ മാർപാപ്പാ, മാർട്ടിൻ ലൂഥറെ മുടക്കിയതോടെയാണു നവീകരണസഭകൾ ഉടലെടുത്തതും വളർന്നു വികസിച്ചതും. ജർമ്മനി, ഇംഗ്ലണ്ട്,

സ്വിറ്റ്സർലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ആരംഭിച്ച നവീകരണപ്രസ്ഥാനം ഇന്നു ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ അനവധി പേരുകളിൽ സഭകള റിയപ്പെടാൻ കാരണമാക്കി. ഭാരതത്തിലും ഈ നവീകരണ സ്വാധീനത്തിൽ പ്പെട്ട് ഓർത്തഡോക്സ് – കത്തോലിക്കാ വിശ്വാസികളിൽ പലരും പുതിയ സഭകളുണ്ടാക്കാൻ ശ്രമിച്ചതിനാൽ സഭകൾ തമ്മിലുള്ള എതിർപ്പ് വർദ്ധി ക്കാനിടയായി.

എക്യുമെനിക്കൽ പ്രസ്ഥാനം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ വിവിധ താല്പര്യക്കാരും ഉപദേശക്കാരുമായ വിദേശികളിൽ നിന്നും വിമുക്തമായ ഒരു ദേശീയ സ്വതന്ത്രസഭ ഉണ്ടായേ തീരൂ. ഭാരതത്തിലെ ഓർത്തഡോക്സ് വിശ്വാസികൾ അപ്രകാരമുള്ള ഒരു യജ്ഞത്തിലാണിപ്പോൾ. കത്തോലി ക്കരായ സുറിയാനിക്രിസ്ത്യാനികൾ പോലും സ്വാതന്ത്ര്യത്തിനായി സന്നാ ഹമൊരുക്കിത്തുടങ്ങിയിട്ടുണ്ട് (Star of the East, June - Sept. 1987). അതേ സമയം, ഭാരതമണ്ണിൽ ജനിച്ചുവളർന്ന ചില മെത്രാന്മാരും വൈദികരും അവരോട് അനുകൂലിക്കുന്ന പരമാർത്ഥികളായ ജനങ്ങളെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴ് അടിയറവു വച്ച് ഈ സഭയുടെ സ്വാതന്ത്ര്യം ഹനിക്കുവാൻ താല്പര്യമെടുക്കുന്നു. സഭയുടെ സ്വതന്ത്ര സ്വഭാവവും ദേശീയ സാക്ഷ്യവും സംരക്ഷിക്കുക എന്ന ഓർത്ത ഡോക്സ് തത്ത്വം പാലിക്കുന്നതിലുപരി സ്വന്തം സ്ഥാനമാനങ്ങൾ സംര ക്ഷിക്കുകയാണ് ഇവരുടെ ലക്ഷ്യം.

## 2. കൽക്കദോൻ നിർവചനം

കൽക്കദോൻ സുന്നഹദോസിനു മുൻപുതന്നെ രൂപംപ്രാപിച്ചു വന്ന രണ്ടു പ്രബല ക്രിസ്തുശാസ്ത്ര വീക്ഷണങ്ങളായിരുന്നു: പൗരസ്ത്യ സ്വാധീ നമുള്ള അലക്സാണ്ട്രിയൻ ക്രിസ്തുശാസ്ത്രവും, പാശ്ചാത്യ സ്വാധീനമുള്ള അന്ത്യോഖ്യൻ ക്രിസ്തുശാസ്ത്രവും (വിശദാംശങ്ങൾക്കു കാണുക. ദിവ്യ ബോധനം പരമ്പരയിൽ റവ. ഫാ. മാത്യു വൈദ്യൻ രചിച്ച 'വേദശാസ്ത്ര വീഥിയിൽ'). കൽക്കദോൻ സുന്നഹദോസിൽ അന്ത്യോഖ്യൻ ക്രിസ്തുശാ സ്ത്രത്തിനു മുൻതൂക്കം നൽകിവന്ന പാശ്ചാത്യ വീക്ഷണമാണു റോമിലെ ലിയോ പാപ്പായുടെ നേതൃത്വത്തിൽ സുന്നഹദോസ് സ്വീകരിച്ചത്. 'Tom of Leo' എന്ന പേരിൽ സുന്നഹദോസിൽ അവതരിപ്പിക്കപ്പെട്ട വിശ്വാസ പ്രമാണരേഖ പിതാക്കന്മാർ സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുകയായി രുന്നു. എ. ഡി. 325–ൽ കൂടിയ നിഖ്യാ സുന്നഹദോസിൽ നിർവചിച്ചിരുന്ന ക്രിസ്തുശാസ്ത്ര പ്രമാണത്തേക്കാൾ മെച്ചമായ ഒരു വീക്ഷണമായിരുന്നില്ലെ ങ്കിലും വേദവിപരീതികൾക്കെതിരായ പദപ്രയോഗങ്ങൾ പൊതുവെ എല്ലാവർക്കും സ്വീകാര്യമായിരുന്നു. യേശുക്രിസ്തുവിൽ പൂർണ ദൈവ ത്വവും പൂർണ മനുഷ്യത്വവും ഉണ്ടായിരുന്നു എന്നതിൽ എല്ലാവരും ഒരു

പോലെ യോജിക്കുന്നു. വേദവിപരീതികൾ പോലും ഇക്കാര്യത്തിൽ യോജിപ്പുള്ളവരാണ്. എന്നാൽ ആ ദൈവസ്വഭാവം, മനുഷ്യ സ്വഭാവം എന്നിവ (Natures) എപ്രകാരം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നിവ മാത്രമേ തർക്കമുണ്ടായിരുന്നുള്ളു.

## കൽക്കദോനിലെ സ്വീകാര്യമായവ

ക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്വത്തിൽ ലയിച്ചു ചേർന്നുപോയി എന്നു യൂത്തിക്കോസ് പഠിപ്പിച്ചതിനെതിരെ 'സങ്കലനരഹിതമായി' എന്ന കൽക്കദോൻ നിർവചനവും, ക്രിസ്തുവിന്റെ മാനുഷിക മനസ്സിന്റെ സ്ഥാനത്തു 'വചനം' അഥവാ 'ലോഗോസ്' ആയിരുന്നെന്നു പഠിപ്പിച്ച അപ്പല്ലനാരിയസ്സിനെതിരെ 'വ്യതിയാനം കൂടാതെ' എന്ന പദവും ദൈവ സ്വഭാവവും മനുഷ്യ സ്വഭാവവും ക്രിസ്തുവിൽ രണ്ടായിത്തന്നെ എപ്പോഴും സ്ഥിതി ചെയ്തു എന്നു പഠിപ്പിച്ച നെസ്തോറിയസ്സിനെതിരെ 'ഭാഗിക്കപ്പെടാതെയും വിഭിന്നമാകാതെയും' എന്ന പദവും പൊതുവെ എല്ലാവർക്കും സ്വീകാര്യമാണ്.

## കൽക്കദോനിലെ അസ്വീകാര്യമായവ

എന്നാൽ ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും രണ്ടു സ്വഭാവങ്ങളിൽ (in two natures) എന്ന പദപ്രയോഗം പൗരസ്ത്യസഭയിലെ പിതാക്കന്മാർക്കു സ്വീകാര്യമായില്ല. ഈ പ്രയോഗം നെസ്തോറിയ വിശ്വാസത്തിന്റെ വേറൊരു രൂപമാണെന്നവർ വാദിച്ചു. യേശുക്രിസ്തു ലാസറിന്റെ കല്ലറയിൽ വച്ചു കരഞ്ഞപ്പോൾ തന്റെ 'മനുഷ്യത്വം' മാത്രം വെളിപ്പെടുന്നു എന്നും, ലാസറിനെ ഉയിർപ്പിച്ചപ്പോൾ തന്റെ 'ദൈവത്വം' മാത്രമായി വെളിപ്പെടുന്നു എന്നും ചിന്തിക്കുമ്പോൾ യേശുക്രിസ്തു ഒരേസമയം രണ്ടു വ്യക്തികളുടെ ഉടമയാണെന്നു സമ്മതിക്കേണ്ടി വരും. അപ്രകാരം രണ്ടു സ്വഭാവങ്ങളിൽ, രണ്ടു വ്യക്തികളെ പ്രകടിപ്പിക്കാനുള്ള ഒരു മാധ്യമമായി മാത്രം യേശുക്രിസ്തു ശരീരം ധരിച്ചു എന്നു പറഞ്ഞാൽ, അതു പലവിധ വേദവിപരീതത്തിലേക്കും നയിക്കുമെന്നു പൗരസ്ത്യ സഭാപിതാക്കന്മാർ വിശ്വസിച്ചു. ആയതിനാൽ 'രണ്ടു സ്വഭാവങ്ങളിൽ നിന്ന്' (From two natures) എന്ന പദപ്രയോഗം വേണമെന്ന് അവർ ശഠിച്ചു. അതു പാശ്ചാത്യ സ്വാധീനത്തിൽ വളർന്നുവന്ന അന്ത്യോഖ്യാ ക്രിസ്തുശാസ്ത്ര വിശ്വാസികളായ ലിയോ പാപ്പായ്ക്കും കൂട്ടർക്കും സ്വീകാര്യമായില്ല. അങ്ങനെ പിളർപ്പ് നടന്നു. പൂർണ ദൈവത്വവും പൂർണ മനുഷ്യത്വവും ചേർന്ന ഏക ആളത്വം എന്ന തത്വമാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ സ്വീകരിച്ചത്. അലക്സാന്ത്രിയായിലെ കൂറിലോസ് അതേപ്പറ്റി പഠിപ്പിച്ച നിർവചനം അതായത് 'അവതരിച്ച വചനമായ ദൈവത്തിന്റെ ഏക ജഡധാരണ സ്വഭാവം' (One incarnate nature of God the word) എന്ന നിർവ

ചനം പൊതുവെ എല്ലാവർക്കും സ്വീകാര്യമായി.

സാംസ്കാരികമായും ഭാഷാപരമായും രാഷ്ട്രീയമായും പരസ്പരം വിഭിന്ന നിലപാടുകൾ സ്വീകരിച്ചിരുന്നതുകൊണ്ടു കൂടിയാണ്, കൽക്കദോൻ നിർവചനം പിളർപ്പിനു വഴി തെളിച്ചത്. അതെ തുടർന്നു പൗരസ്ത്യ സഭകൾ ആദ്യത്തെ മൂന്നു സുന്നഹദോസിന്റെ നിശ്ചയങ്ങൾ മാത്രം സ്വീകരിക്കുന്നവരായി സ്വയം നിലനില്ക്കുകയും, മറ്റുള്ളവർ എല്ലാം തുടർന്നു കൂടിയ 4 സുന്നഹദോസുകളുടെ നിശ്ചയങ്ങൾ കൂടി പൊതുവായി സ്വീകരിച്ച് എ. ഡി. 787-ൽ കൂടിയ രണ്ടാം നിഖ്യാ സുന്നഹദോസ് വരെ ഒന്നിച്ചു നിലനിൽക്കുകയും എ. ഡി. 1054-ൽ സഭയിലെ വലിയ പിളർപ്പ് ('Great Schism') എന്നറിയപ്പെടുന്ന സംഭവത്തിലേയ്ക്കു എത്തിച്ചേരുകയും ചെയ്തു.

### 3. ബൈസന്റൈൻ സഭകളുടെ ഏഴ് സുന്നഹദോസുകൾ

ആദ്യത്തെ നാലു സുന്നഹദോസുകൾ നിഖ്യാ (325), കുസ്തന്തീനോസ്പോലീസ് (381), എപ്പേസൂസ് (431), കൽക്കദോൻ (451) എന്നിവയെപ്പറ്റി നാം കണ്ടു. കുസ്തന്തീനോസ്പോലീസിൽത്തന്നെ കൂടിയ രണ്ടാമത്തെയും (553), മൂന്നാമത്തേയും (680–81) സുന്നഹദോസുകളും നിഖ്യായിലെ രണ്ടാം സുന്നഹദോസും (787) റോമൻ കത്തോലിക്കാ സഭയും ബൈസന്റൈൻ ഓർത്തഡോക്സ് സഭകളും പൊതുവായി സ്വീകരിക്കുന്നവയാണ്. ഇവയ്ക്കും പുറമേ 14 സുന്നഹദോസുകൾ കൂടി റോമൻ കത്തോലിക്കാ സഭ സമ്മേളിച്ചു. അങ്ങനെ ഓറിയന്റൽ സഭകൾക്ക് ആദ്യത്തെ മൂന്നും, ബൈസന്റൈൻ സഭകൾക്ക് ഏഴും, റോമൻ കത്തോലിക്കാ സഭയ്ക്ക് ഇരുപത്തിയൊന്നും സാർവത്രിക സുന്നഹദോസുകൾ സ്വീകാര്യമാണ്.

#### (a) കുസ്തന്തീനോസ്പ്പോലീസിലെ രണ്ടാം സുന്നഹദോസ് (എ. ഡി. 553)

അലക്സാണ്ട്രിയായിലെ കൂറിലോസിന്റെ നിലപാടിനെതിരായി, മോപ്സുസ്റ്റിയായിലെ തിയഡോർ, സൈറസിലെ തിയഡോററ്റ്, എഡേസ്സയിലെ ഇബാസ് എന്നിവർ എഴുതിയ 'മൂന്ന് അദ്ധ്യായങ്ങൾ' എന്ന പ്രമാണ രേഖയെ ഈ സുന്നഹദോസ് തിരസ്കരിക്കുകയും അത് എഴുതിയ മൂന്നു പേരെയും ശപിക്കുകയും ചെയ്തു. 165 ബിഷപ്പന്മാർ ഒപ്പിട്ട ഈ സുന്നഹദോസ് വിളിച്ചുകൂട്ടിയതു ജസ്റ്റീനിയൻ ചക്രവർത്തിയായിരുന്നു. വ്യക്തമായ കാനോനുകളൊന്നും തന്നെ ഈ സുന്നഹദോസിൽ നിർമിച്ചില്ല.

#### (b) കുസ്തന്തീനോസ്പ്പോലീസിലെ മൂന്നാം സുന്നഹദോസ്

**(എ. ഡി. 680–81)**

അലക്സന്ത്രിയ, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ പാത്രിയർക്കീസുമാരുടെ കീഴിലുള്ള ബിഷപ്പന്മാരാണ് ഈ സുന്നഹദോസിൽ സംബന്ധിച്ചത്. യേശുക്രിസ്തുവിന് ഒരു ഇച്ഛാശക്തി മാത്രമേയുള്ളൂ എന്നു പഠിപ്പിക്കുന്ന മോണോതെലറ്റിസം (Monotheletism) വേദവിപരീതമാണെന്നു പറഞ്ഞ് ഈ സുന്നഹദോസ് തള്ളിക്കളഞ്ഞു. എന്നാൽ ഈ സുന്നഹദോസിന്റെ തീരുമാനം 'ഇരു ഇച്ഛാശക്തി' വാദമായി വ്യാഖ്യാനിക്കപ്പെടാവുന്നതാണ്. കാരണം, രണ്ട് ഇച്ഛകൾ തമ്മിൽ ശാരീരിക യോജിപ്പില്ലായിരുന്നു; സാന്മാർഗിക യോജിപ്പേ ഉണ്ടായിരുന്നുള്ളു എന്നു സുന്നഹദോസു പഠിപ്പിച്ചപ്പോൾ കർത്താവിന്റെ ആളത്വത്തിലെ 'ഇരു സ്വഭാവം' എന്ന പഴയ തർക്കം വീണ്ടും ഉറപ്പിക്കുകയായിരുന്നു. ആ നിലയിൽ കൽക്കദോൻ സുന്നഹദോസിന്റെ ഒരാവർത്തനമായിരുന്നു ഇതെന്നു പറയാം. പ്രത്യേകിച്ചു കാനോനകളൊന്നും ഈ സുന്നഹദോസും എഴുതിയുണ്ടാക്കിയില്ല.

**(c) നിഖ്യായിലെ രണ്ടാം സുന്നഹദോസ് (എ. ഡി. 787)**

കുസ്തന്തീനോസ് പാത്രിയർക്കീസിന്റെ താല്പര്യപ്രകാരം ഐറിൻ ചക്രവർത്തിനിയാണ് ഈ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. ആരാധനയും ചിത്രങ്ങളും ഐക്കണുകളും (ഒരു പ്രത്യേക രീതിയിൽ ആരാധനയ്ക്കായി മാത്രം ഉണ്ടാക്കുന്ന ചിത്രങ്ങൾ) ദേവാലയങ്ങളിൽ ഉപയോഗിക്കാമെന്ന് ഈ സുന്നഹദോസ് തീരുമാനിച്ചു. യഥാർത്ഥ ആരാധന ദൈവത്തിനു മാത്രമാണെങ്കിലും മേല്പറഞ്ഞ മാധ്യമങ്ങളിലൂടെ ദൈവാരാധന സമ്പുഷ്ടമാക്കുവാൻ സാധിക്കുമെങ്കിൽ അതു പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇതിനെ എതിർക്കുന്നവരെ ശപിക്കുകയും ചെയ്തു. അച്ചടക്ക സംബന്ധമായ 22 കാനോനകൾ ഇതിൽ പാസ്സാക്കി.

മേല്പറഞ്ഞ സുന്നഹദോസുകൾ (4, 5, 6, 7) ഓറിയന്റൽ സഭകൾക്കു പൊതുവെ സ്വീകാര്യമല്ലെന്നു പറയാമെങ്കിലും അവയിലൂടെ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം സ്വീകരിക്കാൻ പാടില്ലാത്തവയെന്നും, ഏതെല്ലാം സ്വീകരിക്കാമെന്നും പരിശോധിച്ച്, ഈ ഇരുസഭാവിഭാഗങ്ങൾ തമ്മിൽ ഐക്യത്തിൽ വരുന്നതിനുള്ള സംരംഭങ്ങൾ പിന്നീടുണ്ടായിട്ടുണ്ട്.

## ചോദ്യങ്ങൾ

1. സഭയെ പിളർപ്പിലേക്കു നയിച്ച ചരിത്ര പശ്ചാത്തലം വിവരിക്കുക.
2. കൽക്കദോൻ സുന്നഹദോസിലെ നിർവചനം വിലയിരുത്തുക. സഭകളെ ഭിന്നിപ്പിച്ച ഘടകങ്ങൾ ഏവ?
3. 5, 6, 7 എന്നീ സാർവത്രിക സുന്നഹദോസുകളും അവയുടെ പ്രസക്തിയും വിവരിക്കുക.

## പാഠം 2

# ഓറിയന്റൽ – ബൈസന്റൈൻ സഭകൾ ഐക്യപാതയിൽ

❑ പശ്ചാത്തലം ❑ നാല് ഐക്യസംഭാഷണങ്ങൾ ❑ പരസ്പരം അംഗീകരിക്കുന്ന മേഖലകൾ ❑ യോജിപ്പിനുള്ള ഇപ്പോഴത്തെ തടസ്സങ്ങൾ ❑ ഐക്യശ്രമങ്ങളുടെ ഭാവി നടപടികൾ

## പശ്ചാത്തലം

ആദ്യത്തെ മൂന്നു സാർവത്രിക സുന്നഹദോസ് തീരുമാനങ്ങൾ ഇരു സഭകളും പൊതുവായി സ്വീകരിച്ച് ഒരേ വിശ്വാസം നിലനിർത്തുന്ന സാഹചര്യത്തിൽ ഭിന്നതയുണ്ടായി എങ്കിലും ആ ഭിന്നതയുടെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ സഭാവിശ്വാസത്തെ അടിസ്ഥാനമാക്കിയല്ല യഥാർത്ഥ വിഭജനമുണ്ടായത് എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. കൽക്കദോൻ സുന്നഹദോസിലെ നിർവചനം അടിസ്ഥാനകാരണമായി പറഞ്ഞുകൊണ്ടു ബൈസന്റൈൻ സാമ്രാജ്യത്തിൽത്തന്നെ ഗ്രീക്ക്, ലത്തീൻ സംസ്കാരങ്ങൾ ഉള്ളവർ ഒരു ഭാഗത്തും സിറിയൻ, ഈജിപ്ഷ്യൻ സംസ്കാരങ്ങളുള്ളവർ മറുഭാഗത്തുമായി ഭിന്നതയുണ്ടായി എന്നതാണു വാസ്തവം. അവർ തമ്മിൽ ഉണ്ടായിരുന്ന സാംസ്കാരിക, രാഷ്ട്രീയ, ദേശീയ വടംവലികൾക്ക് പുറമെ ഭാഷാപരമായ ആശയ വിനിമയക്കുറവ് ഒരു വലിയ അളവുവരെ പിളർപ്പിനു വഴിയൊരുക്കി. ചക്രവർത്തിമാരുടെയും അവരുടെ രാഷ്ട്രീയ പ്രതിനിധികളുടെയും സ്വാധീനവും താല്പര്യവും വിശ്വാസരൂപീകരണത്തിൽ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. അക്കാരണത്താൽ സാംസ്കാരികമായും രാഷ്ട്രീയമായും ഭാഷാപരവുമായുള്ള ഒരു തുറന്ന സമീപനത്തിലൂടെ ഈ സഭകൾ തമ്മിലുള്ള ഐക്യശ്രമങ്ങൾ നടക്കുവാനും പരസ്പരം കൂടുതൽ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും ഇടയായി എന്നു പിൽക്കാല സഭാചരിത്രം സാക്ഷിക്കുന്നു.

## 1. നാല് ഐക്യ സംഭാഷണങ്ങൾ

ഭിന്നത ഉണ്ടായ ശേഷം ഇരു വിഭാഗക്കാരും അവരവരുടെ ദേശീയ പരിധി വിട്ടുകൊണ്ട് സഭാവിഭാഗത്തെ വിപുലപ്പെടുത്തിയിട്ടുണ്ട്. ഗ്രീക്കു സഭകൾ റഷ്യയിലെയും മറ്റു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേയും സഭകളെക്കൂടി തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. ഓറിയന്റൽ സഭകളും, പിന്നീട് അർമ്മേനിയ, എത്യോപ്യാ, ഇന്ത്യാ എന്നിവിടങ്ങളിലെ ക്രൈസ്തവ സഭകളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. ഈ സഭകളെല്ലാം തന്നെ സഭകളുടെ അഖിലലോക കൗൺസിലിൽ (ഡബ്ല്യു. സി. സി.) അംഗത്വം സ്വീകരിച്ചിട്ടുള്ളതിനാൽ, അവ തമ്മിലുള്ള ഐക്യശ്രമങ്ങൾക്കു ലോകതലത്തിൽ ആവശ്യകതയും അനുകൂല സാഹചര്യവും ഉണ്ടായി. ഡബ്ല്യു. സി.

സി. യിലെ മറ്റു പ്രോട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വിശ്വാസാചാരങ്ങളിലും ആരാധനാശൈലിയിലും ആദ്ധ്യാത്മികതയിലും ആന്തരികസത്തയിൽ വളരെയേറെ അടുത്തുവരുന്നു എന്നു അനുഭവപ്പെട്ട ഈ ഇരു സഭകൾ തമ്മിൽ ഐക്യത്തിലേക്കു വരുവാൻ ശ്രമങ്ങൾ തുടരുന്നു. ഡബ്ല്യു. സി. സി.യുടെ ഫെയിത്ത് ആന്റ് ഓർഡർ കമ്മീഷൻ ഇക്കാര്യത്തിൽ കാര്യമായ കളമൊരുക്കിയിട്ടുണ്ട്. അങ്ങനെ, 1964 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ നാല് അനൗദ്യോഗിക സംഭാഷണങ്ങൾ, ഇരുസഭകളിലേയും വേദശാസ്ത്രജ്ഞന്മാർ തമ്മിലുണ്ടായി. 1964–ൽ ഡെൻമാർക്കിലെ ആർഹൂസിലും, 1967–ൽ ഇംഗ്ലണ്ടിലെ ബ്രിസ്റ്റലിലും, 1970–ൽ സ്വിറ്റ്സർലണ്ടിലെ ജനീവായിലും, 1971–ൽ എത്യോപ്യായിലെ ആഡിസ് അബാബയിലും വച്ചു നടന്ന ഐക്യ സംഭാഷണങ്ങൾ വളരെയേറെ ഫലവത്തായിരുന്നു. ഈ നാല് സംഭാഷണങ്ങളിലും കൂടി ഇരു വിഭാഗങ്ങളിൽ നിന്നുമായി 57 അംഗങ്ങൾ പങ്കെടുത്തു. കോൺസ്റ്റാന്റിനോപ്പിൾ എക്യുമെനിക്കൽ പാത്രിയർക്കേറ്റ്, റഷ്യൻ ഓർത്തഡോക്സ്, ഗ്രീസ്, റുമേനിയ, ബൾഗേറിയ, അലക്സാണ്ട്രിയ, സൈപ്രസ് എന്നീ ബൈസന്റൈൻ പാരമ്പര്യമുള്ള സഭകളിൽ നിന്ന് 28 പേരും കോപ്റ്റിക്, സിറിയാ, അർമ്മേനിയ, ഇൻഡ്യാ, എത്യോപ്യാ എന്നീ ഓറിയന്റൽ സഭകളിൽ നിന്നു 29 പേരും ഈ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച് ചർച്ചകൾ നടത്തി. ക്രിസ്തുശാസ്ത്ര സംബന്ധമായ ചർച്ചകൾക്കു പുറമെ, കൗൺസിലുകളുടെ സ്ഥാനവും സാധുതയും, സഭാപിതാക്കന്മാരുടെ തിരസ്കരണവും അംഗീകരണവും, സഭകളുടെ ഭരണാതിർത്തിയും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും വിശദമായ പഠനത്തിനും ചർച്ചകൾക്കും വിധേയമായി. അവരുടെ പഠനഫലമായി പല പ്രധാന കാര്യങ്ങളിലും യോജിപ്പു കണ്ടെത്താൻ കഴിയുകയും, അതു സംബന്ധമായി പരസ്പരം അഗീകരിക്കുന്ന കാര്യങ്ങളെപ്പറ്റി പൊതുപ്രസ്താവനകൾ (Agreed Statements) പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് (Greek Orthodox Theological Review, Vol. X, Number 2, Winter 1964-65. The Oriental Orthodox Churches Addis Abbaba Conference, Jan. 1965).

## 2. പരസ്പരം അംഗീകരിക്കുന്ന മേഖലകൾ

പ്രധാനമായ തർക്കവിഷയമായിരുന്നതു ക്രിസ്തുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ചതായിരുന്നല്ലോ (ഏകസ്വഭാവം – ഇരു സ്വഭാവം). അതേപ്പറ്റി 1964–ൽ നടന്ന ആർഹൂസിലെ പൊതു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു: “ഞങ്ങളുടെ പരമ്പരാഗതമായ തെറ്റിദ്ധാരണകൾ മാറിവരാൻ തുടങ്ങി. ഞങ്ങളിൽ സഭയുടെ ഒരേ ഓർത്തഡോക്സ് വിശ്വാസമാണുള്ളതെന്നു പരസ്പരം തിരിച്ചറിയുന്നു. 15 നൂറ്റാണ്ടുകളുടെ അകൽച്ച ഞങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തിൽനിന്നു ഞങ്ങളെ വഴി തെറ്റിച്ചിട്ടില്ല. ... ക്രിസ്തുവിനെ സംബന്ധിക്കുന്ന വിശ്വാസ സത്തയിൽ ഞങ്ങൾ പൂർണ

മായി യോജിക്കുന്നതായി പരസ്പരം അംഗീകരിക്കുന്നു. വ്യത്യസ്തങ്ങളായ പദപ്രയോഗങ്ങൾ ഉപയോഗിച്ചെങ്കിലും അതിലൂടെ ഒരേ സത്യമാണ് പ്രക ടിപ്പിക്കപ്പെട്ടത് എന്നു ഞങ്ങൾ കണ്ടു" (Quoted by Fr. Dr. V. C. Samuel in Star of the East, 1982, Vol. 4, No. 3). 1967 ലെ ബ്രിസ്റ്റൽ സംഭാഷണത്തിൽ കുറേക്കൂടി വ്യക്തമായി പരസ്പര സമ്മതം രേഖപ്പെടുത്തി: 'But both sides speak of a union without confusion, without change, without division, without separation. The four adverbs belong to our common tradition' (Ibid p. 13). കൽക്കദോൻ സുന്നഹദോസിൽ ഭിന്നതയുണ്ടാക്കിയ ഈ പദപ്രയോഗങ്ങ ളിലാണ് ഇപ്രകാരം ഒരു ധാരണയുണ്ടായിരിക്കുന്നത് എന്നതു വളരെ പ്രാധാന്യം അർഹിക്കുന്നു.

ഇതോടൊപ്പം തന്നെ യേശുക്രിസ്തുവിന്റെ മനസ്സ് (Will) ഒന്നാണെന്നും (Monotheletism) അല്ല രണ്ടാണെന്നും (Ditheletism) ഉള്ള തർക്കത്തിനും പരസ്പര ധാരണയുണ്ടായി. "All of us agree that the human will is neither absorbed nor suppressed by the divine will in the incarnate Logos. nor are they contrary to one mother" (Ibid p. 13). 1970 ൽ നടന്ന ജനീവാ സമ്മേളന ത്തിൽ ക്രിസ്തുശാസ്ത്ര സംബന്ധമായ പരസ്പര പൂർണസമ്മതം ഇങ്ങനെ രേഖപ്പെടുത്തി: "On the essence of the christological dogma, our two traditions despite fifteen centuries of separation, still find ourselves in full and deep agreement with the universal tradition of the one undivided Church" (Ibid p. 13).

അവിഭജിത സഭയുടെ പൊതുപാരമ്പര്യത്തിൽ ഇരുവിഭാഗവും യോജി ക്കുന്നതായി ജനീവാ കോൺഫറൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആരാധന, ആദ്ധ്യാത്മികത, കാനോനിക ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയി ലെല്ലാം ഐകരൂപ്യം കണ്ടെത്തി. വി. ത്രിത്വം, ക്രിസ്തുശാസ്ത്രം, പരിശു ദ്ധാത്മാവ്, സഭാശാസ്ത്രം, പൗരോഹിത്യം, കൂദാശകൾ, വിശുദ്ധന്മാരോടു ള്ള സംസർഗം, കർത്താവിന്റെ രണ്ടാമത്തെ മഹത്വ പ്രത്യക്ഷത തുടങ്ങിയ മർമ്മപ്രധാനമായ ഉപദേശങ്ങളിലെല്ലാം പരസ്പരം യോജിക്കുന്നതായി അവർ മനസ്സിലാക്കി.

1979-ൽ ഓസ്ട്രിയായിലെ വിയന്നായിൽ Pro - Oriente എന്ന കത്തോ ലിക്കാ സംഘടന വിളിച്ചുകൂട്ടിയ ഒരു മീറ്റിംഗിൽ കുസ്തന്തീനോസ്പോലീ സിലെ എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ പ്രതിനിധിയായി മീറയിലെ മെത്രാപ്പോലീത്താ ക്രിസോസ്റ്റോമോസ്, ഓറിയന്റൽ - ബൈസന്റൈൻ സഭകളുടെ ഐക്യസംഭാഷണങ്ങളും തുടർന്നുണ്ടായ നടപടികളെയും പറ്റി ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി: (EPISKEPSIS 19th Nov., 1979. കാണുക). ആ പ്രബന്ധം അദ്ദേഹം അവസാനിപ്പിക്കുന്നത് ഇങ്ങി നെയാണ്: "The unity we seek to realise in the future, and in which our two

apostolic churches, in equality and mutual respect, will come again into full communion on the basis of the faith, the tradition and the ecclesial life of the undivided Church of the first four and a half centuries, shall be a real unity" (Star of the East, Jan. 1980. p. 27).

### 3. പൂർണ്ണ യോജിപ്പിനുള്ള ഇപ്പോഴത്തെ തടസ്സങ്ങൾ

ഇരു സഭാവിഭാഗത്തിൽ നിന്നും ഔദ്യോഗിക നടപടികൾ ഉണ്ടായെങ്കിലേ ഇതു സംബന്ധിച്ച പരിശ്രമങ്ങൾ ഫലപ്രാപ്തിയിലാകുകയുള്ളു. മാത്രമല്ല, യോജിപ്പിലെത്താത്ത ചില കാര്യങ്ങൾ കൂടി ഇനിയും ചർച്ച ചെയ്യാനുമുണ്ട്. അവയിൽ പ്രധാനമായവ: (1) സുന്നഹദോസുകളുടെ എണ്ണവും, പ്രസക്തിയും. (2) സഭാപിതാക്കന്മാരെ സ്വീകരിക്കുന്നതും തിരസ്ക്കരിക്കുന്നതും. (3) സഭാ ഭരണനിർവഹണത്തിൽ പ്രാദേശിക അന്താരാഷ്ട്ര തലങ്ങളിൽ ഉണ്ടാകേണ്ട ക്രമീകരണം.

ഇവയെപ്പറ്റി പിന്നീടു ചർച്ചകളൊന്നും ഔദ്യോഗികമായോ അനൗദ്യോഗികമായോ നടന്നില്ല എന്നതിനു പല കാരണങ്ങൾ ചൂണ്ടിക്കാണിച്ചേക്കാം. അവയിൽ ചിലത് കുറിക്കുന്നു: (1) രാജ്യങ്ങൾ തമ്മിലുള്ള ദൂരം. (2) മാറിവരുന്ന രാഷ്ട്രീയ ഭരണക്രമങ്ങൾ. (3) അവരവരുടെ ദേശീയതയും സംസ്കാരികതയും സംരക്ഷിക്കാനുള്ള വ്യഗ്രത (4) ബൈസന്റൈൻ സഭകളിൽ നിന്നും ഉണ്ടായ പീഡനങ്ങൾ നിമിത്തം ഓറിയന്റൽ സഭകളിൽ നിന്നും അനേകർ ഇസ്ലാം മതത്തിൽ ചേരുവാൻ ഇടയായതു മൂലമുള്ള വൈരാഗ്യം. ഓറിയന്റൽ സഭകളിലും അകൽച്ചയുണ്ട്. (5) ഇരു സഭാവിഭാഗങ്ങളും ഒന്നിച്ചൊരു ധാരണയിൽ എത്തുന്നതിനുള്ള പ്രായോഗിക വൈഷമ്യം (6) ഇരു കുടുംബങ്ങൾ തമ്മിലല്ലാതെ ഇരുവിഭാഗത്തേയും ഓരോരോ സഭകൾ തനിച്ചായി ഐക്യത്തിൽ വരുന്നതിലുള്ള അനൗചിത്യം. (7) ഐക്യശ്രമം തുടർന്നു നടത്തുന്നതിലേക്കുള്ള സ്ഥിരമായ ഒരു ഔദ്യോഗിക കമ്മീഷന്റെ അഭാവം.

### 4. ഐക്യശ്രമങ്ങളുടെ ഭാവി നടപടികൾ

ഇതുവരെ നടന്ന ഐക്യശ്രമങ്ങളെല്ലാം അനൗദ്യോഗികമായിരുന്നതിനാൽ സഭാതലത്തിൽ പ്രാവർത്തികമാക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. മേൽപ്പറഞ്ഞ ഐക്യസംഭാഷണത്തിലൂടെ എത്തിച്ചേർന്നിരിക്കുന്ന പരസ്പര യോജിപ്പിനെ വസ്തുനിഷ്ഠമായി വിലയിരുത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു കമ്മീഷനെ അതതു സഭകൾ നിയമിക്കണം. ആ കമ്മീഷൻ നൽകുന്ന ശുപാർശകൾ അതതു സഭയുടെ ഔദ്യോഗിക കൗൺസിലിൽ അവതരിപ്പിച്ച് അംഗീകാരം ലഭിച്ചശേഷം ഇരു വിഭാഗം സഭകളെയും പ്രതിനിധീകരിക്കുന്ന ഒരു പൊതു കമ്മീഷൻ (A joint Theological Commission from all the Orthodox Churches) രൂപം കൊടുക്കാനായി

ഔദ്യോഗിക പ്രതിനിധികളെ നിയമിക്കുകയും ചെയ്യണം. ഈ പൊതു കമ്മീഷൻ ഔദ്യോഗികമായി സംഘടിപ്പിക്കുന്നതിനാവശ്യമായ ഓഫീസും മറ്റും പ്രവർത്തിക്കുന്നതിലേക്കു ഒരു സ്ഥിര സംവിധാനമുണ്ടാക്കുന്നതിന് സാമ്പത്തികമുൾപ്പെടെയുള്ള സഹായസഹകരണങ്ങൾ എല്ലാ സഭകളും കൂടി ഏർപ്പെടുത്തണം. അങ്ങനെ രൂപംകൊള്ളുന്ന ജോയിന്റു കമ്മീഷൻ ഇതുവരെ യോജിപ്പിലെത്താൻ കഴിയാത്ത മേഖലകളിൽ കൂടുതൽ ചർച്ചകൾ നടത്തുകയും, യോജിപ്പിലെത്തിയ കാര്യങ്ങളെ സംബന്ധിച്ച് ഒരു 'ഔദ്യോഗിക പ്രമാണരേഖ' തയ്യാറാക്കി അതതു സഭകളുടെ കൗൺസിലുകൾ വഴി പാസ്സാക്കി നടപ്പാക്കുന്നതിലേക്കു പ്രവർത്തിക്കുകയും ചെയ്യണം.

റോമൻ കത്തോലിക്കാ സഭയും (ആർ. സി. സി.) സഭകളുടെ അഖില ലോക കൗൺസിലും (ഡബ്ല്യൂ. സി. സി.) രണ്ടു ധ്രുവങ്ങളിലായി നില കൊള്ളുമ്പോൾ ഓർത്തഡോക്സ് വിശ്വാസം ഉൾക്കൊള്ളുന്ന ഇരു സഭാ വിഭാഗങ്ങളുടെ ഐക്യം എല്ലാ വിധത്തിലും പ്രാധാന്യമർഹിക്കുന്നു. ഈ ഐക്യം സാധിച്ചാൽ ക്രമേണ ആർ. സി. സി. യും ഡബ്ല്യൂ. സി. സി.യും തമ്മിൽ കൂടുതൽ അടുപ്പിക്കുന്നതിലും, അങ്ങനെ ലോകസഭകൾ തമ്മിലുള്ള യഥാർത്ഥ ഐക്യത്തിനു വഴിയൊരുക്കുന്നതിലും 'ഓർത്തഡോക്സ് സഭകൾക്ക്' വലിയൊരു പങ്കു നിർവഹിക്കാനാകും. യഥാർത്ഥ ഐക്യത്തിന്റെ മുഖാന്തരമായിത്തീരാൻ 'ഓർത്തഡോക്സ് സഭയെ' ദൈവം ഉപയോഗിക്കാനായി നമുക്കു പ്രതീക്ഷയോടെ പ്രവർത്തിക്കാം.

### ചോദ്യങ്ങൾ

1. ഓറിയന്റൽ ഓർത്തഡോക്സ് – ബൈസന്റൈൻ സഭകൾ തമ്മിലുള്ള ഐക്യശ്രമങ്ങൾ വിവരിക്കുക.
2. ഓർത്തഡോക്സ് സഭകളുടെ ഐക്യത്തിനു തടസ്സമായി നില്ക്കുന്ന ഘടകങ്ങളും സാഹചര്യങ്ങളും ഏവ?
3. ഓർത്തഡോക്സ് സഭകളുടെ പൂർണ ഐക്യത്തിന്റെ പ്രസക്തിയും സാധ്യതകളും അവലോകനം ചെയ്യുക.

## പാഠം 3

# ഓർത്തഡോക്സ് – റോമൻ കത്തോലിക്കാ

# സഭകൾ: വിയന്നാ ഐക്യസംഭാഷണ വെളിച്ചത്തിൽ

❑ ആമുഖം ❑ യോജിപ്പിന്റെ മേഖലകൾ ❑ പൂർണ യോജിപ്പിലെത്താത്ത സംഗതികൾ ❑ ഐക്യത്തിലേക്കുള്ള ഭാവി സാദ്ധ്യതകൾ

## ആമുഖം

വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ പല തലങ്ങളിലായി നടന്നുവരുന്നുണ്ട്. ഓറിയന്റൽ സഭകളും റോമൻ കത്തോലിക്കാസഭയും, തമ്മിലുള്ള അകൽച്ചയും അടുപ്പവും ആഴത്തിൽ ചർച്ച ചെയ്തു പരസ്പരം മനസ്സിലാക്കാനും ആവോളം അംഗീകരിക്കാനും ഉള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഓസ്ട്രിയായിലെ വിയന്നാ എന്ന സ്ഥലത്തു വച്ച്, റോമൻ കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 'പ്രോ – ഓറിയന്റെ' (Pro-Oriente) എന്ന എക്യുമെനിക്കൽ സംഘടനയാണ് ഈ ഐക്യസംഭാഷണങ്ങൾക്കു വഴിയൊരുക്കിയത്. 1971, 1973, 1976, 1978 എന്നീ വർഷങ്ങളിലായി നാലു സമ്മേളനങ്ങൾ ഈ ഐക്യശ്രമത്തിലേക്കായി കൂടുകയുണ്ടായി. ഔദ്യോഗിക സ്വഭാവത്തോടെയല്ലെങ്കിലും ഇരുവിഭാഗത്തുനിന്നും പങ്കെടുത്ത വ്യക്തികളെയും ചർച്ച ചെയ്ത വിഷയങ്ങളെയും വിലയിരുത്തുമ്പോൾ, ഈ സംഭാഷണങ്ങൾ എക്യുമെനിക്കൽ ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നവയാണ് എന്നു മനസ്സിലാക്കാം. കോപ്റ്റിക്, അർമേനിയൻ, സിറിയൻ, എത്യോപ്യൻ, ഇൻഡ്യൻ എന്നീ ഓറിയന്റൽ സഭകളിൽ നിന്നും വേദശാസ്ത്രത്തിലും സഭാചരിത്രത്തിലും പണ്ഡിതരായ വ്യക്തികൾ പങ്കെടുത്തു. അതുപോലെ തന്നെ, റോമൻ കത്തോലിക്കാ സഭയിൽ നിന്നും പ്രഗത്ഭരായ വേദശാസ്ത്ര – സഭാചരിത്ര പണ്ഡിതന്മാർ സമ്മേളനങ്ങളിൽ ആദ്യന്തം സജീവമായി പങ്കെടുത്തു. പ്രധാനപ്പെട്ട പല കാര്യങ്ങളിലും പരസ്പരം യോജിപ്പിലെത്താനും പൊതുപ്രസ്താവനകൾ പ്രസിദ്ധീകരിക്കാനും സാധിച്ചു. ഇനിയും ചില മേഖലകളിൽ കൂടി യോജിപ്പിലെത്താനുണ്ട്. ആകെ 4 സമ്മേളനങ്ങളിലും കൂടി 26 പ്രബന്ധങ്ങൾ ഇരുവിഭാഗത്തു നിന്നുമായി അവതരിപ്പിച്ചു വിശദമായ പഠനവും ചർച്ചകളും നടത്തപ്പെട്ടു. തത്സംബന്ധമായ എല്ലാ പ്രബന്ധങ്ങളും സംയുക്ത പ്രസ്താവനകളുമടങ്ങുന്ന പ്രമാണരേഖകൾ 'Wort and Wahreit' എന്ന വിയന്നായിൽ നിന്നുള്ള പ്രസിദ്ധീകരണത്തിൽ വിശദമായി നൽകിയിട്ടുണ്ട്. ഏതെല്ലാം തലങ്ങളിലാണു യഥാർത്ഥത്തിൽ വിയോജിപ്പുള്ളതെന്നു സൂക്ഷ്മമായി മനസ്സിലാക്കുവാൻ പരസ്പരം സാധിച്ചു എന്നത് ഒരു വലിയ നേട്ടമാണ്. യേശുക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ചും പാപ്പായുടെ പരമാധികാരം, അപ്രമാദിത്വം എന്നിവയെ സംബന്ധിച്ചുമായിരുന്നു മുഖ്യമായ ഭിന്നതയുണ്ടായിരുന്നത്. എന്നാൽ ആ രണ്ടിനെപ്പറ്റിയും ഓരോ വിഭാ

ഗത്തിന്റെയും നിലപാടു പരസ്പരം മനസ്സിലാക്കിയപ്പോൾ ഐക്യത്തിലേക്കുള്ള സാദ്ധ്യതകൾ വളരെയകലെയല്ല എന്ന പ്രതീക്ഷ ഉളവായി. പ്രത്യേകിച്ചും, റോമൻ കത്തോലിക്കാസഭ 1962–1965 വരെ നടത്തിയ രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ കത്തോലിക്കാസഭയുടെ മുൻനിലപാടുകൾ പലതിലും അയവു വരാനിടയായിട്ടുണ്ട്. എന്നിരുന്നാലും കാതലായ ചില കാര്യങ്ങളിൽക്കൂടി അവർ അയവ് വരുത്തിയാൽ മാത്രമേ യഥാർത്ഥ ഐക്യം സാധ്യമാകൂ എന്നതും ചർച്ചയിലൂടെ തെളിഞ്ഞുവന്ന ഒരു സംഗതിയാണ്.

## A. യോജിപ്പിന്റെ മേഖലകൾ

### 1. യേശുക്രിസ്തുവിന്റെ ആളത്വം

എ. ഡി. 451 ലെ കൽക്കദോൻ സുന്നഹദോസിൽ വച്ച് അഭിപ്രായ ഭിന്നതയുണ്ടാക്കിയ പ്രധാനപ്പെട്ട തർക്കവിഷയമായിരുന്നല്ലോ ഇത്. ഓറിയന്റൽസഭകൾ 'ഏകസ്വഭാവ വാദി'കളാണെന്നും (Monophysites) മറുഭാഗത്തുള്ളവർ 'ഇരുസ്വഭാവവാദി'കളാണെന്നും (Diophysites) ഇരു വിഭാഗക്കാരും പരസ്പരം കുറ്റപ്പെടുത്തി വന്നിരുന്നു. എന്നാൽ ഈ സമ്മേളനത്തിൽ തുറന്നതും പണ്ഡിതോചിതവും രാഷ്ട്രീയ സാംസ്കാരിക വിമുക്തവുമായ ചർച്ചകളുടെ ഫലമായി പരസ്പരം മനസ്സിലാക്കാൻ ഇരു കൂട്ടർക്കും കഴിഞ്ഞു. 'ഏകസ്വഭാവ വാദ'ത്തിന്റെ ഉപജ്ഞാതാവായ യൂത്തിക്കസും (Eutychianism) 'ഇരുസ്വഭാവ വാദ'ത്തിന്റെ ഉപജ്ഞാതാവെന്ന് ആരോപിക്കപ്പെടുന്ന നെസ്തോറും (Nestorianism) ഏക സഭയുടെ യഥാർത്ഥ ക്രിസ്തുശാസ്ത്ര സിദ്ധാന്തത്തെ നിഷേധിക്കുന്നവരാകയാൽ ഈ രണ്ട് ഉപദേശങ്ങളും ഇരുവിഭാഗങ്ങളും തിരസ്കരിക്കുന്നതായി പരസ്പരം മനസ്സിലാക്കി.

കത്തോലിക്കാ വിശ്വാസത്തെ നെസ്തോറിയൻ വിശ്വാസമായി മുദ്രകുത്തുന്നതും ഓർത്തഡോക്സ് വിശ്വാസത്തെ യൂത്തിക്കൻ വിശ്വാസമായി മുദ്ര കുത്തുന്നതും തെറ്റാണ് എന്നു പരസ്പരം മനസ്സിലാക്കുകയും, തന്മൂലം ക്രിസ്തുശാസ്ത്ര സംബന്ധമായ അകൽച്ചയ്ക്കു പ്രസക്തിയില്ലെന്നും കണ്ടെത്തി. ഇതു സംബന്ധിച്ച് സമ്മേളനം പുറപ്പെടുവിച്ച പൊതു പ്രസ്താവനയിൽ (Agreed Statement) ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: “We all agree in rejecting both the Nestorian and the Eutychian positions about Jesus Christ” (See Fr. Dr. K. M. George, The West and East meet, Star of the East, July 1982, p. 22). യേശുക്രിസ്തുവിന്റെ പൂർണ ദൈവത്വം, പൂർണ മനുഷ്യത്വം, അവ തമ്മിലുള്ള യോജിപ്പ് എന്നതിനെച്ചൊല്ലി ഇരുവിഭാഗവും തമ്മിലുണ്ടായിരുന്ന തർക്കം ഇതോടെ തീരുന്നു.

'One incarnate nature of God the Word.... does not deny, but rather ex-

press the full and perfect humanity of Christ' (Quoted by Fr. Dr. V. C. Samuel, The Vienna Consultations, The Star of the East, Jan. 1979. p. 7). ഇരുവിഭാഗങ്ങളും ഉപയോഗിച്ച പദപ്രയോഗത്തിന്റെ അപര്യാപ്തത മൂലമുണ്ടായ ആശയവിനിമയത്തിൽ മാത്രമേ വ്യത്യാസമുള്ളു എന്നും, ആശയസത്തയിൽ ഇരുവിഭാഗങ്ങളും വ്യത്യാസമില്ലെന്നും പരസ്പരം അംഗീകരിക്കാനിടയായി. ഇപ്രകാരമൊരു പരസ്പര ധാരണ രൂപംകൊടുക്കുന്നതിൽ നമ്മുടെ സഭയിൽ നിന്നും സമ്മേളനത്തിൽ സംബന്ധിച്ച ഫാ. ഡോ. വി. സി. ശമുവേൽ വളരെ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "The two Church traditions, then, conserve the doctrinal heritage of the pre-Chalcedonian Church unreservedly by means of, their respective terminologies" (See Star of the East, Jan. 1979, p. 7). യേശുക്രിസ്തുവിന്റെ മർമം പൂർണമായി ഉൾക്കൊള്ളാനും വാക്രൂപത്തിൽ അവതരിപ്പിക്കാനും മനുഷ്യർക്കു പൂർണമായി സാദ്ധ്യമല്ലെങ്കിലും ക്രിസ്തുവിനെപറ്റിയുള്ള പൊതു വിശ്വാസം അവതരിപ്പിക്കുന്നതിൽ ഇരു വിഭാഗവും ഒരുപോലെ സമ്മതിച്ചു സംയുക്ത പ്രസ്താവന (Common Communique) പ്രസിദ്ധീകരിച്ചു.

"We believe that our Lord and Saviour Jesus Christ is God the Son incarnate, perfect in his divinity, and perfect in his humanity. His divinity was not separated from his humanity for a single moment, not for the twinkling of an eye. His humanity is one with us, his divinity without comixture, without confusion, without division, without separation. We in our common faith in the one Lord Jesus Christ, regard his mystery inexhaustible and ineffable and for the human mind never fully comprehensible or expressible" (The Star of the East, July 1982, p. 22). ഇതുമൂലം ക്രിസ്തുശാസ്ത്ര സംബന്ധമായ കാതലായ വിശ്വാസത്തിൽ ഇരുകൂട്ടരും ഐക്യം കണ്ടെത്തിയതായി പ്രഖ്യാപിച്ചു.

### 2. സാർവത്രീക കൗൺസിലുകൾ (സുന്നഹദോസുകൾ)

നിഖ്യാ (325), കോൺസ്റ്റാന്റിനോപ്പിൾ (381), എഫേസൂസ് (431) എന്നീ ആദ്യത്തെ മൂന്നു സുന്നഹദോസുകളിലെടുത്ത നിശ്ചയങ്ങൾ അവിഭജിത സഭയുടേതാകയാൽ അവ പിന്നീടുണ്ടായ സുന്നഹദോസ് നിശ്ചയങ്ങളെക്കാൾ പൂർണതയുൾക്കൊള്ളുന്നതാണെന്നു സംയുക്ത പ്രസ്താവന ചെയ്തു. തന്നെയുമല്ല, ഈ മൂന്നു സുന്നഹദോസുകളിലെ തീരുമാനങ്ങൾ പൊതുവായി അംഗീകരിക്കുന്നു എന്നതും പ്രസ്താവനയിൽ കാണുന്നു. "We find our common basis in the same apostolic tradition, particularly as affirmed in the Niceno Constandinopolitan creed. We all confess the dogmatic decisions and teachings of Nicea, Constandinopple and Ephesus"

(Ibid, p. 23). മറ്റൊരു പൊതു പ്രസ്താവനയിൽ ഇപ്രകാരം കാണുന്നു: “We agree that the first three eccumenical councils had, because of their more general acceptance in the church, a greater degree of fulness, which the later Councils do not have’ (Ibid, p. 23).

## B. പൂർണ യോജിപ്പിലെത്താത്ത സംഗതികൾ

### 1. സഭയിലെ അപ്രമാദിത്തം

അപ്രമാദിത്തം (infallibility) എന്ന പദം ഓർത്തഡോക്സ് സഭയിൽ സ്വീകാര്യമല്ല. എന്നാൽ സ്വീകാര്യമായ പ്രബോധനാധികാരം (dependable or indefectable teaching authority), പരിശുദ്ധാത്മാവിനാൽ സകല സത്യത്തിലും വഴി നടത്തപ്പെടുന്ന കർത്താവിന്റെ ശരീരമായ പൂർണസഭയ്ക്കു മാത്രമേയുള്ളൂ എന്നും, ഒരു വ്യക്തിയിലോ, ഒരു കൗൺസിലിലോ മാത്രമായി അത് നിലനില്ക്കുന്നില്ലെന്നും ഓർത്തഡോക്സ് വിഭാഗം അഭിപ്രായപ്പെട്ടു. കത്തോലിക്കാസഭയാണു പൂർണസഭയെന്നും, അതിനു മാത്രമായി അപ്രമാദിത്തം അവകാശപ്പെടാമെന്നും മറുഭാഗം അഭിപ്രായപ്പെട്ടതിനാൽ യോജിപ്പു സമ്മതം രേഖപ്പെടുത്താൻ കഴിഞ്ഞില്ല. എന്നാലും ഒരു വ്യക്തിയെന്ന നിലയിലല്ല, സഭ മുഴുവനുമായിട്ടാണ് അപ്രമാദിത്തം മനസ്സിലാക്കേണ്ടതെന്നു പൊതു പ്രസ്താവന വ്യക്തമാക്കി. “There was agreement that infallibility or as the Oriental orthodox prefer to say, dependable teaching authority, pertains to the church as a whole, as the body of Christ, and the abode of the Holy Spirit” (Ibid, p. 23).

### 2. മാർപാപ്പാ സഭയ്ക്കുപരിസ്ഥനോ വിധേയനോ?

കർത്താവിന്റെ അധികാരം മുഴുവനും പത്രോസ് എന്ന ഏക വ്യക്തിയിൽ ഭരമേല്പിക്കപ്പെട്ടു എന്നും, ആയതിനാൽ പത്രോസിന്റെ പിൻഗാമികളായി റോമിൽ സിംഹാസനസ്ഥരാകുന്ന പാപ്പാമാരിൽ ക്രിസ്തുവിന്റെ അധികാരം മുഴുവനും നിക്ഷിപ്തമാണെന്നുമുള്ള പരമ്പരാഗതമായ കത്തോലിക്കാ നിലപാടിനു പെട്ടെന്നൊരു മാറ്റംവരാൻ എളുപ്പമല്ലെങ്കിലും, താഴെപ്പറയുന്ന പൊതു പ്രസ്താവനയിലൂടെ, പാപ്പാ സഭയുടെ കൗൺസിലുകൾക്ക് ഉപരിയല്ലെന്ന് അഭിപ്രായപ്പെട്ടു: “The principle of Collegiality emphasised by the Second Vatican Council is appreciated as a move in the right direction according to which the role of the bishop of Rome (Pope) is seen within the council and not above it” (Ibid, p. 23-24).

### 3. പരസ്പര നിരോധനങ്ങൾ

ഇവ എങ്ങിനെ നീക്കം ചെയ്യാം എന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശ

ങ്ങൾ ഒന്നും വന്നില്ലെങ്കിലും, ഔദ്യോഗിക തീരുമാനപ്രകാരം, അവരവരുടെ ആരാധനാക്രമങ്ങളിൽ നിന്നു മുടക്കു വചനങ്ങളും ശാപവാക്കുകളും നീക്കം ചെയ്താൽ മാത്രം മതിയെന്നും, മുൻപ് നിരസിച്ചവരെ പരസ്പരം സ്വീകരിക്കുന്നതിനു നിർബന്ധിക്കേണ്ടതില്ലെന്നും ഒരു ധാരണയിലെത്തി.

**4. 'പ്രാദേശിക', 'അഖിലലോക' സഭകൾ**

ഓരോ പ്രദേശത്തുമുള്ള സഭകൾ കാതോലികസഭയുടെ പൂർണതയുൾക്കൊള്ളുന്നു എന്ന് ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുമ്പോൾ, പ്രാദേശിക സഭകളെല്ലാം അഖിലലോക സഭയുടെ ഭാഗം മാത്രമായതിനാൽ, അവയെല്ലാം ഒന്നിച്ചുകൂടി വരുന്ന അവസരത്തിലേ പൂർണതയുള്ളു എന്നുള്ള കത്തോലിക്കരുടെ പരമ്പരാഗത വിശ്വാസം പൂർണമായി ഉപേക്ഷിക്കാൻ അവർ ഒരുക്കമല്ലെങ്കിലും പ്രാദേശിക സഭകളിൽ സഭയുടെ പൂർണതയും ഐക്യവും ഉണ്ടെന്നും പൊതു പ്രസ്താവനയിൽ സമ്മതിച്ചു: "It is the same mystery of the One, Holy, Catholic, Apostolic Church, the Body of our risen and ascended Lord, that is being manifest both in the 'local' church and in the 'universal' church." അഖിലലോക സുന്നഹദോസുകൾ അഥവാ കൗൺസിലുകൾ കൂടുന്നതും തീരുമാനങ്ങളെടുക്കുന്നതും ഭരണതലത്തിലും മറ്റുമുള്ള വളർച്ചയ്ക്ക് സഹായകമാണെങ്കിലും, അപ്രകാരം ക്രമമായി കൗൺസിലുകളിൽ ഏക തലവന്റെ കീഴിൽ ഒരു അഖിലലോക സഭയായി തീരാതിരുന്നാൽ പ്രാദേശിക സഭകൾക്കു ന്യൂനതയുണ്ടെന്നു വരികയില്ല. എന്നിരുന്നാലും, കശ്ശീശാ, എപ്പിസ്കോപ്പാ, മെത്രാപ്പോലീത്താ, കാതോലിക്കാ – പാത്രിയർക്കീസ് തുടങ്ങിയ സ്ഥാനങ്ങൾ പരിശുദ്ധാത്മ നിയോഗത്താൽ സഭയിൽ കാലാകാലങ്ങളിൽ ഉണ്ടായതുപോലെ അഖില സഭാ തലത്തിൽ ഒരു ഉന്നതസ്ഥാനി ഉണ്ടാകുന്ന തത്ത്വത്തോട് ഓർത്തഡോക്സ് സഭക്ക് വിയോജിപ്പില്ലെങ്കിലും ആ 'ഉന്നതസ്ഥാനി' റോമിലെ ബിഷപ്പ് തന്നെയാകണമെന്നും, ആ സ്ഥാനത്തിന് 'പാപ്പാ' എന്നുതന്നെ പേര് വേണമെന്നുമുള്ള റോമൻ കത്തോലിക്കാ നിലപാടിനോട് ഓർത്തഡോക്സുകാർക്കു യോജിക്കാനാവില്ല. എന്നാലും താഴെപ്പറയുന്ന പൊതു പ്രസ്താവനയുണ്ടായി: "In the light of the newly emerging global perspectives and pluralistic tendancies in the world community, the churches should undertake afresh a common theological reflection on primacy with a new vision of our future unity" (Star of the East, Jan. 1979, p. 10). "The structure will be basically conciliar. No single church in the communion will by itself be regarded as the source and origin of that communion, the source of that unity of the church is the action of the Triune God" (The Star of the East, July 1982. p. 24).

**5. റീത്തു പ്രസ്ഥാനങ്ങൾ (Uniate Churches)**

റീത്തു പ്രസ്ഥാനങ്ങളിലൂടെ ഓർത്തഡോക്സ് സഭാംഗങ്ങളെ കത്തോലിക്കാസഭയിലേക്ക് ചേർക്കുന്നതിനുള്ള പ്രവണത ലോകം മുഴുവനും കത്തോലിക്കർ നടത്തിവരുന്നുണ്ട്. 1930-ൽ കേരളത്തിൽ ആരംഭിച്ച റീത്തു പ്രസ്ഥാനത്തിലൂടെ നടത്തുന്ന സഭാപരിവർത്തനം കത്തോലിക്കാ സഭയുടെ ഔദ്യോഗിക സുന്നഹദോസ് നിശ്ചയത്തിനു വിരുദ്ധമാകയാൽ, ആ പ്രവണത നിർത്തൽ ചെയ്യണമെന്ന് ഓർത്തഡോക്സ് സഭാവിഭാഗം ആവശ്യപ്പെട്ടതനുസരിച്ച് താഴെപ്പറയുന്ന പൊതുപ്രസ്താവനയിറക്കി: 'The Oriental Orthodox churches, according to the principles of Vatican II and subsequent statements of the See of Rome, cannot be fields of mission for other churches.' എന്നിരുന്നാലും കേരളത്തിലെ കത്തോലിക്കർ ഇതൊന്നുമറിയാതെ ഓർത്തഡോക്സുകാരെ ജോലിയും സമ്മാനങ്ങളും സ്ഥാനങ്ങളും മറ്റും നല്കി അവരുടെ സഭയിലേക്കു പരിവർത്തനം ചെയ്യാൻ പരിശ്രമിക്കുന്നത് ഒരു വിരോധാഭാസമായി തുടരുന്നു.

**C. ഐക്യത്തിലേക്കുള്ള ഭാവി സാദ്ധ്യതകൾ**

താഴെ പറയുന്ന മേഖലകളിൽ കൂടുതൽ ചർച്ചകളും പഠനങ്ങളും ആവശ്യമാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് സമ്മേളനങ്ങൾ അവസാനിച്ചു. കന്യകമറിയമിന്റെ അമലോദ്ഭവം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, സഭയിലെ അധികാരം, റോമിലെ ബിഷപ്പിന്റെ സ്ഥാനം, പരസ്പരമുള്ള വി. കുർബ്ബാനാ സംസർഗം, പ്രാദേശികസഭകളുടെ സ്വാതന്ത്ര്യം, സ്വയംശീർഷകത്വം, വിഭജിതസഭകളിലെ സുന്നഹദോസ് നിശ്ചയങ്ങളുടെ അഖിലലോക അംഗീകാരം.

മേൽപ്പറഞ്ഞ സംഭാഷണങ്ങളെ തുടർന്നുള്ള നടത്തിപ്പിനാവശ്യമായ നടപടികൾ വിവിധ സഭകൾ കൈക്കൊള്ളേണ്ടതാണെങ്കിലും ആയതിനുള്ള സത്വര നടപടികൾ ഫലപ്രദമായി എടുക്കുവാൻ വേണ്ടത്ര കഴിഞ്ഞില്ല. എന്നിരുന്നാലും 1983 ൽ മാർപാപ്പായും നമ്മുടെ പ. കാതോലിക്കാ ബാവായും തമ്മിൽ റോമിലെ വത്തിക്കാൻ അരമനയിൽ വച്ചു നടന്ന കൂടിക്കാഴ്ചയിൽ ഇരുസഭകളും തമ്മിൽ നടന്ന ഐക്യസംഭാഷണങ്ങളുടെ വെളിച്ചത്തിൽ പൂർണഐക്യത്തിലേക്കു വരുവാനുള്ള ആഗ്രഹം രണ്ടു സഭാതലവന്മാരും പ്രകടിപ്പിച്ചു (See The Star of the East, June 1983).

1986 ൽ കേരളം സന്ദർശിച്ച ജോൺ പോൾ രണ്ടാമൻ മാർപാപ്പായ്ക്കു കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് നമ്മുടെ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ നൽകിയ സ്വീകരണത്തിൽ, ഇരു സഭകൾ തമ്മിൽ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമം തുടരണമെന്നും, അതിനു തടസ്സമായി നിൽക്കുന്ന റീത്തു പ്രസ്ഥാനത്തിന്റെ സഭാ പരിവർത്തന നടപടികൾ തടയണമെന്നും അഭ്യർത്ഥിച്ചു. മാർപാപ്പായുടെ മറുപടി പ്രസംഗത്തിൽ

ക്രിസ്തുവിലുള്ള ഐക്യത്തിനു വേണ്ടി അദ്ദേഹം ആഗ്രഹിക്കുന്നതായി പ്രസ്താവിച്ചു (Star of the East, March 1980).

ദൈവാത്മാവിനാൽ സകല സത്യത്തിലേക്കും വഴി നടത്തപ്പെടുന്ന സഭയുടെ ഐക്യത്തിനും പൂർണതയ്ക്കുമായി നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.*

**ചോദ്യങ്ങൾ**

1. വിയന്നാ ഐക്യസംഭാഷണത്തിലൂടെ ഓർത്തഡോക്സ്-കത്തോലിക്കാ സഭകൾ തമ്മിൽ യോജിക്കുന്ന മേഖലകൾ ഏതെല്ലാമെന്നു വിവരിക്കുക.
2. കത്തോലിക്കരും - ഓർത്തഡോക്സുകാരും തമ്മിൽ വിയോജിക്കുന്ന മേഖലകൾ ഏവ? യോജിപ്പുള്ള നിർദ്ദേശങ്ങൾ ഏവ?

*ബൈസന്റൈൻ ഓർത്തഡോക്സ് സഭകളും കത്തോലിക്കാ സഭയും തമ്മിൽ ഐക്യസംഭാഷണങ്ങൾ നടത്തുവാനായി പരിശ്രമങ്ങൾ നടക്കുന്നുണ്ട്. 1979 നവംബർ മാസത്തിൽ തത്സംബന്ധമായി ഒരു ഐക്യകമ്മീഷനെ നിയമിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പായും കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് ഡിമിട്രിയസ് ഒന്നാമനും ഒരു സംയുക്ത പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തത്സംബന്ധമായ വിശദാംശങ്ങൾ ഇവിടെ സ്ഥലപരിമിതി മൂലം വിവരിക്കുന്നില്ല. (The Star of the East, Jan. 1980 P. 31-33 കാണുക). ഈ സംഭാഷണങ്ങളുടെ വെളിച്ചത്തിൽ അവർ തമ്മിൽ ഒരു ധാരണാപത്രം 2003-ൽ ഒപ്പുവയ്ക്കുകയുണ്ടായി.

## പാഠം 4

# സഭകളുടെ ലോക കൗൺസിലും ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തവും

❑ സഭകളുടെ ലോക കൗൺസിൽ ❑ ഡബ്ല്യു. സി. സി. യിലെ ഓർത്തഡോക്സ് പങ്കാളിത്തം ❑ ഡബ്ല്യു. സി. സി. യിലെ ഓർത്തഡോക്സ് പ്രോട്ടസ്റ്റന്റ് ബന്ധം ❑ ഡബ്ല്യു. സി. സി. വഴിയായി സഭകൾ സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ

### 1. സഭകളുടെ ലോക കൗൺസിൽ (ഡബ്ല്യു. സി. സി.)

ലോകത്തിലെ ക്രൈസ്തവ സഭകളുടെ കൂട്ടായ്മയായിട്ടാണു അഖില ലോക സഭാ കൗൺസിൽ (ഡബ്ല്യു. സി. സി.) രൂപംകൊണ്ടത്. റോമൻ കത്തോലിക്കാ സഭയുടെയോ (ആർ. സി. സി.) ഓർത്തഡോക്സ് സഭക

ളുടെയോ സഭാകൗൺസിലുകളുടെ അഥവാ സുന്നഹദോസുകളുടെയോ യാതൊരു സ്വഭാവമോ സാമ്യമോ അഖിലലോക സഭാകൗൺസിൽ എന്ന സംഘടനയ്ക്ക് ഇല്ല. ബഹുഭൂരിപക്ഷ നവീകരണസഭകൾ നയിക്കുന്ന പോഷകഘടകങ്ങൾ ഡബ്ല്യു. സി. സി. യിലുണ്ട്. ഓറിയന്റൽ – ബൈസ ന്റൈൻ ഓർത്തഡോക്സ് സഭാ കുടുംബങ്ങളിലെ ഭൂരിപക്ഷം സഭകളും പല ഘട്ടങ്ങളിലായി ഡബ്ല്യു. സി. സി. യിൽ അംഗങ്ങളായി ചേർന്നു. സഭാ ഐക്യത്തിനുവേണ്ടി നിലകൊള്ളുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഡബ്ല്യു. സി. സി., സഭകൾ തമ്മിലുള്ള ഐക്യ ത്തിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചുവന്നു എങ്കിലും, ഇന്നു സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ക്രൈസ്തവ സ്വാധീനം ചെലുത്തുവാനുള്ള യത്നത്തിനാണ് ഊന്നൽ കൊടുക്കുന്നത്.

ഡബ്ല്യു. സി. സി. യിൽ ലോകത്തിലെ മുന്നൂറിൽപരം സഭകൾ അംഗ ങ്ങളാണെങ്കിലും റോമൻ കത്തോലിക്കാസഭ ഇതുവരെയും അംഗത്വം എടു ത്തിട്ടില്ല. റോമൻ കത്തോലിക്കാസഭയ്ക്ക് (ആർ. സി. സി.) ഉള്ളതുപോലെ യുള്ള ഔദ്യോഗിക സ്വഭാവമോ രാഷ്ട്രീയ നിലപാടോ, വിശ്വാസ ഐക്യമോ, പരമ്പരാഗത സ്വഭാവമോ ഡബ്ല്യു. സി. സി. യ്ക്ക് ഇല്ല. ഓരോ അംഗസഭയ്ക്കും ലഭിക്കുന്ന ഒരു അംഗത്വം മാത്രമേ ലോകം മുഴുവൻ വ്യാപി ച്ചുകിടക്കുന്ന ആർ. സി. സി. ക്കും ലഭിക്കുകയുള്ളു. വിശ്വാസത്തിലും, ആശ യസമന്വയത്തിലും വ്യക്തമായ വ്യത്യാസം പുലർത്തുന്ന നവീകരണ സഭ കളുമായുള്ള അതിരുകടന്ന 'കൂട്ടായ്മ' ആർ. സി. സി. ഇഷ്ടപ്പെടുന്നുമില്ല. അതോടൊപ്പം, ആർ. സി. സി. നേതൃസ്ഥാനത്തേക്കു വന്നാൽ ഇപ്പോ ഴത്തെ നവീകരണ ചിന്താഗതിക്കാരുടെ നേതൃത്വം ഡബ്ല്യു. സി. സി.യിൽ നഷ്ടപ്പെടുമോ എന്ന ഭയവും നേതൃത്വത്തിനുള്ളതിനാൽ ആർ. സി. സി. ഒരു കാഴ്ചക്കാരിയായി ഡബ്ല്യു. സി. സി. യിൽ തുടരുക എന്നത് തന്നെ യാണു നല്ലത് എന്നു ഇരുകൂട്ടരും ചിന്തിക്കുന്നു. എന്നാലും ഡബ്ല്യു. സി. സി. യുടെ ഫെയിത്ത് ആന്റ് ഓർഡർ കമ്മീഷനിൽ ആർ. സി. സി. അംഗ മാണ്. അവിടെ അവർ സജീവമായി പ്രവർത്തിക്കുന്നു.

ഡബ്ല്യു. സി. സി. യ്ക്കു കേന്ദ്രക്കമ്മറ്റി, എക്സിക്യൂട്ടീവ് കമ്മറ്റി തുട ങ്ങിയ ഔദ്യോഗിക സമിതികൾ ഉണ്ടെങ്കിലും, ദേശീയ തലത്തിലോ, പ്രാദേശിക തലത്തിലോ സംഘടനകളൊന്നുമില്ല. എൻ. സി. സി., കെ. സി. സി. തുടങ്ങിയ സംഘടനകൾ ഡബ്ല്യു. സി. സി. യുമായി നേരിട്ടു ബന്ധമില്ലാത്ത സംഘടനകളാണ്. ഡബ്ല്യു. സി. സി. യിൽ നിരവധി സഭ കളിൽനിന്നുമായി സ്ത്രീകളും ചെറുപ്പക്കാരുമടക്കമുള്ള വിശ്വാസികളുടെ പ്രാതിനിധ്യ സ്വഭാവമുള്ളതു എടുത്തുപറയേണ്ട കാര്യമാണ്. ഡബ്ല്യു. സി. സി. യിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അംഗസഭകളിൽ നിന്നുള്ള ഔദ്യോഗിക തീരുമാനങ്ങളായി പരിഗണിക്കപ്പെടുകയോ നടപ്പാക്കപ്പെടുക

യോ ചെയ്യാനുള്ള സംവിധാനമില്ല എന്നതും ഓർത്തിരിക്കണം. അതുകൊണ്ടു തന്നെ, വിവിധ ക്രൈസ്തവസഭകളെപ്പറ്റിയുള്ള കാര്യങ്ങളെ കൂടുതലായി സ്പർശിക്കാതെ, സമൂഹത്തിൽ രാഷ്ട്രീയമായും സാമ്പത്തികമായും മറ്റുമുണ്ടാകുന്ന പ്രശ്നങ്ങൾക്കു ക്രിസ്തീയ പരിഹാരം കണ്ടെത്തുന്നതിൽ സഭകളെ തയ്യാറാക്കുന്ന സംരംഭത്തിനു ഡബ്ല്യു. സി. സി. കൂടുതൽ ഊന്നൽ കൊടുത്തുവരുന്നു.

## 2. ഡബ്ല്യു. സി. സി. യിലെ ഓർത്തഡോക്സ് പങ്കാളിത്തം

പല ഓർത്തഡോക്സ് സഭകളും പ്രത്യേകിച്ചു ഭാരതത്തിലെയും എത്യോപ്യായിലെയും ഓർത്തഡോക്സ് സഭകൾ ഡബ്ല്യു. സി. സി.യിലെ സ്ഥാപകാംഗങ്ങളാണ്. നമ്മുടെ സഭ പ്രാരംഭഘട്ടത്തിൽ തന്നെ അംഗമായി എന്നു മാത്രമല്ല, നമ്മുടെ സഭയിലെ പല പ്രഗത്ഭ വ്യക്തികളും ഡബ്ല്യു. സി. സി. യുടെ നേതൃസ്ഥാനത്ത് പല പ്രാവശ്യം എത്തിച്ചേർന്നിട്ടുണ്ട്.

ഡബ്ല്യു. സി. സി. യുടെ ആദ്യത്തെ വനിതാ പ്രസിഡന്റ് പരേതയായ മിസ്സ് സാറാ ചാക്കോ ഓർത്തഡോക്സ് സഭാംഗമാണ് (മലങ്കര സഭയുടെ പ്രമുഖ അൽമായ നേതാവായ നസ്രാണി സിംഹം എം. എ. ചാക്കോയുടെ മകൾ). ഡബ്ല്യു. സി. സി. യുടെ അസോസിയേറ്റ് ജനറൽ സെക്രട്ടറിയായും (1962–1967) പ്രസിഡന്റുമാരിൽ ഒരാളായും (1983–1991) നമ്മുടെ അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്തുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നമ്മുടെ സഭയെ ലോക ക്രൈസ്തവ തലത്തിൽ അറിയപ്പെടുന്ന ഒരു സഭയായി അവതരിപ്പിക്കുന്നതിലും മറ്റു സഭകളുമായുള്ള ഐക്യസംഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിലും (ഉദാ: കഴിഞ്ഞ രണ്ടു പാഠങ്ങളിൽ കണ്ടതായ ഓർത്തഡോക്സ് സഭകൾ തമ്മിലും, കത്തോലിക്കാ സഭയുമായിട്ടുള്ള ഐക്യസംഭാഷണങ്ങൾ) അദ്ദേഹം നിർവഹിച്ച പങ്കു വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ഓർത്തഡോക്സ് സെമിനാരി ഇന്നത്തെ അവസ്ഥയിലേക്കു ഉയർത്തിക്കൊണ്ടുവരുന്നതിലും, വേദശാസ്ത്രപരമായ സമ്മേളനങ്ങളും പഠനസാമഗ്രികളും പ്രസിദ്ധീകരണങ്ങളും വേണ്ടത്ര നമ്മുടെ സഭയിൽ ഉണ്ടായതിന്റെ പിൻപിലും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അഖില ലോക സഭകളുമായുള്ള ബന്ധം വളരെയേറെ പ്രയോജനപ്പെട്ടിട്ടുണ്ട്.

അലക്സിയോസ് മാർ തേവോദോസ്യോസ്, തോമ്മാ മാർ ദീവന്നാസ്യോസ് എന്നിവരായിരുന്നു ഡബ്ല്യു. സി. സി. യുടെ ആരംഭകാലത്ത് സഭയെ പ്രതിനിധീകരിച്ച് സമ്മേളനങ്ങളിൽ പങ്കെടുക്കുകയും നേതൃനിരയിൽ പ്രവർത്തിച്ച് ഭാരതത്തിലെ ദേശീയ ഓർത്തഡോക്സ് സഭയെ ലോക സഭകൾക്ക് പരിചയപ്പെടുത്തുകയും ചെയ്തത്. ആരംഭകാലം മുതൽ മൂന്നു ദശാബ്ദത്തോളം ഡബ്ല്യു. സി. സി. യുടെ യുവജന വിഭാഗത്തിന് നേതൃത്വം

നൽകിയ സി. ഐ. ഇട്ടിയും നമ്മുടെ സഭാംഗമാണ്. നവീകരണ സഭകൾക്ക് മുൻതൂക്കമുള്ള ഡബ്ല്യു. സി. സി. യുടെ സ്റ്റാഫിൽ നിയമിക്കപ്പെട്ട ആദ്യ ഓറിയന്റൽ ഓർത്തഡോക്സ് സഭാംഗമാണദ്ദേഹം.

മലങ്കരസഭയെ പ്രതിനിധീകരിച്ചുകൊണ്ടു ഡബ്ല്യു. സി. സി. യിൽ പല തലങ്ങളിലും മുൻകാലങ്ങളിൽ നേതൃത്വം നൽകിക്കൊണ്ടു നമ്മുടെ സഭയ്ക്കും, പ്രത്യേകിച്ച് വൈദികസെമിനാരിക്കും ആഗോളതലത്തിൽ പ്രശസ്തിയുണ്ടാക്കുന്നതിൽ അഭി. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി, ഫാ. ഡോ. വി. സി. ശമുവേൽ എന്നിവർ വഹിച്ച പങ്ക് വളരെ വിലപ്പെട്ടതാണ്. ഡബ്ല്യു. സി. സി. യുടെ 'മിഷൻ' എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച്, ഓർത്തഡോക്സ് സഭയിൽ മിഷനറിബോധം വളർത്തുന്നതിൽ അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്.

അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ്, അഭി. ഗീവർഗീസ് മാർ കൂറിലോസ്, ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ തുടങ്ങിയവരും നമ്മുടെ സഭയിൽ നിന്നും ഡബ്ല്യു. സി. സി. യിലെ വിവിധ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. കെ. എം. ജോർജച്ചൻ ഇപ്പോൾ ഡബ്ല്യു. സി. സി. കേന്ദ്രക്കമ്മറ്റി അംഗവും പ്രോഗ്രാം കമ്മറ്റി അദ്ധ്യക്ഷനുമാണ്.

## 3. ഡബ്ല്യു. സി. സി. യിലെ ഓർത്തഡോക്സ് – പ്രോട്ടസ്റ്റന്റ് ബന്ധം

ഓറിയന്റൽ സഭകളും അൽബേനിയൻ സഭയൊഴികെയുള്ള ബൈസന്റൈൻ സഭകളും ഡബ്ല്യു. സി. സി. യിൽ അംഗത്വമെടുത്തവരാണെങ്കിലും ബഹുഭൂരിപക്ഷമുള്ള നവീകരണസഭകളുടെ കൂട്ടത്തിൽ ഓർത്തഡോക്സ് ശബ്ദം വേണ്ടത്ര കേൾപ്പിക്കുന്നതിൽ ആ സഭകൾ വിജയിക്കുന്നില്ല എന്നതിനാൽ, റോമൻ കത്തോലിക്കാസഭയുടെ നിലപാടുപോലെ, അംഗത്വം പിൻവലിച്ചു കാഴ്ചക്കാരായി നിലകൊണ്ടാൽ മതിയെന്ന ചിന്താഗതിയുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾ ഡബ്ല്യു. സി. സി. യിലുണ്ട്. സഭകൾ തമ്മിൽ പരസ്പരം മനസ്സിലാക്കുവാനും ആവോളം ഐക്യപ്പെടുവാനുമുള്ള വേദിയായിട്ടാണു ഡബ്ല്യു. സി. സി. രൂപംകൊണ്ടത്. ആ നിലയിൽ ഓർത്തഡോക്സ് സഭകൾ തമ്മിലും, ഓർത്തഡോക്സ് – കത്തോലിക്കാ സഭകൾ തമ്മിലും ഐക്യസംഭാഷണങ്ങൾ നടത്തുവാൻ ഡബ്ല്യു. സി. സി. യിലെ അംഗത്വം ഓർത്തഡോക്സ് സഭകളെ സഹായിച്ചു. പ്രോട്ടസ്റ്റന്റ് സഭകൾ തമ്മിൽ അപ്രകാരമൊരു ഐക്യത്തിലേക്കു വഴിനയിക്കുവാനുള്ള പരിശ്രമമൊന്നും ഫലപ്രദമായി നടത്തുവാൻ ഡബ്ല്യു. സി. സി. യ്ക്ക് കഴിഞ്ഞിട്ടില്ല. പ്രോട്ടസ്റ്റന്റ് സഭകളുമായി വിശ്വാസപരമായും സഭാസംബന്ധവുമായി ഓർത്തഡോക്സ് സഭകൾക്കു ഐക്യം സാദ്ധ്യ

മല്ലെന്ന് ഏകദേശം മനസ്സിലാകുന്നതായിട്ടാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തന്നെ രേഖപ്പെടുത്തുന്നത്: “The Orthodox Churches are now sufficiently clear that no dramatic new development are to be expected in Orthodox - Protestant relations. The possibilities have been explored. The ecclesiological difference is too great to be easily overcome by verbal formulae. The best we can hope for is a continuation of co-operation and conversation, especially in the field of service to the world, and on the issues that confront humanity as a whole” (The Star of the East, Jan. 1979, p. 13). നെയ്റോബിയിൽ നടന്ന ഡബ്ല്യു. സി. സി. യുടെ ജനറൽ അസംബ്ലിയെ വിലയിരുത്തിക്കൊണ്ടുള്ള ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി: “Recent experiences in the W.C.C. have so shocked and pained some Orthodox that a ‘reconsideration’ of Orthodox membership in the W.C.C. is being advocated in certain quarters. ....The W.C.C. is being regarded increasingly by Orthodox and Catholics as a protestant organization. The presence of the Orthodox is being progressively marginalised. .... In the General Secretariat all the three are protestants often irritating to the Orthodox. .... All in all, the W.C.C. has been for sometime in the process of institutionalisation and bureaucratization” (See Star of the East, March 1983, pp. 33-36). വാൻകൂവറിൽ വച്ച് നടന്ന ഡബ്ല്യു. സി. സി. അസംബ്ലിയിൽ ഓർത്തഡോക്സ് സഭകൾക്കു കൂടുതൽ പരിഗണന നൽകുകയുണ്ടായി. ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളായി പലരേയും ഔദ്യോഗിക ചുമതല ഏല്പിച്ചു. ഡബ്ല്യു. സി. സി. യുടെ ഏഴ് പ്രസിഡന്റുമാരിൽ ഒരാളായി ഓർത്തഡോക്സ് സഭയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തെരഞ്ഞെടുക്കപ്പെട്ടത് ഓർത്തഡോക്സ് നേതൃത്വ സാദ്ധ്യതയ്ക്കുള്ള ഉദാഹരണമാണ്.

ഡബ്ല്യു. സി. സി. യുടെ പ്രവർത്തനശൈലിയിൽ വേണ്ടത്ര മാറ്റം വരുത്തി ശരിയായ നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിലേയ്ക്കു താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചൂണ്ടിക്കാണിക്കുന്നു (The Star of the East, March 1983, p. 7-11). (1) നവീകരണസഭകളെ ഒന്നിച്ചു ചേർത്തുകൊണ്ടു പോകുന്നതിലേയ്ക്കു പരിശ്രമിക്കുന്ന ഒരു സമിതിയെ രൂപപ്പെടുത്തുക (Communion of Churches of Reformation C.C.R.). (2) ഇവാഞ്ചലിക്കൽസ്, സെക്ടേറിയൻ വിഭാഗത്തിലുൾപ്പെടുന്നവരെ കൂട്ടിച്ചേർക്കാൻ മറ്റൊരു സമിതി രൂപീകരിക്കുക. (3) റോമൻ കത്തോലിക്കാസഭയുമായി ഫലപ്രദമായ ബന്ധം പുലർത്താൻ ഔദ്യോഗിക പരിശ്രമം നടത്തുക. (4) എല്ലാ ഓർത്തഡോക്സ് സഭകളുമായി ബന്ധപ്പെട്ടു പോകാൻ സ്ഥിരസംവിധാനം ഉണ്ടാക്കുക. ഉടനെ ഒരു യോജിപ്പിലേയ്ക്കു സഭകൾ എത്തിയില്ലെങ്കിലും അവരവരുടേതായ ആരാധനാക്രമങ്ങളും സഭാജീവിതരീതികളും മറ്റും പൊതുവായി അവതരിപ്പിച്ച് പരസ്പരം അറിയാ

നും കൂടുതൽ അടുക്കുവാനും ഈ സംവിധാനം സഹായിക്കും. വേദപഠനവും, പ്രാർത്ഥനാജീവിതവും പുഷ്ടിപ്പെടുത്താനുള്ള ശ്രമവും നടത്തുന്നതോടൊപ്പം ധ്യാനം, ഉപവാസം, ആത്മികത എന്നിവ ഇഷ്ടാനുസരണം പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. ഇപ്രകാരമുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തുവാൻ ഇടയാകണമെങ്കിൽ നേതൃസ്ഥാനങ്ങളിൽ ഈ നാലു സഭാ പാരമ്പര്യങ്ങളിൽ നിന്നുമായി തുല്യ പ്രാതിനിധ്യ സ്വഭാവത്തിൽ വ്യക്തികൾ നിയമിക്കപ്പെടണം. അങ്ങനെ ക്രൈസ്തവരൊന്നാകെ സ്നേഹത്തിന്റെ സഹവർത്തിത്വത്തിലേക്കു വന്നു കഴിയുമ്പോൾ, അവരൊന്നിച്ച് 'ലോകത്തിന്റെ' പ്രശ്നങ്ങളിലേക്കു ക്രിസ്തീയ ചൈതന്യം ഒഴുക്കിക്കൊടുക്കാൻ കൂട്ടായി പരിശ്രമിക്കണം. സഭയുടെ നിരന്തരമായ പുതുക്കത്തിലും കെട്ടുപണിയിലും വ്യാപൃതരാകുന്നതോടൊപ്പം തന്നെ ലോകത്തിന്റെ ഉദ്ധാരണത്തിലും, നീതിയും സമാധാനവും ഒന്നിച്ച് നടപ്പാക്കുന്നതിലും സഭ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കണം.

ഇപ്രകാരമൊരു പ്രവർത്തനശൈലി പുനഃസംവിധാനം ചെയ്തു രൂപപ്പെടുത്തുന്നതിലും നടപ്പാക്കുന്നതിലും ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തം അനിവാര്യമാകയാൽ ഡബ്ല്യു. സി. സി. യിൽ ഓർത്തഡോക്സ് സഭകൾ കൂടുതൽ സജീവ പങ്കാളിത്തം എടുക്കേണ്ടത് ആവശ്യം തന്നെയാണ്.

മുന്നെഴുതിയ വിമർശനങ്ങൾക്ക് ഫലം കണ്ടു തുടങ്ങിയിട്ടുണ്ട് എന്നത് ശുഭോദർക്കം തന്നെ. 1998 മുതൽ ഡബ്ല്യു സി സിയുടെ തലത്തിൽ സംഘടിപ്പിച്ച് പ്രവർത്തിച്ചുവരുന്ന Special Commission for Orthodox Participation in WCC വളരെ നല്ല തുടക്കമാണ് നല്കുന്നത്. ഓർത്തഡോക്സ് സഭകളുടെ പൂർണ്ണ പങ്കാളിത്തമുറപ്പിക്കുന്ന നിലയിൽ WCC യുടെ പ്രവർത്തനശൈലിയും അജണ്ടയും ഇപ്പോൾ മാറ്റിക്കൊണ്ടിരിക്കുന്നതും നല്ല ലക്ഷണമായി കരുതപ്പെടുന്നു.

## 4. ഡബ്ല്യു. സി. സി. വഴിയായി സഭകൾ തമ്മിൽ സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ

വളരെയേറെ കാര്യങ്ങളിൽ സഭകളൊന്നിച്ച് പ്രവർത്തിക്കാമെങ്കിലും താഴെ പറയുന്ന മേഖലകൾ അക്കമിട്ടു ചൂണ്ടിക്കാണിക്കുകയാണ്: (1.) സാമ്പത്തിക രംഗം – ദാരിദ്ര്യം – സാമൂഹ്യ നീതി. (2) സഭകൾ തമ്മിലും മറ്റു മതങ്ങൾ തമ്മിലുമുള്ള സൗഹൃദം. (3) ജാതി, വർണ, വർഗ വിവേചനത്തിനെതിരെ മനുഷ്യത്വത്തെ ഉയർത്തിക്കാണിക്കുക. (4) ദേശീയ തലത്തിലും അന്തരാഷ്ട്രതലത്തിലുമുള്ള യുദ്ധസന്നാഹങ്ങൾക്കെതിരെ ലോക സമാധാനശബ്ദം ഉയർത്തുക. (5) സ്ത്രീസ്വാതന്ത്ര്യമുൾപ്പെടെയുള്ള സാമൂഹ്യ അസമത്വങ്ങൾക്കെതിരെ ശബ്ദിക്കുക. (6) ശാസ്ത്രവും സാങ്കേതികവിദ്യ

യും ഉയർത്തിയിട്ടുള്ള വെല്ലുവിളികൾക്കു ക്രൈസ്തവ പ്രതികരണം രൂപീകരിക്കുക. (7) സാംസ്കാരിക - ധാർമിക അധഃപതനങ്ങൾക്കെതിരെ സന്മാതൃക കാണിക്കുക. (8) ആരോഗ്യ - വിദ്യാഭ്യാസ - തൊഴിൽ രംഗങ്ങളിൽ ക്രിയാത്മകമായ വളർച്ച ഉറപ്പുവരുത്തുന്നതിൽ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുക.

ഇപ്രകാരമുള്ള ക്രിയാത്മക പരിപാടികൾ ഫലപ്രദമായി നടപ്പാക്കുവാൻ വിവിധ സഭകളെ പ്രോത്സാഹിപ്പിക്കുന്നതിലും ഒരുക്കുന്നതിലും ഡബ്ല്യു. സി. സി. നടത്തുന്ന പരിശ്രമത്തിൽ സജീവ പങ്കാളിത്തം നൽകുവാൻ ഓർത്തഡോക്സ് സഭകൾക്ക് ഇന്ന് അവസരമുണ്ട്. ഓർത്തഡോക്സ് പങ്കാളിത്തം പിൻവലിച്ചാൽ ഡബ്ല്യു. സി. സി. വെറും ഒരു പ്രോട്ടസ്റ്റന്റ് സംഘടനയായി തീരുമെന്നതിനാൽ വിവിധ സഭകളുടെ പാരമ്പര്യവും ശൈലിയും സമാഹരിച്ച് ഒരു ആഗോള ക്രൈസ്തവ പ്രവർത്തനശൈലി രൂപപ്പെടുത്തുന്നതിൽ ഓർത്തഡോക്സ് സഭകൾക്ക് വളരെ നിർണായകമായ പങ്ക് വഹിക്കാൻ കഴിയും എന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം. ഓർത്തഡോക്സ് സഭകളുടെ തനിമയും സവിശേഷതകളും എന്തൊക്കെയാണെന്ന് മറ്റു സഭകളെ ബോദ്ധ്യപ്പെടുത്തുന്നതിൽ ഓർത്തഡോക്സ് സഭകൾക്ക് ഡബ്ല്യു. സി. സി. യിലെ പങ്കാളിത്തം മൂലം സാധിച്ചു എന്നത് വലിയ ഒരു നേട്ടം തന്നെയാണ്.

### ചോദ്യങ്ങൾ

1. ഡബ്ല്യു. സി. സി. എന്നാൽ എന്താണെന്നു വിവരിക്കുക.
2. ഡബ്ല്യു. സി. സി. യിൽ ഓർത്തഡോക്സ് സഭയുടെ പങ്കാളിത്തം വിലയിരുത്തുക.
3. വിവിധ സഭകൾ തമ്മിൽ ഡബ്ല്യു. സി. സി. യിലൂടെ സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ ഏതെല്ലാം?

## പാഠം 5

# ഭാരതത്തിലെ ഓർത്തഡോക്സ് സഭയും ഇതര സഭകളും: ഐക്യ സംഭാഷണ വെളിച്ചത്തിൽ

❑ ആമുഖം ❑ 'ഓർത്തഡോക്സ്' നാമം അജ്ഞാതമായതെന്തുകൊണ്ട്? ❑ ഐക്യ സംഭാഷണങ്ങൾ (a) കത്തോലിക്കാ സഭയുമായി (b) അന്ത്യോഖ്യൻ സുറിയാനി സഭയുമായി (c) മാർത്തോമ്മാ സഭയുമായി (d) ആംഗ്ലിക്കൻ സഭയുമായി (e) ലൂഥറൻ സഭയുമായി

**ആമുഖം**

ഭാരതത്തിലെ ജനങ്ങൾക്കു പൊതുവെ ക്രൈസ്തവരുടെയിടയിലെ ഉപവിഭാഗങ്ങളെപ്പറ്റി വേണ്ടത്ര അറിവുണ്ടാകാനിടയില്ല. എന്നിരുന്നാലും റോമൻ കത്തോലിക്കരെന്നും പ്രോട്ടസ്റ്റന്റു സഭകളെന്നും രണ്ടു വിഭാഗത്തെ മിക്കവരും തിരിച്ചറിയാറുണ്ട്. 'ഓർത്തഡോക്സ് സഭ' എന്ന പേരിൽ ഒരു സഭയുണ്ടോ? അതു ഭാരതത്തിലുമുണ്ടോ? എന്നീ ചോദ്യങ്ങൾ ഒരു പക്ഷേ ക്രിസ്ത്യാനികളിൽ തന്നെ പലരും ചോദിക്കാവുന്ന ചോദ്യങ്ങളാണ്. ക്രൈസ്തവ പാരമ്പര്യത്തിന്റെ പൗരാണികതയും തനിമയും ഒരളവുവരെ സംരക്ഷിച്ചുവരുന്ന ഓർത്തഡോക്സ് സഭകളെപ്പറ്റി ഭാരതക്രൈസ്തവലോകം പൊതുവെ വേണ്ടത്ര അറിവില്ലാത്തവരായത് എന്തുകൊണ്ടായിരിക്കാം? ഓർത്തഡോക്സുകാർക്കു തന്നെ എന്താണ് 'ഓർത്തഡോക്സി' എന്നതറിയാമോ?

ഭാരത ക്രൈസ്തവ ചരിത്രം പരിശോധിച്ചാൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ സഭ ലോകത്തിലെ മറ്റെല്ലാ സഭകളുമെന്നപോലെ പൗരാണികത്വം അവകാശപ്പെടുന്നുണ്ട്. 16-ാം നൂറ്റാണ്ടുവരെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' 'മലങ്കര നസ്രാണികൾ' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഈ ഏക ക്രൈസ്തവ സമൂഹത്തിൽ, 16-ാം നൂറ്റാണ്ടിനു ശേഷം പോർത്തുഗീസ്, ഇംഗ്ലണ്ട്, സിറിയാ, റോം, മറ്റു പാശ്ചാത്യ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നെത്തിയ വിദേശ മിഷനറിമാരുടേയും മെത്രാന്മാരുടെയും ഇടപെടൽ മൂലം ഭാരതത്തിൽ വിവിധ സഭകൾ, വിവിധ വിശ്വാസത്തിലും, നിലകളിലും, പേരുകളിലും അറിയപ്പെടാൻ തുടങ്ങി.

## 1. 'ഓർത്തഡോക്സ്' നാമം അജ്ഞാതമായതെന്തുകൊണ്ട്?

(1) ഓർത്തഡോക്സ് സഭകൾ പൊതുവെ അതതു രാജ്യങ്ങളിൽ പൂർണ സ്വാതന്ത്ര്യത്തോടെ കഴിയുന്നവയാണ്. മറ്റു രാജ്യങ്ങളിൽ പോയി ശാഖകൾ സ്ഥാപിച്ചു ഭരിക്കുവാൻ ഓർത്തഡോക്സ് തത്വം അനുവദിക്കുന്നില്ലാത്തതിനാൽ ഭാരതത്തിൽ 'ഓർത്തഡോക്സ് സഭ' എന്ന പേരിൽ സഭയുണ്ടായി

ക്കാണാൻ വിദേശികളാരും ആഗ്രഹിച്ചില്ല, പരിശ്രമിച്ചില്ല. (2) ആധുനിക പാശ്ചാത്യ മാതൃകയിലുള്ള ഒരു 'സുവിശേഷ യജ്ഞം' ഓർത്തഡോക്സ് സഭകളിലില്ലാത്തതിനാൽ അവ മറ്റു രാജ്യങ്ങളിലേക്കു വ്യാപിച്ചില്ല. (3) അതതു പ്രദേശത്തിന്റെ സംസ്കാരവും ഭാഷയും ദേശീയതയും ഉൾക്കൊണ്ടു വളർന്നുവന്ന മറ്റ് ഓർത്തഡോക്സ് സഭകൾക്ക്, ഭാരത സംസ്കാരത്തിലും ദേശീയതയിലും വളർന്നു വേരുറയ്ക്കാൻ പ്രയാസമാണ്. (4) ഓർത്തഡോക്സ് സഭകളെല്ലാം അതതു പ്രദേശത്തിന്റെ പേരുകളിൽ അറിയപ്പെടുവാൻ ഇഷ്ടപ്പെടുന്നതിനാൽ മറ്റു രാജ്യങ്ങളുടെ 'മേൽവിലാസത്തിൽ' നിന്നും അവർ പൊതുവേ മാറി നിന്നതാകാം. (5) ലോകത്തിലെ മറ്റെല്ലാ ഓർത്തഡോക്സ് സഭകളെയും പോലെ അപ്പോസ്തോലിക പാരമ്പര്യം അഭംഗുരം കാത്തുസൂക്ഷിച്ചു പോരുന്ന ഒരു പൗരസ്ത്യ ക്രൈസ്തവ സഭാസമൂഹമായിരുന്നു 16-ാം നൂറ്റാണ്ടു വരെയും ഭാരതത്തിലുണ്ടായിരുന്നതെങ്കിലും പോർത്തുഗീസുകാർ, ഇംഗ്ലീഷുകാർ, ഡച്ചുകാർ തുടങ്ങിയ വിദേശാധിപത്യ മനോഭാവമുള്ള 'മിഷനറിമാർ' ഭാരതത്തിലെ ക്രിസ്ത്യാനികളുടെ 'പൗരസ്ത്യ ഓർത്തഡോക്സ് സ്വഭാവം' മറച്ചു പിടിക്കാനും മായിച്ചുകളയാനും ശ്രമിച്ചു. കാരണം നവീകരണആശയങ്ങൾ പ്രചരിപ്പിക്കണമെങ്കിൽ പൗരാണികവിശ്വാസം അർത്ഥശൂന്യവും അപരിഷ്കൃതവുമാണെന്നും മുദ്ര കുത്തണമല്ലോ. (6) അന്ത്യോഖ്യായിൽ നിന്നും വന്ന സുറിയാനി മെത്രാന്മാർ പോലും 'ഓർത്തഡോക്സ്' എന്ന അവരുടെ ശരിയായ പേര് ഇവിടെ പ്രചരിപ്പിക്കുന്നതിൽ താല്പര്യമെടുത്തില്ല. കാരണം, മറ്റെല്ലാ ഓർത്തഡോക്സ് സഭകളും ദേശീയമായി പൂർണ സ്വാതന്ത്ര്യം അനുഭവിക്കുന്നവയാകയാൽ 'ഭാരതത്തിലെ സഭ' 'ഓർത്തഡോക്സ്' ആണെന്നു പറഞ്ഞാൽ, അന്ത്യോഖ്യാ അധീശത്വം ഇവിടെ ഫലപ്രദമായി നടപ്പാക്കാൻ സാധ്യമാകയില്ലെന്നു കൂർമബുദ്ധികളായ ആ മെത്രാന്മാർ മനസ്സിലാക്കി. 7. അന്ത്യോഖ്യൻ സുറിയാനിസഭയെ 'യാക്കോബായക്കാർ' എന്ന പേരിൽ പാശ്ചാത്യ ചരിത്രകാരന്മാർ വിശേഷിപ്പിക്കാനിടയായി. 1876-ലെ മുളന്തുരുത്തി സുന്നഹദോസ് സ്വീകരിച്ചതിനെ തുടർന്ന് അത് കേരളത്തിലെ സഭയുടെ പേരായി ഉപയോഗത്തിൽ വന്നു. അങ്ങനെ 'റോമാക്കാരും' 'യാക്കോബായക്കാരും' 'മാർത്തോമ്മാക്കാരും' 'സി. എം. എസു'കാരുമൊക്കെയായി ഭാരതസഭാംഗങ്ങൾ അറിയപ്പെടാൻ തുടങ്ങിയതിനാൽ ഓർത്തഡോക്സ് എന്ന പേരും ആശയവും വേണ്ടത്ര വെളിച്ചം കാണാതെ പോയി.

ലോകത്തിലെ മറ്റെല്ലാ ഓർത്തഡോക്സ് സഭകളെയും പോലെ ദേശീയതയും, വിദേശ മേൽക്കോയ്മയിൽ നിന്നുള്ള പൂർണ മോചനവും, അപ്പോസ്തോലിക വിശ്വാസാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു 'ഭാരത ഓർത്തഡോക്സ് ക്രൈസ്തവസഭ' വളർന്നു കാണുവാൻ ദേശസ്നേഹികളായ എല്ലാ ഭാരത ക്രൈസ്തവരും കൂട്ടായി പരിശ്രമിക്കേണ്ടിയിരി

ക്കുന്നു. അപ്രകാരമൊരു ദേശീയസഭ രൂപംകൊണ്ടു വരുമ്പോൾ, എല്ലാ വിദേശാധിപത്യത്തെയും തുടച്ചുമാറ്റി ഭാരതത്തിന്റെ സംസ്കാരത്തിനും, ഭാഷകൾക്കും, ദേശീയതയ്ക്കും ആദ്ധ്യാത്മികതയ്ക്കും അനുയോജ്യമായ നിലയിൽ പുരാതനമായ ക്രൈസ്തവ വിശ്വാസം ഭാരതീയ ശൈലിയിൽ അവതരിപ്പിക്കുന്നതിനും ഭാരതമണ്ണിലെ മക്കളോട് യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം നിർവഹിക്കുവാനും സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ ഭാരതത്തിലെ വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഒന്നിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതു സാധിക്കണമെങ്കിൽ, യഥാർത്ഥ 'ഭാരതീയതയും' 'ക്രിസ്ത്യാനിത്വവും' അന്വേഷിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു. അപ്രകാരം സ്വതന്ത്രമായ അന്വേഷണത്തിനും, അവതരണത്തിനും അനുമതി നിഷേധിക്കപ്പെടുന്ന എല്ലാ വിദേശ ശക്തികളെയും ചെറുത്തു ഭാരതത്തിന്റെ ആത്മാവിൽ ലയിച്ചു വളർന്നുവരുന്ന ഒരു ക്രൈസ്തവ സമൂഹത്തിനായി കൂട്ടായി യത്നിക്കാം.

ഈ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട്, ഭാരത ഓർത്തഡോക്സ് സഭ, ഇതര സഭകളുമായി പലപ്പോഴായി ഐക്യ സംഭാഷണങ്ങളിലേർപ്പെട്ടിട്ടുണ്ട്.

## 2. ഐക്യ സംഭാഷണങ്ങൾ

പല കാലത്തായി, പല കാരണങ്ങളാൽ ഭിന്നിക്കാനിടയായ ഭാരത സഭകൾ തമ്മിൽ പലപ്പോഴായി ഐക്യ സംഭാഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും വിദേശാധിപത്യത്തിലുള്ള നവീകരണ പ്രസ്ഥാനത്തിന്റെ അടിവേരുകൾ ആഴത്തിലിറങ്ങിയ സഭകളുമായി പൂർണ ഐക്യം ഓർത്തഡോക്സ്, സുറിയാനി കത്തോലിക്കാ സഭാവിഭാഗങ്ങൾക്കു നേടിയെടുക്കാൻ പ്രയാസം കൂടിക്കൂടി വരികയാണ്. നവീകരണ സഭകളെല്ലാം തന്നെ ദേശത്ത് പൊട്ടിമുളച്ച നവീകരണപ്രസ്ഥാനത്തിലൂടെ വളർന്നു വികസിച്ചു വന്നവയാകയാൽ, നവീകരണ ആശയത്തോടുള്ള അവരുടെ അമിതമായ ആഭിമുഖ്യം ഓർത്തഡോക്സ് - സുറിയാനി - കത്തോലിക്കാ സഭകളുമായുള്ള ഐക്യ സംഭാഷണങ്ങൾക്കു പോലും ഒരു വിലങ്ങുതടിയായി നിൽക്കുന്നു. ഒരു ഏക ഭാരതസഭയുടെ ഐക്യവും, തനിമയും വീണ്ടെടുക്കുന്നതിൽ വിജയിക്കണമെങ്കിൽ, ആ സഭകളുടെ മേലുള്ള വിദേശാധിപത്യത്തിൽ നിന്നുള്ള പൂർണ മോചനത്തിനായി ഓർത്തഡോക്സ് - സുറിയാനി - കത്തോലിക്കാ വിഭാഗങ്ങളും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഓർത്തഡോക്സ് സഭ ഇക്കാര്യത്തിൽ കുറെ മുന്നേറിയിട്ടുണ്ട്.

### (a) ഓർത്തഡോക്സ് - കത്തോലിക്കാ സഭകൾ തമ്മിൽ

വേദശാസ്ത്രപരമായും വിശ്വാസപരമായും മിക്കവാറും പല കാര്യങ്ങളിലും യോജിപ്പ് കണ്ടെത്തുവാൻ ഓർത്തഡോക്സ് - കത്തോലിക്കാ സഭകളിലെ വേദശാസ്ത്ര പണ്ഡിതന്മാർക്ക് വിയന്നാ ഐക്യസംഭാഷണത്തിൽ

കഴിയുമെങ്കിലും, കേരളത്തിലും ഭാരതത്തിൽ പൊതുവെയും ഓർത്തഡോക്സ് – കത്തോലിക്കാബന്ധം അത്ര നല്ല നിലയിലാണെന്നു പറയാൻ നിവൃത്തിയില്ല. 1930 –ൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന കേരളത്തിലെ റോമൻ കത്തോലിക്കാ റീത്തു പ്രസ്ഥാനത്തിലൂടെ ഈ ബന്ധം കൂടുതൽ അകന്നു വരികയാണെങ്കിലും, 1983–ൽ റോമിൽ വച്ചും 1986–ൽ കോട്ടയത്തു വച്ചും മാർപാപ്പായും നമ്മുടെ പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായും തമ്മിൽ നടന്ന കൂടിക്കാഴ്ചകളുടെ ഫലമായി ഐക്യത്തിനുള്ള വഴികൾ തുറന്നുകിട്ടുമെന്നു പ്രത്യാശിക്കാം. ഭാരതത്തിലെ റോമൻ കത്തോലിക്കാസഭയിൽ തന്നെ വളർന്നുവരുന്ന ചേരിതിരിവ് ഒരുപക്ഷേ തല്ക്കാലത്തേക്ക് ഐക്യത്തിനു വിഘാതമായിത്തീർന്നേക്കാമെങ്കിലും ഭാവിയിൽ ഭാരതത്തിലെ ഓർത്തഡോക്സ് – കത്തോലിക്കാസഭകൾ ക്രിസ്തുവിൽ സഹകരിച്ചു പ്രവർത്തിക്കാനുള്ള സാദ്ധ്യത വളരെയുണ്ടെന്ന് തന്നെ പ്രതീക്ഷിക്കാം. 'റോമൻ' എന്നതിനു പകരം 'ഭാരത കത്തോലിക്കാ' സഭ എന്ന പേര് ഉണ്ടാക്കണമെന്നും, ഭാരതസഭയ്ക്ക് മുൻപ് ഉണ്ടായിരുന്ന സ്വയംഭരണാവകാശം പുനഃസ്ഥാപിച്ച് കിട്ടണമെന്നുമുള്ള ഉദ്ദേശ്യത്തോടെ പ്രവർത്തിച്ചുവരുന്ന കത്തോലിക്കാ നേതാക്കന്മാരുടെ എണ്ണം ശക്തമായി വർദ്ധിച്ചുവരുന്നുണ്ട് (Star of the East, June-Sept., 1987 കാണുക). അതിനാൽ ആ തത്ത്വത്തിന് ഊന്നൽ കൊടുക്കുന്ന ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്താൻ അത് സഹായിക്കുക തന്നെ ചെയ്യും.

### (b) ഭാരത ഓർത്തഡോക്സ് – അന്ത്യോഖ്യൻ സുറിയാനി വിഭാഗങ്ങൾ തമ്മിൽ

വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും യാതൊരു വ്യത്യാസവും ഇല്ലാതിരുന്നിട്ടും, ഭരണകാര്യത്തിൽ മാത്രം ഭിന്നത നിലനില്ക്കുന്നതിനാൽ ഈ സഭകൾ തമ്മിൽ വർഷങ്ങളോളമായി നടന്നുവന്നിരുന്ന ഭിന്നതകൾ 1958–ലെ സമാധാനഉടമ്പടിയോടെ അവസാനിച്ചു. എന്നാൽ വിദേശാധിപത്യത്തിനു വിധേയമായിട്ടായാലും സ്വന്തം സ്ഥാനവും മാനവും ഉറപ്പിക്കാൻ ആഗ്രഹിക്കുന്ന ചില വ്യക്തികളുടെ സ്വാർത്ഥത നിമിത്തം 1972–മുതൽ വീണ്ടും ഭിന്നതയുണ്ടാകുകയും 1984–ലെ കോടതിവിധിയെത്തുടർന്നു പരസ്പരം കലഹിക്കുന്നതു നിർത്തിവയ്ക്കുകയും ചെയ്തു. 1995–ൽ സുപ്രീം കോടതിയുടെ അവസാന വിധിത്തീർപ്പ് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി വന്നു എങ്കിലും കാലാകാലങ്ങളിൽ ഭരണത്തിലെത്തിയവർ വിധി നടപ്പിലാക്കുവാൻ സന്നദ്ധരല്ല. അതുകൊണ്ട് കലപില തുടരുകയാണ്, കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുന്നു.

ദേശീയ സ്വഭാവവും സ്വയംശീർഷകത്വവും സ്വയംഭരണാവകാശവും ലോകത്തിലെ എല്ലാ ഓർത്തഡോക്സ് സഭകളുടെയും പൊതു തത്ത്വമാണ്. ഈ തത്ത്വം ഭാരതത്തിലെ ഓർത്തഡോക്സ് സഭയുടെയും അവകാശമാണ്

എന്ന സത്യം അംഗീകരിച്ചുകൊണ്ട് 1912-ൽ ഭാരതത്തിൽ സ്ഥാപിതമായ 'കാതോലിക്കേറ്റിനെ മാനിച്ച്' ഭാരത ഓർത്തഡോക്സ് സഭാ വിശ്വാസിക ളുടെ തലവനായി ഭരണഘടനാനുസൃതമായി നിലിനില്ക്കുന്ന കാതോ ലിക്കായുടെ ഭരണാധികാരത്തിൽ കൈകടത്തി പ്രവർത്തിക്കുന്നതിൽ നിന്നും അന്ത്യോഖ്യാ പാത്രിയർക്കീസ് പൂർണമായി പിന്മാറിയാൽ ഈ വിഭാഗങ്ങൾ തമ്മിൽ പിന്നെ യാതൊരു ഭിന്നിപ്പിനും കാരണമില്ല. ഇക്കാ ര്യത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു സ്വാർത്ഥതല്പരരായ ചില ഭാരത ക്രിസ്ത്യാനികൾ കൂട്ടുനില്ക്കുന്നതു തുടരുന്നിടത്തോളം ഒരു യോജിപ്പ് ഉടനെ സാധിക്കുമെന്നു തോന്നുന്നുമില്ല. ഏതായാലും ദൈവം തക്കസമയത്തു വേണ്ടതുപോലെ പ്രവർത്തിക്കും എന്ന പ്രത്യാശ കൈവെ ടിയാതെ ഐക്യത്തിനായി കാത്തിരിക്കാം.

### (c) ഓർത്തഡോക്സ് - മാർത്തോമ്മാ സഭകൾ തമ്മിൽ

നൂറ്റമ്പതിൽപ്പരം വർഷങ്ങൾക്കു മുമ്പ് പാശ്ചാത്യ നവീകരണപ്രസ്ഥാ നത്തിന്റെ സ്വാധീനത്തിൽ പെട്ട് ഓർത്തഡോക്സ് സഭയിൽ നിന്നും പിരി ഞ്ഞുപോയവരാണല്ലോ 'നവീകരണസഭക്കാർ' അഥവാ 'മാർത്തോമ്മാ ക്കാർ.' ഓർത്തഡോക്സ് സഭയെ നവീകരിക്കാനുള്ള ശ്രമത്തിൽ കാതലായ പല ക്രൈസ്തവ വിശ്വാസത്തേയും ആചാരങ്ങളെയും അവർ ഉപേക്ഷി ക്കുവാൻ ഇടയായി. വി. കൂദാശകൾ, വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർ ത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത, ദൈവമാതാവിന്റെ സഭയിലുള്ള സ്ഥാനം എന്നിവയെ സംബന്ധിച്ച് ഓർത്തഡോക്സ് സഭ പഠിപ്പിച്ചും പാലി ച്ചുംവരുന്ന വിശ്വാസമെല്ലാം തെറ്റാണെന്നതിനാൽ അവയെയെല്ലാം ഉപേ ക്ഷിച്ചുകൊണ്ടുള്ള ആരാധനയും പഠിക്കലുകളും വേണമെന്ന് ഉദ്ദേശിച്ചു കൊണ്ടാണ് പാലക്കുന്നത് അബ്രഹാം മല്പാൻ നവീകരണത്തിനുവേണ്ടി നിലകൊണ്ടത്. എന്നാൽ, ആ നിലപാട് കുറെ കടന്നുപോയി എന്നും അതിനെ പുനരവലോകനം നടത്തി ഓർത്തഡോക്സുകാരുമായി കഴിയു ന്നിടത്തോളം ചേർന്നുപോകണമെന്നും ആഗ്രഹിച്ച ആ സഭയിലെ പിൻതല മുറക്കാരായ ചില വേദശാസ്ത്ര പണ്ഡിതന്മാർ ഓർത്തഡോക്സ് സഭയു മായി ഐക്യസംഭാഷണങ്ങളിൽ ഏർപ്പെടുകയും പരസ്പരം മനസ്സിലാ ക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. മേല്പറഞ്ഞ സംഭാഷണ വെളിച്ചത്തിൽ ഈ സഭകൾ തമ്മിൽ അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യത്യസ്ത നില പാട് തുടരുന്നു എന്നു പരസ്പരം ബോദ്ധ്യമായതിനാൽ പിന്നീട് സംഭാ ഷണം തുടരാനിടയായില്ല. ബാഹ്യമായ പൗരസ്ത്യ സുറിയാനി ചട്ടക്കൂട്ടിൽ ആന്തരികമായി പാശ്ചാത്യ നവീകരണാശയങ്ങൾ വച്ചു പുലർത്തുന്ന ഒരു സമൂഹമെന്ന നിലയിൽ മാർത്തോമ്മാക്കാരുമായുള്ള ആന്തരിക ഐക്യം ഉടനെ സാദ്ധ്യമാകുമെന്നു കരുതുന്നില്ല. പ്രോട്ടസ്റ്റന്റ് സഭകളുമായി മാർ ത്തോമ്മാക്കാർ ഐക്യത്തിന് ശ്രമിക്കുകയും, അവർ തമ്മിൽ യോജിക്കുന്ന

മേഖലകൾ കണ്ടെത്തുകയും ചെയ്തതിന്റെ ഫലമായി സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാസഭകൾ കൂടി ചേർന്ന് ഒരു ഐക്യ കൂട്ടായ്മയുള്ള സംഘടനയായി ഇന്നു നിലകൊള്ളുന്നതിനാൽ അവർ സ്വയം പ്രോട്ടസ്റ്റന്റ് വിഭാഗത്തോടു താദാത്മ്യപ്പെടുവാനിടയായി. തൽഫലമായി, വിദേശത്തുനിന്നുള്ള നവീകരണാശയം പുലർത്തുന്ന പ്രസംഗകരുടെ നേതൃത്വത്തിൽ അവരുടെ നവീകരണആശയം പുഷ്ടിപ്പെടുത്തുവാൻ അവർ യത്നിച്ചു വരുന്നതിനാൽ ഐക്യം അകലെയാണെന്ന് തോന്നുന്നു.

### (d) ഓർത്തഡോക്സ് – ആംഗ്ലിക്കൻ സഭകൾ തമ്മിൽ

ഭാരതത്തിൽ ആംഗ്ലിക്കൻ സഭയില്ലെങ്കിലും ആ സഭയുടെ പാരമ്പര്യം പുലർത്തുന്ന സഭകളുമായി ബന്ധപ്പെടുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ ആംഗ്ലിക്കൻ സഭയുടെ പരമാദ്ധ്യക്ഷനായ കാന്റർബറി ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിലുള്ള ആംഗ്ലിക്കൻ പ്രതിനിധിസംഘവും ഓറിയന്റൽ സഭകളുടെ പ്രതിനിധിസംഘവും 1983-ൽ വാൻകൂവറിൽ വച്ചു ഡബ്ല്യു. സി. സി. അസംബ്ലിയോടനുബന്ധിച്ചു സമ്മേളിച്ചു. അതിന്റെ തുടർച്ചയായി 1985 ഒക്ടോബറിൽ ഇംഗ്ലണ്ടിൽ (സെന്റ്. അൽബാൻസിൽ) വീണ്ടും സമ്മേളിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ അംഗസഭകളിലേക്ക് അറിയിക്കുകയുണ്ടായി. ബിരുദാനന്തരതലത്തിൽ വേദശാസ്ത്ര വിദ്യാർത്ഥികളെ കൈമാറുക, വേദശാസ്ത്രഗ്രന്ഥങ്ങൾ പരസ്പരം കൈമാറുക, പ്രാദേശിക ഐക്യസംഘടനകൾക്കു രൂപം നൽകുക, വേദശാസ്ത്ര കമ്മീഷനെ നിയമിക്കുക, ഇരു സഭകളുടെയും ചരിത്രഗ്രന്ഥങ്ങൾ പരസ്പരം പഠനവിധേയമാക്കുക, ശുപാർശകൾ നടപ്പാക്കുന്നതിന് ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുക എന്നിവയാണു പ്രധാന നിർദ്ദേശങ്ങൾ.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നമ്മുടെ സഭാതലത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കുന്നതിലേക്കു കാന്റർബറി ആർച്ച് ബിഷപ്പ് റൈറ്റ്. റവ. റോബർട്ട് റൺസിയുടെ ഒരു കത്ത് 1985-ൽ പ. കാതോലിക്കാബാവാ തിരുമേനിക്കു ലഭിക്കുകയുണ്ടായി. അതെ തുടർന്നു ആംഗ്ലിക്കൻ സഭയിലെ എക്യുമെനിക്കൽ ഓഫീസറായി പ്രവർത്തിക്കുന്ന റൈറ്റ് റവ. ഹെൻറി ഹിൽ 1986-ൽ കോട്ടയം സന്ദർശിക്കുകയുണ്ടായി. നമ്മുടെ സഭയുടെ എക്യുമെനിക്കൽ കമ്മറ്റിയുടെ സെക്രട്ടറി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1987-ൽ കൂടിയ പരിശുദ്ധ സുന്നഹദോസിൽ ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി; തൽസംബന്ധമായ ചർച്ചകൾ കാര്യമായി പുരോഗമിച്ചില്ല.

### (e) ഓർത്തഡോക്സ് – ലൂഥറൻ ഡയലോഗ്

ലൂഥറൻ സഭകൾ പൊതുവെ മറ്റ് എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളുമായി സംഭാഷണങ്ങൾ നടത്തിവരുന്നുണ്ട്. ഓർത്തഡോക്സ് സഭയെപ്പറ്റി

കൂടുതൽ അറിയുന്നതിനും പരസ്പരം അംഗീകരിക്കുന്ന മേഖലകൾ കണ്ടെത്തുന്നതിനുമുള്ള അവരുടെ ആഗ്രഹത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സഭയുമായും അനൗദ്യോഗിക ചർച്ചകൾ പലപ്പോഴായി നടത്തിയിട്ടുണ്ട്. 1978 മുതൽ ആരംഭിച്ച സംഭാഷണങ്ങളുടെ വിഷയങ്ങളും സംയുക്ത പ്രസ്താവനകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട് ('A Dialogue begins', edited by Rev. Dr. K. M. George & Herbert Hoeffer, 1983). താഴെപ്പറയുന്ന വിഷയങ്ങളാണു ചർച്ചയ്ക്കായി ഓരോരോ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ടത്: വിശ്വാസത്താലുള്ള നീതീകരണം, കന്യകമറിയാം, വേദപുസ്തകം, പാരമ്പര്യം; സഭയിലെ അധികാരം, സഭയുടെ സ്വഭാവം, മറ്റു മതങ്ങളുമായുള്ള സമീപനം, ആരാധന, സഭയും ദൈവരാജ്യവും, അപ്പോസ്തോലിക പിൻതുടർച്ച, നിഖ്യാ വിശ്വാസപ്രമാണം, കൗദാശികരഹസ്യങ്ങൾ, ദൈവീകരണം, ക്രിസ്തുവിലൂടെയുള്ള രക്ഷ, മാമോദീസാ, വി. കുർബാന, പട്ടത്വശുശ്രൂഷ. മേൽപ്പറഞ്ഞ സംഭാഷണങ്ങളിലൂടെ, നമ്മുടെ സഭയുടെ വിശ്വാസ സംബന്ധമായ വീക്ഷണങ്ങൾ ക്രമീകൃതമായി രൂപപ്പെടുത്തുന്നതിനും എഴുതപ്പെടുന്നതിനും അവസരം ലഭിച്ചു എന്നത് വലിയ ഒരു നേട്ടം തന്നെയാണ്.

### ചോദ്യങ്ങൾ

1. ഭാരതത്തിൽ പൊതുവെ 'ഓർത്തഡോക്സ്' നാമം അറിയപ്പെടാതെ പോയത് എന്തുകൊണ്ട്? ക്രിയാത്മക നിർദ്ദേശങ്ങൾ എന്തെല്ലാം?
2. വിവിധ സഭകളുമായുള്ള ഐക്യസംഭാഷണങ്ങളുടെ പ്രസക്തി വിവരിക്കുക.
3. ഭാരതത്തിലെ ഏതെങ്കിലും ഒരു സഭാവിഭാഗവുമായി ഐക്യപ്പെടുവാൻ നമുക്കുള്ള സാദ്ധ്യത വസ്തുനിഷ്ഠമായി വിലയിരുത്തുക.

## പാഠം 6

# ഭാരതസഭകൾ ഐക്യത്തിന്റെ പാതയിൽ

❑ ഐക്യത്തിനു തടസ്സമായ ഘടകങ്ങൾ ❑ ഐക്യസാദ്ധ്യതകളും മേഖലകളും ❑ ഐക്യപാതയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പങ്ക്

വിശ്വാസത്തിൽ ഏകമനസ്സോടെ യോജിച്ചശേഷം മാത്രം ആരാധനയിലുള്ള വി. സംസർഗത്തിലൂടെ ഐക്യം പൂർത്തിയാക്കുക എന്നതാണ് ഓർത്തഡോക്സ് സഭകൾ ഐക്യം കൊണ്ടുദ്ദേശിക്കുന്നത്. വിശ്വാസത്തിൽ ഭിന്നമനസ്സുള്ളവർ വി. കുർബാന സംസർഗത്തിനു മുതിരുന്നത് ഓർത്ത

ഡോക്സ് സഭകൾ പ്രോത്സാഹിപ്പിക്കുന്നില്ല. വി. കുർബാന ബന്ധം നില നിർത്തുന്ന സഭകൾ തമ്മിൽ ദേശീയമായ, ഭാഷാപരമായ, സാംസ്കാരിക മായ വ്യത്യാസങ്ങൾ നിലനിർത്തുന്നത് ഐക്യത്തിന് എതിരല്ലെന്നും ഓർത്തഡോക്സ് സഭകൾ കരുതുന്നു. ഭാരതീയ ക്രൈസ്തവ സമൂഹത്തിന് ആഗോള ക്രൈസ്തവ വിശ്വാസം (A catholic faith) പാലിക്കുന്നതിന് 'ഭാര തീയത' നഷ്ടപ്പെടുത്തേണ്ട ആവശ്യമില്ല. റോമിലോ, ഇംഗ്ലണ്ടിലോ, സിറിയായിലോ രൂപംകൊണ്ട ക്രൈസ്തവ പാരമ്പര്യം അപ്പാടെ ഉൾക്കൊ ള്ളുന്നതിലാണ് 'സത്യവിശ്വാസം' നിലനില്ക്കുന്നതെന്ന ചിന്തയും ഓർത്ത ഡോക്സ് സഭയ്ക്കില്ല. ഏതൊരു ദേശത്തും വി. കുർബാനാ ഐക്യത്തിൽ ഒന്നിച്ചു കൂടുന്ന സഭയുടെ ഏകമനസ്സാണു വിശ്വാസത്തെ ഉൾക്കൊള്ളു ന്നതും വ്യാഖ്യാനിക്കുന്നതും. ആയതിനാൽ ഭാരതത്തിൽ സഭൈക്യം സാധി ക്കണമെങ്കിൽ ഇപ്രകാരം 'ഏകമനസ്സോടെ' 'ഭിന്നമനസ്സുകൾക്ക്' ഒന്നി ച്ചുകൂടാൻ കഴിയണം. ആ 'ഏകമനസ്സിന്റെയും' 'ഭിന്നമനസ്സുകളുടെയും' ഉറ വിടം തേടി, അവയെ വിലയിരുത്തി സ്വീകരിക്കാനുള്ള ഒരു 'തുറന്ന മന സ്സാണ്' ഭാരത ക്രൈസ്തവസഭകൾക്കിന്നാവശ്യം. വിശ്വാസാചാരങ്ങൾ ഒന്നും കാര്യമായെടുക്കാതെ 'ഭിന്നമനസ്സു' വച്ചുകൊണ്ടു തന്നെ ആരാധി ക്കാനും വി. സംസർഗത്തിൽ (Holy Communion) പങ്കുകൊള്ളുവാനും നട ത്തുന്ന വ്യഗ്രത യഥാർത്ഥ ഐക്യത്തിനു തടസ്സമാണെന്നു തോന്നുന്നു.

ഇന്നു ഭാരതത്തിലെ ഓർത്തഡോക്സ് സഭയോട് എല്ലാ സഭകളും കണ്ണു മടച്ച് താദാത്മ്യപ്പെടണമെന്ന് ആവശ്യപ്പെടുന്നില്ല. എന്നാൽ, ഓരോ സഭാ വിഭാഗവും ഭിന്നിപ്പിന് മുമ്പുണ്ടായിരുന്ന ഏക ക്രൈസ്തവസഭയുടെ (മൂന്നാം നൂറ്റാണ്ടു വരെ) പൊതുചരിത്രവും പാരമ്പര്യവും അനുഷ്ഠാനങ്ങളും ആഴ ത്തിൽ മനസ്സിലാക്കുകയും, അവരവരുടെ സാഹചര്യത്തിൽ ഏറ്റവും നല്ല തായി അവയെ ആനുകാലികമായി അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതു മാത്രമേ ഐക്യത്തിലേക്കുള്ള പാതയായി നിർദ്ദേശി ക്കാനുള്ളു. ശരിയായ പാതയിലൂടെയുള്ള സഭയുടെ വളർച്ചയ്ക്കുള്ള ഒരു സ്വതന്ത്ര പരിശ്രമം എല്ലാ ഭാഗത്തു നിന്നുമുണ്ടാകണം. ആഗോള ക്രൈസ് തവ പാരമ്പര്യത്തിലെ അടിസ്ഥാനമൂല്യങ്ങളെ ദേശീയമായി ഉൾക്കൊ ള്ളാനും അവതരിപ്പിക്കാനും ഓരോ പ്രദേശത്തെ സഭയ്ക്കും അധികാരവും ചുമതലയും ഉണ്ട്. ആ ചുമതല ശരിയായി നിറവേറ്റുവാൻ വിദേശബന്ധങ്ങൾ വിലങ്ങുതടിയാകരുതെന്ന് മാത്രം. ഭാരത ക്രൈസ്തവ ചരിത്രത്തിൽ 16-ാം നൂറ്റാണ്ടിനു ശേഷമുണ്ടായ വിദേശബന്ധങ്ങളിലൂടെയാണു ഭിന്നസഭാവി ഭാഗങ്ങൾ ഉണ്ടായത്. ആയതിനാൽ സഭാചരിത്രത്തിലും പാരമ്പര്യത്തിലും ഊന്നൽ നൽകിക്കൊണ്ട് പരിശുദ്ധാത്മ നടത്തിപ്പിലൂടെയുള്ള ഐക്യത്തി ലേക്കു ഭാരതത്തിലെ എല്ലാ സഭകളും കൂട്ടായി നീങ്ങേണ്ടിയിരിക്കുന്നു.

**1. ഐക്യത്തിനു തടസ്സമായ ഘടകങ്ങൾ**

1. വിദേശ താല്പര്യം, വിദേശ സ്വാധീനം, വിദേശാധിപത്യം എന്നിവ ഭാരതസഭകൾ തമ്മിലുള്ള ഐക്യത്തിന് എന്നും തടസ്സമാണ്. വിദേശ ബന്ധം പാടില്ലെന്നല്ല, ഇവിടുത്തെ ഐക്യത്തെ തളർത്തുവാനനുവദിക്കുന്ന സ്ഥാപിത താല്പര്യം പാടില്ലെന്നതാണു പ്രധാനം.

2. റോമൻ, ആംഗ്ലിക്കൻ, സിറിയൻ, പ്രോട്ടസ്റ്റന്റ് എന്നീ വിവിധ സഭാ പാരമ്പര്യങ്ങൾ പുലർത്തുന്നവരുടെ ഇടയിൽത്തന്നെ പരസ്പരം ഭിന്നതകൾ നിലനില്ക്കുന്നത് ഐക്യത്തിനു തടസ്സമാണ്.

3. സ്ഥാപന നിർമ്മാണങ്ങളിലും, ഭരണസംവിധാനത്തിലും സഭകൾ കൂടുതൽ താല്പര്യം കൊടുക്കുന്നതിനാൽ, ആത്മീയ വളർച്ചയ്ക്കുള്ള ഊന്നൽ കുറഞ്ഞുപോകുകയും സഭാനേതൃത്വങ്ങൾക്കു കൂടി ആത്മീയ തളർച്ച ബാധിക്കാനിടയാകുകയും ചെയ്യുന്നു.

4. ഇപ്പോഴുള്ള വിവിധ സഭാനേതൃത്വങ്ങൾക്ക് ഐക്യസഭയിൽ വേണ്ടത്ര നേതൃത്വം ലഭിക്കാതെ പോയേക്കുമോ എന്ന ഭയവും സഭകളുടെ ഐക്യത്തെ തടസ്സപ്പെടുത്തുന്ന ഘടകമാണ്.

5. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ സഭാമണ്ഡലത്തിലെ പ്രവർത്തനങ്ങൾക്കു ചിലപ്പോൾ മങ്ങലുണ്ടാക്കുന്നുണ്ട്.

6. ദേശീയ – അന്താരാഷ്ട്രതലങ്ങളിൽ ക്രൈസ്തവസഭകൾ നടത്തിവരുന്ന രാഷ്ട്രീയ ഇടപെടലുകൾ സ്വാഗതം ചെയ്യപ്പെടാതെ പോകുന്നതിനു പുറമെ വിമർശന വിധേയമായി തീരുന്നതു സഭകളുടെ ഐക്യത്തെയും ബാധിക്കുന്നു.

7. സഭകൾ തമ്മിൽ വിശ്വാസകാര്യങ്ങൾ മാറ്റിവച്ച് കുടുംബ – സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഐക്യം കണ്ടെത്തി പ്രവർത്തിക്കാനുള്ള ഒരു ശ്രമം സഭകളിലെ സാധാരണക്കാരിൽ വളർന്നു വരുന്നതിനാൽ വിശ്വാസം അടിസ്ഥാനമാക്കിയുള്ള ഐക്യത്തിന് ഊന്നൽ കുറഞ്ഞു വരുന്നു.

## 2. ഐക്യസാധ്യതകളും മേഖലകളും

1. വിശ്വാസത്തിലും, ആചാരത്തിലും, അനുഷ്ഠാനങ്ങളിലും ഏകദേശം ഐകരൂപ്യം സൂക്ഷിക്കാനാഗ്രഹിക്കുന്ന സഭാവിഭാഗങ്ങൾ പൂർണ ഐക്യത്തിനായി ശ്രമം തുടരുക. ഓർത്തഡോക്സ് സഭകൾ തമ്മിലും, കത്തോലിക്കാസഭയിലെ വിഭാഗങ്ങൾ തമ്മിലും, നവീകരണസഭകളിലെ തന്നെ വിഭാഗങ്ങൾ തമ്മിലും നിലനില്ക്കുന്ന ഭിന്നതകൾ നീങ്ങി പൂർണ ഐക്യത്തിനുവണ്ടി അതതു വിഭാഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുക.

2. ഓരോ പ്രദേശത്തുമുള്ള, ഉദാഹരണത്തിനു കേരളത്തിൽ തന്നെയുള്ള മേല്പറഞ്ഞ മൂന്നു വിഭാഗങ്ങളിൽ നിന്നും ഒരു വേദശാസ്ത്രപണ്ഡിത സമിതിയെ (Joint Theological commission) പ്രാതിനിധ്യ സ്വഭാവത്തോടെ സഭകൾ നിയമിക്കുകയും അവർ bi-lateral, multi-lateral സംഭാഷണങ്ങൾ നടത്തി പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കുകയും യോജിക്കാവുന്ന മേഖല കൾ കണ്ടെത്തി സഭാതലത്തിൽ അതിനു പ്രചാരം നല്കുകയും ചെയ്യുക.

3. അവിഭജിത പൗരാണികസഭയുടെ (ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ) യഥാർത്ഥ സ്വഭാവവും വിശ്വാസവും പഠിക്കുന്നതിനുള്ള ഒരു കൂട്ടായശ്രമം ഈ ഐക്യസമിതി നടത്തേണ്ടതാണ്. പിന്നീടുള്ള സഭയുടെ വളർച്ച എങ്ങി നെ ആയിരിക്കണമെന്നും, ഭാരത ക്രൈസ്തവസഭയുടെ രൂപം എങ്ങനെ യായിരിക്കണമെന്നും മേല്പറഞ്ഞ സമിതി സഭകൾക്കു നിർദ്ദേശം നല്കാ വുന്നതാണ്.

4. ഭാരതത്തിൽ 16-ാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന ക്രൈസ്തവാന്ത രീക്ഷം പഠിച്ച് ആ നിലപാടിലുണ്ടായിരുന്ന അവസ്ഥ വിലയിരുത്തി, ഭാരതത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക അന്തരീക്ഷത്തിനും, അദ്ധ്യാത്മീക താത്വിക മത സമീപനങ്ങൾക്കും അനുയോജ്യമായ ഒരു ഭാരത ക്രൈസ്തവസഭ എങ്ങനെ രൂപംകൊടുക്കാം എന്നു ചിന്തിക്കണം.

5. മേല്പറഞ്ഞ നടപടികൾ ഫലപ്രദമായി നടപ്പാക്കണമെങ്കിൽ, ഭാരത ത്തിലെ ക്രൈസ്തവ സമൂഹങ്ങളെല്ലാം, എല്ലാവിധ വിദേശ മേല്ക്കോയ് മയിൽ നിന്നുള്ള പൂർണ്ണമോചനത്തിനായി പരിശ്രമിക്കണം. വിദേശീയ രുമായുള്ള സ്നേഹബന്ധം വിടർത്തണമെന്ന് ഇവിടെ വിവക്ഷിക്കുന്നില്ല. പക്ഷേ, ആ ബന്ധം യാതൊരുവിധത്തിലും വിധേയത്വത്തിലേക്കു വഴുതി വീഴാൻ ഇടയാകരുത് എന്നു മാത്രം.

6. ഓർത്തഡോക്സ് - കത്തോലിക്കാ - പ്രോട്ടസ്റ്റന്റ് എന്നീ വിഭാഗ ങ്ങൾ തമ്മിൽ വിശ്വാസപരമായ ഐക്യം പൂർണ്ണമായി സാധിച്ചെടുക്കാൻ ഉടനെ സാധിച്ചില്ലെങ്കിൽ തന്നെയും സമൂഹത്തിന്റെ ക്ഷേമപ്രവർത്തന ങ്ങളിലും, രാഷ്ട്രീയ നിലപാടുകളിൽ ക്രൈസ്തവമായി സഹകരി ക്കാനും ഫലപ്രദമായി പ്രതികരിക്കാനും വേദികൾ ഒരുക്കേണ്ടിയിരിക്കുന്നു.

7. ഇപ്രകാരം, ഒരു പൊതുക്രൈസ്തവ കാഴ്ചപ്പാട് വളർത്തിയെടുക്കു ന്നതിനു പ്രാദേശിക തലങ്ങളിൽ വിവിധ സഭാവിഭാഗങ്ങൾ ഒന്നിച്ച് കൂടു വാൻ എല്ലാവിധ പ്രോത്സാഹനങ്ങളും സഭകളിൽ നിന്നും നല്കേണ്ട താണ്. അപ്രകാരമുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി കൂടു മ്പോൾ സഭാ സംബന്ധമായോ, വിശ്വാസ സംബന്ധമായോ ഉള്ള ചർച്ച കളോ പഠനങ്ങളോ പ്രസംഗങ്ങളോ ആരാധനാക്രമങ്ങളോ നടത്തിയാൽ പരസ്പരം അകലാനിടയാകുമെന്നതിനാൽ, അവ ഇല്ലാതെ തന്നെ സ്നേ

ഹത്തിൽ ഊന്നിക്കൊണ്ട് പ്രവർത്തിക്കുന്നതിന് പരിശ്രമിക്കണം Y.M.C.A, Y.W.C.A. പോലുള്ള സംഘടനകളിലൂടെ ഇപ്രകാരമുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

8. പരസ്പരം സഹകരിക്കുന്ന മനോഭാവം വളർത്തിയെടുക്കുന്നതോടൊപ്പം, ഒരു പ്രദേശത്തുള്ള വിവിധ ക്രൈസ്തവസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘം മറ്റു സഭകളിലെ ആരാധനകളിൽ പങ്കെടുക്കുകയും, അവരുടെ അനുഭവം സ്വന്തസഭയിൽ പങ്കുവെയ്ക്കയും, അവരവർക്ക് ആവശ്യമായ ഭേദഗതികൾ സ്വയമായി വരുത്തുന്നതിനു പരിശ്രമിക്കുകയും ചെയ്യണം. പുറമേ നിന്നുള്ള സമ്മർദ്ദമില്ലാതെ, സ്വയമായി സ്വീകരിക്കുന്ന നവീകരണം മാത്രമേ നിലനില്ക്കുകയുള്ളൂ, അങ്ങനെ സാവകാശം, അതതു സഭകളിൽ ആവശ്യമായ ഐക്യരൂപ്യത ആരാധനയിലും അനുഷ്ഠാനങ്ങളിലും വരികയും, തല്ഫലമായി സഭകൾ തമ്മിൽ കൂടുതൽ അടുക്കുകയും ചെയ്യും.

9. ബുദ്ധിപരമായതും, എഴുതപ്പെട്ടതുമായ വിശ്വാസ നിർവചനത്തിലൂടെയുള്ള ഐക്യത്തേക്കാൾ, ആന്തരികമായ, ആത്മീയ ഐക്യത്തിനും പുതുക്കത്തിനും സഭകളെ നയിക്കുന്നതിനായി വിശ്വാസിയും ദൈവവും തമ്മിലുള്ള ബന്ധത്തിനു കൂടുതൽ ഊന്നൽ കൊടുത്തു കൊണ്ടു പരിശ്രമിക്കാം. 'പരിശുദ്ധ പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കേണ്ടതിന്' (യോഹ. 17:13) എന്ന യേശുക്രിസ്തുവിന്റെ മഹാപുരോഹിതപ്രാർത്ഥന സഭകൾ തമ്മിലുള്ള പരസ്പര ഐക്യത്തിന് ഐക്യമെനിക്കൽ വക്താക്കൾ സാധാരണ പറയാറുണ്ട്. എന്നാൽ യേശുക്രിസ്തു അപ്രകാരം പ്രാർത്ഥിക്കുമ്പോൾ ക്രൈസ്തവസഭകളോ, ഭിന്നതകളോ ഉണ്ടായിരുന്നില്ലെന്നു നാം ഓർക്കണം. യേശുവും പിതാവും തമ്മിൽ ഉണ്ടായിരുന്നതുപോലെ യഥാർത്ഥ ഒരു ആത്മബന്ധം മനുഷ്യനും ദൈവവുമായി ഉണ്ടാകുന്നതിനായിട്ടുള്ള ആ മദ്ധ്യസ്ഥ പ്രാർത്ഥനയിലെ പ്രാധാന ഊന്നൽ നാം കണ്ടെത്തി ആയതിനുള്ള ശ്രമം നടത്തിയാൽ മറ്റു പ്രശ്നങ്ങളും പ്രതിസന്ധികളും തനിയെ മാറിക്കിട്ടും എന്നു ദൈവത്തിൽ പ്രത്യാശ വയ്ക്കാം.

## 3. ഐക്യപാതയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പങ്ക്

ആദിമ ക്രൈസ്തവസഭയുടെ വിശ്വാസവും പാരമ്പര്യവും അന്യൂനം കാത്തുസൂക്ഷിക്കുന്നു എന്ന് അവകാശപ്പെടുന്ന ഓർത്തഡോക്സ് സഭയുടെ നിലപാട് എന്തെന്നു മറ്റുള്ളവർക്കു വ്യക്തമാക്കിക്കൊടുക്കുക എന്നത് ഓർത്തഡോക്സ് സഭയുടെ ദൗത്യമായി എടുക്കാവുന്നതാണ്. ഇന്നു മലങ്കര ഓർത്തഡോക്സ് സഭ പാലിക്കുന്നവയെല്ലാം യഥാർത്ഥ ഓർത്തഡോക്സ് തത്ത്വങ്ങൾക്കു നിരക്കുന്നതാണോ എന്നു വിലയിരുത്തി, ആവ

ശ്യമായ ഭേദഗതികൾ വരുത്തുവാൻ സഭയ്ക്കു കഴിയണം. ഭാരതത്തിലെ ഓരോ ക്രൈസ്തവ വിഭാഗവുമായും തുറന്ന ചർച്ചകൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകണം. ലോകത്തിലെ വിവിധ സഭകളെപ്പറ്റിയൊക്കെ പഠിക്കുവാനും മനസ്സിലാക്കുവാനും പരിശ്രമങ്ങൾ നടത്തുന്നതോടൊപ്പം കേരളത്തിലെ നമുക്കു ചുറ്റും കൂടിക്കഴിയുന്ന സഭകളുമായുള്ള സഹ വർത്തിത്വമേഖലകൾ കണ്ടെത്തുന്നതിനുള്ള പരിശ്രമവും അത്യന്താപേക്ഷി തമാണ്. ഇപ്പോൾ അന്ധമായി കാത്തുസൂക്ഷിക്കുന്ന പലതും യഥാർത്ഥ ക്രൈസ്തവ മാനദണ്ഡത്തിൽ വിലയിരുത്തി ആവശ്യമായ പുനഃസംവിധാനം ചെയ്യാൻ ഓർത്തഡോക്സ് സഭ മുന്നോട്ട് വരുമെങ്കിൽ, ഭാരതത്തിൽ ഒരു ദേശീയ സഭാനേതൃത്വം നൽകാൻ ഇനിയും അവസരമുണ്ട്. മറ്റു സഭകളു മായി ഐക്യസംഭാഷണങ്ങൾ ഏർപ്പെടുത്തുമ്പോൾ, അതിലേക്കായി നിയോഗിക്കപ്പെടുന്നവരുടെ ശുപാർശകൾ സഭാതലത്തിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ അപ്പഴപ്പോൾ കൈക്കൊള്ളുവാൻ സഭയുടെ ഭര ണനേതൃത്വത്തിനു കഴിയണം.

സഭയിലെ കലഹങ്ങൾ നിമിത്തം ക്രൈസ്തവ സാക്ഷ്യം നഷ്ടപ്പെടുവാൻ ഇടയായ സാഹചര്യങ്ങൾ വിലയിരുത്തി സഭയുടെ മുഖം രക്ഷിക്കുവാൻ സഭാനേതൃത്വം ശക്തമാകേണ്ടതുണ്ട്. അതിനാവശ്യമായ ഭരണഘടനാ വ്യവ സ്ഥകൾ പുനരായി ക്രോഡീകരിക്കപ്പെടണം.

ഇപ്രകാരം മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ, സ്വയംശീർഷകത്വവും ദേശീയ സ്വാതന്ത്ര്യവുമുള്ള ഓർത്തഡോക്സ് സഭയ്ക്ക് കഴിയണം. അങ്ങിനെ വരുമ്പോൾ, ഇതുവരെ ലഭിച്ചുവന്ന 'വിദേശ ഓർത്തഡോക്സി' ദേശീയതയ്ക്കു വഴി മാറേണ്ടി വരും. അത് ഇപ്പോഴത്തെ മുഖച്ഛായ അല്പ മെങ്കിലും മാറ്റാതിരിക്കുകയില്ല. അപ്രകാരമൊരു മാറ്റത്തിനു നാം തയ്യാറാ കുമോ? തയ്യാറായെങ്കിലേ ഐക്യം സാധ്യമാകൂ. പരിശുദ്ധാത്മാവ് തന്നെ സഭയെ സകല സത്യത്തിലേക്കും വഴി നടത്തട്ടെ.

**ചോദ്യങ്ങൾ**

1. സഭകൾ തമ്മിലുള്ള ഐക്യം സാദ്ധ്യമാകുന്നതിനു തടസ്സമായ ഘട കങ്ങൾ ഏവ?
2. സഭകൾ തമ്മിലുള്ള ഐക്യത്തിലേക്കു നയിക്കുന്ന സാദ്ധ്യതകൾ വിവരിക്കുക.
3. ഏക ഭാരത ക്രൈസ്തവസഭയ്ക്കു രൂപംകൊടുക്കുന്നതിൽ ഓർത്ത ഡോക്സ് സഭയ്ക്കുള്ള പങ്ക് എന്ത്?

## യൂണിറ്റ് 3

# പൗരസ്ത്യ (ഓറിയന്റൽ) ഓർത്തഡോക്സ് സഭകൾ

## പാഠം 1

## കോപ്റ്റിക് സഭ

❑ ക്രിസ്തീയ വിശ്വാസത്തിന്റെ ആഗമനം ❑ അലക്സന്ത്രിയായിലെ ക്രിസ്തീയ വിദ്യാപീഠം ❑ സന്യാസപ്രസ്ഥാനം ❑ കല്ക്കദോൻ സുന്നഹദോസിനു ശേഷം ❑ മുസ്ലീം ഭരണത്തിൻകീഴിൽ ❑ ആധുനികാവസ്ഥ

'കോപ്റ്റ്' എന്ന പദത്തിന്റെ അർത്ഥം 'ഈജിപ്റ്റ്' എന്നു മാത്രമാണ്. എന്നാൽ ഇന്ന് 'കോപ്റ്റിക് സഭ' എന്നു വിളിക്കപ്പെടുന്നത് കല്ക്കദോനെ തള്ളിക്കളഞ്ഞ ഈജിപ്റ്റിലെ സഭ മാത്രമാണ്. അലക്സന്ത്രിയാ ആയിരുന്നു ഈജിപ്തിലെ സഭയുടെ ആസ്ഥാനം. അലക്സന്ത്രിയായിലെ പാത്രിയർക്കീസിന് ആദിമ നൂറ്റാണ്ടുകൾ മുതൽക്കേ ആകമാന സഭയിൽ ഗണ്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. അതിനാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നതു കോപ്റ്റിക് സഭയാണെന്നു പറയാം.

### (a) ക്രിസ്തീയ വിശ്വാസത്തിന്റെ ആഗമനം

അറിയിപ്പുകാരനായ വി. മർക്കോസിനെയാണ് ഈജിപ്റ്റിലെ സഭയുടെ സ്ഥാപകനായി കണക്കാക്കുന്നത്. വി. മർക്കോസ്, പത്രോസ് ശ്ലീഹായുടെ ശിഷ്യനായിരുന്നുവല്ലോ. പത്രോസിനോടൊപ്പം സുവിശേഷവേലയ്ക്കായി മർക്കോസും റോമിലേക്ക് യാത്രയായി. എന്നാൽ പീഡകൾ നിമിത്തം അധികനാൾ അവിടെ തങ്ങുവാൻ സാധിക്കാതെ വേഗം തന്നെ അലക്സന്ത്രിയായിലേക്കു കപ്പൽ കയറുവാൻ അവർ നിർബന്ധിതരായിത്തീർന്നു. A.D. 43-ൽ അവർ അലക്സന്ത്രിയായിൽ എത്തിച്ചേർന്നു എന്നു ചരിത്രകാരനായ യൗസേബിയോസ് രേഖപ്പെടുത്തുന്നു. പ. പത്രോസ് ശ്ലീഹാ ഈജിപ്റ്റിന്റെ തെക്കേ അറ്റത്തുപോയി കുറച്ചുനാൾ കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചശേഷം പലസ്തീനിലേക്കു മടങ്ങിപ്പോയി. എന്നാൽ അലക്സന്ത്രിയായിലെ യഹൂദന്മാരുടെ ഇടയിൽ മർക്കോസ് തന്റെ വേലയാരംഭിച്ച് ഒരു സഭയ്ക്ക് അടിസ്ഥാനമിട്ട്, അതിനെ പടുത്തുയർത്തി. അനന്യാസ് എന്നു പേരുള്ള ഒരു യഹൂദ ചെരുപ്പുകുത്തിയെ ആണു മർക്കോസ് ആദ്യമായി സ്നാനപ്പെടുത്തിയത്. കുറച്ചുനാളുകൾക്ക് ശേഷം മർക്കോസ് പലസ്തീനിലേക്ക് പോയപ്പോൾ അനന്യാസിനെ ഈജിപ്റ്റിലെ ആദ്യത്തെ എപ്പിസ്കോപ്പായായി നിയമിച്ചു. A.D. 61-ൽ താൻ വീണ്ടും അലക്സന്ത്രിയായിൽ എത്തിയപ്പോഴേക്കും സഭ വളരെയധികം വികസിച്ചിരുന്നു. ക്രിസ്തുമതത്തിന്റെ

ഈ വളർച്ചയിൽ അസൂയ പൂണ്ടവരായ അന്യമതസ്ഥർ അവരെ പീഡിപ്പിക്കുവാൻ ആരംഭിച്ചു. പീഡനങ്ങളുടെ ഫലമായി A.D. 68-ൽ മർക്കോസ് രക്തസാക്ഷിമരണം പ്രാപിച്ചു.

## (b) അലക്സന്ത്രിയായിലെ ക്രിസ്തീയ വിദ്യാപീഠം (School of Alexandria)

പല ജാതികളിൽപെട്ടവരും, വ്യത്യസ്തങ്ങളായ പല തത്ത്വചിന്തകൾ മുറുകെ പിടിച്ചിരുന്നവരും എല്ലാം കൂടി കലർന്ന ഒരു സമൂഹമായിരുന്നു അലക്സന്ത്രിയായിലേത്. ഓരോ തത്ത്വചിന്തയിലും വിശ്വസിച്ചിരുന്നവർ അന്യോന്യം ചർച്ചകൾ നടത്തി അവയുടെ സാധുത്വം തെളിയിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ബുദ്ധിപരമായി പറഞ്ഞു മനസ്സിലാക്കുവാൻ സാധിക്കാത്ത ഏതൊരു മതത്തിനും അവിടെ സ്ഥാനമുണ്ടായിരുന്നില്ല. അതുകൊണ്ട് ഈ വെല്ലുവിളിയെ നേരിടുവാൻ ക്രിസ്ത്യാനികൾക്കും ബുദ്ധിപരമായ അഭ്യസനം ആവശ്യമായി വന്നു. അലക്സന്ത്രിയായിലെ ക്രിസ്തീയ വിദ്യാപീഠം സ്ഥാപിതമായതിന്റെ പശ്ചാത്തലം ഇതാണ്. മാമോദീസായ്ക്ക് ഒരുങ്ങുന്നവരെ വിശ്വാസം പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ വേദശാസ്ത്രത്തിന്റെ ആഴമേറിയ രഹസ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും പഠിപ്പിക്കുന്നതിനും തുടക്കം മുതലേ ഇവർ പ്രാധാന്യം നല്കിയിരുന്നു. ഒരു കാലത്ത് അന്യമതസ്ഥരായിരുന്ന അത്തനാഗോറസ്, ഇൻഡ്യ സന്ദർശിച്ച പന്റീനസ് തുടങ്ങിയവരെല്ലാം ഇതിന്റെ ആദ്യകാല നേതാക്കളാണ്.

വി. വേദപുസ്തകത്തെ ഭാവനാത്മകമായി (allegorical) വ്യാഖ്യാനിക്കുന്നതിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചു. ഒറിഗനായിരുന്നു ഇതിന്റെ പ്രധാന വക്താവ്. നാലും, അഞ്ചും നൂറ്റാണ്ടുകളിൽ സഭയുടെ വിശ്വാസത്തിന് അന്തിമരൂപം നല്കിയ ആകമാന സുന്നഹദോസുകളിലെല്ലാം നേതൃത്വം നല്കി വിശ്വാസം ക്രോഡീകരിച്ചത് അലക്സന്ത്രിയൻ പിതാക്കന്മാരായിരുന്നു. ക്രിസ്തുവിന്റെ ഇരു സ്വഭാവങ്ങളുടേയും അവിഭാജ്യതയെ ഊന്നിപ്പറഞ്ഞിരുന്ന ഈ സ്കൂളിനു കല്ക്കദോൻ സുന്നഹദോസ് വരെ വിജയത്തിന്റെ കഥകൾ മാത്രമാണു പറയുവാനുണ്ടായിരുന്നത്. അറിയോസുകാരുമായി പോരാട്ടം നടത്തിയ അത്താനാസ്യോസും, നെസ്തോറിയൻ വേദവിപരീതത്തിനെതിരായി പടവാളുയർത്തിയ കൂറിലോസും എല്ലാം ഈ വിദ്യാപീഠത്തിൽ പരിശീലിക്കപ്പെട്ടവരായിരുന്നു. എന്നാൽ കല്ക്കദോനിൽ വച്ച് ഇവരുടെ പഠിപ്പിക്കൽ വേദവിപരീതമായി തള്ളുകയും, തുടർന്നുണ്ടായ പ്രശ്നങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും അധികം താമസിയാതെ ശക്തി ക്ഷയിച്ച് ഇല്ലാതായി തീരുകയും ചെയ്തു. ഇന്നു കോപ്റ്റിക് സഭയിലുള്ള വൈദികസെമിനാരി 19-ാം നൂറ്റാണ്ടിൽ സ്ഥാപിതമായതാണ്.

### (c) സന്യാസപ്രസ്ഥാനം

ക്രിസ്തീയ സന്യാസപ്രസ്ഥാനത്തിന്റെ മാതൃഭൂമിയാണ് ഈജിപ്റ്റ്. ഈജിപ്റ്റിലെ മരുഭൂമിയിൽ ഏകാന്തവാസമനുഷ്ഠിച്ച അന്തോണിയോസിനെ ഇതിന്റെ ആദ്യനേതാവായി കണക്കാക്കാം. തന്നെ അനുഗമിച്ച ശിഷ്യന്മാരെയും അദ്ദേഹം ഏകാന്തവാസം പരിശീലിപ്പിച്ചു. ആഴ്ചയിൽ ഒരിക്കൽ മാത്രമേ അവർ കൂടിവരുമായിരുന്നുള്ളൂ.

പക്കോമിയോസ് എന്ന പരിശുദ്ധനാണു സന്യാസസമൂഹത്തിനു ആരംഭം കുറിച്ചത്. ഒരു സന്യാസസമൂഹത്തിൽ അനുഷ്ഠിക്കേണ്ട വ്യക്തമായ നിയമങ്ങൾ അദ്ദേഹം എഴുതിയുണ്ടാക്കി. ഈ പൈതൃകം ഇന്നും കോപ്റ്റിക് സഭ വിട്ടുകളഞ്ഞിട്ടില്ല. സന്യാസപ്രസ്ഥാനത്തിന് ഇന്നും ഇവർ വളരെ പ്രാധാന്യം നല്കുന്നുണ്ട്.

### (d) കല്ക്കദോൻ സുന്നഹദോസിനു ശേഷം

കല്ക്കദോൻ സുന്നഹദോസിനെ ഏറ്റവും ശക്തിയോടെ എതിർത്തത് ഈജിപ്റ്റിലെ ക്രിസ്ത്യാനികളാണ്. തങ്ങളുടെ പ്രിയങ്കരനായ പാത്രിയർക്കീസ് ദീയസ്ക്കോറോസിനെ സുന്നഹദോസ് മുടക്കിയതാണ് ഈ എതിർപ്പിന് കാരണം. പങ്കെടുക്കാനെത്തിയ 13 മേല്പട്ടക്കാരിൽ വെറും 4 പേർ മാത്രമാണു സുന്നഹദോസിന്റെ നിശ്ചയങ്ങൾ അംഗീകരിച്ച് ഒപ്പിട്ടു കൊടുത്തത്. ഇവർ നാലു പേരും കൂടി ദീയസ്ക്കോറോസിനു പകരം പ്രോട്ടേറിയോസിനെ പാത്രിയർക്കീസായി വാഴിച്ചു. എന്നാൽ ജനങ്ങളിൽ ബഹു ഭൂരിഭാഗവും പുതിയ പാത്രിയർക്കീസിനെ അംഗീകരിക്കുവാൻ തയ്യാറായില്ല. ദീയസ്ക്കോറോസ് മരിക്കുന്നതുവരെ അവർ അദ്ദേഹത്തെ തന്നെ പാത്രിയർക്കീസായി കണ്ടുപോന്നു. അദ്ദേഹത്തിന്റെ കാലശേഷം പ്രോട്ടേറിയോസിനെതിരായി വേറൊരു പാത്രിയർക്കീസിനെ വാഴിക്കുവാൻ മാർസിയൻ ചക്രവർത്തി അനുവദിച്ചില്ല. എന്നാൽ ചക്രർത്തിയുടെ മരണശേഷം തിമോത്തിയോസ് ഏലൂറസ് എന്നയാളെ അവർ വാഴിച്ചു. ഭരണാധികാരികൾ അദ്ദേഹത്തെ പിടികൂടുവാൻ ശ്രമിച്ചപ്പോഴെല്ലാം രക്തച്ചൊരിച്ചിലിനിട നല്കി. അദ്ദേഹം പിടിക്കപ്പെട്ടപ്പോഴെല്ലാം ജനങ്ങളുടെ സമ്മർദ്ദം നിമിത്തം പിന്നീടു വിട്ടയക്കേണ്ടതായി വന്നിട്ടുണ്ട്. എ. ഡി. 477 ൽ ഇദ്ദേഹം നിര്യാതനായപ്പോൾ 'പീറ്റർ മോഗസ്' പുതിയ പാത്രിയർക്കീസായി. അതിനു ശേഷം, കല്ക്കദോൻ സുന്നഹദോസിനെ അംഗീകരിക്കുന്നവർ അലക്സന്ത്രിയായിൽ വളരെ ചുരുക്കമാണെന്നു മനസ്സിലാക്കിയ ഭരണാധികാരികൾ അധികം കൈകടത്തലിനു ശ്രമിച്ചിട്ടില്ല. എങ്കിലും പലപ്പോഴും കലഹങ്ങളും പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്.

ആറാം നൂറ്റാണ്ടിൽ, കല്ക്കദോന്യ വിരോധികളുടെ (Non-chalacedonians) പക്ഷത്തുണ്ടായ ഒരാന്തരിക കലഹവും ഈജിപ്റ്റിലെ സഭയെ പിടി

ച്ചുലച്ചു. ഹലികർനാസിസിലെ ജൂലിയൻ എന്നയാളായിരുന്നു ഈ പുതിയ പ്രശ്നത്തിന്റെ ഉപജ്ഞാതാവ്. നമ്മുടെ കർത്താവിന്റെ ശരീരം ദ്രവത്വമില്ലാത്തതായിരുന്നു എന്നദ്ദേഹം പഠിപ്പിക്കുവാൻ തുടങ്ങി. എന്നാൽ അക്കാലത്തെ നേതാക്കന്മാരായിരുന്ന അന്ത്യോഖ്യായിലെ സേവേറിയോസും മറ്റും ഈ നൂതന ചിന്താഗതിയെ എതിർത്തു. അലക്സന്ത്രിയായിലാണു ജൂലിയന് ഏറ്റവുമധികം പിന്തുണ ലഭിച്ചത്. അവർ അവരുടേതായ ഒരു പാത്രിയർക്കീസിനെ തിരഞ്ഞെടുത്തു കലാപങ്ങൾ സൃഷ്ടിച്ചു. ഇവരുടെ ശക്തി അധികനാൾ നീണ്ടുനിന്നില്ല എങ്കിലും, സഭയുടെ പുരോഗമനത്തിനു കുറേ നാളത്തേക്ക് ഇവർ മൂലം ഹാനി സംഭവിച്ചു.

### (e) മുസ്ലീം ഭരണത്തിൻ കീഴിൽ

എ. ഡി. 642 ൽ തന്നെ അറബികൾ ഈജിപ്റ്റ് കൈവശമാക്കിയിരുന്നു. പുതിയ അധിപന്മാർ അന്യമതസ്ഥരെങ്കിലും, കല്ക്കദോൻ സുന്നഹദോസിന്റെ പേരിൽ തങ്ങളെ പീഡിപ്പിച്ചിരുന്ന റോമാചക്രവർത്തിമാരേക്കാൾ ഭേദമായിരിക്കും എന്ന പ്രതീക്ഷയിൽ കോപ്റ്റിക് സഭ അറബികളെ സന്തോഷപൂർവ്വം സ്വീകരിച്ചു. ആദ്യകാലങ്ങളിൽ ഇവരുമായുള്ള ബന്ധം തികച്ചും സൗഹാർദ്ദപരമായിരുന്നു. ക്രിസ്ത്യാനികൾക്ക് ആരാധന നടത്തുന്നതിനും, തങ്ങളുടെ സഭയെ പണിതുറപ്പിക്കുന്നതിനുമുള്ള പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ എട്ടാം നൂറ്റാണ്ടായപ്പോഴേക്കും അവസ്ഥയ്ക്ക് അല്പമായ വ്യത്യാസങ്ങൾ വന്നു. ഈജിപ്റ്റിൽ ഭരണത്തിൽ വന്ന പല അറബി ഗവർണർമാരും കർശനമായ നടപടികൾ സ്വീകരിക്കുവാൻ തുടങ്ങി. അധികം താമസിയാതെ കോപ്റ്റിക് ഭാഷ നിരോധിക്കപ്പെട്ടു. ഇന്ന്, ഇത് ആരാധനകളിൽ മാത്രം ഉപയോഗിക്കുന്ന ഒരു മൃതഭാഷയായി തീർന്നിരിക്കുന്നു. കാലിഫ് Montawakkel നെ പോലുള്ള പലരും അവലംബിച്ച നടപടികൾക്കെതിരായി ക്രിസ്ത്യാനികൾ ശബ്ദമുയർത്തിയതു പലപ്പോഴും കലാപങ്ങൾക്കും തെരുവുയുദ്ധങ്ങൾക്കും അവസരമുണ്ടാക്കി.

അറബികൾക്കു ശേഷം വന്ന തുർക്കികൾ കൂടുതൽ ക്രൂരമായ രീതികൾ അവലംബിച്ചു. വിലപിടിപ്പുള്ള സാധനങ്ങളും, കലാവസ്തുക്കളും എല്ലാം അവർ കൊള്ളയടിച്ചു തുർക്കിയിലേക്ക് കൊണ്ടുപോയി. 19–ാം നൂറ്റാണ്ടിൽ മുഹമ്മദ് ആലി ഈജിപ്റ്റിൽ ഭരണത്തിനെത്തുന്നതുവരെയും അവർക്കു പ്രയാസങ്ങൾ സഹിക്കേണ്ടതായി വന്നു. വളരെ ക്രിസ്ത്യാനികൾ കൊല്ലപ്പെടുകയും, ശേഷിച്ചവരിൽ ഒരു നല്ല പങ്കും ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തു. എന്നാൽ മുഹമ്മദാലി ക്രിസ്ത്യാനികളെ പലരെയും ഭരണകാര്യത്തിലും മറ്റും ഇടപെടുത്തി തുടങ്ങിയതോടെ ഇവരുടെ ഭാഗ്യനക്ഷത്രമുദിച്ചു എന്നു പറയാം. എങ്കിലും ഇന്നും, രാജ്യത്തിന്റെ അധിപന്മാരായ മുസ്ലീമുകളിൽ നിന്നും പല പ്രയാസങ്ങളും സഹിച്ചുകൊണ്ടാണിരി

ക്കുന്നത്.

## (f) ആധുനികാവസ്ഥ

19-ാം നൂറ്റാണ്ടായപ്പോഴേക്കും സഭയുടെ ഭരണക്രമങ്ങൾ എല്ലാം അധഃ പതിച്ചിരുന്നു. സഭയുടെ നിക്ഷേപങ്ങൾ മുഴുവനും മെത്രാപ്പോലീത്താമാർ അനാവശ്യമായി ചെലവാക്കുന്നു എന്ന ആരോപണമുണ്ടായി. അത്മായ ക്കാർ സഭാഭരണത്തിൽ പങ്കാളിത്തം ആവശ്യപ്പെടുവാൻ തുടങ്ങി. ഇതിന്റെ ഫലമായിട്ട് 1883-ൽ 'മജ്ലീസ് - മില്ലി' എന്ന പേരിൽ അത്മായക്കാരും ഉൾ പ്പെടുന്ന ഒരു സമിതി സഭയുടെ ധനവും മറ്റും കൈകാര്യം ചെയ്യുന്നതിനു ചുമതലപ്പെടുത്തപ്പെട്ടു. എന്നാൽ മെത്രാപ്പോലീത്താമാരെല്ലാം ഇതിനെ എതിർത്തു. സമാധാനം നിലനിർത്തുന്നതിനു വേണ്ടി, ഈ സമിതിക്ക് ആദ്യം നല്കിയിരുന്ന പല അധികാരങ്ങളും പിന്നീട് എടുത്തു കളയേണ്ടതായി വന്നു. ഇന്ന് ഇത് പാത്രിയർക്കീസിന്റെ വെറുമൊരു ഉപദേശക സമിതിയായി മാറിയിരിക്കുന്നു. പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്നതും ഇവർ തന്നെ. പത്തൊമ്പതും, ഇരുപതും നൂറ്റാണ്ടുകളിൽ പാത്രിയർക്കീസന്മാരായിരുന്ന കൂറിലോസ് IV, കൂറിലോസ് VI എന്നിവർ സഭയെ പുനഃസംഘടിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ഒട്ടുവളരെ വിജയമായിരുന്നു. വിദ്യാഭ്യാസത്തിന്, പ്രത്യേ കിച്ചു വൈദിക വിദ്യാഭ്യാസത്തിനു പ്രാധാന്യം ലഭിച്ചു. ഇത് സഭയുടെ അഭി വൃദ്ധിക്കു കാരണമായിത്തീരുകയും ചെയ്തു. ഇന്ന് അലക്സന്ത്രിയായിലും, കൈറോയിലുമായി രണ്ടു വൈദിക സെമിനാരികളുണ്ട്.

ഏതാണ്ട് 15 ദശലക്ഷത്തോളം വിശ്വാസികളോളമുള്ള ഈ സഭയിൽ 53 ഭദ്രാസനങ്ങളും 100 ഓളം മേല്പട്ടക്കാരും, രണ്ടായിരത്തോളം പട്ടക്കാരും, 1300 പള്ളികളും ഉണ്ട്. പുരാതന കോപ്റ്റിക് ഭാഷയും, അറബിയുമാണ് ഇവർ ആരാധനാ ഭാഷയായി സ്വീകരിച്ചിട്ടുള്ളത്.

മതഭ്രാന്തന്മാരായ മുസ്ലീങ്ങളും ക്രിസ്ത്യാനികളുമായി ഇന്നും പല പ്പോഴും ഭിന്നതകൾ ഉണ്ടാകാറുണ്ട്. ഇപ്പോഴത്തെ പാത്രിയർക്കീസ് ഷിനൂഡാ മൂന്നാമനെ 1981 ൽ ഈജിപ്റ്റിലെ പ്രസിഡന്റായിരുന്ന സാദത്തു സ്ഥാനഭ്ര ഷ്ടനാക്കി വീട്ടുതടങ്കലിൽ ആക്കിയിരുന്നു. ഇത്രയധികം പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടും സഭയുടെ ആത്മീകത നഷ്ടപ്പെട്ടിട്ടില്ല എന്നത് ആശ യ്ക്കു വകനല്കുന്നു. സന്യാസപ്രസ്ഥാനങ്ങൾ പുതുജീവൻ ആർജിച്ചുകൊ ണ്ടിരിക്കുന്നു. പുരുഷന്മാർക്കായി ഏഴും സ്ത്രീകൾക്കായി അഞ്ചും ആശ്രമ ങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

### ആചാരാനുഷ്ഠാനങ്ങൾ

നോമ്പുകൾക്ക് വളരെ പ്രാധാന്യം നല്കുന്ന കോപ്റ്റിക് ക്രിസ്ത്യാനി

കൾ വർഷത്തിൽ ഏതാണ്ട് 250 ദിവസങ്ങൾ നോമ്പ് ആചരിക്കാറുണ്ട്. യൽദോ നോമ്പ് 43 ദിവസവും വലിയ നോമ്പ് നമ്മുടേതിനേക്കാൾ ഒരാഴ്ച കൂടുതലും ഇവർ ആചരിക്കുന്നു. ഈ ഒരാഴ്ച ഹെറാക്ലിയസിന്റെ നോമ്പ് എന്നറിയപ്പെടുന്നു. യറുശലേമിലെ ക്രിസ്ത്യാനികളെ യഹൂദന്മാരിൽ നിന്നു സംരക്ഷിക്കുവാൻ ഹെറാക്ലിയസ് ചക്രവർത്തിയെ ദൈവം പ്രേരിപ്പിക്കുന്ന തിനു വേണ്ടി 7-ാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ് ഈ നോമ്പ്. കന്യകമറിയാമിന്റെ 30 ഓളം പെരുന്നാളുകൾ ഇവർ ആചരിക്കുന്നുണ്ട്. എന്നാൽ മറുരൂപ പ്പെരുന്നാളും സ്ലീബാപ്പെരുന്നാളും താരതമ്യേന വളരെ പ്രാധാന്യം കുറ ഞ്ഞവയാണ്. വി. കുർബാനയ്ക്ക് കൂറിലോസിന്റെ ക്രമം നാസിയൻസിലെ ഗ്രീഗോറിയോസിന്റെ ക്രമം, ബസേലിയോസിന്റെ ക്രമം എന്നിങ്ങനെ മൂന്ന് ക്രമങ്ങളാണ് ഉള്ളത്. കുർബാന അനുഭവത്തിനു മുൻപ് കുമ്പസാരവും രണ്ടു മൂന്നു ദിവസത്തെ ഉപവാസവും നിർബന്ധമായതിനാൽ വിശ്വാസികൾ സാധാരണ നോമ്പുകാലത്തു മാത്രമേ കുർബാന അനുഭവിക്കാറുള്ളു. മിക്ക കിഴക്കൻ സഭകളെയും പോലെ ഇന്നും ജൂലിയൻ കലണ്ടർ അനുസരിച്ചാണ് കോപ്റ്റിക് ക്രിസ്ത്യാനികൾ പെരുന്നാളുകൾ ആഘോഷിക്കുന്നത്.

**ചോദ്യങ്ങൾ**

1. കോപ്റ്റിക് സഭയും, മുസ്ലീം ഭരണകൂടവും തമ്മിലുള്ള ബന്ധം ഏതു വിധത്തിലായിരുന്നു?
2. കല്ക്കദോൻ സുന്നഹദോസിന് ശേഷം ഈ സഭയിലുണ്ടായ പ്രതിസന്ധി വിവരിക്കുക.
3. അലക്സന്ത്രിയൻ വിദ്യാപീഠത്തെക്കുറിച്ച് ഉപന്യസിക്കുക?

### പാഠം 2

## അന്ത്യോഖ്യൻ സുറിയാനി സഭ

❑ ഉദ്ഭവം ❑ കല്ക്കദോനു ശേഷം ❑ യാക്കോബ് ബുർദാന ❑ സഭ പേർഷ്യയിലേക്ക് വികസിക്കുന്നു ❑ മുസ്ലീം ഭരണത്തിൻ കീഴിൽ ❑ പാശ്ചാത്യരുമായുള്ള ബന്ധം ❑ ആധുനിക അവസ്ഥ.

കോപ്റ്റിക് സഭയെപ്പോലെ തന്നെ കല്ക്കദോൻ സുന്നഹദോസിൽ, അന്ത്യോഖ്യാ തലസ്ഥാനമായുള്ള സുറിയാനിസഭയുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. എന്നാൽ ഈജിപ്റ്റുകാർ ഒറ്റക്കെട്ടായി നിന്നു ശക്തമായി സുന്നഹദോസിനെ എതിർത്തതുപോലെ അന്ത്യോഖ്യായിൽ എതിർപ്പു

ണ്ടായില്ല. അന്ത്യോഖ്യായിൽ ഒരു നെസ്തോറിയ സമൂഹവും ഉണ്ടായിരുന്നു. ഇവർ കൂടെ കല്ക്കദോൻ പക്ഷത്തു ചേർന്നതാണ് എതിർപ്പു ശക്തമാകാതിരുന്നതിന്റെ ഒരു കാരണം. ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്തു റോമാ സാമ്രാജ്യത്തിൽ എല്ലായിടത്തും കല്ക്കദോൻ വിശ്വാസം അടിച്ചേൽപ്പിച്ചപ്പോൾ, അന്ത്യോഖ്യായിലെ ഭൂരിഭാഗം ക്രിസ്ത്യാനികളും അതിനെ സ്വീകരിച്ചു. പില്ക്കാലത്ത്, സുന്നഹദോസിനെ എതിർത്തവരുടെ ശക്തി ക്ഷയിച്ച് ഇന്ന് അവർ ഒരു ചെറിയ സമൂഹമായി മാറിക്കഴിഞ്ഞിരിക്കുന്നു.

### (a) ഉദ്ഭവം

അപ്പോസ്തലന്മാരുടെ കാലം മുതല്ക്കേ അന്ത്യോഖ്യായിൽ ഒരു ക്രിസ്തീയ സഭയുണ്ടായിരുന്നു എന്നതു നിസ്തർക്കമാണ്. ഇവിടെ വച്ചാണല്ലോ ക്രിസ്തുവിന്റെ അനുയായികൾക്കു 'ക്രിസ്ത്യാനികൾ' എന്ന പേരു ലഭിക്കുന്നത്. ഈ സഭയുടെ സ്ഥാപകൻ പ. പത്രോസ് ശ്ലീഹായാണെന്നു ചരിത്രകാരനായ യൗസേബിയോസ് സാക്ഷിക്കുന്നു. പാരമ്പര്യമനുസരിച്ച്, ഏഴു കൊല്ലം അന്ത്യോഖ്യൻ സഭയെ ഭരിച്ചതിനു ശേഷമാണു പത്രോസ് റോമിലേക്കു യാത്രയായത്.

അലക്സന്ത്രിയായിലെന്നപോലെ ഇവിടെയും ഒരു പുരാതന ക്രിസ്തീയ വിദ്യാപീഠമുണ്ടായിരുന്നു. എന്നാൽ അടിസ്ഥാനപരമായ കാര്യങ്ങളിലും ഇരു കൂട്ടരും ഭിന്നാഭിപ്രായമുള്ളവരായിരുന്നു. അലക്സന്ത്രിയാക്കാർ വേദപുസ്തകത്തെ ഭാവനാത്മകമായിട്ടാണ് (allegorical) വ്യാഖ്യാനിക്കാനിഷ്ടപ്പെട്ടിരുന്നതെങ്കിൽ അന്ത്യോഖ്യൻ പണ്ഡിതന്മാർ വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുവാനാണു താല്പര്യം കാണിച്ചിരുന്നത്. അതുപോലെ തന്നെ, ക്രിസ്തുവിന്റെ മനുഷ്യത്വം പൂർണമായിരുന്നു എന്നതിന് ഊന്നൽ കൊടുക്കുവാനായി, ക്രിസ്തുവിൽ ഇരു സ്വഭാവങ്ങളും വെവ്വേറെ കാണാമെന്ന് അന്ത്യോഖ്യൻ ചിന്തകന്മാർ പഠിപ്പിച്ചുപോന്നു. സ്വർണനാവുകാരനായ ഈവാനിയോസിനെ പോലുള്ള പിതാക്കന്മാരെ ഇവർ സഭയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്.

### (b) കല്ക്കദോനു ശേഷം

സുന്നഹദോസിന്റെ സമയത്തു പാത്രിയർക്കീസ് ആയിരുന്ന മാക്സിമസും, അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന ബസേലിയോസും, അക്കേഷ്യസും, മാർട്ടീറിയോസും, സുന്നഹദോസിനെ അംഗീകരിച്ചു. ചക്രവർത്തിയും, പാത്രിയർക്കീസന്മാരും ശക്തമായ നപടികൾ എടുത്തതിനാൽ കുറേ നാളത്തേക്കു സുന്നഹദോസിന്റെ എതിരാളികൾക്ക് ഒന്നും ചെയ്യുവാൻ സാധിച്ചില്ല. എന്നാൽ 468-ൽ അന്നത്തെ പാത്രിയർക്കീസായിരുന്ന മാർട്ടീറിയോസ് കുസ്തന്തീനോപ്പോലീസിലേക്കു പോയ തക്കം നോക്കി, എതിരാളികൾ പത്രോസ് കാസോറൊ (Peter the fuller) എന്നയാളെ പാത്രി

യർക്കീസായി വാഴിച്ചു. എന്നാൽ മാർട്ടീറിയോസ് തിരികെ വന്നതോടെ പത്രോസ് നാടുകടത്തപ്പെട്ടു. വീണ്ടും 475-ൽ ബസിലിസ്ക്കസ് ചക്രവർത്തി അധികാരത്തിൽ വന്നപ്പോൾ പത്രോസിനെ തിരികെ വരുവാനനുവദിച്ചു. പിന്നീടും ചക്രവർത്തിമാർ മാറുന്നതനുസരിച്ചു പത്രോസ് പല പ്രാവശ്യം നാടുകടത്തപ്പെടുകയും, തിരികെ വരുകയും ചെയ്തിട്ടുണ്ട്. കൗമാ പ്രാർത്ഥനയിൽ 'ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ....' എന്ന ഭാഗം കൂട്ടിച്ചേർത്തത് ഈ പത്രോസ് കാസോറോയാണ്.

അനസ്താസിയോസ് ചക്രവർത്തിയുടെ വാഴ്ചക്കാലത്ത് അന്ത്യോഖ്യായിലെ സേവറിയോസിന്റെയും, മാബൂഗിലെ പീലക്സീനോസിന്റെയും നേതൃത്വത്തിൽ സിറിയയിലെ കല്ക്കദോൻ വിരോധികളുടെ ശക്തി വർദ്ധിച്ചു. സുന്നഹദോസിനെതിരായി മരണം വരെയും പോരാടുകയും, കല്ക്കദോൻ വിശ്വാസത്തിന്റെ ക്രമക്കേടുകൾ എടുത്തുകാട്ടി പല ഗ്രന്ഥങ്ങളും രചിക്കുകയും ചെയ്ത ഈ രണ്ടു പിതാക്കന്മാരെ സുറിയാനിസഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. എന്നാൽ 518-ൽ ചക്രവർത്തി ഇഹലോകവാസം വെടിഞ്ഞതോടെ കാറ്റു തിരിച്ചുവീശി. പിന്നീട് വന്നവരെല്ലാം കല്ക്കദോൻ വിശ്വാസത്തെ ഉറപ്പിക്കുവാനാണു ശ്രമിച്ചത്, തന്നെയുമല്ല എതിർപ്പ് പ്രകടിപ്പിച്ചവരെ പീഡിപ്പിക്കുവാനും അവർ വൈമനസ്യം കാണിച്ചില്ല. അതോടെ സുറിയാനിസഭ അധോഗതിയുടെ ആഴത്തിലേക്കു പോകുവാനാരംഭിച്ചു.

## (c) യാക്കോബ് ബുർദാന

പീഡകൾ നിമിത്തം കല്ക്കദോനെ എതിർത്തിരുന്നവരുടെ കൂട്ടത്തിൽ പട്ടക്കാരും, മേല്പട്ടക്കാരും നന്നേ ചുരുങ്ങി. മരിച്ചുപോകുന്നവർക്കു പകരം വേറെ ആളുകൾക്കു പട്ടം കൊടുക്കുവാൻ നിവർത്തിയില്ലാതെ വന്നു. അപ്പോഴാണ് യാക്കൂബ് ബുർദാന പ്രവർത്തനരംഗത്തു വരുന്നത്. കരുത്തനായ ഒരു സന്യാസിയായിരുന്നു യാക്കൂബ്. ഉപവാസത്തിൽ പരിചയിച്ചിരുന്നതിനാൽ ആഹാരം കഴിക്കാതെ തന്നെ ദിനങ്ങൾ കഴിക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. ശാരീരികബലം, കാൽനടയായി വളരെ ദൂരം പോകുന്നതിനുള്ള കഴിവും നല്കി. 542-ൽ അദ്ദേഹം മേല്പട്ടസ്ഥാനമേറ്റു. എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ച്, ആവശ്യമുള്ളിടത്തെല്ലാം പട്ടക്കാരെയും മേല്പട്ടക്കാരെയും നിയമിക്കുന്നതിന് അധികാരവും നല്കപ്പെട്ടു. അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്താലാണു സുറിയാനി സഭ നാശത്തിൽനിന്നുദ്ധരിക്കപ്പെട്ടത്. യാക്കൂബിനെ പിടിക്കുവാൻ ചക്രവർത്തി ആജ്ഞാപിച്ചു എങ്കിലും ആർക്കും അദ്ദേഹത്തെ പിടിക്കുവാൻ സാധിച്ചില്ല; കാരണം പ്രച്ഛന്നവേഷനായിട്ടാണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്. 35 വർഷം കൊണ്ട് ഏതാണ്ട് 80 ൽ പരം മേല്പട്ടക്കാരെയും, ഒരു ലക്ഷത്തോളം പട്ടക്കാരെയും അദ്ദേഹം പട്ടംകൊടുത്തു നിയമിച്ചു എന്നു കണക്കാക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ

കാലം മുതലാണു സിറിയായിലെ കല്ക്കദോൻ വിരോധികളെ 'യാക്കോബാ യക്കാർ' എന്നു കളിയാക്കി വിളിക്കാൻ തുടങ്ങിയത്.

## (d) സഭ പേർഷ്യയിലേക്കു വികസിക്കുന്നു

പേർഷ്യയിൽ നെസ്തോറിയ വിശ്വാസികളാണു കൂടുതലുണ്ടായിരുന്നത് എങ്കിലും, യാക്കൂബ് ബുർദാനയുടെ കാലത്തു തന്നെ കല്ക്കദോൻ വിരോധികളായ ഒരു കൂട്ടം അവിടെയുണ്ടായിരുന്നു. യാക്കൂബ് തന്നെ അവിടെ പോയി ഈ സമൂഹത്തെ ശക്തീകരിച്ചു. 6–ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ആഹൂദേമേ എന്നയാൾ പേർഷ്യയിലെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി പല നെസ്തോറിയ വിശ്വാസികളേയും, അറബികളേയും സഭയിൽ ചേർക്കുവാൻ സാധിച്ചു. 7–ാം നൂറ്റാണ്ടിൽ പേർഷ്യയിലെ സഭയുടെ നേതാവായി 'മഫ്രിയാന' എന്ന നാമത്തിൽ ഒരു സ്ഥാനം ക്രമീകരിക്കപ്പെട്ടു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന അത്താനാസ്യോസ് ഗാമോലോയാൽ, മോറൂസോയെ ആദ്യത്തെ മഫ്രിയാനായായി വാഴിച്ചു. തെഗ്രീസ് അദ്ദേഹത്തിന്റെ ആസ്ഥാനവുമായി.

സ്ഥാപിതമായ കാലം മുതലേ മഫ്രിയാനയുടെ അധികാരത്തെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ ഉയർന്നു. അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ മഫ്രിയാനയുടെ മേൽ ആധിപത്യം ഉറപ്പിക്കുവാൻ ശ്രമിച്ചതു പലപ്പോഴും കലഹങ്ങൾക്കു കാരണമായി. ഈ വിഷയത്തെക്കുറിച്ച് ഒരന്തിമ തീരുമാനം എടുക്കുന്നതിനാണ് 869 –ൽ കഫർത്തൂത്ത എന്ന സ്ഥലത്ത് ഒരു സുന്നഹദോസ് വിളിച്ചുകൂട്ടിയത്. മഫ്രിയാനായെ കിഴക്കുള്ളവർ തന്നെ തിരഞ്ഞെടുക്കണമെന്നും, അന്ത്യോഖ്യാ പാത്രിയർക്കീസ് അയാളെ വാഴിക്കണമെന്നും നിശ്ചയിച്ചു. പക്ഷേ പ്രശ്നങ്ങൾ അതുകൊണ്ടും അവസാനിച്ചില്ല. മഫ്രിയാന പാത്രിയർക്കീസിൽ നിന്നും പൂർണ സ്വാതന്ത്ര്യം കൈവരിക്കണമെന്നു പലർക്കും ആഗ്രഹമുണ്ടായിരുന്നു എങ്കിലും, അന്ത്യോഖ്യാപാത്രിയർക്കീസന്മാർ അതൊരിക്കലും അനുവദിച്ചിട്ടില്ല. 13–ാം നൂറ്റാണ്ടിലെ പ്രഗത്ഭനായ മഫ്രിയാന ഗ്രിഗോറിയോസ് ബാർ എബ്രായയ്ക്കു ശേഷം ആ സ്ഥാനം ക്രമേണ അപ്രത്യക്ഷമായി.

## (e) മുസ്ലീം ഭരണത്തിൻ കീഴിൽ

7, 8, 9 നൂറ്റാണ്ടുകളിൽ മുസ്ലീം ഭരണാധികാരികളിൽ നിന്നും ഇവർക്ക് അധികം കഷ്ടതകൾ സഹിക്കേണ്ടി വന്നില്ല. സഭാ ഭരണത്തിൽ കാലിഫ് കാര്യമായി ഇടപെട്ടിരുന്നില്ല. എന്നാൽ ഒരു പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുമ്പോൾ അദ്ദേഹത്തിനു സുൽത്താന്റെ അംഗീകാരമായ 'ഫിർമാൻ' ലഭിക്കേണ്ടത് അനിവാര്യമായിരുന്നു. താരതമ്യേന സമാധാനത്തിൽ വസിക്കുവാൻ കഴിഞ്ഞിരുന്നതുകൊണ്ടാണു ഈ കാലഘട്ടത്തിൽ ചില പണ്ഡിതന്മാരെ ദാനം ചെയ്യുവാൻ സുറിയാനി സഭയ്ക്കു

സാധിച്ചത്. പ്രഗത്ഭനായ വേദശാസ്ത്രജ്ഞനും, ചരിത്രകാരനുമായ എഡേസ്സായിലെ യാക്കൂബ് ഈ കാലത്താണ് ജീവിച്ചിരുന്നത്. സുറിയാനി ആരാധനാക്രമങ്ങൾക്ക് അന്തിമരൂപം നല്കുന്നതിന് യാക്കോബ് പരിശ്രമിച്ചിട്ടുണ്ട്. 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മൂശേ ബർകീപ്പായാണു സുറിയാനിസഭയിലെ മറ്റൊരു പണ്ഡിതൻ. ഇദ്ദേഹം രചിച്ചിട്ടുള്ള വി. വേദപുസ്തകത്തിന്റെയും, സഭയുടെ കൂദാശകളുടെയും വ്യാഖ്യാനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

9-ാം നൂറ്റാണ്ടിന്റെ അന്ത്യകാലമായപ്പോഴേക്കും മുസ്ലീമുകളുടെ സഹിഷ്ണത കുറഞ്ഞു വന്നു. അറബി ഭാഷ ശക്തി പ്രാപിച്ചതോടെ സുറിയാനി അപ്രത്യക്ഷമാകുവാൻ തുടങ്ങി. രാഷ്ട്രീയ ഭരണത്തിന്റെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നു ക്രിസ്ത്യാനികൾ പുറംതള്ളപ്പെട്ടു. 10, 11 നൂറ്റാണ്ടുകളിൽ സഭ വീണ്ടും പ്രയാസഘട്ടങ്ങൾ നേരിടേണ്ടി വന്നു. സുറിയാനി സാഹിത്യത്തിനു വീണ്ടും ശക്തി ലഭിക്കുന്നത് 12-ാം നൂറ്റാണ്ടിലാണ്.

ദീവന്നാസ്യോസ് ബർ സ്ലീബി, ചരിത്രകാരനായ മീഖായേൽ റാബോ, മനുഷ്യജീവിതത്തിലെ ഒട്ടുമിക്ക തുറകളെക്കുറിച്ചും പാണ്ഡിത്യമുണ്ടായിരുന്ന ഗ്രീഗോറിയോസ് ബാർ എബ്രായ എന്നിവരാണ് ഈ കാലഘട്ടത്തിലെ പ്രഗത്ഭർ. 13-ാം നൂറ്റാണ്ടിനു ശേഷം സുറിയാനി സഭയ്ക്ക് അഭിമാനിക്കത്തക്കയാതൊരു നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചിട്ടില്ല.

14-ാം നൂറ്റാണ്ടിൽ ടൈമൂറിന്റെ ആക്രമണത്തിൽ നിന്നും രക്ഷ നേടുവാൻ ക്രിസ്ത്യാനികളെല്ലാം നാനാഭാഗത്തേക്ക് ചിതറിപ്പോകുവാൻ നിർബന്ധിതരായിത്തീർന്നു. ഭൂരിഭാഗം ആളുകളും കുർഡിസ്ഥാനിലെ പർവതനിരയിലേക്ക് ഓടിപ്പോയി. അവിടെ ആദ്യമെല്ലാം നല്ല സ്വീകരണമാണ് അവർക്ക് ലഭിച്ചത്. പിന്നീട് അവരും സുറിയാനിക്കാരെ പീഡിപ്പിക്കുവാനാരംഭിച്ചു.

തുർക്കികളുടെ നയം പ്രോത്സാഹജനകമായിരുന്നില്ല. അവർക്ക് പണം കൊടുക്കുന്നവരെയെല്ലാം, അവർക്ക് തോന്നുമ്പോൾ പാത്രിയർക്കീസായി പ്രഖ്യാപിക്കാൻ തുടങ്ങി. ഇതോടെ സഭയുടെ കെട്ടുറപ്പ് നശിക്കുവാനും ആന്തരികകലഹങ്ങൾ പൊട്ടിപ്പുറപ്പെടാനും ഇടയായി. അംഗസംഖ്യയിലും ഗണ്യമായ കുറവുണ്ടായി. പാത്രിയർക്കീസിന്റെ ആസ്ഥാനം മർദ്ദീനിലേക്കും, അവിടെനിന്നും ഹോംസിലേക്കും അതിനുശേഷം ദമസ്ക്കോസിലേക്കും മാറ്റപ്പെട്ടു.

### (f) പാശ്ചാത്യരുമായുള്ള ബന്ധം

റോം, അമേരിക്കാ, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ നിന്നും മിഷനറിമാർ സുറിയാനിക്കാരുടെ ഇടയിൽ പ്രവർത്തിച്ചിട്ടുണ്ട്. റോമാക്കാർക്കാണ് ഏറ്റവും കൂടുതൽ വിജയം സിദ്ധിക്കുവാൻ സാധിച്ചത്. സഭാംഗങ്ങളുടെ ദാരിദ്ര്യവും, ആന്തരിക കലഹങ്ങളുമാണ് ഇതിന്റെ കാരണങ്ങൾ. വിദ്യാഭ്യാസവും സാമ്പത്തിക സഹായങ്ങളും നല്കുവാൻ ഒരുങ്ങിയ കത്തോലിക്കരെ എതിരിട്ടു ജയിക്കുവാൻ സുറിയാനിസഭയ്ക്കു സാധിച്ചില്ല. എങ്കിലും സഭ മൊത്തമായി ഇതുവരെ റോമാസഭയിൽ ലയിച്ചില്ല എന്നത് ആശ്വാസത്തിനിട നല്കുന്നു.

19–ാം നൂറ്റാണ്ടിൽ അമേരിക്കയിൽ നിന്നും വന്ന പ്രോട്ടസ്റ്റന്റുകാരും ആദ്യം അവരെ സഹായിക്കുകയും, വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ അവരും ഓർത്തഡോക്സുകാരെ തങ്ങളുടെ സഭയിൽ ചേർക്കുവാൻ തുടങ്ങി. ഇംഗ്ലീഷുകാരുടെ സമീപനം കുറച്ചു കൂടെ സൗഹാർദ്ദപരമായിരുന്നു. ഇംഗ്ലീഷുകാർ സിറിയയിൽ പോയി താമസിച്ച്, അവരെക്കുറിച്ചു പഠിച്ച് അവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ താല്പര്യം കാണിച്ചു.

## (g) ആധുനികാവസ്ഥ

ഇന്നു സുറിയാനിക്കാർ തുർക്കിയിലും, സിറിയായിലും യൂറോപ്പിലും, അമേരിക്കയിലുമെല്ലാമായി ചിതറിപാർക്കുന്നു. തുർക്കിയിലെ സുറിയാനിക്കാർ ഇന്നും പ്രയാസങ്ങളുടെ നടുവിലൂടെയാണ് കടന്നുപോകുന്നത്. ആരാധനാ സ്വാതന്ത്ര്യമൊഴിച്ച് യാതൊരു മത സ്വാതന്ത്ര്യവും അവർക്കില്ല. സുറിയാനിഭാഷ സംസാരിക്കുന്നതു തന്നെ കുറ്റകരമാണ്.

സിറിയായിലെ അവസ്ഥ ഇതിനേക്കാൾ മെച്ചപ്പെട്ടതാണെന്നു പറയാം. എങ്കിലും, ഒരു കാലത്തു നൂറുകണക്കിനു മേല്പട്ടക്കാരും, ലക്ഷക്കണക്കിനു വിശ്വാസികളും എല്ലാമുണ്ടായിരുന്ന സഭയിലെ ഇന്നത്തെ അംഗസംഖ്യ ഏതാണ്ട് ഒമ്പത് ലക്ഷത്തോളം മാത്രമാണ്. അതിൽ നല്ലൊരു പങ്കും യൂറോപ്പിലും അമേരിക്കയിലും കഴിയുന്നു. സഭയിലെ മേല്പട്ടക്കാരുടെ സംഖ്യ 18 ആണ്. വൈദിക വിദ്യാഭ്യാസത്തിനായി ഒരു സെമിനാരി ഉണ്ടെങ്കിലും സുറിയാനിയും മറ്റും വായിക്കുവാൻ പരിശീലിപ്പിക്കുക എന്നതിലുപരിയായി ശരിയായ വേദശാസ്ത്രം പഠിപ്പിക്കുവാനുള്ള സാധ്യതകളൊന്നുമില്ല. സഭാപ്രവർത്തകർക്ക് ശമ്പളം കുറവായതിനാൽ മറ്റു ജോലികളിൽ ഏർപ്പെടാൻ പട്ടക്കാർ നിർബന്ധിതരായി തീർന്നു. ധാരാളം പേർക്കു ശെമ്മാശപ്പട്ടം കൊടുക്കുന്ന ഒരു രീതി ഈ സഭയിലുണ്ട്. പട്ടം ലഭിക്കുന്നതിൽ മുക്കാൽ ഭാഗം ആളുകളും, പിന്നീടു സഭാസേവനം നടത്തുകയോ, വി. ആരാധനകളിൽ നിരന്തരമായി പങ്കെടുക്കയോ ചെയ്യാറില്ല. ഒരു കാലത്ത് സഭ സാമ്പത്തിക ഞെരുക്കങ്ങൾ അനുഭവിച്ചിരുന്നു എങ്കിലും യൂറോപ്പിലും അമേ

രിക്കയിലും വാസമുറപ്പിച്ചവർ സാമ്പത്തികമായി സഭയെ സഹായിക്കുന്ന തിനാൽ ഇന്ന് സഭ സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടുണ്ട്. പല സ്ഥല ങ്ങളിലേക്കും തന്റെ ആസ്ഥാനം മാറ്റേണ്ടതായി വന്നിട്ടുള്ള പാത്രിയർക്കീസ് ഇപ്പോൾ വസിക്കുന്നത് ഡമസ്ക്കോസിലാണ്.

**ചോദ്യങ്ങൾ**

1. യാക്കോബ് ബുർദാനയുടെ പ്രവർത്തനങ്ങൾ വിവരിക്കുക.
2. മഫ്രിയാന സ്ഥാനം എങ്ങിനെയുണ്ടായി? ഈ സ്ഥാനത്തെക്കുറിച്ചു ണ്ടായ തർക്കങ്ങൾ ഏതെല്ലാം?
3. പാശ്ചാത്യ മിഷനറിമാരുടെ അന്ത്യോഖ്യൻ സുറിയാനിസഭയിലെ പ്രവർത്തനങ്ങൾ വിവരിക്കുക.

## പാഠം 3

# എത്യോപ്യൻ സഭ

❑ സഭയുടെ ഉദ്ഭവം ❑ ഒൻപതു വിശുദ്ധന്മാരുടെ ആഗമനം ❑ ശലോമോന്യ രാജവംശം ❑ പാശ്ചാത്യരുമായുള്ള ബന്ധം ❑ പുനസംഘടനയുടെ കാല ഘട്ടം ❑ അലക്സാന്ത്രിയൻ സഭയുമായുള്ള ബന്ധം ❑ ഇന്നത്തെ അവസ്ഥ

ക്രിസ്തീയ സുവിശേഷത്തിന്റെ ആഗമനത്തിനു മുമ്പ് പല ദേവന്മാരെ യും ആരാധിച്ചുപോന്ന പ്രാകൃതമതവും, യഹൂദമതവുമാണ് എത്യോപ്യ യിൽ ഉണ്ടായിരുന്നത്. യഹൂദമതം കൂടുതൽ ശക്തമായിരുന്നു എന്നു പറയാം. ഇന്നും അവിടുത്തെ ക്രിസ്തീയസഭയിൽ പല തരത്തിലുള്ള യഹൂദാചാരങ്ങളും നിലനില്ക്കുന്നുണ്ട്. ഉദാ: എത്യോപ്യൻ സഭയിലെ പുരു ഷന്മാർ ഇന്നും പരിഛേദന ഏല്ക്കുന്നവരാണ്.

### (a) സഭയുടെ ഉദ്ഭവം

അപ്പോസ്തലന്മാരുടെ കാലത്തുതന്നെ എത്യോപ്യൻ രാജ്ഞിയുടെ ഷണ്ഡനെ ഫീലിപ്പോസ് ശെമ്മാശ്ശൻ സ്നാനപ്പെടുത്തിയതായി കാണാം (അ. പ്ര. 8:26-40). ഈ ഷണ്ഡനാണു ക്രിസ്തുവിന്റെ സുവിശേഷം ആദ്യ മായി എത്യോപ്യയിൽ പ്രസംഗിച്ചത് എന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ ചരിത്രപരമായി വിലയിരുത്തുകയാണെങ്കിൽ 4-ാം നൂറ്റാണ്ടിൽ മാത്രമാണ് എത്യോപ്യയിൽ ഒരു സഭ സ്ഥാപിക്കപ്പെട്ടതു എന്നനുമാനിക്കാം. എന്നാൽ അതിനുമുമ്പും റോമാക്കാരുമായുള്ള കച്ചവടബന്ധം മുഖേന ക്രിസ്തീയ സമൂഹങ്ങൾ ഇവിടെ വന്നു പാർക്കുന്നതിനിടയായിട്ടുണ്ട്.

എത്യോപ്യയിൽ സഭ സ്ഥാപിക്കപ്പെട്ടതിനെക്കുറിച്ചു ചരിത്രകാരൻ റൂഫിനസ് പറയുന്നതെന്താണെന്നു നോക്കാം. Tyre നിവാസികളായിരുന്ന ഫ്രുമെൻഷ്യസ് (Frumentius) ഐടേസ്യേസ് (Aedesious) എന്ന രണ്ടു ചെറുപ്പക്കാരായ ക്രിസ്ത്യാനികൾ ഒരു കപ്പൽക്കൊള്ളയിൽ നിന്നും രക്ഷപ്പെട്ട് എത്യോപ്യൻ രാജധാനിയിൽ എത്തിച്ചേരുവാൻ ഇടയായി. വളരെ ചുരുങ്ങിയ കാലം കൊണ്ട് ഇവർക്ക് രാജാവിന്റെ അംഗീകാരവും ലഭിച്ചു. ഒരാളെ തന്റെ സെക്രട്ടറിയും ഒരുവനെ പാനപാത്രവാഹകനുമായി നിയമിച്ചു. രാജാവു മരിച്ചപ്പോൾ തന്റെ പിൻഗാമി നന്നേ ചെറുപ്പമായിരുന്നതിനാൽ ഭരണച്ചുമതല ഫ്രുമെൻഷ്യസിനെ ഏല്പിച്ചു. ഈ കാലഘട്ടത്തിലാണ് അവർ രണ്ടുപേരും ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കുവാൻ ആരംഭിക്കുന്നത്. അങ്ങിനെ അവർ അടിസ്ഥാനമിട്ടതായ ക്രിസ്തീയ സഭ വളരെ വേഗം തന്നെ വളരുവാൻ തുടങ്ങി. എ. ഡി. 330– ൽ യുവരാജാവും ക്രിസ്തുമതം സ്വീകരിച്ചതോടെ അതു രാജ്യത്തെ ഔദ്യോഗിക മതമായിത്തീർന്നു. ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച രാജാവിന്റെ പേരു എസാന (Ezana) എന്നാണ്.

അധികം താമസിയാതെ ഫ്രുമെൻഷ്യസ് അലക്സന്ത്രിയായിൽ പോയി, വി. അത്താനാസ്യോസ് പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം സ്വീകരിച്ചു വന്ന് എത്യോപ്യായിലെ ആദ്യത്തെ മെത്രാപ്പോലീത്തായായി വാണു. സഭ സ്ഥാപിതമായതു മുതൽ രാജ്യത്തെ ഔദ്യോഗികമതമായി പ്രഖ്യാപിക്കപ്പെട്ടതിനാൽ ദ്രുതഗതിയിൽ തന്നെ അതു വളർന്നുകൊണ്ടിരുന്നു. ഇന്നും പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ അംഗസംഖ്യ എത്യോപ്യൻ സഭയിലാണ്. നിഖ്യാ സുന്നഹദോസിനു ശേഷമാണു സഭ സ്ഥാപിക്കപ്പെട്ടതെങ്കിലും സുന്നഹദോസിന്റെ നിശ്ചയങ്ങൾ അവരും അംഗീകരിച്ചു. അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ സ്വാധീനം എത്യോപ്യയുടെ മേൽ ഉണ്ടായിരുന്നതിനാൽ അറിയൂസുകാർക്ക് ഇവിടെ യാതൊരു പിന്തുണയും ലഭിച്ചില്ല.

## (b) ഒൻപത് വിശുദ്ധന്മാരുടെ ആഗമനം

നാലാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ ഏതാണ്ട് ഒരു നൂറ്റാണ്ടു കാലത്തേക്ക് ഏത്യോപ്യായിൽ ഉണ്ടായ സംഗതികളെക്കുറിച്ചു വിശദ വിവരങ്ങളൊന്നും നമുക്ക് ലഭ്യമല്ല. 480–ൽ 'ഒൻപതു വിശുദ്ധന്മാർ' എന്നു വിളിക്കപ്പെടുന്ന സന്യാസിശ്രേഷ്ഠന്മാരുടെ ആഗമനത്തോടെ സഭ വീണ്ടും പുതുജീവൻ ഉൾക്കൊണ്ടു. ഇവർ സിറിയായിൽ നിന്നു വന്ന കല്ക്കദോൻ വിരോധികളായിരുന്നു എന്നാണു ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായം. സിറിയായിൽ കല്ക്കദോൻ വിരോധികൾക്ക് എതിരായി ഉണ്ടായ പീഡ നിമിത്തം പലായനം ചെയ്തവരായിരുന്നിരിക്കാം. ഇവരുടെ സ്വാധീനം

കൊണ്ടും കോപ്റ്റിക് സഭയുടെ സ്വാധീനം കൊണ്ടുമാണു കല്ക്കദോൻ സുന്നഹദോസിനെ പുറംതള്ളുവാൻ എത്യോപ്യക്കാർ മുതിർന്നത്.

എത്യോപ്യയിൽ വന്ന ഉടനെ ഈ സന്യാസികൾ പ്രാദേശികഭാഷയായ 'ഗീസ്' പഠിക്കുവാൻ ആരംഭിച്ചു. അധികം താമസിയാതെ വി. വേദപുസ്തകം ഈ ഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. Za-Mikael Aregawi എന്ന ആളുടെ നേതൃത്വത്തിൽ വന്ന ഇവർ, അന്യദേവന്മാരുടെ ആരാധനയെ അമർച്ച ചെയ്യുവാൻ തീരുമാനിച്ചു. കൂടാതെ സഭയിലെ പിതാക്കന്മാർ രചിച്ചിട്ടുള്ള പ്രധാന പുസ്തകങ്ങളെല്ലാം ഇവർ പ്രാദേശിക ഭാഷയിലാക്കി. സംഗീതത്തിന്റേയും ക്രിസ്തീയ സാഹചര്യത്തിന്റേയും കാര്യത്തിൽ ഇവരുടെ സംഭാവന ബൃഹത്താണ്. എത്യോപ്യയിലെ ആരാധനാഗീതങ്ങളുടെ സംവിധായകനായ 'യാറിട്' ഇവരുടെ ഒരു ശിഷ്യനായിരുന്നു. ഇങ്ങനെ എല്ലാ തരത്തിലും സഭയെ കെട്ടുറപ്പുള്ളതാക്കി തീർത്ത ഒൻപതു വിശുദ്ധന്മാരെ അവർക്കൊരു കാലത്തും മറക്കുവാൻ സാധിക്കുകയില്ല. വളരെ നേരത്തെ തന്നെ പ്രാദേശികമായ ആരാധനാക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും ഉണ്ടായി എന്നുള്ളതിൽ ഇവർക്ക് അഭിമാനിക്കാം.

എത്യോപ്യയിൽ സന്യാസപ്രസ്ഥാനത്തിന്റെ വിത്തുവിതച്ചതും ഇവർ തന്നെയാണ്. എത്യോപ്യയുടെ വടക്കുഭാഗത്താണ് ഇവർ കൂടുതൽ ആശ്രമങ്ങൾ സ്ഥാപിച്ചത്. ഈ ആശ്രമങ്ങളാണു എത്യോപ്യയിലെ ക്രിസ്ത്യാനികൾക്കു വളരെക്കാലത്തേക്കു വിദ്യാഭ്യാസം നല്കിയത്. 13-ാം നൂറ്റാണ്ടു മുതൽ രാജ്യത്തിന്റെ തെക്കേ ഭാഗത്തും ആശ്രമങ്ങൾ വളരുവാൻ തുടങ്ങി. ഈ ആശ്രമങ്ങളെല്ലാം വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചു. ഈ സ്കൂളുകളിൽ പ്രധാനമായും മതപരമായ അഭ്യസനമാണു നടത്തിയിരുന്നത്. സഭയുടെ സുവിശേഷവേലക്കു നേതൃത്വം കൊടുത്തിരുന്നതും സന്യാസിമാർ തന്നെയാണ്. പിതാക്കന്മാരുടെ പുസ്തകങ്ങൾ പലതും തർജ്ജമ ചെയ്യുന്നതിനും ഈ ആശ്രമങ്ങൾ മുഖാന്തിരമായിതീർന്നിട്ടുണ്ട്.

## (c) 'ശലോമോന്യ രാജവംശം'

ഇസ്ലാമിന്റെ ആക്രമണത്തിൽ നിന്ന് എത്യോപ്യായും അന്യമായിരുന്നില്ല. എതോപ്യൻ സാമ്പത്തികവ്യവസ്ഥയുടെ അടിസ്ഥാനം കടൽമാർഗമുള്ള വാണിജ്യമായിരുന്നു. എന്നാൽ തുറമുഖങ്ങളെല്ലാം മുസ്ലീമുകൾ കൈക്കലാക്കിയതോടെ എത്യോപ്യക്കു മങ്ങലേറ്റു. അന്യമതസ്ഥരാൽ ചുറ്റപ്പെട്ടു ബാഹ്യലോകവുമായി കാര്യമായ ബന്ധം സ്ഥാപിക്കുവാൻ പോലും നിവൃത്തിയില്ലാതായി തീർന്നു. ഏതാണ്ട് ഏഴു മുതൽ പതിമൂന്നു നൂറ്റാണ്ടു വരെ ഈ അവസ്ഥ തുടർന്നു. ഈ കാലഘട്ടത്തിൽ പ്രധാനമായും അവർ വി. വേദപുസ്തകത്തിൽ നിന്നാണു പ്രചോദനം ഉൾകൊണ്ടിരുന്നത്. ഈ പ്രയാസഘട്ടത്തിൽ അവർ സ്വയം ഇസ്രായേൽ ജനതയോടു താദാത്മ്യം

പ്രാപിക്കുവാൻ തുടങ്ങി. പഴയനിയമത്തിലെ ആചാരരീതികൾ പലതും ക്രിസ്തീയസഭയിൽ വേരു പിടിച്ചു. രാജകീയ കുടുംബത്തെപോലും ഇസ്രായേൽ രാജാവായിരുന്ന ശലോമോന്റെ കുടുംബവുമായി ബന്ധപ്പെടുത്തി ചിന്തിക്കുവാൻ തുടങ്ങി.

1270-ൽ യുദ്ധത്തിൽ വിജയിച്ച ഇക്കാനോ അമ്ലാക്ക് (YIKANNO - AMLAK) എന്നയാൾ ഒരു പുതിയ രാജകീയ വംശത്തിന് അടിത്തറയിട്ടപ്പോൾ അതിനു ശലോമോന്യരാജവംശം എന്ന പേരും ലഭിച്ചു. 14-ാം നൂറ്റാണ്ടായപ്പോഴേക്കും അവർ തങ്ങളുടെ തുറമുഖങ്ങളെല്ലാം തിരികെ പിടിക്കുവാനും അങ്ങനെ എത്യോപ്യായിലെ ക്രിസ്തീയ രാജ്യം അഭിവൃദ്ധി പ്രാപിക്കുവാനും തുടങ്ങി. വീണ്ടും ഒരിക്കൽ കൂടി മുസ്ലീമുകൾ ആധിപത്യം ഉറപ്പിച്ചു എങ്കിലും അതു നീണ്ടുനിന്നില്ല. 1543-ൽ ഗലാവുദേയോസ് (Galawdewos) പോർച്ചുഗീസ് സഹായത്തോടെ അവരെ തോല്പിച്ച് ഓടിച്ചു.

## (d) പാശ്ചാത്യരുമായുള്ള ബന്ധം

തങ്ങളുടെ ശത്രുക്കളെ തോല്പിക്കുവാൻ പോർട്ടുസീസുകാർ എത്യോപ്യരെ സഹായിച്ചു. പാശ്ചാത്യ കലകളും ആധുനിക അറിവുകളും അവർ എത്യോപ്യയ്ക്കു പകർന്നു കൊടുത്തു. എന്നാൽ അവർ റോമൻ സഭയുടെ മിഷനറിമാരായി തിരിയുവാൻ തുടങ്ങിയപ്പോൾ ബന്ധങ്ങൾക്ക് ഉലച്ചിൽ ഉണ്ടായി. ജസ്യൂട്ട് മിഷനറിമാരുടെ പ്രവർത്തനം എത്യോപ്യയിൽ വളരെ കുഴപ്പങ്ങൾ സൃഷ്ടിച്ചു. 1632- ൽ അവർ എത്യോപ്യായിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടു. 18-ാം നൂറ്റാണ്ടിൽ വീണ്ടും തിരികെവന്ന റോമൻ കത്തോലിക്കർ അല്പം വിജയം വരിച്ചു എന്നു തന്നെ പറയാം. അവരുടെ പഠിപ്പിക്കലുകളാൽ ആകർഷിക്കപ്പെട്ട ചില എത്യോപ്യക്കാർ സഭയുടെ ഉള്ളിൽ വിശ്വാസപരമായ തർക്കങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. ഈ കലാപങ്ങൾ 19 -ാം നൂറ്റാണ്ടു വരെ നിലനിന്നു.

17-ാം നൂറ്റാണ്ടിൽ വന്ന പ്രൊട്ടസ്റ്റന്റുകാരും പല ഓർത്തഡോക്സുകാരെയും തങ്ങളുടെ സഭയിൽ ചേർത്തു. എന്നാൽ 1944 നു ശേഷം അന്യരാജ്യങ്ങളിൽ നിന്നു വരുന്ന മിഷനറിമാരുടെ മേൽ ചില നിയന്ത്രണങ്ങൾ ചുമത്തി. ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നതിന് എല്ലാവർക്കും സ്വാതന്ത്ര്യം നല്കി എങ്കിലും ഓർത്തഡോക്സ് സഭാംഗങ്ങളെ സഭ മാറ്റുന്നത് നിരോധിച്ചു.

## (e) പുനഃസംഘടനയുടെ കാലഘട്ടം

പാശ്ചാത്യ മിഷനറിമാർ വിതച്ച വിശ്വാസ തർക്കങ്ങൾ ഏതാണ്ട് 19-ാം നൂറ്റാണ്ടു വരെ നിലനിന്നു. 1841-ൽ ആബൂന സലാമ എന്നയാൾ മെത്രാ

പ്പോലീത്തായായി വന്നതോടെ പ്രശ്നങ്ങൾ അവസാനിച്ചു. ചക്രവർത്തിയുടെ സഹായത്തോടെ ക്രിസ്തുവിന്റെ സ്വഭാവങ്ങളുടെ അവിഭാജ്യതയെ അവസാനമായി സ്ഥാപിച്ചു. മറ്റു വിശ്വാസങ്ങൾ പഠിപ്പിക്കുന്നവർക്കെതിരെ കർക്കശമായ നടപടികൾ കൈകൊണ്ടതോടെ അവയെല്ലാം അപ്രത്യക്ഷമായി. സഭയിൽ സമാധാനം കൈവന്നതിനാൽ സുവിശേഷവേല തടസ്സം കൂടാതെ കൊണ്ടുപോകാൻ സാധിച്ചു. സഭ വലുതായപ്പോൾ ഒരു മെത്രാപ്പോലീത്താ മാത്രമായാൽ മതിയാവുകയില്ല എന്നു മനസ്സിലായി. 1881-ൽ ആദ്യമായി 4 മെത്രാപ്പോലീത്താമാർ എത്യോപ്യയിലേക്കു നിയമിക്കപ്പെട്ടു.

## (f) അലക്സന്ത്രിയൻ സഭയുമായുള്ള ബന്ധം

എത്യോപ്യയിലെ ആദ്യ മെത്രാപ്പോലീത്തായായി ഫ്രൂമെൻഷ്യസിനെ വാഴിച്ചത് അലക്സന്ത്രിയായിലെ പാത്രിയർക്കീസ് ആയിരുന്നു എന്നു നമ്മൾ കണ്ടു കഴിഞ്ഞല്ലോ. ഈ അവകാശവാദം നിലനിർത്തിക്കൊണ്ട് അന്നു മുതൽ തന്നെ എത്യോപ്യായിലെ മെത്രാന്മാരെല്ലാം അലക്സന്ത്രിയാ പാത്രിയർക്കീസിനാലാണു വാഴിക്കപ്പെട്ടിരുന്നത്. തന്നെയുമല്ല, അവർ എപ്പോഴും കോപ്റ്റിക് സഭാംഗങ്ങളുമായിരുന്നു.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഈ സ്ഥിതിവിശേഷത്തിനു മാറ്റം വരുത്തണം എന്ന് എത്യോപ്യക്കാർ ചിന്തിച്ചു തുടങ്ങി. 1926-ൽ എത്യോപ്യക്കാരെ തന്നെ തങ്ങളുടെ മേൽപട്ടക്കാരായി വാഴിക്കണമെന്നും എപ്പിസ്ക്കോപ്പാമാരെ വാഴിക്കുവാൻ അധികാരമുള്ള ഒരു മെത്രാപ്പോലീത്തായേയും തങ്ങൾക്ക് വേണമെന്നും ആവശ്യപ്പെട്ടു. വളരെ ചർച്ചകൾക്ക് ശേഷം വലിയ മെത്രാപ്പോലീത്താ മാത്രം ഈജിപ്റ്റുകാരനായിരുന്നാൽ മതിയെന്ന് അലക്സന്ത്രിയാ പാത്രിയർക്കീസ് സമ്മതിച്ചു. എന്നാൽ എത്യോപ്യക്കാർ തങ്ങൾക്കു പൂർണ്ണ സ്വാതന്ത്ര്യം നല്കണമെന്ന ആവശ്യം അവസാനിപ്പിച്ചില്ല. ഈ കാരണത്താൽ കോപ്റ്റിക് സഭയുമായി പല വഴക്കുകളും ഉടലെടുത്തു. അവസാനം 1951-ൽ അവരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചു കിട്ടി. 1959 മുതൽ വലിയ മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് എന്ന പേരും ലഭിച്ചു. ഇതിനുശേഷം കോപ്റ്റിക് സഭ എത്യോപ്യയുടെ മേൽ യാതൊരു അധികാരവും അവകാശപ്പെട്ടിട്ടില്ല.

ക്രിസ്തീയ ചക്രവർത്തിയായ ഹെയ്ലി സെലാസിയുടെ സംരക്ഷണയിലുള്ള സഭയ്ക്ക് മുസ്ലീം ആയ നാസറിന്റെ അധികാരത്തിലുള്ള കോപ്റ്റിക് സഭയുടെ അധികാരത്തിലിരിക്കേണ്ട ആവശ്യമില്ല എന്നു ബോദ്ധ്യപ്പെട്ട എത്യോപ്യൻസഭ 1959 ജൂൺ 29 ന് ബെസിലിയനെ ഒന്നാമത്തെ എത്യോപ്യൻ പാത്രിയർക്കീസ് ആയി സ്ഥാനാരോഹണം നടത്തി. അന്നു മുതൽ സർവ്വ സ്വതന്ത്രമായ ഒരു സഭയായി എത്യോപ്യൻ സഭ നിലകൊള്ളുന്നു. എത്യോപ്യൻ സഭയുടെ സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങളിൽ ഹെയ്ലി

സെലാസി ചക്രവർത്തിയുടെ ഉപദേഷ്ടാവായി അന്ന് പ്രവർത്തിച്ചിരുന്ന നമ്മുടെ സഭാംഗമായ പോൾ വർഗീസും (പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

ആ കാലഘട്ടത്തിൽ വൈദികർക്ക് വിദ്യാഭ്യാസം വിരളമായിരുന്നു. വൈദികർക്ക് വിദ്യാഭ്യാസം നല്കുന്നതിനായി ആഡിസ് ആബാബയിൽ സ്ഥാപിച്ച സെമിനാരിയിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ ഫാ. ഡോ. വി. സി. ശമുവേൽ, ഫാ. കെ. എം. സൈമൺ തുടങ്ങിയ പല പ്രഗത്ഭരും ആദ്യകാലങ്ങളിൽ നേതൃത്വം നൽകി. ഇന്നും സഭാംഗങ്ങളായ പല വൈദികരും നേതൃത്വം നല്കികൊണ്ടിരിക്കുന്നു.

## (g) ആചാരാനുഷ്ഠാനങ്ങൾ

എത്യോപ്യൻ സഭയ്ക്ക് കോപ്റ്റിക് സഭയുമായി പുരാതനകാലം മുതലേ ബന്ധമുണ്ടായിരുന്നതിനാൽ നോമ്പുകളും പെരുന്നാളുകളും മറ്റും ഇരുസഭകളും ഏതാണ്ട് ഒരേ രീതിയിൽ തന്നെ ആചരിച്ചു പോരുന്നു. എന്നാൽ എത്യോപ്യൻ സഭയിൽ പരിഛേദന പോലുള്ള ചില യഹൂദ ആചാരാനുഷ്ഠാനങ്ങൾ കടന്നു കൂടിയിട്ടുണ്ട്. എത്യോപ്യൻ രാജ്ഞി ആയിരുന്ന ശേബയ്ക്ക് ശലോമോൻ രാജാവുമായുള്ള ബന്ധത്തിൽ ജനിച്ച മെനിലേക്ക് എന്ന ആളാണ് യഹൂദന്മാരെ ആദ്യമായി എത്യോപ്യയിലേക്കു കൊണ്ടുവന്നത് എന്ന് അവർ വിശ്വസിക്കുന്നു. ഈ മെനിലേക്ക് തന്റെ പിതാവിനെ സന്ദർശിക്കുവാൻ യരുശലേമിൽ പോയി മടങ്ങി വന്നപ്പോൾ യഹോവയുടെ സാക്ഷ്യപ്പെട്ടകം എത്യോപ്യയിലേക്കു കൊണ്ടുവന്നത് എന്നതാണ് പാരമ്പര്യം. അക്സും എന്ന പുരാതന പട്ടണത്തിലെ ദൈവമാതാവിന്റെ പള്ളിയിൽ സ്ഥാപിച്ചിരിക്കുന്നു എന്ന് അവർ അടിയുറച്ചു വിശ്വസിക്കുന്നു. ഈ ദേവാലയത്തിൽ ആണ്ടിലൊരിക്കൽ സഭയിലെ പ്രധാന മേല്പട്ടക്കാരൻ മാത്രം പ്രവേശിച്ച് വി. കുർബാന അർപ്പിക്കുന്ന പതിവാണുള്ളത്. സാക്ഷ്യപെട്ടകത്തിന്റെ രൂപം എല്ലാ പള്ളിയിലും ഉണ്ടാക്കി സൂക്ഷിച്ചിട്ടുണ്ട്. അതിന്മേൽ കാസായും പീലാസായും വച്ചാണ് വി. കുർബാന അർപ്പിക്കേണ്ടത്. ചില വലിയ പെരുന്നാളുകളിൽ ദേവാലയത്തിനു പുറത്തുവച്ച് വി. കുർബാന അർപ്പിക്കുന്ന പതിവുമുണ്ട്. ഏറ്റവും വലിയ പെരുന്നാളുകളിൽ ഒന്നായ ദനഹാ പെരുന്നാൾ ദിവസം ദേശീയ ദിനം കൂടിയാണ്. കുർബാനയ്ക്ക് 14ഓളം ക്രമങ്ങൾ ഇന്ന് ഈ സഭയിൽ ഉപയോഗിക്കപ്പെടുന്നു. ചിലതെല്ലാം പ്രത്യേക പെരുന്നാളുകളിൽ മാത്രം ഉപയോഗിക്കുവാനായി ക്രമീകരിച്ചിരിക്കുന്നു.

## (h) ഇന്നത്തെ അവസ്ഥ

ഏതാണ്ട് മൂന്നു കോടി ജനങ്ങളോളമുള്ള സഭയിൽ പതിനായ്യായിരത്തോളം പള്ളികൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. പട്ടക്കാരും വളരെ അധി

കമുള്ള ഒരു സഭയാണിത്. ഏതാണ്ട് അറുപതിനായിരം പട്ടക്കാരോളം ഉള്ള തായി കണക്കാക്കുന്നു. രണ്ടു പട്ടക്കാരും മൂന്നു ശെമ്മാശ്ശന്മാരുമെങ്കിലേ ഉണ്ടെങ്കിലേ വി. കുർബാന അർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മറ്റു പല ആഫ്രിക്കൻ സഭകളിലേയും പോലെ തന്നെ എത്യോപ്യൻ ഓർത്തഡോ ക്സ്സഭയിലും ആരാധനയിൽ നൃത്തം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷ ത്തിൽ 250 ഉപവാസ ദിനങ്ങളോളം ഉണ്ടെങ്കിലും പട്ടക്കാരൊഴികെ എല്ലാ വിശ്വാസികളും എല്ലാ നോമ്പുകളും ആചരിക്കണമെന്നു നിർബന്ധമില്ല.

1974-ൽ ഹെയ്ലി സെലാസി ചക്രവർത്തി അധികാരഭ്രഷ്ടനായത് സഭ യ്ക്ക് ഒരാഘാതമായിരുന്നു. പുതിയതായി ഭരണമേറ്റ സോഷ്യലിസ്റ്റ് ഗവ ൺമെന്റ് സഭയെ പലവിധത്തിൽ ദ്രോഹിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചക്രവർത്തിയുടെ മരണത്തിനു ശേഷം അധികം കഴിയുന്നതിനു മുമ്പു തന്നെ സഭയുടെ പാത്രിയർക്കീസായിരുന്ന ആബൂന തെയോഫിലോസിനെയും രണ്ടു സഹ മെത്രാപ്പോലീത്താമാരെയും ജയിലിലാക്കി. ഗവൺമെന്റിനെ തിരെ ഗൂഢാലോചന നടത്തി എന്നതായിരുന്നു അവരുടെ നേരെയുള്ള ആരോപണം. ചക്രവർത്തിമാരുടെ കാലത്തു സഭയ്ക്കു ലഭിച്ച ഭാരിച്ച ഭൂസ്വ ത്തെല്ലാം പുതിയ ഭരണക്കാർ കണ്ടു കെട്ടി. ഈ ഭൂസ്വത്തിൽ ആശ്രയിച്ചിരുന്ന പട്ടക്കാരുടെ എല്ലാം പ്രധാന വരുമാനമാർഗം ഇപ്രകാരം അടച്ചുകളഞ്ഞു. ഈ സഭയിൽ ഇപ്പോൾ ഭരിക്കുന്നവരായി 21 മേല്പട്ടക്കാരും റിട്ടയർ ചെ യ്ത 13 പേരും ഉണ്ട്. പുരാതന എത്യോപ്യൻ ഭാഷയായ 'ഗീസും', ആധു നിക ഭാഷയായ 'അംഹാരിക്കും' ഇവർ ആരാധനയിൽ ഉപയോഗിക്കാറുണ്ട്. ഒരു കോടിയിലധികം അംഗങ്ങളുള്ള ഈ സഭ മാതൃസഭയായ കോപ്റ്റിക്, കൽക്കദൂന്യേതര സഭകളായ അർമീനിയൻ, സിറിയൻ ഓർത്തഡോക്സ്, ഇന്ത്യൻ ഓർത്തഡോക്സ് എന്നീ നാലു സഭകളുടേയും ഒന്നിച്ചുള്ള സംഖ്യ യേക്കാൾ കൂടുതലാണ്.

## (i) എരിട്രിയൻ ഓർത്തഡോക്സ് സഭ

ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഏറ്റവും ഒടുവിൽ നിലവിൽ വന്ന സഭയാണിത്. ചെങ്കടലിന്റെ തെക്കു പടിഞ്ഞാറൻ തീരപ്രദേശമാണ് എരിട്രിയ എന്ന് അറിയപ്പെടുന്നത്. പുരാതന ക്രിസ്തീയ സാമ്രാജ്യമായി രുന്ന അക്സും ഇവിടെയാണ് സ്ഥിതി ചെയ്തിരുന്നത്. എത്യോപ്യൻ പ്രദേശത്ത് ആദ്യമായി ക്രിസ്തീയ വിശ്വാസം പടർന്നതും, വളർന്നതും അസൂമിലായിരുന്നു എന്നു നമ്മൾ കണ്ടുകഴിഞ്ഞുവല്ലോ. 16-ാം നൂറ്റാണ്ടി ൽ ഓട്ടോമാൻ, തുർക്കികളുടെ അധീനതയിൽ വരുന്നതിനു മുൻപ് എരി ട്രിയ ഏതാണ്ട് സ്വതന്ത്രമായിരുന്നു. 1890 മുതൽ 1941 വരെ ഒരു ഇറ്റാലിയൻ കോളനി ആയിരുന്ന ഈ പ്രദേശം പിന്നീട് ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ വരുകയും 1952-ൽ എത്യോപ്യയുടെ ഭാഗമായി തീരുകയും ചെയ്തു. വീണ്ടും

1993-ൽ എരിട്രി പൂർണ്ണ സ്വാതന്ത്ര്യം നേടി.

എരിട്രിയായിലെ ക്രിസ്തീയ സഭ ആദിമകാലം മുതലേ എത്യോപ്യൻ സഭയുടെ ഭാഗമായിരുന്നു. എന്നാൽ 1993-ൽ രാജ്യം സ്വതന്ത്രമായതോടെ അവരുടെ ചിന്താഗതികൾ മാറുവാൻ തുടങ്ങി. കോപ്റ്റിക് പാത്രിയർക്കീസ് ഷിനുഡാ മൂന്നാമനുമായി ആലോചിച്ച് സഭയിലും സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാനുള്ള നടപടികൾ 1993-ൽ തന്നെ ആരംഭിച്ചിരുന്നു. ഏതാനും മെത്രാൻ സ്ഥാനാർത്ഥികളെ കോപ്റ്റിക് ആശ്രമങ്ങളിൽ പരിശീലിപ്പിച്ച ശേഷം 1994-ൽ ഷിനുഡ പാത്രിയർക്കീസ് 5 പേർക്ക് മേല്പട്ടസ്ഥാനം നല്കി അതേവർഷം തന്നെ എത്യോപ്യൻ പാത്രിയർക്കീസും പുതിയ സഭയുടെ സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടും കോപ്റ്റിക് പാത്രിയർക്കീസിന് അവരുടെ ഇടയിൽ സമന്മാരിൽ മുമ്പനെന്ന സ്ഥാനം നല്കിക്കൊണ്ടും ഒരു സമ്മതപത്രം ഒപ്പുവച്ചു.

സുദീർഘമായ ചർച്ചകൾക്കുശേഷം 1998-ൽ അസ്മാറയിലെ ബിഷപ്പായ ആബൂന ഫിലിപ്പോസിനെ പാത്രിയർക്കീസായി തെരഞ്ഞെടുക്കുകയും മേയ് 8 ന് ഷിനുഡ പാത്രിയർക്കീസ് അദ്ദേഹത്തെ പുതിയ സഭയുടെ തലവനായി വാഴിക്കുകയും ചെയ്തു. ആബൂന അന്തോണിയോസാണ് ഇപ്പോഴത്തെ പാത്രിയർക്കീസ്. 35 ലക്ഷത്തോളം വിശ്വാസികളുള്ള ഈ സഭയിൽ 1500 ഓളം പള്ളികളും പതിനായിരത്തോളം വൈദികരുമുണ്ട്. ആചാരാനുഷ്ഠാനങ്ങളിൽ എത്യോപ്യൻ സഭയുമായി യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. രണ്ടു സഭകളിലെയും സുന്നഹദോസുകൾ വളരെ സൗഹാർദ്ദത്തിൽ തന്നെ തുടരുന്നു.; അതിന്റെ അടയാളമായി ഇരു സുന്നഹദോസുകളും മൂന്നു വർഷത്തിൽ ഒരിക്കലെങ്കിലും ഒരുമിച്ചു സമ്മേളിക്കാറുണ്ട്.

**ചോദ്യങ്ങൾ**

1. എത്യോപ്യൻ സഭയുടെ ഉദ്ഭവം എന്ന്? എങ്ങിനെ?
2. 'ഒൻപതു വിശുദ്ധന്മാരുടെ' പ്രവർത്തനങ്ങളുടെ പ്രാധാന്യമെന്ത്?
3. അലക്സന്ത്രിയൻസഭയും, എത്യോപ്യൻ സഭയുമായുള്ള ബന്ധത്തിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.
4. എരിട്രിയൻ സഭയുടെ ഉത്ഭവം, വളർച്ച ഇവ വിവരിക്കുക.

## പാഠം 4

# അർമീനിയൻ സഭ

❑ സുവിശേഷത്തിന്റെ ആഗമനം ❑ അർമീനിയൻ സഭയും ആകമാന സുന്നഹദോസുകളും ❑ മുസ്ലീം ഭരണത്തിൻകീഴിൽ ❑ ആന്തരിക കലഹങ്ങൾ ❑ ആധുനിക അവസ്ഥ.

ക്രിസ്തുമതത്തെ ഔദ്യോഗികമതമായി ഏറ്റവും ആദ്യം പ്രഖ്യാപിച്ച രാജ്യമാണ് അർമീനിയ. ഏ. ഡി. 301-ൽ തന്നെ ക്രിസ്തുമതം ഇവിടെ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിനു വേണ്ടി നിരന്തര പോരാട്ടം നടത്തേണ്ടി വന്നിട്ടുള്ള ഒരു ജനതയുടെ ചരിത്രമാണ് നമ്മൾ പഠിക്കുന്നത്. ഇന്ന് അർമീനിയ റഷ്യയിലും, തുർക്കിയിലും, ഇറാനിലുമായി വിഭജിക്കപ്പെട്ടു കിടക്കുന്നു.

## (a) സുവിശേഷത്തിന്റെ ആഗമനം

അർമീനിയായിൽ ക്രിസ്തീയസഭയുടെ തുടക്കം എങ്ങനെയുണ്ടായി എന്നു കൃത്യമായി പറയുവാൻ പ്രയാസമാണ്. പാരമ്പര്യമനുസരിച്ച് ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുവിന്റെ സന്ദേശം ഇവിടെ എത്തിയിരുന്നു. അപ്പോസ്തലന്മാരായ തദ്ദായിയേയും ബർത്തലോമിയായേയുമാണു തങ്ങളുടെ സഭയുടെ സ്ഥാപകരായി അർമീനിയക്കാർ കാണുന്നത്. ഇവർ രണ്ടു പേരും അവിടെ വച്ചു രക്തസാക്ഷികളായി എന്നും പറയുന്നു. എന്നാൽ ഈ പാരമ്പര്യങ്ങൾ വസ്തുതകളുടേയും ഭാവനകളുടേയും ഒരു മിശ്രിതമായിട്ടാണ് ആധുനിക ചരിത്രകാരന്മാരെല്ലാം കണക്കാക്കുന്നത്. ഏതായിരുന്നാലും നാലാം നൂറ്റാണ്ടിനു മുമ്പു തന്നെ അർമീനിയായിൽ സഭ രൂപം കൊണ്ടു എന്നത് ഒരുപക്ഷേ ശരിയായിരിക്കാം. അർമീനിയായുടെ പടിഞ്ഞാറും തെക്കും കിടക്കുന്ന രാജ്യങ്ങളിലെല്ലാം വളരെ നേരത്തെ തന്നെ സുവിശേഷം എത്തിയിരുന്നതിനാൽ അധികം താമസിയാതെ അത് ഇങ്ങോട്ടും വ്യാപിച്ചിരിക്കാൻ ഇടയുണ്ട്. അതിനാൽ അർമീനിയൻ ക്രിസ്തീയസഭയുടെ ഉദ്ഭവം ഒന്നോ രണ്ടോ വ്യക്തികളോടു മാത്രം ബന്ധപ്പെടുത്തി ചിന്തിക്കുന്നതു ശരിയായിരിക്കുകയില്ല. പല ആളുകളുടെ വളരെ നാളത്തെ പരിശ്രമഫലമായിട്ടാണ് ഇവിടെ സഭ രൂപീകൃതമായതെന്നു പറയാം.

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഗ്രിഗറി ദ ഇല്യൂമിനേറ്റർ (Gregory the Illuminator) എന്നയാൾ പ്രവർത്തനരംഗത്തു വന്നതോടെയാണു സഭ ശരിയായ വളർച്ചയിലെത്തിയത്. യവന സംസ്കാരത്തിൽ വളർത്തപ്പെട്ടവനായ ഗ്രിഗറി, കേസര്യയായിൽ വേദശാസ്ത്ര പഠനങ്ങൾ നടത്തിയ ശേഷമാണ് അർമീനിയായിൽ എത്തുന്നത്. മസ്ട്രിയൻ മതക്കാരായിരുന്ന അർമീനിയക്കാരെ ക്രിസ്തുമാർഗത്തിലേക്കു കൊണ്ടുവരാൻ വളരെ പ്രയാസപ്പെടേണ്ടി വന്നു. വളരെക്കാലത്തെ പരിശ്രമത്തിന്റെ ഫലമായി ടൈരി

ഡേറ്റ്സ് (Tiridates) രാജാവിനെ ക്രിസ്ത്യാനി ആക്കുവാൻ ഗ്രിഗറിക്കു സാധിച്ചു. അതോടെ ക്രിസ്തുമതം അർമീനിയായിലെ ഔദ്യോഗികമതമായി പ്രഖ്യാപിക്കപ്പെട്ടു (എ. ഡി. 301). പിന്നീടുള്ള സഭയുടെ വളർച്ച ശീഘ്രഗതിയിലായിരുന്നു. അധികം താമസംകൂടാതെ ഗ്രിഗറി കേസര്യായിൽ പോയി മേല്പട്ടസ്ഥാനമേറ്റ് തിരികെവന്ന് (എ. ഡി. 302) അർമീനിയൻ സഭയെ ഭരിച്ചു. തിരികെപോന്നപ്പോൾ കപ്പദോക്യയിൽനിന്നും കുറെ ഗ്രീക്കു സന്യാസിമാരെയും കൂട്ടിക്കൊണ്ടു പോന്നു. ഇവർ സന്യാസപ്രസ്ഥാനത്തിനു തുടക്കം കുറിക്കുകയും സഭയെ പണിയുവാൻ ഗ്രിഗറിയെ സഹായിക്കുകയും ചെയ്തു. ഗ്രിഗറിയുടെ കാലശേഷം അദ്ദേഹത്തിന്റെ മകൻ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ഇങ്ങനെ മേൽപ്പട്ടസ്ഥാനം കുറേക്കാലത്തേക്ക് ആ കുടുംബത്തിൽ തന്നെ നിലനിന്നിരുന്നു. ഈ സ്ഥാനം ഒരു പിൻതുടർച്ചാവകാശമെന്ന നിലയിലല്ല നിലനിന്നിരുന്നത്. ഓരോ പ്രാവശ്യവും സഭ ആ കുടുംബത്തിലെ ആളുകളെ തന്നെ തിരഞ്ഞെടുക്കുവാൻ ഇടയായി എന്നാണ് അർമീനിയൻ ചരിത്രകാരന്മാരുടെ അഭിപ്രായം.

ഗ്രീക്ക് ആരാധനാക്രമങ്ങളാണ് ഇവർ ആദ്യം ഉപയോഗിച്ചിരുന്നത്. അർമീനിയൻ ഭാഷയ്ക്ക് അക്ഷരങ്ങളില്ലാതിരുന്നതിനാൽ ഒന്നും തർജമ ചെയ്യുവാൻ സാധിച്ചിരുന്നില്ല. നാലാം നൂറ്റാണ്ടിന്റെ അവസാനമോ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണു മെസ്റോപ് മസ്റ്റോക്ക് (Mesrop Mastoc) എന്നയാളിന്റെ പരിശ്രമഫലമായി അർമീനിയൻ ലിപികൾ നിർമിതമാകുന്നത്. അധികം താമസിയാതെ തന്നെ വി. വേദപുസ്തകവും ആരാധനാക്രമങ്ങളും അർമീനിയൻ ഭാഷയിലേക്ക് തർജമ ചെയ്യപ്പെട്ടു. കാലക്രമത്തിൽ ആരാധനയിലും മറ്റും പ്രാദേശികമായ വ്യത്യാസങ്ങൾ വരുത്തി തങ്ങളുടെ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു.

## (b) അർമീനിയൻ സഭയും ആകമാന സുന്നഹദോസുകളും

ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ചു തീരുമാനങ്ങൾ എടുത്ത എഫേസോസ് സുന്നഹദോസിലും കല്ക്കദോൻ സുന്നഹദോസിലും അർമീനിയക്കാർ പങ്കെടുത്തിരുന്നില്ല. എഫേസോസ് സുന്നഹദോസിന്റെ നിശ്ചയങ്ങൾ അവരെ അറിയിക്കുകയും അവർ സുന്നഹദോസിനെ അംഗീകരിക്കുകയും ചെയ്തു. അലക്സന്ത്രിയൻ ചിന്താഗതിയോട് അനുഭാവമുള്ളവരായിരുന്നു അന്നത്തെ അർമീനിയൻ സഭയിലെ നേതാക്കന്മാർ എന്നതിനാൽ നെസ്തോറിയസിനെ വേദവിപരീതിയായി തള്ളുന്നതിന് അവർ വൈമനസ്യം പ്രകടിപ്പിച്ചില്ല.

കല്ക്കദോൻ സുന്നഹദോസിന്റെ സമയത്ത് അർമീനിയക്കാർ പേർഷ്യയുമായി ഒരു ജീവൻമരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അതിനാൽ സുന്നഹദോസിലേക്കു പ്രതിനിധികളെ അയക്കുവാനോ അവി

ടെ നടന്ന തീരുമാനങ്ങളെ വിലയിരുത്തി ഔദ്യോഗിക തീരുമാനം കൈക്കൊള്ളുന്നതിനോ അവർക്ക് കഴിഞ്ഞില്ല. സുന്നഹദോസിനു ശേഷം ഏതാണ്ട് 50 വർഷങ്ങളോളം കഴിഞ്ഞാണ് അവർ കല്ക്കദോൻ സുന്നഹദോസിനെ ഔദ്യോഗികമായി നിരസിക്കുന്നത്. എന്നാൽ ഈ 50 വർഷക്കാലം അവർ സുന്നഹദോസിനെക്കുറിച്ച് അജ്ഞരായിരുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. സഭാംഗങ്ങളുടെ ഇടയിൽ കർത്താവിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നിട്ടുണ്ട്, പല അർമീനിയൻ വേദശാസ്ത്രജ്ഞന്മാരും കല്ക്കദോൻ വിശ്വാസത്തിനെതിരായ പല പുസ്തകങ്ങളും ഈ കാലയളവിൽ രചിച്ചിട്ടുണ്ട്. അർമീനിയായിൽ അധികം സ്വാധീനം ചെലുത്തിയിരുന്നത് ക്രിസ്തുവിന്റെ സ്വാഭാവങ്ങളുടെ അവിഭാജ്യത ഊന്നിപ്പറയുന്ന അലക്സന്ത്രിയൻ ചിന്താഗതിയായിരുന്നതിനാൽ എ. ഡി. 506–ൽ Dowin എന്ന സ്ഥലത്തു കൂടിയ സുന്നഹദോസ് എതിർപ്പ് കൂടാതെ ഔദ്യോഗികമായി കല്ക്കദോൻ സുന്നഹദോസിനെ തള്ളിപ്പറഞ്ഞു.

## (c) മുസ്ലീം ഭരണത്തിൻ കീഴിൽ

മറ്റെല്ലാ കല്ക്കദോൻ വിരോധികളും ചെയ്തതുപോലെ തന്നെ അർമീനിയക്കാരും അറബികളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. കല്ക്കദോന്യരായ ഗ്രീക്കുകാരിൽ നിന്ന് ഇനി പീഡകൾ നേരിടേണ്ടി വരികയില്ലല്ലോ എന്ന് ചിന്തിച്ച് അവർ സന്തോഷിച്ചു. എന്നാൽ അല്പകാലത്തെ സൗഹാർദ്ദത്തിനു ശേഷം അർമീനിയാക്കാരോടും അറബികൾ ക്രൂരമായി പെരുമാറാൻ തുടങ്ങി. നികുതികൾ വളരെ അധികം വർദ്ധിച്ചപ്പോൾ ജനങ്ങൾ നികുതിപിരിവുകാരെ കൊല ചെയ്തു. അറബികൾ ശക്തിയോടെ തിരിച്ചടിച്ചു. പുരോഹിതന്മാരെ കൊല്ലുകയും പള്ളികൾ നശിപ്പിക്കുകയും ചെയ്തു. പീഡകളുടെ ശക്തിയേറിയതോടെ സഭാ തലസ്ഥാനം പലസ്ഥലങ്ങളിലേക്കും മാറ്റേണ്ടതായി വന്നു. ചുരുക്കത്തിൽ സഭയുടെ തലവനായ കാതോലിക്കാ സ്ഥിരമായ ആസ്ഥാനം ഇല്ലാത്തവനായി തീർന്നു.

അറബികളേക്കാൾ ഭീകരരായിരുന്ന തുർക്കികൾ അർമീനിയൻസഭയെ കൂടുതൽ പീഡിപ്പിച്ചു. 11–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടമായപ്പോഴേക്കും കഷ്ടതകൾ സഹിക്കവയ്യാതെ ഒരു നല്ല ശതമാനം അർമീനിയക്കാർ കിലിക്യ പ്രദേശത്തേക്കു കുടിയേറിപ്പാർത്തു. 1080–ൽ രൂബേൻ എന്ന രാജകുമാരൻ മുസ്ലീമുകളുടെ കൈയിൽ നിന്നു കിലിക്ക്യയുടെ കുറെ സ്ഥലങ്ങൾ പിടിച്ചെടുത്തു. സിസ് (Sis) എന്ന സ്ഥലം തലസ്ഥാനമാക്കി രൂബേന്യ രാജവംശം ഭരണം നടത്തിക്കൊണ്ടിരുന്നു. ഇവർ പാശ്ചാത്യരുമായി വളരെ നല്ല ബന്ധങ്ങൾ സ്ഥാപിച്ചു. ആസ്ഥാനമില്ലാതെ നടന്നിരുന്ന കാതോലിക്കായും സിസ് തന്റെ ആസ്ഥാനമായി ഉറപ്പിച്ചു. 14–ാം നൂറ്റാണ്ടിൽ തുർക്കികൾ ഈ രാജവംശത്തെ കീഴടക്കി.

## (d) ആന്തരിക കലഹങ്ങൾ

രൂബേന്യ രാജവംശം പാശ്ചാത്യരോടു കൂടുതൽ അടുപ്പം കാണിച്ചിരുന്നു. സഭാതലത്തിലും റോമൻ കത്തോലിക്കരുമായി അർമീനിയൻസഭ കൂടുതൽ അടുക്കുവാൻ തുടങ്ങി. ഈ നീക്കം സഭയുടെ പാരമ്പര്യത്തിനും വിശ്വാസത്തിനും യോജിച്ചതല്ല എന്നു പറഞ്ഞുകൊണ്ട് അർമീനിയായുടെ കിഴക്കെ ഭാഗത്തുള്ളവർ അതിനെ എതിർത്തു. എന്നാൽ എതിർപ്പുകളെ വകവെയ്ക്കാതെ റോമൻ കത്തോലിക്കാ സഭയുമായി യോജിക്കുന്നതിനെകുറിച്ച് ആലോചിക്കുവാൻ വേണ്ട നീക്കങ്ങൾ കാതോലിക്കാ ആരംഭിച്ചു. ചില കിലിക്ക്യൻ എപ്പിസ്ക്കോപ്പന്മാരും ഇതിനു പിന്തുണ നല്കി. അവസാനം സഭയിലെ കാതോലിക്കായുടെ നീക്കത്തിൽ പ്രതിഷേധിച്ചവർ അഗ്തമാർ (Aghthamar) എന്ന സ്ഥലത്തു ഒരു പുതിയ കാതോലിക്കായെ വാഴിച്ചു. ഇരു വിഭാഗങ്ങളും തമ്മിൽ വളരെ കലഹങ്ങൾ നടത്തിയശേഷം 1409–ൽ ഇരു വിഭാഗക്കാരും സമാധാനപരമായി, ആരും ആരെയും തള്ളിപ്പറയാതെ, തങ്ങളുടെ അധികാരപരിധിയിൽ മാത്രം നിന്നുകൊണ്ടു പ്രവർത്തനം തുടരുവാൻ തീരുമാനിച്ചു.

വീണ്ടും കലഹങ്ങൾ ഉണ്ടായതിന്റെ പേരിൽ എച്ച്മിയാഡ്സെൻ എന്ന സ്ഥലത്തു മൂന്നാമതൊരു കാതോലിക്കാ കൂടെ നിലവിൽ വന്നു. ഗ്രിഗറി ദ ഇല്യൂമിനേറ്ററിന്റെ കാലത്തു സഭാതലസ്ഥാനം ഇവിടെ ആയിരുന്നു എന്നതിനാൽ കാലക്രമത്തിൽ ഈ സ്ഥലത്തെ ആളിനു കൂടുതൽ ആദരവ് ലഭിച്ചു. 1895–ൽ അഗ്ത്തമാറിലെ കാതോലിക്കാ സ്ഥാനം നിലച്ചുപോയി. മറ്റു രണ്ടു സ്ഥാനങ്ങളും ഇന്നും നിലനില്ക്കുന്നു. എല്ലാ അർമീനിയക്കാരുടെയും പരമാധികാരിയായി ഗണിക്കപ്പെടുന്നത് എച്ച്മിയാഡ്സെനിലെ കാതോലിക്കായാണ്. തുർക്കികളുടെ ആക്രമണം മൂലം 1921 മുതൽ ലെബാനോനിൽ വസിക്കുന്ന സിസിലെ കാതോലിക്കായ്ക്കും ഒരു സഭയുടെ പരമാദ്ധ്യക്ഷനടുത്ത എല്ലാ അവകാശങ്ങളുമുണ്ട്. എന്നാൽ അർമീനിയായ്ക്കു പുറത്തു ഭദ്രാസനങ്ങൾ സ്ഥാപിക്കുവാനുള്ള അവകാശം എച്ച്മിയാഡ്സെനിലെ ഭരണാധികാരിക്കു മാത്രമേയുള്ളൂ.

ഈ രണ്ടു സ്ഥാപനങ്ങൾക്കും പുറമേ രണ്ടു പാത്രിയർക്കീസുമാർ കൂടെ ഈ സഭയിൽ തന്നെയുണ്ട്. (1) ഇവയിൽ ആദ്യം സ്ഥാപിതമായതു കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കേറ്റാണ് (1461 എ.ഡി). തുർക്കികൾ കുസ്തന്തിനോസ്പോലീസ് കീഴടക്കിയപ്പോൾ ക്രിസ്ത്യാനികളുടെ മതപരവും സാമൂഹ്യവുമായ ഭരണം മുഴുവനും ക്രിസ്തീയ മേലധികാരികൾക്ക് വിട്ടു കൊടുത്തു. അപ്പോൾ കുസ്തന്തീനോസ്പോലീസിലെ അർമീനിയക്കാരെ ഭരിക്കുന്നതിന് അവിടെ ഒരു ആത്മീയ നേതാവിനെ ആവശ്യമായി വന്നു. ഈ സ്ഥാനത്തേക്ക് വെറുമൊരു എപ്പിസ്ക്കോപ്പായെ നിയമിച്ചാൽ മതിയാവുകയില്ല എന്നതിനാൽ കുസ്തന്തീനോസ്പോലീസിലെ മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് എന്ന പദവി കൊടുത്തു. (2) രണ്ടാ

മത്തെ പാത്രിയർക്കാ സ്ഥാനം യരുശലേമിനാണ്. യരുശലേമിലെ അർമീനിയൻ ആശ്രമങ്ങളുടെ മേൽനോട്ടത്തിനും വി. സ്ഥലങ്ങളുടെ സൂക്ഷിപ്പിനുമായിട്ടാണ് 18-ാം നൂറ്റാണ്ടിൽ ഇവിടെയുമൊരു പാത്രിയർക്കാ ആസ്ഥാനമുണ്ടാക്കിയത്. ഈ രണ്ടു പാത്രിയർക്കീസന്മാർക്കും കാതോലിക്കായുടെ അധികാരങ്ങളും പദവികളും ഇല്ല. പാത്രിയർക്കീസന്മാർ എന്ന നാമം ഉണ്ടെന്നല്ലാതെ വി. മൂറാൻ കൂദാശ ചെയ്യുന്നതിനും മറ്റും അവർക്ക് അധികാരമില്ല.

## (e) ആധുനിക അവസ്ഥ

19-ാം നൂറ്റാണ്ടു വരെ അർമീനിയായുടെ കിഴക്കെഭാഗം പേർഷ്യയുടെ അധീനതയിലും പടിഞ്ഞാറെഭാഗം തുർക്കികളുടെ കീഴിലുമായിരുന്നു. 19-ാം നൂറ്റാണ്ടിലാണു റഷ്യക്കാർ രംഗപ്രവേശനം നടത്തുന്നത്. പേർഷ്യൻ ആധിപത്യത്തിലിരുന്ന എച്ച്മിയാഡ്സെൻ ഉൾപ്പെടെ ഒരു നല്ല ഭാഗം അവർ കീഴടക്കി. തുർക്കികളുടെ പീഡകൾ സഹിക്കവയ്യാതെ പല അർമീനിയക്കാരും റഷ്യൻ ഭാഗത്തേക്ക് പലായനം ചെയ്തു. ഒരു നാൾ ഒരു സ്വതന്ത്ര അർമീനിയ കെട്ടിപ്പടുക്കുവാൻ സാധിക്കുമെന്ന് ഇവർ സ്വപ്നം കണ്ടിരുന്നു. എന്നാൽ അതിന് ഒട്ടും ഇടം കൊടുത്തില്ല. ഏതായാലും റഷ്യക്കാർ അവരെ പീഡിപ്പിച്ചില്ല. സമാധാനപരമായ അന്തരീക്ഷത്തിൽ ഒരാത്മീക നവോത്ഥാനം തന്നെ ഈ റഷ്യൻ ഭാഗത്തുണ്ടായി. അതെ സമയം തുർക്കിയിൽ ശേഷിച്ചവർ 1921 ആയപ്പോഴേക്കും സിറിയാ, ലെബാനോൻ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തേക്കും ഓടിപ്പോകുവാൻ നിർബന്ധിതരായി

1920 ആയപ്പോഴേയ്ക്കും റഷ്യക്കാർ അർമീനിയായുടെ കുറെ ഭാഗം കൂടെ കൈവശമാക്കി. കമ്യൂണിസ്റ്റു ഭരണാധികാരികൾ ക്രിസ്ത്യാനികളോട് ഒട്ടും നീതി കാണിച്ചില്ല. ആരാധനാ സ്വാതന്ത്ര്യം ഒഴികെ മറ്റെല്ലാം അവർക്കു വിരോധിക്കപ്പെട്ടു. എന്നാൽ രണ്ടാം ലോക മഹായുദ്ധത്തോടെ ഈ പ്രതികരണത്തിനു വ്യതിയാനം സംഭവിച്ചു. സഭയ്ക്കു അർമീനിയൻ ജനങ്ങളെ സ്വാധീനിക്കാൻ കഴിയുമെന്നു കണ്ട ഭരണാധികാരികൾ സഭയോടു ദയവു കാട്ടുവാൻ തുടങ്ങി. യുദ്ധകാലത്ത് റഷ്യയുടെ ഐക്യം നിലനിർത്തുന്നതിനു ജനങ്ങളുടെ പിന്തുണ സർക്കാരിന് ആവശ്യമായിരുന്നു. കേവോർ ആറാമൻ കാതോലിക്കായ്ക്കു സഭയുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ അനുവാദം ലഭിച്ചു. ഒരു വൈദികസെമിനാരിയും അധികം താമസിയാതെ സ്ഥാപിതമായി.

ഇന്ന് അറുപതു ലക്ഷത്തോളം ഓർത്തഡോക്സുകാർ എച്ച്മിയാഡ്സെനിലെ കാതോലിക്കായുടെ കീഴിലും അഞ്ചു ലക്ഷത്തോളം പേർസിസിലെ കാതോലിക്കായുടെ കീഴിലുമുണ്ട്. ഇപ്പോൾ എച്ച്മിയാഡ്സെനിന്റെ കീഴിൽ ഏതാണ്ടു 33 മേല്പട്ടക്കാരും ഇപ്പോൾ ലെബാനോനിൽ താമസിക്കുന്ന

സിസിലെ കാതോലിക്കായുടെ കീഴിൽ 14 മേൽപ്പട്ടക്കാരുമുണ്ട്.

## (f) ആചാരാനുഷ്ഠാനങ്ങൾ

വി. കുർബാനയിൽ പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്ന ഏക പൗരസ്ത്യ സഭയാണ് അർമീനിയൻ ഓർത്തഡോക്സ്സഭ. കുർബാനയിൽ വീഞ്ഞിന്റെ കൂടെ വെള്ളം ചേർക്കുന്ന പതിവും ഇവർക്കില്ല. ഒരു വർഷം ഏതാണ്ടു 157 നോമ്പുദിവസങ്ങൾ ഉണ്ട്. ഇവർ പുരാതന പതിവനുസരിച്ച് ഇന്നും ക്രിസ്തുമസും ദനഹായും ആഘോഷിക്കുന്നു. ജനനപ്പെരുന്നാളിനു മുമ്പ് 50 ദിവസങ്ങളും മറുരൂപപ്പെരുന്നാൾ, മാതാവിന്റെ സ്വർഗ്ഗാരോഹണം, സ്ലീബാ പെരുന്നാൾ എന്നിവയ്ക്ക് ഓരോ ആഴ്ചയും നോമ്പ് ആചരിക്കുന്ന പതിവുണ്ട്. 9 നേരത്തെ പ്രാർത്ഥനകളാണ് അർമ്മീനിയൻ പാരമ്പര്യത്തിലുള്ളത്. സൂത്താറയ്ക്കു ശേഷവും പ്രഭാതത്തിനും മൂന്നാം മണിയ്ക്കു ഇടയിലും ഓരോ യാമങ്ങൾ കൂടുതലായുണ്ട്. ചില ഞായറാഴ്ചകളിലും പെരുന്നാൾ ദിവസങ്ങളിലും മൃഗങ്ങളെ ബലി കഴിക്കുന്ന പതിവ് ഈ സഭയിൽ നിലനില്ക്കുന്നു. അതിനായി പള്ളിയോടനുബന്ധിച്ച് പ്രത്യേക സ്ഥലം ക്രമീകരിച്ചിട്ടുണ്ട്. അച്ചന്മാർക്കും, മേല്പട്ടക്കാർക്കും, കാതോലിക്കയ്ക്കും പട്ടം കൊടുക്കുമ്പോൾ വീണ്ടും വീണ്ടും മൂറോൻ അഭിഷേകം ചെയ്യുന്ന പതിവും ഇവർക്കുണ്ട്.

### ചോദ്യങ്ങൾ

1. അർമീനിയൻ സഭയിൽ ഒന്നിൽകൂടുതൽ കാതോലിക്കാമാരും, പാത്രിയർക്കീസന്മാരും ഉണ്ടായതെങ്ങനെ?
2. അർമീനിയൻ സഭയുടെ 19, 20 നൂറ്റാണ്ടിലെ അവസ്ഥ എന്ത്?
3. അർമീനിയൻ സഭ കല്ക്കദോൻ സുന്നഹദോസിനെ തള്ളിക്കളഞ്ഞത് എങ്ങനെ?

## പാഠം 5

# ഭാരതീയ ഓർത്തഡോക്സ് സഭ

❑ സഭാസ്ഥാപനം ❑ പേർഷ്യൻസഭയുമായുള്ള ബന്ധം ❑ റോമൻ കത്തോലിക്കരുമായുള്ള ബന്ധം ❑ അന്ത്യോഖ്യൻ ബന്ധം ❑ സഭ പൂർണ്ണസ്വാതന്ത്ര്യം പ്രാപിക്കുന്നു ❑ മലങ്കരസഭയും, കല്ക്കദോൻ സുന്നഹദോസും ❑ ഇന്നത്തെ അവസ്ഥ

## (a) സഭാ സ്ഥാപനം

അപ്പോസ്തലനായ തോമസ് ആണ് ഇൻഡ്യയിലാദ്യമായി സുവിശേഷം പ്രസംഗിച്ച് ഒരു സഭ സ്ഥാപിച്ചത് എന്നു നാം വിശ്വസിക്കുന്നു. ഇതു തെളിയിക്കുവാൻ ചരിത്രപരമായ രേഖകൾ ഒന്നും ലഭ്യമല്ലെങ്കിലും ശക്തമായ പാരമ്പര്യം ഇന്നും നിലനിൽക്കുന്നു. 'തോമ്മായുടെ പ്രവൃത്തികൾ' എന്ന പുസ്തകത്തിൽ വിവരിക്കുന്നതനുസരിച്ചു ഗോണ്ടഫോറസ് രാജാവിന്റെ കാലത്തു വടക്കേ ഇൻഡ്യയിൽ തോമ്മാശ്ലീഹാ ഒരു ശില്പിയായി വന്ന് സുവിശേഷവേല ആരംഭിച്ചു . എന്നാൽ ദക്ഷിണേന്ത്യയിൽ നമ്മുടെ ഇടയിൽ നിലവിലുള്ള പാരമ്പര്യമനുസരിച്ച് തോമ്മാശ്ലീഹാ എ. ഡി. 52-ൽ കൊടുങ്ങല്ലൂരിൽ വരുകയും സുവിശേഷവേല ആരംഭിക്കുകയും, ഏഴു പള്ളികൾ സ്ഥാപിക്കുകയും നാലു കുടംബങ്ങളിൽ നിന്നു പുരോഹിതന്മാരെ നിയമിച്ചാക്കുകയും ചെയ്തു. തെക്കേ ഇൻഡ്യയിൽ നിന്നാരംഭിച്ച വേലയെ തുടർന്നു ചൈനാ വരെയും സുവിശേഷം പ്രസംഗിച്ചശേഷം ശ്ലീഹാ തെക്കേ ഇൻഡ്യയിൽ തിരികെ വന്നു. എ. ഡി. 72-ൽ രക്തസാക്ഷിയായി മൈലാപ്പൂരിൽ അടക്കപ്പെട്ടു എന്നും രണ്ടാം നൂറ്റാണ്ടോടെ അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ എഡേസ്സായിലേക്കു കൊണ്ടുപോയി എന്നും വിശ്വസിക്കപ്പെടുന്നു. അക്കാലത്തു ജീവിച്ചിരുന്ന ആരും ഈ സംഗതികൾ എഴുതിവച്ചിട്ടില്ലാത്തതുകൊണ്ടു മാത്രം ഇത് അസത്യമാണെന്നു പറഞ്ഞു തള്ളിക്കളയേണ്ടതല്ല. ഈ പാരമ്പര്യം നമ്മുടെ ക്രിസ്തീയസമൂഹം വളരെ ശക്തമായി എന്നും വിശ്വസിച്ചിട്ടുള്ളതും ഇന്നും വിശ്വസിക്കുന്നതുമായതിനാൽ അതിന് അതിന്റേതായ വിലയുണ്ട്. ഏതായാലും മലബാർ തീരത്ത് വളരെ നേരത്തെ തന്നെ സുവിശേഷം എത്തിയെന്നതിന് തെളിവുകളുണ്ട്.

## (b) പേർഷ്യൻ സഭയുമായുള്ള ബന്ധം

ഭാരതത്തിലെ സഭ പേർഷ്യൻ സഭയുമായി ഒരുപക്ഷേ 3-ാം നൂറ്റാണ്ടിൽ തന്നെ ബന്ധങ്ങൾ ആരംഭിച്ചിരുന്നിരിക്കണം. എ. ഡി. 345- ലെ ക്നായി തോമായുടെ ആഗമനം ഈ ബന്ധം ശക്തിപ്പെടുത്തി. പേർഷ്യയിലെ സാപ്പോർ രണ്ടാമൻ രാജാവിന്റെ കാലത്തുണ്ടായ പീഡ (അടുത്ത പാഠം നോക്കുക) യിൽ നിന്നും രക്ഷ നേടുവാനാണു ക്നായിതോമായും കൂട്ടരും പേർഷ്യയിൽ നിന്നും കപ്പൽ കയറി നമ്മുടെ നാട്ടിൽ എത്തിയത്. അദ്ദേഹത്തിന്റെ കൂടെ ഒരു മേല്പട്ടക്കാരനും പട്ടക്കാരും ജനങ്ങളുമുണ്ടായിരുന്നു.

ക്നായി തോമായ്ക്ക് അന്നത്തെ ഭരണാധികാരി ഒരു ചേപ്പേട് എഴുതി പല അവകാശങ്ങളും നല്കി. അതിനാൽ ഇതൊരു ചരിത്ര സത്യമാണെന്നതിന് ഇനി തെളിവ് ആവശ്യമില്ലല്ലോ.

ആധുനിക ചരിത്രകാരന്മാരെല്ലാം അംഗീകരിക്കുന്ന മറ്റൊരു തെളിവ് കോസ്മോസ് ഇൻഡികോപ്ലസ്റ്റസ് തന്റെ ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളാണ്. എ. ഡി. 6-ാം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യ സന്ദർശിച്ച കോസ്മോസ് എഴുതുന്നത്, അദ്ദേഹം സഞ്ചരിച്ചിരുന്ന സ്ഥലങ്ങളിൽ ക്രിസ്തുമതം പേർഷ്യായിലെ നെസ്തോറിയാ പഠിപ്പിക്കലിൻപ്രകാരം വ്യാപിച്ചിരുന്നതായി കണ്ടു എന്നാണ്. ഇങ്ങനെ ഒരു സഭ മലബാറിലുള്ളതായും കല്യാൺ എന്ന സ്ഥലത്ത് (Bombay) പേർഷ്യയിൽ വാഴിക്കപ്പെട്ട ഒരു മെത്രാൻ ഭരിക്കുന്നതായും കോസ്മോസ് പറയുന്നു. ഈ പേർഷ്യൻ ബന്ധം 16-ാം നൂറ്റാണ്ടു വരെ ഇവിടെ തുടർന്നു.

എ. ഡി. 6-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ, നെസ്തോറിയ സഭയും, നെസ്തോറിനെ എതിർക്കുന്ന ഒരു കൂട്ടവും ഉണ്ടായിരുന്നു (അടുത്തപാഠം നോക്കുക). ഇതിൽ ഏതു കൂട്ടവുമായിട്ടായിരുന്നു നമ്മുടെ ബന്ധം? പേർഷ്യയിലെ സഭയുടെ ഭൂരിഭാഗവും 5-ാം നൂറ്റാണ്ടിൽ തന്നെ നെസ്തോറിയ വിശ്വാസം സ്വീകരിച്ചിരുന്നു. എതിർത്തിരുന്നവർ ഒരു ചെറിയ കൂട്ടം മാത്രമായിരുന്നു. അവർക്കു മെത്രാന്മാരെ വാഴിച്ച് ഇന്ത്യയിലേയ്ക്കയയ്ക്കുവാനുള്ള കഴിവ് ആ സമയത്തില്ലായിരുന്നു എന്നു തന്നെ പറയാം. 7-ാം നൂറ്റാണ്ടോടെ മാത്രമാണ് ഇവർ ഒരു സഭയായി രൂപീകരിക്കപ്പെട്ടത്. അതും അന്ത്യോഖ്യാ പാത്രിയർക്കീസാണ് രൂപീകരിക്കുന്നത് എന്നും രണ്ടാം പാഠത്തിൽ നമ്മൾ കണ്ടു കഴിഞ്ഞു. അതിനാൽ കോസ്മോസ് പറയുന്നതുപോലെ പേർഷ്യായിൽനിന്നു മലബാറിലേയ്ക്കു ഏഴാം നൂറ്റാണ്ടിന് മുമ്പു വന്നിരുന്ന ബിഷപ്പന്മാർ നെസ്തോറിയൻ സഭയാൽ അയയ്ക്കപ്പെട്ടവർ തന്നെ ആയിരുന്നിരിക്കണം.

എഴാം നൂറ്റാണ്ടിനു ശേഷവും പേർഷ്യയിലെ നെസ്തോറിയ വിരോധികൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള മഫ്രിയാനായാൽ ആണ് ഭരിക്കപ്പെട്ടിരുന്നത്. അതായത് അന്ത്യോഖ്യൻ സുറിയാനിസഭയിലെ ഒരു ഭാഗം മാത്രമായിരുന്നു ഈ പേർഷ്യൻ നെസ്തോറിയ വിരോധികൾ. ഇവർ 16-ാം നൂറ്റാണ്ടിനു മുമ്പ് ഇന്ത്യയിലേക്കു ബിഷപ്പുമാരെ അയച്ചിരുന്നതായി ഒരു രേഖയുമില്ല. എന്നാൽ പേർഷ്യയിലെ നെസ്തോറിയൻ സഭ ഇന്ത്യയിലേക്കു മേല്പട്ടക്കാരെ അയച്ചതിന് രേഖകൾ ഉണ്ടു താനും. 15-ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഉദയംപേരൂർ സുന്നഹദോസ് വരെ ഇവിടെ ഉണ്ടായിരുന്ന മെത്രാന്മാരെല്ലാം നെസ്തോറിയന്മാരായിരുന്നു എന്നത് പോർട്ടുഗീസുകാരും രേഖപ്പെടുത്തിയിരിക്കുന്നു.

### (c) റോമൻ കത്തോലിക്കരുമായുള്ള ബന്ധം

15-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടെയാണ് നമ്മൾ റോമൻ കത്തോലിക്കരുമായി ബന്ധപ്പെടുവാൻ തുടങ്ങിയത്. മാർപാപ്പായുടെ പരമാധികാരം പൂർണ്ണമായി അംഗീകരിച്ചിരുന്ന പോർട്ടുഗീസുകാർ പുതുതായി എത്തിച്ചേരുന്ന രാജ്യങ്ങളിൽ റോമൻ കത്തോലിക്കാ വിശ്വാസികളെ സൃഷ്ടിക്കാമെന്നു മാർപാപ്പായ്ക്കു വാഗ്ദാനം കൊടുത്തിരുന്നു. അതിനാൽ അവർ വന്നപ്പോൾ തന്നെ മിഷനറിമാർ കൂടെ ഉണ്ടായിരുന്നു. മലബാർ തീരത്ത് വേണ്ടവിധത്തിൽ സംഘടിക്കപ്പെട്ടിരുന്ന ഒരു ക്രിസ്തീയസഭ അവർ കണ്ടു. ഈ സഭയെയും പാപ്പായുടെ പരമാധികാരത്തിൻകീഴിൽ കൊണ്ടുവരണമെന്ന് അവർ നിശ്ചയിച്ചു. പക്ഷേ അവരുടെ പരിശ്രമങ്ങളെയെല്ലാം മലയാള ക്രിസ്ത്യാനികൾ എതിർത്തു. അവരും ശക്തമായ വേല തുടർന്നു. 1599-ൽ ഉദയംപേരൂർ സുന്നഹദോസിൽ പട്ടാള പിൻബലത്തോടെ നമ്മുടെ സഭയെ റോമൻ കത്തോലിക്കാസഭയുടെ അടിമയാക്കിതീർത്തു. മാർപാപ്പായ്ക്കു ലോകമെങ്ങും അധികാരമുണ്ട് എന്ന നിഗമനത്തിലാണ് സുന്നഹദോസ് തീരുമാനങ്ങൾ കൈക്കൊണ്ടത്.

എന്നാൽ അധികം താമസിയാതെ 1653-ൽ കൂനൻകുരിശു സത്യത്തോടെ ഭൂരിഭാഗമാളുകൾ റോമൻ കത്തോലിക്കരുടെ അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞു. അന്നു വിഘടിച്ചവരായിരുന്നു ഭൂരിപക്ഷമെങ്കിലും കത്തോലിക്കരുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഭൂരിഭാഗത്തേയും വീണ്ടും തങ്ങളുടെ കൂടെ ചേർക്കുവാൻ സാധിച്ചു. ഇങ്ങനെ അന്നുവരെ ഒന്നായി നിന്നിരുന്ന മലബാറിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നത ഉണ്ടായി.

റോമൻ കത്തോലിക്കർ പോർട്ടുഗീസ് പട്ടാള പിന്തുണയുടെ ബലത്താൽ അവരുടെ അധികാരം ഉറപ്പിക്കുന്നതിന് ഉദയംപേരൂർ സുന്നഹദോസിനു ശേഷം രണ്ടു കാര്യങ്ങൾ ചെയ്തു. ഒന്നാമത് മലങ്കരസഭയിൽ നിലവിലിരുന്ന ആരാധനാക്രമങ്ങൾ മുഴുവനും നശിപ്പിക്കുവാൻ ആരംഭിച്ചു. രണ്ടാമതായി പേർഷ്യൻ സഭയുമായി നമുക്കുണ്ടായിരുന്ന ബന്ധം പൂർണമായി വിച്ഛേദിച്ചു. അങ്ങനെ റോമൻ കത്തോലിക്കരോടു വിഘടിച്ച കൂട്ടത്തിനു ആരാധനക്രമങ്ങൾ ഇല്ലാതാവുകയും മേല്പട്ടക്കാരെ ലഭിക്കുവാൻ സാദ്ധ്യമാകാതെയും വന്നു.

## (d) അന്ത്യോഖ്യൻ ബന്ധം

കൂനൻകുരിശു സത്യം മുറുകെ പിടിച്ചിരുന്ന നമ്മുടെ പിതാക്കന്മാർ വിഷമവൃത്തത്തിലായി. ഏതെങ്കിലുമൊരു കിഴക്കൻസഭയിൽ നിന്നു മേല്പട്ടക്കാരെ ലഭിക്കുന്നതിനായി അവർ കോപ്റ്റിക്, അന്ത്യോഖ്യാ, പേർഷ്യാ മുതലായ സഭകളിലേയ്ക്കു എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു. ഇതിന് പ്രതികരണം ലഭിച്ചത് സുറിയാനി സഭയിൽ നിന്നു മാത്രമാണ്. ഇങ്ങനെ ഇവിടം മുതൽ നമ്മളും അന്ത്യോഖ്യാ സഭയുമായുള്ള ബന്ധം ആരംഭിക്കു

ന്നു. 1665-ൽ പോർട്ടുഗീസുകാർ ഭരണത്തിൽനിന്നു നീക്കപ്പെട്ടു കഴിഞ്ഞ്, ഇന്ത്യ ഡച്ചു ഭരണത്തിൻകീഴിൽ ഇരിക്കുന്ന കാലത്താണ് അന്ത്യോഖ്യൻ സഭയിൽ നിന്ന് ആദ്യമായി ഒരു മെത്രാൻ മലബാറിൽ എത്തുന്നത്. ഗ്രീഗോറിയോസ് എന്നറിയപ്പെടുന്ന ഇദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലെ യെറുശലേമിലെ മെത്രാപ്പോലീത്തയാണെന്ന് പറയപ്പെടുന്നു.

നമ്മൾ അയച്ച കത്തുകളിൽ നിന്നും നമ്മെ സഹായിക്കുവാൻ സാധിച്ചത് അന്ത്യോഖ്യാ സഭയ്ക്കു മാത്രമാണെന്ന സത്യം ആർക്കും മറച്ചുവയ്ക്കാൻ സാധിക്കുകയില്ല. എന്നാൽ ആ ബന്ധം ആരംഭിച്ചതു 17-ാം നൂറ്റാണ്ടിൽ മാത്രമാണ്. അതിനു മുമ്പ് അന്ത്യോഖ്യൻ സഭയും മലബാറിലെ സഭയും തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നു എന്നത് ഒരു സത്യം മാത്രമാണ്. മാർ ഗ്രീഗോറിയോസ് കൊണ്ടുവന്ന സുറിയാനി ആരാധനക്രമങ്ങൾ നമുക്കു പുതിയവ ആയിരുന്നു. വളരെ സാവധാനത്തിൽ മാത്രമാണ് നമ്മുടെ ആളുകൾക്ക് അവ മനസ്സിലാക്കി അവയുമായി ഇണങ്ങിച്ചേരുവാൻ സാധിച്ചത്. അല്ലാതെ മറ്റു നിവൃത്തിയുമില്ലായിരുന്നു. ഗ്രീഗോറിയോസിനു ശേഷം പല സിറിയൻ മെത്രാന്മാരും മലങ്കരയിൽ വരുവാനും ഭാഗം ഭാഗമായി അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ നമുക്കു തരുവാനും ഇടയായി. ഇന്നും ഇതു നമ്മൾ കാത്തുസൂക്ഷിക്കുന്നു. മാർ ഈവാനിയോസ്, കോതമംഗലത്തു കബറടങ്ങിയിരിക്കുന്ന മാർ ബസ്സേലിയോസ് തുടങ്ങിയവരാണ് ആദ്യകാലത്തു വന്ന സിറിയൻ മേൽപ്പട്ടക്കാർ.

18-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും മലങ്കരസഭയെ പൂർണ്ണമായും അന്ത്യോഖ്യായ്ക്കു കീഴ്പ്പെടുത്തണം എന്ന ഉദ്ദേശ്യത്തോടെ സിറിയൻ മെത്രാന്മാർ പെരുമാറുവാൻ തുടങ്ങി. നമ്മുടെ ആളുകൾ അന്നൊന്നും സമ്മതിച്ചതുമില്ല. പോർട്ടുഗീസുകാരെപ്പോലെ രാഷ്ട്രീയശക്തി പ്രയോഗിക്കുവാൻ അന്ത്യോഖ്യായ്ക്കു സാധിക്കുമായിരുന്നില്ല. എന്നാൽ ആത്മീയ അധികാരമെന്ന കീഴിൽ നമ്മെ അവരുടെ അടിമയിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. നമ്മുടെ സഭയുടെ ഉള്ളിലെ ചില വിള്ളലുകൾ പ്രശ്നം ഗുരുതരമാക്കി. ഇവിടെ രണ്ടു ഭാഗക്കാർ ഉണ്ടായിരുന്നതിൽ ഒരു ഭാഗം വിജയത്തിനായി പാത്രിയർക്കീസിന്റെ അധികാരം അംഗീകരിക്കുവാൻ തയ്യാറായി. മാർ ത്തോമാ സഭയുമായുള്ള കേസ് ജയിക്കുവാൻ മലങ്കരസഭയുടെ ഔദ്യോഗിക ഭാരവാഹികളെല്ലാം ഒരു ചുരുങ്ങിയ കാലഘട്ടത്തേക്കെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിച്ചു എന്നതും ഒരു ചരിത്ര സത്യമാണ്. നിലനില്പിനായി ഇതു ചെയ്യുവാൻ സഭ നിർബന്ധിതമായി. ഇതു പില്ക്കാലത്തു പ്രശ്നം സൃഷ്ടിക്കുമെന്ന് അന്നത്തെ സഭാനേതാക്കന്മാർ മുൻകൂട്ടി കണ്ടിരുന്നില്ല. ഇതോടെ ആരംഭിച്ച പ്രശ്നങ്ങൾ പലപ്പോഴും ഇടയ്ക്കു കെട്ടടങ്ങി എങ്കിലും ഇന്നും തുടരുന്നു.

അന്ത്യോഖ്യാക്കാർ വിഷമഘട്ടത്തിൽ ഭാരതത്തിലെ ഓർത്തഡോക്സ് സഭയെ സഹായിച്ചു എന്നത് ആർക്കും മറക്കാനാവില്ല. എന്നാൽ അതിന്റെ പേരിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ സാധിക്കുകയു മില്ല.

## (e) സഭ പൂർണ്ണ സ്വാതന്ത്ര്യം പ്രാപിക്കുന്നു

ഏതൊരു സഭയും മറ്റൊരു സഭയുടെ മേൽക്കോയ്മ പൊട്ടിച്ചെറിഞ്ഞു സ്വാതന്ത്ര്യം സ്ഥാപിക്കുന്നതു സ്വയംപ്രഖ്യാപനങ്ങളിലൂടെയാണ്. പേർ ഷ്യൻ സഭ 5-ാം നൂറ്റാണ്ടിൽ പൂർണ്ണ സ്വാതന്ത്ര്യം സ്ഥാപിച്ചതിങ്ങനെയാണ് (അടുത്ത പാഠം കാണുക). ഗ്രീക്ക് ഓർത്തഡോക്സ് സഭകളെല്ലാം സ്വാത ന്ത്ര്യം പ്രാപിച്ചതു സ്വയംപ്രഖ്യാപനങ്ങളിലൂടെയാണ് (അടുത്ത യൂണിറ്റ് കാണുക).

നമ്മുടെ സഭയ്ക്ക് അങ്ങിനെ എല്ലാ അധികാരങ്ങളോടും കൂടി ഒരു കാതോലിക്കാ തലവനായി ഉണ്ടാകുന്നത് 1912-ൽ മാത്രമാണ്. 1934-ൽ സ്വന്തമായി ഒരു ഭരണഘടന രൂപീകരിച്ചു തങ്ങൾ സ്വതന്ത്രരാണെന്ന് വീണ്ടും പ്രഖ്യാപിച്ചതോടെ മലങ്കരസഭയുടെ സ്വാതന്ത്ര്യം പൂർണമായി. 1958-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ഈ സ്വാതന്ത്ര്യം അംഗീകരിച്ചതു കൊണ്ടാണു കേസുകൾക്കു തൽക്കാലം തിരശ്ശീല വീണത്.

ഇത്രയും താമസിച്ച് ഈ സഭ സ്വതന്ത്രയായി എന്നതിൽ ഒരു കുറവും കാണുവാനില്ല. ആദിമകാലം മുതൽ വിദേശ മെത്രാന്മാരാലാണു നമ്മൾ ഭരിക്കപ്പെട്ടിരുന്നത്. എന്നാൽ 1912 മുതൽ ഒരു വിദേശ മെത്രാന്റെയും സഹായം നമുക്കാവശ്യമില്ല.

## (f) മലങ്കരസഭയും കല്ക്കദോൻ സുന്നഹദോസും

എ. ഡി. 451-ൽ നടന്ന കല്ക്കദോൻ സുന്നഹദോസിൽ മലങ്കരസഭയി ൽനിന്നാരും പങ്കെടുത്തില്ല. ഒരുപക്ഷേ 17-ാം നൂറ്റാണ്ടു വരെ അങ്ങനെയൊരു സുന്നഹദോസിനെക്കുറിച്ചു നമുക്ക് അറിവു പോലും ഉണ്ടായിരുന്നോ എന്നു സംശയമാണ്. ചരിത്രപരമായി, അന്ത്യോഖ്യാക്കാർ വന്നതിനുശേഷം അവ രുടെ സ്വാധീനത്താൽ മാത്രമാണു നമ്മൾ കല്ക്കദോൻ സുന്നഹദോസിനെ തള്ളിപ്പറയുന്ന ഒരു പൗരസ്ത്യ ഓർത്തഡോക്സ് സഭയായി തീർന്നത്. അന്ത്യോഖ്യൻ വിശ്വാസം എത്രമാത്രം നമ്മിലേക്കു പകർന്നു എന്നതിന് ഇത് ഒരു ഉദാഹരണം മാത്രമാണ്.

## (g) ഇന്നത്തെ അവസ്ഥ

നമ്മുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് സഭാംഗങ്ങളായവർക്ക് അറിവു ള്ളതു തന്നെ. അതിനാൽ കുറച്ചു സംഖ്യകൾ മാത്രം ഇവിടെ ഉദ്ധരിക്കട്ടെ. ഇന്നു നിലവിലുള്ള ഓർത്തഡോക്സ് സഭയും അന്ത്യോഖ്യൻ പാത്രിയർക്കീ

സിന്റെ കീഴിൽ നിൽക്കുന്ന വിഘടിത വിഭാഗവും കൂടി ചേർന്നാൽ ഏതാണ്ട് 25 ലക്ഷത്തോളം വിശ്വാസികൾ മലങ്കരസഭയിലുണ്ട്. 21 ഭദ്രാസനങ്ങൾ, 1800 പള്ളികൾ, 1500 വൈദികർ, 22 ആശ്രമങ്ങൾ, 15 കന്യാസ്ത്രീ മഠങ്ങൾ, 2 വൈദികസെമിനാരികൾ, 25 മാസികാ / ദ്വൈവാരിക പ്രസിദ്ധീകരണങ്ങൾ എന്നിവയുള്ള സഭ അതിവേഗം ഒരു ആഗോള സഭയായി മാറിക്കൊണ്ടിരിക്കുന്നു. സഭാംഗങ്ങൾ ജോലിക്കായി പോയി താമസിക്കുന്ന അമേരിക്കാ, ക്യാനഡാ, ഇംഗ്ലണ്ട്, ഗൾഫ് നാടുകൾ, യൂറോപ്പ്, ആഫ്രിക്കാ തുടങ്ങിയ ദേശങ്ങളിലെല്ലാം മലങ്കരസഭയ്ക്ക് ഇന്ന് ദേവാലയങ്ങളുണ്ട്.

### ചോദ്യങ്ങൾ

1. മലങ്കരസഭയും, പേർഷ്യൻസഭയും തമ്മിലുള്ള ബന്ധം വിവരിക്കുക.
2. ഇന്നു നമ്മൾ കാത്തുസൂക്ഷിക്കുന്ന സുറിയാനി ആരാധനക്രമങ്ങൾ എന്നുമുതൽ ഏതു വിധത്തിൽ നമ്മുടെ സഭയിൽ നിലവിൽ വന്നു?
3. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു നിങ്ങളുടെ ചിന്താഗതിയെന്ത്?

## പാഠം 6

# ഇതര കിഴക്കൻ സഭകൾ

❑ കിഴക്കിന്റെ സഭ ❑ തൊഴിയൂർ സഭ

### 1. കിഴക്കിന്റെ സഭ (Church of the East)

### ആമുഖം

വളരെ പൂർവികമായ കാലം മുതൽ തന്നെ നിലവിൽ വരുകയും പിൽക്കാലത്തു നെസ്തോറിയ വിശ്വാസം സ്വീകരിക്കുകയും ചെയ്ത പേർഷ്യയിലെ സഭയെയാണ് 'കിഴക്കിന്റെ സഭ', 'കൽദായ സഭ', 'നെസ്തോറിയൻസഭ' എന്നെല്ലാം വിശേഷിപ്പിക്കുന്നത്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽപ്പെട്ട ഒന്നല്ല ഇതെങ്കിലും കിഴക്കുള്ള ഒരു സഭ ആയതിനാൽ ഇതിന്റെ ചരിത്രം കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഈ ഭാഗത്തിനു പൂർണ്ണത ലഭിക്കൂ. തന്നെയുമല്ല ഭാരതത്തിലെ നമ്മുടെ സഭയുമായി ഒരു കാലത്ത് ഇവർക്കു വളരെയധികം ബന്ധമുണ്ടായിരുന്നു എന്ന നിലയ്ക്കും നമ്മൾ ഇതിന്റെ ചരിത്രം അല്പം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

## (a) ഉദ്ഭവം

ഒന്നാം നൂറ്റാണ്ടിലല്ലെങ്കിൽ രണ്ടാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം പേർഷ്യയിലെത്തിയിരുന്നു. പാരമ്പര്യമനുസരിച്ചു തദ്ദായിയുടെ ശിഷ്യനായ മാറി ഈ സഭയുടെ സ്ഥാപകനായി കണക്കാക്കപ്പെടുന്നു. എന്നാൽ ചരിത്രപരമായി നോക്കിയാൽ എഡേസ്സായിൽ നിന്നാണു ക്രിസ്തുമതം പേർഷ്യയിലേക്കു വ്യാപിച്ചത് എന്നനുമാനിക്കാം. റോമാ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും യുദ്ധതടവുകാരായും മറ്റും വന്നിരുന്ന പല ക്രിസ്ത്യാനികളും ഇവിടെ കർത്താവിന്റെ വേല നടത്തി കാണും. മസ്ടിയൻ മതമായിരുന്നു ഇവിടെ പ്രാധാന്യം അർഹിച്ചിരുന്നത്. ആ കൂട്ടത്തിൽ യഹൂദന്മാരും ഉണ്ടായിരുന്നു. ആദ്യകാലം മുതലെ സഭയുടെ ഭരണഘടനയെല്ലാം റോമാ സാമ്രാജ്യത്തിലെ സഭകളുടേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. സുറിയാനി ആയിരുന്നു ഇവരുടെ ആരാധനഭാഷ.

## (b) പീഡകൾ

നാലാം നൂറ്റാണ്ടിൽ സാപ്പോർ രണ്ടാമൻ രാജാവിന്റെ കാലത്താണു പേർഷ്യായിലെ ക്രിസ്ത്യാനികൾക്ക് ആദ്യമായി പീഡ അനുഭവിക്കേണ്ടി വന്നത്. പേർഷ്യായുടെ ശത്രുക്കളായ റോമാക്കാരോടു ക്രിസ്ത്യാനികൾ കൂടുതൽ അടുപ്പം കാണിച്ചു എന്നതായിരുന്നു ഇതിന്റെ കാരണം. റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്ത്യാനികളുടെ സംരക്ഷകനായി തീർന്നതോടെ പേർഷ്യൻ ക്രിസ്ത്യാനികളും അദ്ദേഹത്തെ തങ്ങളുടെ സംരക്ഷകനായി കണക്കാക്കുവാൻ തുടങ്ങി. അതേ സമയം സാപ്പോർ രണ്ടാമൻ റോമാക്കാരുമായി ഒരു യുദ്ധത്തിന് ഒരുങ്ങുകയായിരുന്നു. ഈ യുദ്ധത്തിൽ റോമാക്കാർ ജയിക്കണമെന്നു പേർഷ്യയിലെ ക്രിസ്ത്യാനികൾ ആഗ്രഹിക്കുകയും അത് അഫ്രാത്തിനെ പോലുള്ള നേതാക്കന്മാർ പരസ്യമായി പ്രസംഗിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ രാജ്യദ്രോഹികളെന്നു കണക്കാക്കപ്പെടുവാൻ ഇതിൽ കൂടുതൽ കാരണമാവശ്യമില്ലല്ലോ. ക്രുദ്ധനായ രാജാവ് എ. ഡി. 340–ൽ ഭീകരമായി ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ആജ്ഞ പുറപ്പെടുവിച്ചു. മസ്ടിയ മതപുരോഹിതന്മാരും യഹൂദന്മാരും കൂടി രാജപക്ഷത്തു ചേർന്നു പള്ളികൾ നശിപ്പിക്കുകയും പട്ടക്കാരെയും മേൽപ്പട്ടക്കാരെയും അറസ്റ്റു ചെയ്യുകയും പലരേയും മതം മാറ്റുകയും ചെയ്തു. അതിനുശേഷം എല്ലാ ക്രിസ്ത്യാനികളേയും കൊന്നൊടുക്കുവാൻ രാജാവു തീരുമാനിച്ചു. എ. ഡി. 379–ൽ രാജാവിന്റെ മരണത്തോടു കൂടി മാത്രമാണു പീഡ അവസാനിച്ചത്.

അല്പനാളത്തെ സമാധാനത്തിനു ശേഷം എ. ഡി. 420 ൽ അധികാരത്തിൽവന്ന ബഹറാം അഞ്ചാമൻ വീണ്ടും ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ തുടങ്ങി. ക്രിസ്ത്യാനികളെ കൊന്നൊടുക്കുകയും സഭയുടെ

സ്വത്തുക്കൾ മുഴുവൻ കണ്ടുകെട്ടുകയും ചെയ്തു. റോമാക്കാരും പേർഷ്യാക്കാരും തമ്മിൽ എ. ഡി. 422-ൽ സമാധാന ഉടമ്പടി ഉണ്ടാക്കിയപ്പോൾ പീഡ നിലച്ചു. ക്രിസ്ത്യാനികൾക്കു മതസ്വാതന്ത്ര്യം നല്കണമെന്നതായിരുന്നു ഉടമ്പടിയിലെ ഒരു വ്യവസ്ഥ. ബഹറാമിന്റെ പുത്രനായ യസ്ഡ്ഗേഡ് രണ്ടാമൻ കുറേനാൾ ക്രിസ്ത്യാനികളുമായി സ്നേഹത്തിൽ കഴിഞ്ഞു എങ്കിലും പിന്നീട് അദ്ദേഹവും ഒരു പീഡകനായിത്തീർന്നു.

### (c) സഭ സ്വതന്ത്രയാകുന്നു

വിഷമഘട്ടങ്ങൾ തരണം ചെയ്ത അവസരത്തിൽ പേർഷ്യൻ സഭയ്ക്കു ശരിയായ ഒരു നേതാവില്ല എന്നത് ഒരു ന്യൂനതയായി അവർക്ക് അനുഭവപ്പെട്ടു. മേൽപ്പട്ടക്കാർ പലരുണ്ടെങ്കിലും അവരുടെ ഇടയിൽ ഒരു നേതാവുണ്ടായിരുന്നില്ല. കിഴക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ കൂടാതെ വേറൊരു വലിയ മെത്രാപ്പോലീത്തായുടെ ആവശ്യകത അനുഭവപ്പെടുവാൻ ഉണ്ടായ മറ്റൊരു കാരണം അന്ത്യോഖ്യായും പേർഷ്യായും തമ്മിലുള്ള ദൂരമാണ്. കാലക്രമത്തിൽ സെലൂക്യ - ടെസ്സിഫോണിലെ മെത്രാപ്പോലീത്താ ഈ ഒന്നാം സ്ഥാനത്തേക്കു വളർന്നു. ടെസ്സിഫോൺ തലസ്ഥാനമായിരുന്നതിനാലും, സഭാസ്ഥാപകനായി കണക്കാക്കപ്പെട്ടിരുന്ന മാറി ആദ്യമായി ഒരു പള്ളി സ്ഥാപിച്ചതു സെലൂക്യയിലായിരുന്നതിനാലുമാണ്, ഇവിടുത്തെ മെത്രാപ്പോലീത്താ ഒന്നാം സ്ഥാനത്തേക്കുയരുവാൻ തുടങ്ങിയത്. ഈ നീക്കത്തിന് 410-ൽ കൂടിയ പേർഷ്യൻസഭയുടെ സുന്നഹദോസ് അംഗീകാരം നല്കി. സെലൂക്യ - ടെസ്സിഫോണിലെ മെത്രാപ്പോലീത്താ ഇനി മുതൽ 'കാതോലിക്കാ' എന്നു വിളിക്കപ്പെടണമെന്നു സുന്നഹദോസ് നിശ്ചയിച്ചു.

ദാദീശോ കാതോലിക്കാ 424-ൽ മർക്കബ്ത എന്ന സ്ഥലത്തു വിളിച്ചുകൂട്ടിയ സുന്നഹദോസ് പേർഷ്യൻസഭയുടെ സ്വാതന്ത്ര്യത്തെ പൂർണമാക്കി. ഇനി മേലാൽ റോമാസാമ്രാജ്യത്തിലെ പാത്രിയർക്കീസന്മാർ തങ്ങളുടെ സഹോദരന്മാരായിരിക്കും എന്നും അവർക്കു തങ്ങളുടെ മേൽ ആത്മീകവും ലൗകികവുമായ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല എന്നും പ്രഖ്യാപിച്ചു. ഈ തീരുമാനത്തിന് ഒരു രാഷ്ട്രീയ ലക്ഷ്യം കൂടെ ഉണ്ടായിരുന്നു. പീഡകളിൽ നിന്നും രക്ഷപെടുവാൻ റോമാക്കാരിൽ നിന്നുംതങ്ങൾ സ്വതന്ത്രരാണന്നു തെളിയിക്കേണ്ടതു പേർഷ്യയിലെ ക്രിസ്ത്യാനികൾക്ക് ആവശ്യമായിരുന്നു.

### (d) നെസ്തോറിയ വിശ്വാസത്തിന്റെ ആഗമനം

നെസ്തോറിയോസിനെ വേദവിപരീതിയായി തള്ളിയ 431-ലെ എഫേസൂസ് സുന്നഹദോസിൽ പേർഷ്യാക്കാർ സംബന്ധിച്ചിരുന്നില്ല. അതുകൊണ്ടു സുന്നഹദോസിനെ അവർ അംഗീകരിക്കുകയോ തള്ളിപ്പറയുകയോ ചെയ്തില്ല. എന്നാൽ പിന്നീടു റോമാക്കാരാൽ പീഡിപ്പിക്കപ്പെട്ടു

കൊണ്ടിരുന്ന നെസ്തോറിയോസിന്റെ അനുയായികൾ ജീവരക്ഷയ്ക്കായി പേർഷ്യയിലേയ്ക്ക് ഓടിപോകുവാൻ തുടങ്ങിയതോടെയാണ് ഈ വിശ്വാസം പേർഷ്യൻ സഭയിലേക്കു കടന്നുവരുന്നത്. ഇങ്ങനെ ഓടിപ്പോന്ന നെസ്തോറിയർ വെറുതെ ഇരുന്നില്ല. തങ്ങളുടെ വിശ്വാസം പേർഷ്യയിലെ ജനങ്ങളെ പഠിപ്പിക്കുവാനും, അതാണ് സത്യവിശ്വാസമെന്നു പ്രസംഗിക്കുവാനും തുടങ്ങി. ക്രമേണ ഈ വിശ്വാസം വ്യാപിച്ചു പേർഷ്യൻ സഭ മുഴുവനും നെസ്തോറിയന്റെ അനുയായികളായിത്തീർന്നു. പേർഷ്യൻ സഭയ്ക്കു വൈദിക വിദ്യാഭ്യാസം നല്കിയിരുന്നത് എഡേസയിലായിരുന്നു. 435 മുതൽ 470 വരെ അത് നെസ്തോറിയരുടെ പിടിയിലായിരുന്നു. പിന്നീട് ഈ സ്കൂൾ നിസീബിസിലേക്കു മാറ്റി സ്ഥാപിച്ചു. നെസ്തോറിയൻ വിശ്വാസം പേർഷ്യയിൽ പരക്കുന്നതിന് ഇതും ഒരു കാരണമായിത്തീർന്നു.

നിസീബിസിലെ മെത്രാപ്പോലീത്തായായിരുന്ന ബർസൗമ അന്നത്തെ രാജാവിനെപ്പോലും മതം മാറ്റി. ഇദ്ദേഹത്തിന്റെ പ്രേരണയാൽ ബാബൂയ് കാതോലിക്കായെ രാജാവു വധിക്കുകയും ചെയ്തു. അദ്ദേഹത്തിനു ശേഷം വന്ന അക്കേഷ്യസ് കാതോലിക്കായുടെ കാലം മുതൽ എങ്കിലും നെസ്തോറിയോസിന്റെ പഠിപ്പിക്കൽ പേർഷ്യൻ സഭയുടെ അടിസ്ഥാന വിശ്വാസമായി തീർന്നു. എ. ഡി. 486-ൽ വിളിച്ചുകൂട്ടിയ സുന്നഹദോസിലെ നിശ്ചയങ്ങൾ ഇതിനു മതിയായ തെളിവു നല്കുന്നു. ഇങ്ങനെ സഭയുടെ ഭൂരിഭാഗവും ഈ വിശ്വാസം സ്വീകരിച്ചു എങ്കിലും നെസ്തോറിയോസിനേയും കൽക്കദോൻ സുന്നഹദോസിനേയും തള്ളിപ്പറയുന്ന ഒരു ന്യൂനപക്ഷവും പേർഷ്യയിലുണ്ടായിരുന്നു.

### (e) സന്യാസപ്രസ്ഥാനവും മിഷനറി വേലയും

മാർഗായിലെ മാർത്തോമാ എന്നയാൾ ഏതാണ്ട് 9-ാം നൂറ്റാണ്ടിൽ രചിച്ച 'ഹിസ്റ്റോറിക്ക മൊണാസ്റ്റിക്ക' എന്ന ഗ്രന്ഥത്തിൽ നിന്നാണു പേർഷ്യൻ സന്യാസപ്രസ്ഥാനത്തെക്കുറിച്ച് നമുക്ക് അറിവ് ലഭിക്കുന്നത്. മാർ ഔഗേൻ എന്ന ഈജിപ്ഷ്യൻ സന്യാസിയാണു 4-ാം നൂറ്റാണ്ടിൽ ഈ പ്രസ്ഥാനം ആദ്യമായി മെസപ്പൊട്ടേമിയ പ്രദേശത്തേയ്ക്കു കൊണ്ടുവന്നത്. അദ്ദേഹം തന്റെ കൂടെ 70 സന്യാസിമാരെ ഈജിപ്തിൽ നിന്നു കൊണ്ടുവന്നിരുന്നു. അഞ്ചാം നൂറ്റാണ്ടിലാണു പേർഷ്യൻ സന്യാസപ്രസ്ഥാനം അതിവേഗം വളരുവാൻ തുടങ്ങിയത്. ഈ സന്യാസ ആശ്രമങ്ങളിൽ നിന്നും സഭയ്ക്കു ആവശ്യമായ മിഷനറിമാർ ഒഴുകിക്കൊണ്ടിരുന്നു. ലോകത്തിന്റെ കിഴക്കേ അറ്റം വരെ കർത്താവിന്റെ സുവിശേഷം അറിയിക്കുവാൻ അവർക്കു സാധിച്ചു.

4-ാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ 9-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ പേർഷ്യൻ മിഷനറി വേലയുടെ സുവർണ കാലഘട്ടമായി കണക്കാക്കാം. അറാം നൂറ്റാണ്ടിൽ തന്നെ അറേബ്യയുടെ പല ഭാഗങ്ങളിലും അവർ എത്തിക്കഴി

ഞ്ഞിരുന്നു. ഏഴാം നൂറ്റാണ്ടിൽ ചൈനായിലെത്തിയ പേർഷ്യൻ മിഷനറി മാർ 8-ാം നൂറ്റാണ്ടിൽ ജപ്പാൻ വരെയും ചെന്നുപറ്റി. എന്നാൽ ഇന്നു ജപ്പാനിൽ നെസ്തോറിയ വിശ്വാസികൾ അശേഷം ഇല്ല.

ഇങ്ങനെ ഒരു കാലത്തു കിഴക്കൊക്കെയിലും വളരെപ്പേരെ മാനസാന്തരപ്പെടുത്തിയ നെസ്തോറിയൻസഭയിൽ ഇന്നു വിശ്വാസികളുടെ എണ്ണം തുച്ഛമാണ്. മതപീഡനങ്ങളും മറ്റു സഭകളുടെ ആക്രമണങ്ങളുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. യാക്കോബു ബുർദ്ദാനയുടെ കാലംമുതൽ സുറിയാനി ക്രിസ്ത്യാനികൾ പേർഷ്യയിൽ പെരുകി വന്നു. കൽദായസഭയിലെ കുറെ അംഗങ്ങൾ അവരുടെ കൂടെ കൂടി. ചൈനായിലും മറ്റും ബുദ്ധമതം ക്രിസ്തുമതത്തെ വിഴുങ്ങിക്കളഞ്ഞു.

എന്നാൽ ഇതിനേക്കാൾ എല്ലാം ഭീകരമായി വർത്തിച്ചത് മുസ്ലീമുകളായിരുന്നു. 8, 9 നൂറ്റാണ്ടുകളിൽ കാലീഫുമാരായിരുന്ന ഹരൂൺ, Muttawakkil തുടങ്ങിയവർ ക്രിസ്ത്യാനികളെ ബലം പ്രയോഗിച്ചു തങ്ങളുടെ മതത്തിൽ ചേർക്കുകയും വഴങ്ങാത്ത പലരേയും കൊല്ലുകയും ചെയ്തു. പാത്രിയർക്കീസുമാരെ നിയമിക്കുന്ന ചുമതല ഭരണാധിപന്മാർ ഏറ്റെടുത്തു. 14-ാം നൂറ്റാണ്ടിൽ ടൈമൂറിന്റെ വരവോടെ പേർഷ്യായിലെ സഭ നാശത്തിന്റെ വക്കോളമെത്തി. രക്ഷപെടുവാൻ ആഗ്രഹിച്ചവർ കുർദിസ്ഥാനിലെ പർവതനിരകളിലേക്കോടി. വളരെക്കാലങ്ങൾക്കു ശേഷമാണ് അവർ പുറത്തു വന്നു സാധാരണജീവിതം നയിക്കുവാൻ തുടങ്ങിയത്.

### (f) ഇന്നത്തെ അവസ്ഥ

15-ാം നൂറ്റാണ്ടു മുതൽ പാത്രിയർക്കീസിന്റെ ആസ്ഥാനം പല സ്ഥലങ്ങളിലേക്കു മാറ്റേണ്ടതായി വന്നു. അവസാനം 1968-ൽ ആണു പാത്രിയർക്കീസ് ബാഗ്ദാദിൽ സ്ഥാനം ഉറപ്പിച്ചത്. 15-ാം നൂറ്റാണ്ടു മുതൽ പാത്രിയർക്കാസ്ഥാനം അമ്മാവനിൽ നിന്നു മരുമകനിലേയ്ക്കെന്ന നിലയിൽ ഒരു കുടുംബത്തിന്റെ പിന്തുടർച്ചാവകാശമായി തീർന്നു. ഈ രീതിയെ എതിർക്കുന്നവരും സഭയിലുണ്ടായിരുന്നു. ഇതേച്ചൊല്ലിയുള്ള തർക്കങ്ങൾ ഇന്നും പേർഷ്യൻ സഭയിൽ നിലനിൽക്കുന്നു. ഇതിന്റെ ഇടയിൽ സ്വന്ത ലാഭങ്ങളെ മുൻനിർത്തി റോമൻ കത്തോലിക്കർ നടത്തിയ ചില നീക്കങ്ങൾ കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിച്ചു. ഒരു വിഭാഗം ആളുകൾ റോമൻ സഭയുമായി ഐക്യപ്പെട്ടു. ഇക്കൂട്ടരെയാണ് ഇന്ന് കൽദയർ എന്നു വിളിച്ചുപോരുന്നത്. ഇന്നു സാധാരണ പേർഷ്യയിലെ തെസ്തോറിയ സഭയേയും അതിന്റെ ഭാഗമായ തൃശൂരിലെ സമൂഹത്തെയും എല്ലാം കൽദയർ എന്നു വിളിക്കാറുണ്ടെങ്കിലും അവർ ആ പേരു സ്വീകരിക്കുന്നില്ല.

പാരമ്പര്യ വാഴ്ച അനുസരിച്ച് നന്നേ ചെറുപ്പത്തിൽത്തന്നെ പാത്രിയർക്കീസായി വാഴിക്കപ്പെട്ട ഈശായ് ശീമൂൻ - 23 തന്റെ താമസം

ബാഗ്ദാദിൽ നിന്നും ചിക്കാഗോയിലേക്ക് മാറ്റിയിരുന്നു. 1968-ൽ തൽസ്ഥാനത്ത് മാർത്തോമ്മാ ധർമ്മോ എന്നയാളെ ബാഗ്ദാദിൽ പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു. അങ്ങനെ കിഴക്കിന്റെ സഭയിൽ രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടാകുവാനിടയായി. എന്നാൽ ബാഗ്ദാദ് കേന്ദ്രമായ സഭ അംഗസംഖ്യയിൽ ഇന്നും വളരെ പിന്നോക്കം നില്ക്കുന്നു. Amcient Church of the East എന്ന നാമത്തിലാണ് ഇവർ അറിയപ്പെടുന്നത്.

മാർ ഈശായ് ശീമൂൻ 23, 1993-ൽ പാത്രിയർക്കാ സ്ഥാനത്തുനിന്ന് വിരമിക്കുന്നതായി അറിയിച്ചിട്ട് തന്റെ സെക്രട്ടറിയെ വിവാഹം കഴിച്ചു. ഈ നടപടിയിൽ രോഷാകുലനായ ഒരു വിശ്വാസി 1975-ൽ അദ്ദേഹത്തെ വധിച്ചു. തുടർന്ന് സ്ഥാനമേറ്റ മാർ ദിൻഹ നാലാമൻ പാരമ്പര്യവാഴ്ച എന്നന്നേക്കുമായി അവസാനിപ്പിച്ചു. ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന്റെ കീഴിൽ 10 മേല്പട്ടക്കാരോളമുണ്ട്. ബാഗ്ദാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന സഭയുടെ ഇപ്പോഴത്തെ തലവൻ മാർ ആദായി രണ്ടാമൻ ആണ്. ഇപ്പോൾ ബാഗ്ദാദിലെ കാതോലിക്കായുടെ കീഴിൽ 6 മേൽപ്പട്ടക്കാരും, ടെഹറാനിൽ താമസിക്കുന്ന എതിർ കാതോലിക്കായുടെ കീഴിൽ 7 മേല്പട്ടക്കാരുമുണ്ട്.

## (g) തൃശൂരിലെ നെസ്തോറിയ ക്രിസ്തീയ സമൂഹം

പറങ്കികൾ ഇന്ത്യയിൽ വരുന്നതിനു മുമ്പ് മലങ്കരസഭയെ ഭരിച്ചിരുന്നതു പേർഷ്യയിൽ നിന്ന് അയക്കപ്പെട്ടിരുന്ന നെസ്തോറിയ മെത്രാന്മാരാണെന്നു നമ്മൾ കണ്ടുകഴിഞ്ഞു. പറങ്കികൾക്കു മുമ്പ് നിലനിന്നിരുന്ന ഏക സഭയുടെ സാക്ഷാൽ അവശിഷ്ടമാണു തൃശൂരിലെ നെസ്തോറിയ സമൂഹമെന്ന് അവർ അവകാശപ്പെടുന്നു.

ഉദയംപേരൂർ സുന്നഹദോസിന് ശേഷവും പേർഷ്യയിലെ നെസ്തോറിയൻ സഭയുമായുണ്ടായിരുന്ന മലങ്കരസഭയുടെ ബന്ധം പൂർണ്ണമായി വിച്ഛേദിക്കപ്പെട്ടിരുന്നില്ല. 1709-ൽ ഗബ്രിയേൽ എന്ന നെസ്തോറിയൻ മെത്രാൻ ഇവിടെ വരുവാൻ ഇടയായിട്ടുണ്ട്. അന്ത്യോഖ്യൻ വിരോധികളായിരുന്ന ഒരു ചെറിയകൂട്ടത്തെ അദ്ദേഹം സംഘടിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം 19-ാം നൂറ്റാണ്ടു വരെ നെസ്തോറിയൻ സഭ ഇവിടെ നിലനിന്നിരുന്നുവോ എന്നതു സംശയാവഹമാണ്. ഉവ്വ് എന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ ബഹു. വി. സി. ശമുവേൽ അച്ചന്റെ അഭിപ്രായപ്രകാരം ഈ സമൂഹം 19-ാം നൂറ്റാണ്ടിൽ മാത്രമാണ് ഉടലെടുക്കുന്നത്. 19-ാം നൂറ്റാണ്ടിൽ കേരളത്തിലെ റോമൻ കത്തോലിക്കാസഭയിലെ ഒരു വിഭാഗം ആളുകൾ തങ്ങളുടെ സഭ ഒരു യഥാർത്ഥ കിഴക്കൻസഭയായി തീരണം എന്ന ആശയം പ്രകടിപ്പിച്ചു തുടങ്ങി. ഈ കാലത്താണു റോമൻ പാപ്പായുടെ കീഴിലുള്ള കൽദയ സഭയിലെ റോക്കോസ് എന്ന മെത്രാൻ

മലങ്കരയിലെത്തിയത്. അദ്ദേഹവും അദ്ദേഹത്തിനുശേഷം അതേ സഭയിൽ നിന്നും വന്ന മെല്ലൂസ് മെത്രാനും, ഇവിടുത്തെ കത്തോലിക്കാസഭയിലെ അസംതൃപ്ത വിഭാഗത്തെ സംഘടിപ്പിക്കുവാൻ ആരംഭിച്ചു. ഇതാണു തൃശൂരിലെ ഈ നെസ്തോറിയ സമൂഹത്തിന് അടിസ്ഥാനമിട്ടത്. കുറെ നാളുകൾക്ക് ശേഷം നാട്ടുകാരനായ ആന്റണി തൊണ്ടനാടൻ എന്ന പട്ടക്കാരൻ പേർഷ്യയിലെ നെസ്തോറിയൻ കാതോലിക്കായിൽ നിന്നും മേല്പട്ട സ്ഥാനം സ്വീകരിച്ചു വന്നതു മുതലാണു യഥാർത്ഥത്തിൽ ഈ ചെറിയ സഭയുടെ ചരിത്രം ആരംഭിക്കുന്നത്.

ഇന്ന് പതിനായിരത്തിലധികം അംഗങ്ങൾ ഇവിടെ ഉള്ളതായി മാർ അപ്രേം മെത്രാപ്പോലീത്താ അവകാശപ്പെടുന്നു.

## 2. തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭ

വിശ്വാസത്തിലും, ആരാധനക്രമങ്ങളിലും ഭാരതത്തിലെ ഓർത്തഡോക്സ് സഭയുമായി യാതൊരു വ്യത്യാസവുമില്ലാത്ത ഒരു സ്വതന്ത്ര സഭയാണു തൊഴിയൂർ സുറിയാനിസഭ. 1772-ൽ ആണു ഈ സഭ ഉടലെടുക്കുന്നത്. കാട്ടുമങ്ങാട്ടു കുര്യൻ റമ്പാൻ എന്നയാളിന് അന്ത്യോഖ്യായിൽ നിന്നും വന്ന ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മേല്പ്പട്ടസ്ഥാനം കൊടുത്തതാണ് ആരംഭകാരണം. മാർ ഗ്രീഗോറിയോസും അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ദീവന്നാസ്യോസ് ഒന്നാമനും തമ്മിൽ അത്ര ചേർച്ചയില്ലാതിരുന്ന അവസരത്തിലാണു മുളന്തുരുത്തി സ്വദേശിയായ കുര്യൻ റമ്പാച്ചൻ തനിക്കു മേല്പട്ടസ്ഥാനം നല്കുവാൻ ഗ്രീഗോറിയോസിനെ പ്രേരിപ്പിച്ചത്. പ്രേരണയ്ക്കു വഴങ്ങിയ ഗ്രീഗോറിയോസ്, കുര്യൻ റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മേല്പട്ടസ്ഥാനത്തേക്കുയർത്തി. മാർ ദീവന്നാസ്യോസും പുതിയ മെത്രാനുമായുള്ള അധികാര വടംവലി ഇവിടെ ആരംഭിച്ചു. സഭയുടെ അറിവും അംഗീകാരവും കൂടാതെയാണു വാഴ്ച നടത്തിയത് എന്നതായിരുന്നു മാർ ദീവന്നാസ്യോസ് ഒന്നാമന്റെ പരാതി. അന്നു നമ്മുടെ നാടു ഭരിച്ചിരുന്ന ഡച്ചുകാർ ദീവന്നാസ്യോസിനെ അനുകൂലിച്ചതിനാൽ അദ്ദേഹം വിജയം വരിച്ചു. മാർ കൂറിലോസ് അന്നത്തെ ബ്രിട്ടീഷ് മലബാറിലെ തൊഴിയൂർ എന്ന സ്ഥലത്തേക്കു തന്റെ ആസ്ഥാനം മാറ്റുവാൻ നിർബന്ധിതനായി. ഇന്നും തൊഴിയൂരിനടുത്തുള്ള പ്രദേശത്തു മാത്രം വ്യാപിച്ചുകിടക്കുന്ന ഒരു ചെറിയ സഭയായി ഇതു നിലകൊള്ളുന്നു. ഒരു കാലത്തു മലങ്കരസഭ ശീശ്മക്കാരായി ഇവരെ തള്ളിക്കളഞ്ഞു എങ്കിലും പിന്നീടു മലങ്കരസഭയിൽ മേല്പട്ടസ്ഥാനം നിലനിർത്തുന്നതിന് ഇവിടുത്തെ മെത്രാപ്പോലീത്താമാർ മുഖാന്തരമായിട്ടുണ്ട്. ഏതാണ്ട് അയ്യായിരം വിശ്വാസികളും 6 പള്ളികളും, 10 ചാപ്പലുകളും മാത്രമാണു സഭയ്ക്കുള്ളത്. ഇന്ന് അവർക്കു മേല്പട്ട

ക്കാരെ വാഴിക്കുന്നത് മാർത്തോമാ സഭയാണ്. അടുത്തകാലത്തു തൊഴിയൂരെ മെത്രാനായിരുന്ന മാർ പീലക്സീനോസ് സഭ വിട്ടു കത്തോലിക്കാറീത്തു സഭയിൽ ചേരുകയുണ്ടായി. അതോടെ സഭ മുഴുവനും തന്നെ റോമാ സഭയിൽ ലയിക്കുമെന്നു ചിലർ കണക്കു കൂട്ടിയെങ്കിലും അതു നടന്നില്ല. ഇന്നും ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ ഒരു സ്വതന്ത്ര സഭയായി തന്നെ അവർ സ്ഥിതിചെയ്യുന്നു.

**ചോദ്യങ്ങൾ**

1. പേർഷ്യൻസഭയ്ക്കു നേരിടേണ്ടി വന്ന പീഡകൾ വർണ്ണിക്കുക.
2. പേർഷ്യൻസഭ സ്വതന്ത്രയായത് എന്ന്? ഏതു വിധത്തിൽ?
3. തൊഴിയൂർ സഭ ഉണ്ടായതെങ്ങനെ?

# യൂണിറ്റ് 4

# ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ

## പാഠം 1

## നാലു പുരാതന പാത്രിയർക്കേറ്റുകൾ

❑ ആമുഖം ❑ കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കേറ്റ് ❑ അലക്സന്ത്രിയായിലെ പാത്രിയർക്കേറ്റ് ❑ അന്ത്യോഖ്യായിലെ പാത്രിയർക്കേറ്റ് ❑ യെറുശലേമിലെ പാത്രിയർക്കേറ്റ്

### ആമുഖം

എ. ഡി. 451-ൽ നടന്ന കല്ക്കദോൻ സുന്നഹദോസിനെ റോമാക്കാരൊടൊപ്പം അംഗീകരിച്ച കിഴക്കൻ സഭകളുടെ സമൂഹത്തെയാണ് ബൈസന്റൈൻ അഥവാ ഗ്രീക്ക് ഓർത്തഡോക്സ് സഭകൾ എന്നു വിളിക്കുന്നത്. 451 നു ശേഷം വളരെക്കാലം ഇവരും റോമാസഭയും ഐക്യത്തിൽ തന്നെ കഴിഞ്ഞു. മൂന്നു ആകമാന സുന്നഹദോസുകൾ കൂടെ ഇരുഭാഗവും ചേർന്നു നടത്തി.

പാശ്ചാത്യരായ റോമാക്കാരും, പൗരസ്ത്യരായ ഗ്രീക്കുകാരും അടിസ്ഥാനപരമായ പല സംഗതികളിലും ആദിമുതലേ ഭിന്നാഭിപ്രായക്കാരായിരുന്നു. റോമാക്കാർ അച്ചടക്കത്തിനും, പ്രായോഗികമായ സംഗതികൾക്കും പ്രാധാന്യം നല്കിയിരുന്നു എങ്കിൽ ഗ്രീക്കുകാർ ആരാധനാഭംഗിക്കും, ക്രിസ്തീയ തത്വചിന്തകൾക്കും പ്രാധാന്യം നല്കിപ്പോന്നു. പത്രോസിന്റെ പിൻഗാമിയായ റോമിലെ പാപ്പായ്ക്കു ഭൂലോകം മുഴുവനിലും അധികാരമുണ്ട് എന്ന വാദം കിഴക്കൻസഭകൾക്കൊന്നിനും സഹിക്കാവുന്നതായിരുന്നില്ല. 9-ാം നൂറ്റാണ്ടു മുതൽ സംഭവിച്ച ചില സംഗതികൾ ഇരുകൂട്ടരും തമ്മിലുള്ള വേർപാടിലേക്കു വഴിതെളിച്ചു.

എ. ഡി. 800-ൽ അന്നത്തെ മാർപാപ്പാ ലിയോ മൂന്നാമൻ കിഴക്കുള്ള റോമാചക്രവർത്തിക്കു ബദലായി ചാർലിമെയ്ൻ എന്നയാളെ റോമാ ചക്രവർത്തിയായി വാഴിച്ചത് കിഴക്കർക്ക് ഇഷ്ടമായില്ല. ചക്രവർത്തിയായ കാലം മുതൽ ചാർലിമെയ്ൻ കിഴക്കൻ സഭകളുടെ പല ആചാരങ്ങളേയും ചോദ്യം ചെയ്യുവാൻ തുടങ്ങി. പരിശുദ്ധാത്മാവു പിതാവിൽ നിന്നും, പുത്രനിൽ നിന്നും പുറപ്പെടുന്നതായി കിഴക്കുള്ളവർ പറയുന്നില്ല എന്നതായിരുന്നു പ്രധാന ആരോപണം. നിഖ്യായിലും, കുസ്തന്തീനോസ്പോലീസിലും വച്ചു

ക്രോഡീകരിച്ച വിശ്വാസപ്രമാണങ്ങളിൽ ഇല്ലാത്ത ഈ നൂതനാശയത്തെ കിഴക്കൻസഭകൾ എതിർത്തു. 11–ാം നൂറ്റാണ്ടിൽ അതു റോമൻ സഭയുടെ ഔദ്യോഗിക വിശ്വാസമായതോടെ പ്രശ്നങ്ങൾ മൂർച്ഛിച്ചു.

ഭരണപരമായ കൈകടത്തലുകളായിരുന്നു മറ്റൊരു മുഖ്യ പ്രശ്നം. 9–ാം നൂറ്റാണ്ടിൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായിരുന്ന ഫോട്ടിയൂസിനെയും 1054–ൽ പാത്രിയർക്കീസായിരുന്ന മിഖായേൽ സെറുലേറിയസിനെയും റോമാക്കാർ മുടക്കി എന്നതാണു പ്രശ്നങ്ങൾ വർദ്ധിപ്പിച്ച ഒരു ഘടകം. കാരണങ്ങൾ എത്രയുണ്ടായിരുന്നു എങ്കിലും കിഴക്കൻ സഭയുടെ കാര്യത്തിൽ പാപ്പാ ഇടപെടേണ്ട ആവശ്യമില്ലായിരുന്നു.

ഇങ്ങനെ പല കാരണങ്ങളാലും ഇരുകൂട്ടരും ഉരസുവാൻ തയ്യാറെടുത്തു നിൽക്കുമ്പോഴാണു കുരിശുയുദ്ധങ്ങൾ ആരംഭിക്കുന്നത്. മുസ്ലീങ്ങളെ ആട്ടിപ്പുറത്താക്കാനെന്ന വ്യാജേന പടിഞ്ഞാറു നിന്നു വന്ന ക്രിസ്ത്യാനികൾ, കിഴക്കുള്ള തങ്ങളുടെ സഹോദരങ്ങളേയും വെറുതെ വിട്ടില്ല. 4–ാം കുരിശുയുദ്ധത്തിൽ പങ്കെടുത്തവർ 1204–ൽ കുസ്തന്തിനോസ്പോലീസിൽ പ്രവേശിച്ച് കൊള്ളയിട്ടു. ഗ്രീക്കുകാരുടെ അഭിമാനസ്തംഭമായിരുന്ന സോഫിയാ കത്തീഡ്രൽ പോലും അവർ നശിപ്പിച്ചു. അതിനുശേഷം ഇവരെ ഐക്യത്തിലെത്തിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. 1274–ൽ ലിയോൺ എന്ന സ്ഥലത്തും 1438–ൽ ഫ്ളോറൻസിലും സുന്നഹദോസുകൾ കൂടി എങ്കിലും ഐക്യം സാദ്ധ്യമായില്ല.

ഇന്ന് ഓരോ രാജ്യത്തേയും ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ എല്ലാം പരിപൂർണ സ്വാതന്ത്ര്യമുള്ള ഓട്ടോസെഫാലസ് സഭകളാണ്. ഇവരുടെ പൊതുനേതാവായി കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനെ ഇവർ അംഗീകരിക്കുന്നു എങ്കിലും മറ്റു സഭകളുടെ മേൽ അദ്ദേഹത്തിനു യാതൊരധികാരവും ഇല്ല. ഈ സഭയുടെ ചരിത്രം ഓരോന്നായി നമുക്കു പരിശോധിക്കാം.

## 1. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കേറ്റ്

വെറും ഒരു പ്രാദേശിക ഭദ്രാസന നിലയിൽ നിന്നും, അധികാരത്തിന്റെ ഉത്തുംഗശൃംഗത്തിലേക്ക് ഉയർത്തപ്പെട്ട ഒരു മെത്രാസനത്തിന്റെ ചരിത്രമാണ് നമ്മൾ ഇവിടെ കാണുന്നത്. ഒരു അപ്പോസ്തലന്റേയും പിന്തുടർച്ച അവകാശപ്പെടുന്നില്ലാത്ത ബൈസാന്റിയം എന്ന പട്ടണത്തിലെ മേല്പട്ടക്കാരൻ 4–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി വരെ ഒരു മെത്രാപ്പോലീത്താ പോലും ആയിരുന്നില്ല. എന്നാൽ അപ്രധാനമായി കിടന്നിരുന്ന ഈ ചെറിയ പട്ടണത്തെ കുസ്തന്തീനോസ്പോലീസ് എന്ന പേരോടെ റോമാ സാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായി കുസ്തന്തീനോസ് ചക്രവർത്തി ഉയർത്തിയതോടെ കാര്യങ്ങൾക്കു വ്യത്യാസം സംഭവിച്ചു. തലസ്ഥാന നഗ

രിയിലെ മേല്പട്ടക്കാരന്റെ പദവി ഉയരുവാൻ തുടങ്ങി. 381–ൽ ഈ പട്ടണത്തിൽ തന്നെ കൂടിയ രണ്ടാം സാർവത്രിക സുന്നഹദോസ് ഇതിനെ ഒരു പാത്രിയർക്കേറ്റായി അംഗീകരിച്ചു. ഇവിടുത്തെ പാത്രിയർക്കീസിനു രണ്ടാം സ്ഥാനം കൊടുക്കുകയും ചെയ്തു. അതിനുശേഷം 451–ലെ കല്ക്കദോൻ സുന്നഹദോസിൽ റോമിലെ പുതിയ പാത്രിയർക്കീസിനു കൂടുതൽ അധികാരങ്ങൾ നല്കപ്പെട്ടു. ഇക്കാരണത്താലാണു ഇവിടുത്തെ പാത്രിയർക്കീസന്മാർ ആരും കല്ക്കദോൻ സുന്നഹദോസിനെ തള്ളിപ്പറയുവാൻ തയ്യാറാകാതിരുന്നത്.

മിഷനറിവേലയിലും ഈ സഭ ശുഷ്ക്കാന്തി പ്രകടിപ്പിച്ചു. സ്ലാവിക് ജനതയെ മുഴുവൻ ക്രിസ്തീയസഭയിലെ അംഗങ്ങളാക്കി തീർത്തത് ഗ്രീക്കു മിഷനറിമാരാണ്. ഗ്രീക്ക് ആരാധനക്രമങ്ങൾ മറ്റുള്ള എല്ലാ ക്രമങ്ങളുടേയും മേൽ ആധിപത്യം പുലർത്തി. പുതിയതായി സ്ഥാപിച്ച സഭകളുടെ എല്ലാം അധികാരം വളരെ നാളേക്കു കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസ് കയ്യടക്കിവച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അവയെല്ലാം സ്വതന്ത്ര സഭകളായി മാറിക്കഴിഞ്ഞു.

മുസ്ലീങ്ങളുടെ ആഗമനം 'റോമിലെ പുതിയ' പാത്രിയർക്കീസിന്റെ പദവി വീണ്ടും ഉയരുവാൻ കാരണമായിത്തീർന്നു. ആദ്യം, സാമ്രാജ്യത്തിന്റെ കിഴക്കൻഭാഗങ്ങൾ അറബികളുടെ അധീനതയിൽ ആയതോടെ അന്ത്യോഖ്യായിലെയും, അലക്സന്ത്രിയായിലെയും കല്ക്കദോൻ പാത്രിയർക്കീസന്മാരുടെ ശക്തി ക്ഷയിച്ചു. അവർ പൂർണ്ണമായും കുസ്തന്തീനോസ് പോലീസിനെ ആശ്രയിക്കേണ്ടതായി വന്നു. തുർക്കികൾ 15–ാം നൂറ്റാണ്ടിൽ കുസ്തന്തീനോസ്പോലീസ് കീഴടക്കിയതോടെ പാത്രിയർക്കീസിന്റെ അധികാരം വീണ്ടും വർദ്ധിച്ചു. ജയാളിയായ മുഹമ്മദാലി ക്രിസ്ത്യാനികളുടെ ആത്മീകവും, സാമൂഹ്യവുമായ സകല ഭരണവും ക്രിസ്തീയ മേധാവികളെ ഏല്പിച്ചു. തുർക്കികളുടെ കീഴിലുള്ള കല്ക്കദോൻ അംഗീകരിക്കുന്ന സകല ക്രിസ്ത്യാനികളുടേയും മേലാവ് എന്ന സ്ഥാനം കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനു ലഭിച്ചു.

അതേസമയം തുർക്കികൾ സഭയെ വികസിക്കുവാൻ അനുവദിച്ചില്ല. പാത്രിയർക്കീസിനെ നിയമിക്കുന്ന ചുമതല സുൽത്താൻ ഏറ്റെടുത്തു. അവർക്ക് ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളവരെ നിയമിക്കുക എന്നതായിരുന്നു നയം. ഈ വിഷമഘട്ടത്തിൽ പാരമ്പര്യങ്ങളേയും, ശരിയായ വിശ്വാസങ്ങളേയും മുറുകെ പിടിക്കുക എന്ന മുദ്രാവാക്യം എല്ലാ ബൈസന്റൈൻ ചിന്തകന്മാരുടേയും എഴുത്തുകളിൽ കാണാം.

ഇന്ന് ഇവിടുത്തെ പാത്രിയർക്കീസ് ഈസ്റ്റാംബൂളിലെ ക്രിസ്തീയ കേന്ദ്രമായ ഫനാർ എന്ന സ്ഥലത്തു വസിക്കുന്നു. ഫനാർ എന്ന പദം ഇന്നു

പാത്രിയർക്കീസിനെയും അദ്ദേഹത്തിന്റെ കൗൺസിലിനേയും സൂചിപ്പിക്കുന്ന പദം തന്നെ ആയിത്തീർന്നിരിക്കുന്നു. എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന നാമവും, സമന്മാരിൽ മുമ്പൻ എന്ന സ്ഥാനവും ഇദ്ദേഹത്തിനുണ്ട്. പൊതു താല്പര്യമുള്ള വിഷയങ്ങളെക്കുറിച്ചു ചർച്ചകളും മറ്റും സംഘടിപ്പിക്കുന്നതിനു മുൻകൈ എടുക്കുന്നത് എക്യുമെനിക്കൽ പാത്രിയർക്കീസാണ്. തുർക്കിയിലുള്ള ഭദ്രാസനങ്ങളുടെ മേൽ മാത്രമേ നേരിട്ടു അധികാരമുള്ളൂ എങ്കിലും, ഫിൻലാൻഡിലെ സഭയ്ക്കും മറ്റും മെത്രാപ്പോലീത്താമാരെ വാഴിക്കുന്നത് ഇദ്ദേഹമാണ്. ഗ്രീക്ക് ദ്വീപുകളിലെ ക്രിസ്ത്യാനികളും സന്യാസ റിപ്പബ്ലിക്കായ മൗണ്ട് ആതോസും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരുന്നു. ബൈസന്റൈൻ സഭകളുടെ ആത്മീക നവോത്ഥാനത്തിന്റെ കേന്ദ്രമായിട്ടാണ് മൗണ്ട് ആതോസിനെ അവർ കണക്കാക്കുന്നത്. പെൺവർഗ്ഗത്തിൽപെട്ട യാതൊരു ജീവിക്കും പ്രവേശനമില്ലാത്ത ഈ 'റിപ്പബ്ലിക്ക്' ഗ്രീസിന്റെ ഒരു ഭാഗമാണെങ്കിലും ഭാഗികമായ സ്വാതന്ത്ര്യം ഉണ്ട്. മിക്ക ബൈസന്റൈൻ സഭകളും ഇവിടെ ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോഴുള്ള 20 ആശ്രമങ്ങളിൽ 17 എണ്ണവും ഗ്രീക്ക് ആശ്രമങ്ങളാണ്. 1952-ൽ അവിടെ രണ്ടായിരത്തിഎഴുനൂറു സന്യാസിമാരോളം ഉണ്ടായിരുന്നു.

എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ അഭിമാനം കൂട്ടുന്നതിനായി ഗ്രീസിന്റെ വടക്കു ഭാഗത്തുള്ള ഭദ്രാസനങ്ങളിന്മേൽ പാത്രിയർക്കീസിനു നാമമാത്രമായ അധികാരം കൊടുത്തിട്ടുണ്ട്. യൂറോപ്പിലും, അമേരിക്കയിലും മറ്റും ഭദ്രാസനങ്ങൾ സ്ഥാപിക്കുന്നതിനു പണ്ട് ഇവർക്കു മാത്രമേ അധികാരമുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്നത്തെ അവസ്ഥ വ്യത്യസ്തമാണ്. ഇന്ന് എല്ലാ സഭകൾക്കും തന്നെ പാശ്ചാത്യ രാജ്യങ്ങളിൽ ഭദ്രാസനങ്ങളുണ്ട്. 1922 വരെ പാത്രിയർക്കീസ് രാഷ്ട്രീയ നേതാവു കൂടി ആയിരുന്നതിനാൽ അദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നത് അത്മായക്കാരും, മേല്പട്ടക്കാരും ഉൾപ്പെടുന്ന ഒരു സമൂഹമായിരുന്നു. എന്നാൽ ഇന്നു പാത്രിയർക്കേറ്റിലെ മെത്രാപ്പോലീത്താമാർ മാത്രം ചേർന്നു തങ്ങളുടെ നേതാവിനെ തെരഞ്ഞെടുക്കുന്നു. അഞ്ചുലക്ഷത്തി എൺപതിനായിരത്തോളം വിശ്വാസികളുള്ള ഈ പാത്രിയർക്കേറ്റിൽ 1984 ലെ കണക്കനുസരിച്ച് 96 മേല്പട്ടക്കാരുണ്ട്.

### 2. അലക്സന്ത്രിയായിലെ പാത്രിയർക്കേറ്റ്

അലക്സന്ത്രിയായിൽ ക്രിസ്തുമതം ഉത്ഭവിച്ചതിനെക്കുറിച്ചു കഴിഞ്ഞ യൂണിറ്റിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അലക്സന്ത്രിയായിലെ സഭയുടെ ഭൂരിഭാഗവും കല്ക്കദോൻ സുന്നഹദോസിനെ തള്ളിപ്പറഞ്ഞതിനാൽ ഇവിടുത്തെ ബൈസന്റൈൻ സഭയിൽ ഇന്നു വളരെ കുറച്ചാളുകൾ മാത്രമേ അംഗങ്ങളായുള്ളൂ. ഏതാണ്ട് ഒന്നരലക്ഷം മാത്രം. മുസ്ലീങ്ങളുടെ ആഗമനത്തോടെ ഇവരുടെ ശക്തി പൂർണ്ണമായും ക്ഷയിച്ച്; കുസ്തന്തീനോസ് പോലീസിലെ പാത്രി

യർക്കീസിനെ ആശ്രയിക്കേണ്ടതായി വന്നു. പാത്രിയർക്കീസിന്റെ ആസ്ഥാനംതന്നെ കുസ്തന്തീനോസ്പോലീസിലേക്കു മാറ്റപ്പെട്ടു. 16 മുതൽ 18 നൂറ്റാണ്ടുവരെ അത് അവിടെ ആയിരുന്നു. പുരാതനമായ കോപ്റ്റിക് ആരാധനക്രമങ്ങളുടെ സ്ഥാനം ക്രമേണ കുസ്തന്തീനോസ് പോലീസിലെ ഗ്രീക്ക് ആരാധന കൈയടക്കി.

ക്ഷയിച്ചുപോയിരുന്ന ഈ സഭ ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും ഉദ്ധരിക്കുവാൻ തുടങ്ങി. ഗ്രീസിൽ നിന്നും, സിറിയായിൽ നിന്നും കല്ക്കദോൻ വിശ്വാസികൾ അധികമായി ഇങ്ങോട്ടു കടന്നുവന്നു. ആഫ്രിക്കയുടെ മറ്റു രാജ്യങ്ങളിൽ മിഷനറിവേല നടത്തി കുറേപ്പേരെ സഭയിൽ ചേർക്കുവാൻ സാധിച്ചു. വിശ്വാസികളുടെ എണ്ണം കുറവാണെങ്കിലും 24 മേല്പട്ടക്കാർ സഭയിലുണ്ട്.

### 3. അന്ത്യോഖ്യായിലെ പാത്രിയർക്കേറ്റ്

ഒരു കാലത്ത് റോമാ സാമ്രാജ്യത്തിലെ മൂന്നാമത്തെ പട്ടണമായിരുന്ന അന്ത്യോഖ്യാ ഇന്നു തുർക്കിസ്ഥാനിലെ ഒരു ചെറിയ ഗ്രാമം മാത്രമായി അധഃപതിച്ചിരിക്കുന്നു. ഒരു കാലത്തു ക്രിസ്തീയസഭകളുടെ 4-ാം സ്ഥാനത്തു നിന്നിരുന്ന അന്ത്യോഖ്യായിൽ ഇന്ന് ഒരു പാത്രിയർക്കീസിനും താമസിക്കുവാൻ സാദ്ധ്യമല്ല. ഏതാണ്ടു രണ്ടേമുക്കാൽ ലക്ഷത്തോളം ക്രിസ്ത്യാനികളുടെ തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇന്നു ദമസ്ക്കോസിൽ താമസിക്കുന്നു.

കല്ക്കദോൻ സുന്നഹദോസിനെ എതിർത്തവർ ഈജിപ്റ്റിൽ ഉണ്ടായിരുന്നത്രയും സിറിയായിൽ ഉണ്ടായിരുന്നില്ല. എങ്കിലും സുന്നഹദോസിനെ തുടർന്നുണ്ടായ സംഭവങ്ങൾ സഭയുടെ വളർച്ചയെ ബാധിച്ചു. മുസ്ലീങ്ങളുടെ ആഗമനത്തോടെ സഭയുടെ ശക്തി വീണ്ടും ക്ഷയിച്ചു. 1724 മുതൽ 1899 വരെ, പാത്രിയർക്കീസന്മാരും, ബിഷപ്പന്മാരും എല്ലാം ഗ്രീക്കുകാർ തന്നെയായിരുന്നു. ഇവരും ക്രമേണ സുറിയാനി ആരാധനക്രമങ്ങൾ കൈവിട്ടു ഗ്രീക്കു ക്രമങ്ങൾ ദത്തെടുത്തു.

വൈദികരുടെ വിദ്യാഭ്യാസം ഇന്നും ഇവിടെ നാമമാത്രമായിട്ടേയുള്ളു. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഇവരുടെ യുവജനങ്ങളുടെ പ്രവർത്തനഫലമായി ഒരു ആത്മീക ഉണർവ് ഉണ്ടായി എന്നു പറയാം. ഏതാണ്ട് 29 മേല്പട്ടക്കാരുള്ള ഈ സഭയ്ക്കു പാശ്ചാത്യ രാജ്യങ്ങളിലും ഭദ്രാസനങ്ങൾ ഉണ്ട്.

### 4. യെറുശലേമിലെ പാത്രിയർക്കേറ്റ്

വാസ്തവത്തിൽ എല്ലാ സഭകളുടെയും മാതാവാണ് യറുശലേമിലെ സഭ. എന്നാൽ റോമാസാമ്രാജ്യത്തിലെ ഒരു അപ്രധാന പട്ടണമായിരുന്നതിനാൽ

ഇവിടുത്തെ മെത്രാപ്പോലീത്തായ്ക്കു പാത്രിയർക്കീസ് എന്ന പേരു പോലും ആദ്യം മുതൽ ലഭിച്ചിരുന്നില്ല. ആ പേരു ലഭിച്ചതിനു ശേഷവും 5-ാം സ്ഥാനം മാത്രമാണ് ഇവർക്കു ലഭിച്ചത്. ഇത് ഒരു സ്വതന്ത്രസഭയായി രൂപംപ്രാപിക്കുന്നതു കല്ക്കദോൻ സുന്നഹദോസിൽ വച്ചാണ്. അന്നത്തെ പാത്രിയർക്കീസ് ആയിരുന്ന ജൂവനാൽ, സുന്നഹദോസിനെ അംഗീകരിച്ചത് ഈ കാരണം കൊണ്ടാണ്.

ഇന്ന് കിഴക്കൻ ഓർത്തഡോക്സ് സഭകളുടെ കൂട്ടത്തിൽ 4-ാം സ്ഥാനമാണു യറുശലേമിലെ പാത്രിയർക്കീസിനുള്ളത്. അദ്ദേഹത്തിന്റെ അധികാരപരിധി വളരെ ചെറുതാണ്. യറുശലേമിലെ വിശുദ്ധ സ്ഥലങ്ങളുടെകാവല്ക്കാരനായിരിക്കുക എന്നതാണ് ഇദ്ദേഹത്തിന്റെ മുഖ്യചുമതല. ഏതാണ്ട് നൂറു പേരോളം ഉള്ള ഒരു സന്യാസക്കമ്മറ്റിയാണു വിശുദ്ധസ്ഥലങ്ങളുടെ സൂക്ഷിപ്പിന്റെ ചുമതല വഹിക്കുന്നത്. ഈ കമ്മറ്റിയുടെ അദ്ധ്യക്ഷനാണു പാത്രിയർക്കീസ്. കമ്മറ്റിയിലെ അംഗങ്ങൾ എല്ലാം തന്നെ ഗ്രീക്കുകാരാണ്.

അടുത്തകാലത്ത് ഇസ്രായേലും, പലസ്തീനും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾ സഭയെ വളരെയധികം ചെറുതാക്കിക്കളഞ്ഞു. ഏതാണ്ട് അര ലക്ഷത്തോളം വിശ്വാസികൾ മാത്രമുള്ള ഈ സഭയിൽ 1984-ൽ 17 മേല്പട്ടക്കാർ ഉണ്ടായിരുന്നു.

### ചോദ്യങ്ങൾ

1. റോമാസഭയും ബൈസന്റൈൻ സഭകളും തമ്മിൽ വേർപിരിഞ്ഞതിന്റെ ചരിത്രപരമായ കാരണങ്ങൾ ഏതെല്ലാം?
2. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസ് ഒരു സാധാരണ മേൽപ്പട്ടക്കാരന്റെ നിലയിൽ നിന്ന് കിഴക്കൻ സഭകളുടെ മുഴുവൻ നേതാവായി പരിണമിച്ചതെങ്ങനെ?
3. ആദിമകാലങ്ങളിൽ ക്രിസ്തീയ സഭകളുടെ നാലാം സ്ഥാനത്തു നിന്നിരുന്ന അന്തോഖ്യായിലെ പാത്രിയാർക്കേറ്റിന്റെ ശക്തി ക്ഷയിച്ചുപോകുവാനുണ്ടായ കാരണങ്ങൾ ഏതെല്ലാം?

# പാഠം 2

# സ്ലാവോണിക് സഭകൾ

❑ ബൾഗേറിയൻ സഭ ❑ റഷ്യൻ സഭ ❑ കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ

## 1. ബൾഗേറിയൻ സഭ

9-ാം നൂറ്റാണ്ടിൽ ബൈസന്റൈൻ ഓർത്തഡോക്സുകാരുടെ ഇടയിൽ ഒരു മിഷനറി ഉണർവ് ഉണ്ടായ സമയത്താണ് സ്ലാവു ജനത ക്രിസ്തുമതാനുസാരികളാകുവാൻ തുടങ്ങിയത്. കുസ്തന്തീനോസ്പോലീസിൽ പഠനം പൂർത്തിയാക്കിയ സിറിൽ, മെത്തോഡിയോസ് എന്ന രണ്ടു പേരെയാണു സ്ലാവോണിക് ജനതുടെ അപ്പോസ്തലന്മാരായി കണക്കാക്കുന്നത്. വളരെ വേഗം തന്നെ പലരേയും ക്രിസ്തുവിന്റെ അനുയായികളാക്കിത്തീർക്കുവാൻ ഇവർക്കു സാധിച്ചു. രാജകുടുംബത്തിൽപ്പെട്ട പലരും ക്രിസ്തുമതം സ്വീകരിച്ചു. ബൾഗേറിയയിലെ രാജാവായിരുന്ന ബോറീസ് ആയിരുന്നു അതിലൊരുവൻ. 9-ാം നൂറ്റാണ്ടിൽ അദ്ദേഹം വി. മാമോദീസാ സ്വീകരിച്ചതോടെ ബൾഗേറിയയിൽ ക്രിസ്തീയ വിശ്വാസം പരക്കുവാൻ തുടങ്ങി.

സിറിലും മെത്തോഡിയസും കൂടി ഒരു പുതിയ അക്ഷരമാലയ്ക്കു രൂപം കൊടുത്തു. സ്ലാവിക് സഭകളുടെ ആരാധനാ ഭാഷയായി ഇതു സ്ഥാനം പിടിച്ചു. വളരെ വേഗം തന്നെ വി. വേദപുസ്തകവും, ആരാധനക്രമങ്ങളും എല്ലാം ഈ രണ്ടു പേരുടെയും നേതൃത്വത്തിൽ തർജമ ചെയ്യപ്പെട്ടു.

അദ്യകാലങ്ങളിൽ, ബൾഗേറിയൻ സഭ കിഴക്കൻ സഭയോടോ, അതോ റോമൻ സഭയോടൊ ഏതിനോടാണു ബന്ധം പുലർത്തേണ്ടത് എന്നതിൽ ബോറീസ് രാജാവിനു സംശയമുണ്ടായിരുന്നു. ഇതു പലപ്പോഴും, കൂറുമാറ്റങ്ങൾക്കും, കലഹങ്ങൾക്കും കാരണമായി തീർന്നു. ആദ്യകാലങ്ങളിൽ പാശ്ചാത്യരുമായിട്ടായിരുന്നു ബോറീസിനു കൂടുതൽ ബന്ധം. എന്നാൽ 864-ൽ ഗ്രീക്കുകാരുടെ കയ്യിൽ നിന്നാണ് അദ്ദേഹം വി. മാമോദീസാ സ്വീകരിച്ചത്. തങ്ങൾക്കു ഒരു പാത്രിയർക്കീസിനെ വാഴിച്ചു തരണമെന്ന ആവശ്യം കുസ്തന്തീനോസ്പോലീസ് തള്ളിക്കളഞ്ഞപ്പോൾ ബോറീസ് വീണ്ടും പാശ്ചാത്യ വശത്തേയ്ക്കു ചായ്‌വു പ്രകടിപ്പിക്കുവാൻ തുടങ്ങി. 866-ൽ ബോറീസിന്റെ ക്ഷണം സ്വീകരിച്ചു രണ്ടു കത്തോലിക്കാ ബിഷപ്പുമാർ ബൾഗേറിയയിൽ വന്ന് സഭയെ പണിത് ഉറപ്പിക്കുവാൻ ആരംഭിച്ചു. വീണ്ടും ഏതാണ്ടു മൂന്നു വർഷങ്ങൾക്കുശേഷം ബൾഗേറിയൻ രാജാവ് അവസാനമായി കുസ്തന്തീനോസ്പോലീസിന്റെ കീഴിൽ തന്നെ നിൽക്കുവാൻ തീരുമാനിച്ചു. കത്തോലിക്കാ ബിഷപ്പന്മാരെ അദ്ദേഹം രാജ്യത്തുനിന്നും പുറത്താക്കി.

13-ാം നൂറ്റാണ്ടായപ്പോഴേക്കും ഈ സഭ സ്വതന്ത്രയായി എന്നു പറയാം. എന്നാൽ തുർക്കികളുടെ ആഗമനത്തോടെ സഭ ഒരിക്കൽ കൂടി കുസ്തന്തീ

നോസ്പോലീസിലെ പാത്രിയർക്കീസിന് അധീനമായിത്തീർന്നു. തുർക്കികൾ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനു സകല ഗ്രീക്കു ക്രിസ്ത്യാനികളുടെ മേലും അധികാരം നൽകിയിരുന്നു എന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്രമേണ ഇവിടെ ഭരണം നടത്തുവാൻ ഗ്രീക്കു മേല്പട്ടക്കാർ വന്നു തുടങ്ങി. ഇവർ സ്ലാവിക് ആരാധന അമർച്ച ചെയ്ത് ഗ്രീക്ക് ആരാധനയും സംസ്കാരവും ബൾഗേറിയാക്കാരുടെ മേൽ അടിച്ചേല്പിക്കുവാൻ ശ്രമിച്ചത് പ്രശ്നങ്ങൾക്കു കാരണമായി. 19-ാം നൂറ്റാണ്ടു മുതൽ തങ്ങളുടെ സഭയ്ക്കു പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണമെന്ന അവകാശം അവർ ഉന്നയിക്കുവാൻ തുടങ്ങി. തുർക്കി സുൽത്താൻ ബർഗേറിയൻ സഭയുടെ സ്വാതന്ത്ര്യം 19-ാം നൂറ്റാണ്ടിൽ തന്നെ അംഗീകരിച്ചു എങ്കിലും കുസ്തന്തീനോസ്പോലീസിന്റെ അനുവാദം ലഭിച്ച് സഭ സ്വയംഭരണാധികാരമുള്ളതായി തീർന്നത് 1945-ൽ മാത്രമാണ്.

കമ്യൂണിസ്റ്റ് രാജ്യത്തെ സഭയായതുകൊണ്ട് വളരെ പ്രതികൂലമായ സാഹചര്യങ്ങളിലൂടെയാണ് ബൾഗേറിയൻ സഭ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. 1946-ൽ മതപരമായ വിദ്യാഭ്യാസം സ്കൂളുകളിൽ നിരോധിക്കപ്പെട്ടു. പല പട്ടക്കാരും മേല്പട്ടക്കാരും അറസ്റ്റു ചെയ്യപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. 'ദേശസ്നേഹികളുടെ മുന്നണി' (Patriotic Front) എന്ന പേരിൽ രൂപീകരിക്കപ്പെട്ട സംഘടനയിൽ എല്ലാ പട്ടക്കാരും പങ്കാളികൾ ആകണമെന്ന ആവശ്യം ഗവൺമെന്റ് മുന്നോട്ടുവച്ചു. കമ്യൂണിസ്റ്റുകാർക്ക് എതിരായി ഉള്ള പ്രചരണത്തോടു പടവെട്ടുവാൻ സഭാനേതാക്കന്മാരോടും ആവശ്യപ്പെടുകയാണുണ്ടായത്. ഈ ആവശ്യത്തോട് എതിർപ്പോ മമതയോ പ്രകടിപ്പിക്കാതെ അതിനെ അവഗണിക്കുകയാണ് വി. സുന്നഹദോസ് ചെയ്തത്. 1949-ൽ സഭയുടെ ഭരണത്തിൽ പല വിധത്തിലുള്ള നിയന്ത്രണങ്ങളും ഗവൺമെന്റ് ഏർപ്പെടുത്തി.

എന്നാൽ 1951-നു ശേഷം പരിമിതമായിട്ടെങ്കിലും ആശ്വാസകരമായ വിധത്തിൽ അൽപം സ്വാതന്ത്ര്യങ്ങൾ സഭ അനുഭവിച്ചുപോരുന്നു. മതപരമായ പ്രസിദ്ധീകരണങ്ങൾ അനുവദിക്കുവാനും, പട്ടക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുവാനും സാധ്യമായി. ഇന്ന് Ohrid എന്ന സ്ഥലത്ത് ഒരു സെമിനാരി പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് 60 ലക്ഷത്തോളം വിശ്വാസികൾ ഈ സഭയിലുണ്ട്. പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത് ബൾഗേറിയൻ സുന്നഹദോസാണ്. എങ്കിലും ഗവൺമെന്റ് അംഗീകരിക്കുന്ന മൂന്നു സ്ഥാനാർത്ഥികളിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കാനേ അവർക്കധികാരമുള്ളു. ഏതാണ്ട് രണ്ടായിരത്തിലധികം പള്ളികളും അത്രയും തന്നെ പുരോഹിതന്മാരുമുള്ള ഈ സഭയിൽ 24 മേല്പട്ടക്കാരുണ്ട്.

## 2. റഷ്യൻ സഭ

ഓർത്തഡോക്സ് സഭകളുടെ കൂട്ടത്തിൽ ഏറ്റവും അധികം അംഗങ്ങളുള്ള സഭയാണ് റഷ്യൻസഭ. കൃത്യമായ കണക്കുകൾ ലഭ്യമല്ല എങ്കിലും ഏതാണ്ട് 500 ലക്ഷത്തോളം വിശ്വാസികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

ബൈസന്റെൻ മിഷനറിമാർ 9-ാം നൂറ്റാണ്ടിലാണ് ക്രിസ്തുവിന്റെ സുവിശേഷവുമായി റഷ്യയിലേക്കു കടന്നുചെല്ലുന്നത്. അവരുടെ പ്രവർത്തനഫലമായി 10-ാം നൂറ്റാണ്ടിൽ തന്നെ സഭ വളർന്നു വലുതായി. എ.ഡി. 955-ൽ ഓൾഗ്ഗാ രാജകുമാരിയും, 988-ൽ കീവിലെ വ്‌ളാഡിമീറും ക്രിസ്തുമതം സ്വീകരിച്ചതോടെ റഷ്യക്കാർ കൂട്ടത്തോടെ വി. മാമോദീസാ ഏല്ക്കുവാൻ തുടങ്ങി. അധികം താമസിയാതെ തന്നെ കീവു പ്രവിശ്യയിൽ ക്രിസ്തുമതം ഔദ്യോഗികമായിത്തീർന്നു. ആദ്യം മുതലേ കീവിലെ മെത്രാപ്പോലീത്താ റഷ്യയിലെ മറ്റു മേല്പട്ടക്കാരുടെ നേതാവായി ഗണിക്കപ്പെട്ടിരുന്നു. ബർബരന്മാരുടെ പല ആക്രമണങ്ങൾ നിമിത്തം മെത്രാപ്പോലീത്തായുടെ ആസ്ഥാനം 14-ാം നൂറ്റാണ്ടിൽ കീവിൽ നിന്നും മോസ്ക്കോയിലേക്ക് മാറ്റേണ്ടതായി വന്നു. അതു മുതൽ ഇന്നുവരെയും റഷ്യൻ സഭാതലവന്റെ ആസ്ഥാനം മോസ്ക്കോയാണ്.

റഷ്യൻസഭ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ മേല്ക്കോയ്മ ഉപേക്ഷിച്ച് ഒരു സ്വതന്ത്ര സഭയാകുന്നതു 15-ാം നൂറ്റാണ്ടിലാണ്. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ സഹായമോ അനുമതിയോ കൂടാതെ 1448-ൽ റഷ്യാക്കാർ തന്നെ തങ്ങളുടെ സഭയുടെ തലവനായി യോനാസ് എന്നയാളെ മോസ്ക്കോയിലെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു വാഴിച്ചതോടെയാണ് സഭ സ്വതന്ത്രയായത്. സ്വാതന്ത്ര്യം ലഭിച്ചതോടെ പ്രാദേശികമായ മതഗ്രന്ഥങ്ങളും, ആരാധനക്രമങ്ങളും രൂപീകരിക്കുന്നതിൽ അവർ ശ്രദ്ധ ചെലുത്തി. വേദപുസ്തകവും മറ്റും, സിറിലിന്റെയും മെത്തോഡിയസിന്റെയും നേതൃത്വത്തിൽ സ്ലാവോണിക് ഭാഷയിലേക്ക് നേരത്തെതന്നെ തർജമ ചെയ്യപ്പെട്ടിരുന്നതു വളരെ സഹായകമായി. 1551-ൽ മോസ്കോയിൽ കൂടിയ സുന്നഹദോസ്, വിശുദ്ധ ജീവിതം നയിച്ചിരുന്ന പലരേയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. 1589-ൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായിരുന്ന ജറമിയാസ് രണ്ടാമൻ മോസ്കോ സന്ദർശിക്കുകയും, മോസ്ക്കോയിലെ ആദ്യത്തെ പാത്രിയർക്കീസായി ജോബിനെ വാഴിക്കുകയും ചെയ്തതോടെ റഷ്യൻ സഭയുടെ സ്വാതന്ത്ര്യത്തിനു പരിപൂർണ്ണ അംഗീകാരം ലഭിച്ചു. ആദിമ നൂറ്റാണ്ടുകളിൽ രൂപം പ്രാപിച്ച നാലു പാത്രിയർക്കീസന്മാരുടെയും പിന്നാലെ അഞ്ചാം സ്ഥാനം പുതിയ പാത്രിയർക്കീസിനു കൈവന്നു.

പീറ്റർ ദി ഗ്രേറ്റ് ചക്രവർത്തിയുടെ വാഴ്ചക്കാലത്തു സഭ പല പ്രയാസങ്ങളും അതിജീവിക്കേണ്ടതായി വന്നു. പാശ്ചാത്യ സംസ്കാരത്തിനനുസൃ

തമായ ചില നവീകരണങ്ങൾ അദ്ദേഹം അടിച്ചേല്പിക്കുവാനാരംഭിച്ചു. 1700–ൽ അഡ്രിയൻ പാത്രിയർക്കീസിന്റെ മരണശേഷം പാത്രിയർക്കാസ്ഥാനം തന്നെയും നിർത്തലാക്കി; തൽസ്ഥാനത്തു 'വി. സുന്നഹദോസ്' എന്ന നാമത്തിൽ ഒരു കമ്മറ്റിയെ നിയമിച്ചു. കുറെ ബിഷപ്പന്മാരും രണ്ടോ മൂന്നോ പട്ടക്കാരും അംഗങ്ങളായുള്ള ഈ കമ്മറ്റിയുടെ എല്ലാ ചർച്ചകളിലും രാജാവു നിയമിക്കുന്ന ഒരു പ്രതിനിധി കൂടെ പങ്കെടുക്കണമെന്നതു നിർബന്ധമായിരുന്നു. ഈ വിധത്തിൽ പീറ്റർ സഭയെ രാജ്യത്തിന് അടിമപ്പെടുത്തി.

15, 16 നൂറ്റാണ്ടുകളിൽ, ഉക്രേയിൻ പ്രവിശ്യ മോസ്ക്കോ ഭരണത്തിൻ കീഴിൽ അല്ലാതിരുന്നതിനാൽ അവിടുത്തെ സഭയും മോസ്ക്കോ പാത്രിയർക്കീസിന്റെ കീഴിലായിരുന്നില്ല. ഈ കാലഘട്ടത്തിൽ പലപ്പോഴും ഇവർ റോമൻ കത്തോലിക്കരുമായി ഐക്യം പ്രാപിച്ചിട്ടുണ്ട്. എങ്കിലും റോമാക്കാരുടെ അസഹനീയമായ മേല്ക്കോയ്മ സഹിക്കാനാവാതെ വീണ്ടും ഓർത്തഡോക്സിയിലേക്കു തിരിച്ചുവരുകയാണുണ്ടായത്. 1686–ൽ റഷ്യ ഉക്രയിന്റെമേൽ വിജയം ഘോഷിച്ചതോടെ അവിടുത്തെ സഭയും മോസ്ക്കോ പാത്രിയർക്കീസിന്റെ അധീനതയിൽ വന്നു.

1721 മുതൽ 1917 വരെയുള്ള കാലഘട്ടം റഷ്യൻ സഭ പൂർണ്ണമായും രാജകീയാധികാരത്തിനു കീഴ്പ്പെട്ടിരുന്നു. എന്നാൽ ഈ കാലഘട്ടത്തിലും സഭയുടെ ജീവൻ നിലച്ചുപോയിരുന്നില്ല എന്നത് എടുത്തു പറയേണ്ട സംഗതിയാണ്. സന്യാസപ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ വളരെ പ്രാധാന്യം കൈവരിച്ചു. സഭയുടെ പ്രധാന പിതാക്കന്മാരുടെയെല്ലാം കൃതികൾ റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത് ആത്മീകത നിലനിർത്തുന്നതിന് ഒരു മുഖാന്തരമായി തീർന്നു. 17–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ തന്നെ ഒരു തിയോളജിക്കൽ അക്കാഡമി മോസ്കോയിൽ സ്ഥാപിക്കപ്പെട്ടു. ഇതു കൂടാതെ വേറെ മൂന്ന് അക്കാഡമികളും, സെമിനാരികളും, വിദ്യാഭ്യാസ കേന്ദ്രങ്ങളും 19–ാം നൂറ്റാണ്ടിൽ നിലവിൽ വന്നു. കിഴക്കേ സൈബീരിയായിലും ചൈനായിലും എല്ലാം കർത്താവിന്റെ സുവിശേഷം എത്തിക്കുവാൻ റഷ്യൻ മിഷനറിമാർക്കു സാധിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ റഷ്യൻ സഭ ചില നവീകരണങ്ങൾക്ക് ഒരുങ്ങുകയായിരുന്നു. വളരെ നാളത്തെ പരിശ്രമഫലമായി 1917–ൽ റഷ്യൻ സഭയുടെ ഒരു ആകമാന സുന്നഹദോസ് മോസ്ക്കോയിൽ സമ്മേളിച്ചു. സുന്നഹദോസ് ഒരു പുതിയ ഭരണഘടനയ്ക്കു രൂപംനല്കുകയും, പാത്രിയർക്കാസ്ഥാനം പുനഃസ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അത്മേനികൾക്കു സഭാ ഭരണത്തിലുള്ള പങ്കാളിത്തം പുതിയ ഭരണഘടനയുടെ പ്രത്യേകതയാണ്. 1917 ഒക്ടോബർ 31 ലെ വിപ്ലവത്തിനു ശേഷം അധികം താമസിയാതെ Tykhom എന്നയാളെ പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു.

## കമ്യൂണിസ്റ്റ് ഭരണത്തിൻകീഴിൽ

'മതം മനുഷ്യനെ മയക്കുന്ന മരുന്നാണ്' എന്ന കാറൽ മാർക്സിന്റെ സിദ്ധാന്തത്തെ മുറുകെ പിടിക്കുന്നവരായ പുതിയ രാഷ്ട്രീയ നേതാക്കന്മാരും സഭയോടു ദയവു കാണിച്ചില്ല. 1918-ൽ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം സഭയുടെ നിയന്ത്രണത്തിൽ നിന്നു വേർപെടുത്തി. ഇതൊടൊപ്പം തന്നെ പല കമ്യൂണിസ്റ്റ് നേതാക്കന്മാരും മതത്തിനെതിരായി രംഗത്തിറങ്ങിയത് പലപ്പോഴും രക്തച്ചൊരിച്ചിലിന് ഇടയാക്കി. 1921-22 കാലഘട്ടത്തിൽ ഉണ്ടായ ക്ഷാമത്തെ നേരിടുവാനെന്ന വ്യാജേന പള്ളികളിലുണ്ടായിരുന്ന വിലപിടിപ്പുള്ള സാധനങ്ങളെല്ലാം ഗവൺമെന്റ് കണ്ടുകെട്ടുവാൻ തീരുമാനിച്ചു. ആരാധനയ്ക്കുപയോഗിക്കുന്ന കൂദാശ ചെയ്ത ഉപകരണങ്ങളൊഴികെ എല്ലാം കൊടുക്കാമെന്നു സഭ സമ്മതിച്ചു. പക്ഷേ അതുകൊണ്ടു തൃപ്തരാവാതിരുന്ന ഭരണാധിപന്മാർ കലഹങ്ങൾ സൃഷ്ടിച്ചു. സഭയുടെ ഉള്ളിൽ തന്നെ ഒരു വിഭാഗം ഭരണകൂടത്തിന്റെ തീരുമാനം അംഗീകരിച്ചു സഭയോടു പടവെട്ടുവാൻ രംഗത്തിറങ്ങി. ഇവർ 'ജീവിക്കുന്ന സഭ' (Living Church) എന്നു സ്വയം നാമകരണം ചെയ്തു. സഭാഭരണം ഇവർ കുറെ നാളത്തേയ്ക്കു കൈയടക്കി എങ്കിലും പില്ക്കാലത്ത് ഈ നൂതന വിഭാഗം ഇല്ലാതായിത്തീർന്നു.

രണ്ടാം ലോകമഹായുദ്ധം തുടങ്ങിയതോടെ സഭയും ഭരണകൂടവുമായുള്ള ബന്ധത്തിൽ സാരമായ മാറ്റങ്ങൾ വന്നു. സഭയ്ക്കു സ്വാതന്ത്ര്യങ്ങൾ അനുവദിച്ചു തുടങ്ങി. 1944-ൽ സ്റ്റാലിൻ സഭയുടെ പ്രതിനിധികളുമായി സംഭാഷണങ്ങൾ നടത്തി. ഒരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുവാൻ അനുവാദം നല്കി. 1925-ൽ Tykhom പാത്രിയർക്കീസിന്റെ മരണശേഷം സഭയ്ക്ക് ഒരു തലവൻ ഇല്ലായിരുന്നു. സഭയെ പുനഃസംഘടിപ്പിക്കുന്നതിനും സെമിനാരികൾ സ്ഥാപിക്കുന്നതിനും മതപരമായ പ്രസിദ്ധീകരണങ്ങൾ ഇറക്കുന്നതിനും സ്വാതന്ത്ര്യം ലഭിച്ചു. രാഷ്ട്രീയ ഭരണാധികാരികളെ എന്നും പിൻതാങ്ങുകയെന്നത് സഭയ്ക്ക് അനിവാര്യമാണ്. ഏതൊരു രാഷ്ട്രീയ നയത്തെയും എതിർക്കുക എന്നത് അചിന്തനീയമാണ്. ഇത്രയും പ്രയാസങ്ങളിലൂടെ കടന്നുപോയിട്ടും, ഓർത്തഡോക്സ് സഭകളിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ളത് റഷ്യയിലാണ് എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. കർത്താവിന്റെ സുവിശേഷത്തെ നശിപ്പിക്കുവാൻ അസാദ്ധ്യമാണെന്നതിന് ഇതിൽ കൂടുതൽ തെളിവിന്റെ ആവശ്യമില്ലല്ലോ. ഏതാണ്ട് 90 മേല്പട്ടക്കാരോളം റഷ്യൻ സഭയിലുണ്ട്. ഇരുപത്തയ്യായിരം പള്ളികൾ ഉണ്ട്. വൈദികരെ അഭ്യസിപ്പിക്കുന്നതിനായി രണ്ട് അക്കാഡമികളും എട്ട് ചെറിയ സെമിനാരികളും ഉണ്ട്. സുന്നഹദോസ് വിളിച്ചുകൂട്ടണമെങ്കിൽ തന്നെ ഗവൺമെന്റിന്റെ അംഗീകാരം വേണം. പലപ്പോഴും ബിഷപ്പന്മാരെയും പട്ടക്കാരെയും അറസ്റ്റു ചെയ്യുകയും, കൊല ചെയ്യുകയും ചെയ്യുന്നുണ്ട്. സഭയ്ക്കും സഭയിലെ

പട്ടക്കാർക്കും ധനപരമായ വരുമാനങ്ങൾ വളരെ ഉണ്ട്. എങ്കിലും അവ യൊന്നും മിഷൻ പ്രവർത്തനങ്ങൾക്കായി ചെലവാക്കാനുള്ള അവകാശം അവർക്കില്ല.

ഭരണാധികാരികളുടെ അനുവാദത്തോടെ വിളിച്ചുകൂട്ടുന്ന നാഷണൽ ചർച്ച് അസംബ്ലിയാണ് പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ എല്ലാ മേല്പട്ടക്കാരും പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രതിനിധി കളും പങ്കെടുക്കുന്നു. ബിഷപ്പന്മാരെ നിയമിക്കുന്നത് പാത്രിയർക്കീസ് തന്നെ യാണ്.

### ചോദ്യങ്ങൾ

1. ബൾഗേറിയൻ സഭ സ്വതന്ത്രയായത് എങ്ങനെ?
2. കമ്യൂണിസ്റ്റ് വിപ്ലവത്തിനു മുമ്പ് റഷ്യൻ സഭയെ രാജ്യത്തിന് അധീ നപ്പെടുത്തിയത് ആര്? ഏതു വിധത്തിൽ?
3. കമ്യൂണിസ്റ്റ് ഭരണകർത്താക്കളിൽനിന്നും റഷ്യൻ സഭ അഭിമുഖീക രിക്കേണ്ടി വന്ന പീഡനങ്ങൾ വിവരിക്കുക?

## പാഠം 3

# സ്ലാവോണിക് സഭകൾ – 2

❑ സെർബിയൻ സഭ ❑ പോളണ്ടിലെ സഭ ❑ ചെക്കൊസ്ലാവാക്യൻ സഭ

### 1. സെർബിയൻ സഭ

1220 –ൽ ആണ് വി. സബ്ബാസ് എന്നയാൾ സെർബിയായിലെ അഥവാ ഇന്നത്തെ യൂഗോസ്ലാവിയായിലെ ആദ്യത്തെ മെത്രാപ്പോലീത്തായായി വാഴി ക്കപ്പെട്ടത്. അന്നുമുതൽ ഏതാണ്ടൊരു സ്വയംഭരണാവകാശത്തിൽ വളർന്ന സഭയുടെ പൂർണ്ണ സ്വാതന്ത്ര്യം 1346–ൽ ഒരു സ്വയംപ്രഖ്യാപനത്തിലൂടെ അവർ നേടിയെടുത്തു. എന്നാൽ 1766–ൽ ഈ സഭയുടെ സ്വാതന്ത്ര്യം ഹനി ക്കപ്പെട്ടു. കുസ്തന്തീനോസ്പോലീസുകാർ സെർബിയൻ മെത്രാപ്പോലീ ത്തായുടെ സ്ഥാനം നിർത്തലാക്കയശേഷം 19–ാം നൂറ്റാണ്ടിൽ ഏതാണ്ട് അഞ്ചു സ്വതന്ത്ര സഭകൾ സെർബിയായിൽ രൂപീകൃതമായി. മോൺട്ടിനെ ഗ്രോയിലെ സഭ, കാർലോവിറ്റസിലെ സഭ, സെർനോവിറ്റ്സിലെ സഭ, സെർബിയൻ രാജ്യത്തെ സഭ, ബോടനിയയിലെ സഭ എന്നിവയാണ് ഈ അഞ്ചു സഭകൾ. 1920–ൽ ഈ അഞ്ചു സഭകളും ആധുനിക യൂഗോസ്ലാവി

യായുടെ തലസ്ഥാനമായ Belgrade ൽ വസിക്കുന്ന ഒരു പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ ഒരു സഭയായി ഐക്യപ്പെട്ടു. 1922 ൽ എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ അംഗീകാരവും ലഭിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലം മുതൽ ഈ സഭയ്ക്ക് വളരെ കഷ്ടതകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. സെർബിയായെ കീഴ്പ്പെടുത്തിയ ജർമ്മൻ പട പല പട്ടക്കാരെയും അറസ്റ്റു ചെയ്തു. അതേ തുടർന്നു പട്ടക്കാരും വിശ്വാസികളും പുതിയ നേതാക്കൾക്ക് എതിരായിത്തീർന്നു. ഈ കാലത്ത് ഏതാണ്ടു 7 ലക്ഷത്തോളം സെർബിയാക്കാർ വധിക്കപ്പെട്ടു എന്നാണ് കണക്കാക്കപ്പെടുന്നത്. റ്റിറ്റോയുടെ ഭരണകാലത്തു ചുരുക്കം ചില പട്ടക്കാരെയും മേല്പട്ടക്കാരെയും വധിക്കുവാൻ ഇടയായിട്ടുണ്ട് എന്നതൊഴിച്ചാൽ യുദ്ധത്തിനുശേഷം രൂപംകൊണ്ട പുതിയ ജനാധിപത്യ ഗവൺമെന്റ് സഭയെ കാര്യമായി ദ്രോഹിച്ചില്ല എന്നു പറയാം. പട്ടക്കാർ പൊതുവെ ഗവൺമെന്റിന്റെ നയങ്ങളോട് എതിർപ്പു പ്രകടിപ്പിച്ചതാണ് പലപ്പോഴും രക്തച്ചൊരിച്ചിലിനു വഴിയൊരുക്കിയത്. രാഷ്ട്രീയ തലവന്മാർ സഭയുടെ ശക്തി ക്ഷയിപ്പിക്കുന്നതിനായി സെർബിയൻ സഭയെ പല സ്വതന്ത്ര സഭകളാക്കി വീണ്ടും തിരിക്കുന്നതിന് ഒരുമ്പെട്ടുവെങ്കിലും അവരുടെ ആഗ്രഹം ഫലിച്ചില്ല. എന്നാൽ മാസിഡോണിയായിലെ സഭ മാത്രം 1957 മുതൽ ഭാഗികമായി സ്വതന്ത്രയാണ്. ഈ സഭയിൽ ആറു മേല്പട്ടക്കാരുണ്ട്.

1950-ൽ അധികാരത്തിൽ വന്ന വിൻസന്റ് പാത്രിയർക്കീസ്, രാഷ്ട്രത്തലവന്മാരോട് അല്പം കൂടെ നയപരമായ പെരുമാറ്റരീതികൾ അവലംബിച്ചു. അതിനാൽ ഇപ്പോൾ യുഗോസ്ലാവിയൻ സഭയുടെ അവസ്ഥ അല്പം കൂടി മെച്ചപ്പെട്ടു എന്നു പറയാം. എങ്കിലും ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഉണ്ടായിരുന്ന അത്രയും ശക്തി ഇന്ന് ഈ സഭയ്ക്കില്ല. 1940-ൽ ഇവിടെ 5 വൈദിക സെമിനാരികൾ ഉണ്ടായിരുന്നുവെങ്കിൽ ഇന്നു രണ്ടെണ്ണം മാത്രമാണുള്ളത്. ഏതാണ്ട് 75 ലക്ഷത്തോളം അംഗങ്ങളുള്ള ഒരു സഭയ്ക്ക് ആവശ്യമായ പുരോഹിതന്മാരെ അഭ്യസിപ്പിക്കുന്നതിന് ഇതു തികച്ചും അപര്യാപ്തമാണ്. പാത്രിയർക്കീസ് ഉൾപ്പെടെ ഏതാണ്ട് 25 മേല്പട്ടക്കാരോളം സെർബിയൻ സഭയിലുണ്ട്.

വി. സുന്നഹദോസിൽ 6 മേല്പട്ടക്കാരും പാത്രിയർക്കീസും മാത്രമേ അംഗങ്ങളായുള്ളു. സഭയുടെ ഭരണപരമായ ഏറ്റവും ഉന്നതസ്ഥാനം സുന്നഹദോസിനാണ്. എല്ലാ ബിഷപ്പന്മാരെയും ഉൾപ്പെടുത്തുന്ന എപ്പിസ്കോപ്പൽ അസംബ്ലി ആരാധനാകാര്യങ്ങളെയും വിശ്വാസങ്ങളെയും കുറിക്കുന്ന കാര്യങ്ങൾക്ക് തീരുമാനമെടുക്കുന്നു.

## 2. പോളണ്ടിലെ സഭ

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പോളണ്ട് ഒരു സ്വതന്ത്ര രാഷ്ട്ര

മായപ്പോൾ ഇവിടുത്തെ ഓർത്തഡോക്സ് സഭയിൽ ഏതാണ്ട് 40 ലക്ഷത്തോളം വിശ്വാസികൾ ഉണ്ടായിരുന്നു. രാഷ്ട്രം സ്വതന്ത്രമാകുന്നതിനു മുമ്പ് ഇവർ റഷ്യൻ പാത്രിയർക്കീസിനാലാണ് ഭരിക്കപ്പെട്ടിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷവും ഈ രീതി കുറെ നാളത്തേയ്ക്കു കൂടി തുടർന്നുവെങ്കിലും അധികം താമസിയാതെ പോളീഷ് ഗവൺമെന്റ് ഈ റഷ്യൻ മേധാവിത്വം അവസാനിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചു. ഇതിനെ റഷ്യക്കാർ നഖശിഖാന്തം എതിർത്തു. ഏതുവിധേനയും സഭയുടെ സ്വാതന്ത്ര്യം സ്ഥാപിച്ചെടുക്കാൻ വ്യഗ്രതയോടിരുന്ന ഭരണാധിപതികൾക്കും മതമേലദ്ധ്യക്ഷന്മാർക്കും എക്യുമെനിക്കൽ പാത്രിയർക്കീസിനെ അഭയം പ്രാപിക്കേണ്ടി വന്നു. അങ്ങനെ 1924-ൽ കുസ്ന്തീനോസ് പോലീസിലെ പാത്രിയർക്കീസ് പോളണ്ടിലെ സഭയെ ഒരു ഓട്ടോസെഫാലസ് സഭയായി അംഗീകരിച്ചു. ഈ നിശ്ചയത്തെ റഷ്യൻ സഭ എതിർക്കുകയും വളരെ നാളത്തേയ്ക്ക് പോളണ്ടിലെ സഭയുടെ സ്വാതന്ത്ര്യം അംഗീകരിക്കാതിരിക്കുകയും ചെയ്തു.

1939-ൽ റഷ്യൻ പട്ടാളം പോളണ്ടിലെത്തുകയും അധികം താമസിയാതെ രാജ്യത്തിന്റെ കിഴക്കെഭാഗം റഷ്യൻ ആധിപത്യത്തിൽ വരുത്തുകയും ചെയ്തു. നല്ലൊരു ഭാഗം ഓർത്തഡോക്സുകാർ റഷ്യ കീഴടക്കിയ പ്രദേശത്തുണ്ടായിരുന്നു. ഇവിടുത്തെ ഭദ്രാസനങ്ങൾ അധികം താമസിയാതെ റഷ്യൻ സഭയുടെ ഭദ്രാസനങ്ങളായിത്തീർന്നു. ഇതിനുശേഷം പോളണ്ടിലെ ബാക്കിയുള്ള മൂന്നര ലക്ഷത്തോളം ഓർത്തഡോക്സുകാരുടെ മേൽ റഷ്യ ആധിപത്യം ചെലുത്തുവാൻ ആഗ്രഹിച്ചില്ല. അവസാനം 1949-ൽ റഷ്യൻ പാത്രിയർക്കീസായിരുന്ന അലക്സിസ് ഈ സഭയെ ഒരു ഓട്ടോസെഫാലസ് സഭയായി അംഗീകരിച്ചു. സഭയുടെ തലവനായ മാർസോമിലെ മെത്രാപ്പോലീത്തായെ കൂടാതെ ഏതാണ്ട് 5 മേല്പട്ടക്കാർ കൂടി ഈ സഭയിലുണ്ട്.

### 3. ചെക്കോസ്ലോവാക്യൻ സഭ

ഓർത്തഡോക്സുകാരേക്കാൾ കൂടുതൽ റോമൻ കത്തോലിക്കർ അധിവസിക്കുന്ന ഒരു രാജ്യമാണ് ചെക്കോസ്ലോവാക്യ. 1923-ൽ രണ്ടര ലക്ഷത്തോളം വിശ്വാസികൾ ഉണ്ടായിരുന്ന ഇവിടുത്തെ ഓർത്തഡോക്സ് സഭയ്ക്ക് തങ്ങളുടെ തലവനായി സെബേട്ടിയോസ് എന്നയാളെ ലഭിച്ചു. എക്യുമെനിക്കൽ പാത്രിയർക്കീസാണ് ഇതിനു മുൻകൈയെടുത്തത്. ഏതാണ്ട് രണ്ടു വർഷം കൂടി കഴിഞ്ഞപ്പോൾ ഒരു വിഭാഗം ക്രിസ്ത്യാനികൾ കത്തോലിക്കാസഭ വിട്ട് ഓർത്തഡോക്സ് സഭയിൽ ചേരുകയുണ്ടായി. ഈ പുതിയ സമൂഹത്തിന്റെ നേതാവായി ഗോറോസ്ഡ് (Gorozd) എന്നയാളെ സെർബിയൻ പാത്രിയർക്കീസ് വാഴിച്ചു. വീണ്ടും 1930-ൽ കത്തോലിക്കാ യൂണിയാറ്റ് സഭാംഗങ്ങളായിരുന്ന കുറേപ്പേർ കൂടെ ഓർത്തഡോക്സ് സഭയിൽ ചേർന്നപ്പോൾ സഭയുടെ അംഗസംഖ്യ വളരെ ഉയർന്നു. പരസ്പരം ബന്ധമി

ല്ലാതിരുന്ന ഈ സമൂഹങ്ങളെ 1947-ൽ യോജിപ്പിച്ച് ഒരു സഭയാക്കിയതു റഷ്യൻ പാത്രിയർക്കീസാണ്. അധികം താമസിയാതെ റഷ്യൻ പാത്രിയർക്കീസായിരുന്ന അലക്സിസ് ഈ സഭയെ തന്റെ അധികാരത്തിൻ കീഴിലാക്കിത്തീർത്തു. റഷ്യക്കാർ പോളണ്ടിനെ എന്നതു പോലെ ചെക്കോസ്ലോവാക്യയേയും ആക്രമിച്ചു കീഴടക്കിയപ്പോൾ നല്ലൊരു വിഭാഗം ഓർത്തഡോക്സുകാർ എന്നന്നേക്കുമായി റഷ്യൻ സഭയിൽ ലയിച്ചു. ബാക്കിയുണ്ടായിരുന്നവരെ 1959-ൽ ഒരു സ്വതന്ത്ര സഭയായി റഷ്യ അംഗീകരിച്ചു. പ്രാഗിലെ മെത്രാപ്പോലീത്തായാണു സഭയുടെ തലവൻ. ഇന്ന് ഇവരുടെ അംഗസംഖ്യ ഏതാണ്ട് ഒന്നര ലക്ഷം മാത്രമാണ്. 1948-ൽ വൈദികരെ അഭ്യസിപ്പിക്കുന്നതിനായി ഒരു സെമിനാരി കാർലോവി വാരിയിൽ പ്രവർത്തനമാരംഭിച്ചു. പ്രാഗിലെ മെത്രാപ്പോലീത്തായെ കൂടാതെ 3 മേല്പട്ടക്കാർ കൂടെയുണ്ട്.

### ചോദ്യങ്ങൾ

1. യൂഗാസ്ലോവിയായിലെ പാത്രിയർക്കേറ്റ് രൂപീകൃതമായത് എന്ന്? ഏതു വിധത്തിൽ?
2. പോളണ്ടിലെ സഭ സ്വാതന്ത്ര്യം പ്രാപിച്ചതെങ്ങിനെ?
3. പോളണ്ടിനേയും, ചെക്കോസ്ലോവാക്യയെയും റഷ്യക്കാർ ആക്രമിച്ചു കീഴടക്കിയത് ഈ രാജ്യങ്ങളിലെ സഭകളെ എങ്ങിനെ ബാധിച്ചു?
4. സഭയും രാഷ്ട്രവും തമ്മിലുണ്ടാകേണ്ട ബന്ധം ഏതുവിധത്തിൽ ആയിരിക്കണം എന്ന് വിഭാവനം ചെയ്തത് വിശദീകരിക്കുക.

## പാഠം 4

# റുമേനിയൻ സഭ, ജോർജിയൻ സഭ, അൽബേനിയൻ സഭ

❑ റുമേനിയൻ സഭ ❑ ജോർജിയൻ സഭ ❑അൽബേനിയൻ സഭ

### 1. റുമേനിയൻ സഭ

റുമേനിയായിൽ ആദ്യമുണ്ടായ ക്രിസ്ത്യാനികൾ പാശ്ചാത്യാരാധന പിന്തുടരുന്നവർ ആയിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ ഇവർ ഗ്രീക്ക് സ്വാധീനത്തിൽ വരുവാനിടയായി. സാവധാനം ലത്തീൻ ക്രമങ്ങളുടെ ഗ്രീക്കു ക്രമങ്ങൾ കൈയടക്കി. കുസ്തന്തീനോസ്പോലീസും റോമും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഇവർ അവസാനമായി കിഴക്കൻസഭകളുടെ ചേരിയിൽ

ചേർന്നു റോമിനെതിരെ യുദ്ധം ചെയ്തു. വളരെക്കാലത്തേക്കു റുമാനിയായിലെ മേല്പട്ടക്കാർ അന്യനാട്ടുകാരായിരുന്നു. പതിനാലാം നൂറ്റാണ്ടു മുതൽ ഇവർക്കു സ്വന്തം നാട്ടുകാരെ തന്നെ മെത്രാന്മാരായി ലഭിച്ചു തുടങ്ങി.

1712 മുതൽ എക്യുമെനിക്കൽ പാത്രിയർക്കീസ് റുമേനിയൻ സഭയുടെ ഭരണത്തിൽ കൈകടത്തുവാൻ ആരംഭിച്ചു. റുമേനിയായിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്താമാരുടെ ഭരണസ്വാതന്ത്ര്യം നിർത്തലാക്കി. സഭ വീണ്ടും സ്വാതന്ത്ര്യത്തിന്റെ വെളിച്ചം കാണുന്നത് 1864-ൽ റുമേനിയൻ രാഷ്ട്രം സ്വതന്ത്രമായതിനുശേഷം മാത്രമാണ്. ഭരണാധിപനായി വന്ന കൂസാ (Cuza) സഭയുടെ ഭൂസ്വത്തെല്ലാം കണ്ടുകെട്ടിയതിനുശേഷം സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. എക്യുമെനിക്കൽ പാത്രിയർക്കീസ് ആദ്യം ഇതിനെ എതിർക്കുകയും സ്വാതന്ത്ര്യം അംഗീകരിക്കാതിരിക്കുകയും ചെയ്തു. ഏതാണ്ട് 20 വർഷങ്ങൾക്കു ശേഷം 1885-ൽ മാത്രമാണ് റുമേനിയൻ സഭയുടെ സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടത്.

ആധുനിക റുമേനിയൻ ഓർത്തഡോക്സ് സഭ രൂപീകൃതമായത് സെർബിയൻ സഭയെപ്പോലെതന്നെ പല സഭകൾ കൂട്ടിച്ചേർത്താണ്. ട്രാൻസില്വാനിയായിലെ സഭയാണ് ഇതിലൊന്ന്. ഇവർ 1864-ൽ തന്നെ ഒരു സ്വതന്ത്ര സഭയായതാണ്. ബക്കോവിനയിലെ സഭയാണ് മറ്റൊന്ന്. ഇവർ 1873 മുതൽ ഏതാണ്ട് ഒരു സ്വതന്ത്രസഭയായി പ്രവർത്തിച്ചു വരികയായിരുന്നു. ഈ ഘടകങ്ങളെയെല്ലാം യോജിപ്പിച്ചുകൊണ്ടാണ് 1925-ൽ റുമേനിയൻ പാത്രിയർക്കേറ്റു രൂപീകൃതമായത്. ഇന്നത്തെ റുമേനിയൻ സഭയിൽ 15 ദശലക്ഷത്തോളം പേർ അംഗങ്ങളായിട്ടുണ്ട്. ബൈസന്റൈൻ സഭകളുടെ കൂട്ടത്തിൽ റഷ്യൻ സഭ കഴിഞ്ഞാൽ ഏറ്റവും വലുത് റുമേനിയൻ സഭയാണ്. ആകെ 26 മേല്പട്ടക്കാർ സഭയിലുണ്ട്.

റുമേനിയായിൽ കമ്മ്യൂണിസ്റ്റ് ഭരണം വരുന്നതിനു മുമ്പ് സഭയും ഗവൺമെന്റും തമ്മിൽ വളരെ നല്ല ബന്ധങ്ങൾ പുലർത്തിയിരുന്നു. എന്നാൽ കമ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്നതോടെ കാറ്റു തിരിഞ്ഞു വീശുവാൻ തുടങ്ങി. അധികാരത്തിൽ വന്നിട്ടു വേഗം തന്നെ അവർ സഭ നടത്തുന്ന സ്കൂളുകളുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മേല്പട്ടക്കാർ, രാഷ്ട്രത്തോടു കൂറുപുലർത്തും എന്നു പറഞ്ഞുകൊണ്ട് ഒരു സത്യപ്രതിജ്ഞ നടത്തിയെങ്കിൽ മാത്രമേ അവർക്കധികാരത്തിൽ വരാനാവൂ. 1959 മുതൽ സഭയും രാഷ്ട്രവുമായുള്ള ബന്ധം അല്പം കൂടെ മെച്ചപ്പെട്ടിട്ടുണ്ട്. 18 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് മതപരമായ യാതൊരു വിദ്യയും നല്കുവാൻ പാടില്ല. എന്നാൽ വൈദികരെ അഭ്യസിപ്പിക്കുന്നതിനു രണ്ടു സെമിനാരികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

റുമേനിയൻ സഭയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് സന്യാസ

പ്രസ്ഥാനത്തിന്റെ നവോത്ഥാനമാണ്. 1959-ൽ 7000 സന്യാസിമാരോളം സഭയിലുണ്ടായിരുന്നു. ആശ്രമങ്ങൾ ബുദ്ധിപരമായ അറിവ് പകരുന്നതിനും ആത്മീകത വളർത്തുന്നതിനും മുഖാന്തരമായിത്തീർന്നു. സന്യാസിമാർ രാജ്യത്തിനു യാതൊരു പ്രയോജനവും ചെയ്യുകയില്ല എന്ന ആരോപണത്തെ വെല്ലുവിളിക്കുന്നതിനായി അവർ സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ തുടങ്ങി.

ഈ വികസനങ്ങൾ എല്ലാം 1958-ൽ ഗവൺമെന്റു കൈക്കൊണ്ട കർക്കശ തീരുമാനങ്ങളുടെ അടിയിൽപ്പെട്ടു നശിച്ചുപോയി. സഭാനേതാക്കന്മാരിൽ പലരേയും, പാത്രിയർക്കീസിനെയും അറസ്റ്റ് ചെയ്യുകയും വളരെ അധികം സന്യാസിമാരെയും, പട്ടക്കാരെയും അത്മേനികളാക്കി തീർക്കുകയും ചെയ്തു. ഇന്നും മതത്തിനെതിരായ പഠിപ്പിക്കലുമായി ഗവൺമെന്റ് മുമ്പോട്ടു പോകുന്നു.

## 2. ജോർജിയൻ സഭ

വളരെ പുരാതനകാലം മുതൽ തന്നെ ക്രിസ്തീയ വിശ്വാസം ജോർജിയായിൽ വേരൂന്നി. ഇവരുടെ സഭാ സ്ഥാപകയായി കണക്കാക്കുന്നതു നീന എന്നു പേരുള്ള പെൺകുട്ടിയെയാണ്. അവളുടെ അസാധാരണ വ്യക്തിത്വവും ഗാഢമായ വിശ്വാസവും രോഗശാന്തിക്കുള്ള വരവും എല്ലാം ജോർജിയൻ രാജാവായ മെറിയാനെയും രാജ്ഞി നാനായെയും ഹഠാദാകർഷിച്ചു. എ. ഡി. 303-ൽ തന്നെ രാജാവും രാജ്ഞിയും നീനയുടെ സ്വാധീനത്താൽ വി. മാമോദീസാ സ്വീകരിക്കുകയും ക്രിസ്തീയവിശ്വാസം രാജ്യത്തെ ഔദ്യോഗികമതമായി പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് അവർ സ്വയമായി ഒരു അക്ഷരമാല കണ്ടുപിടിക്കുകയും വി. വേദപുസ്തകവും ആരാധനാക്രമവും പ്രാദേശിക ഭാഷയിലാക്കുകയും ചെയ്തു. ജോർജിയ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധീനതയിൽ വരുന്ന പ്രദേശമായിരുന്നതിനാൽ ആദ്യകാലങ്ങളിൽ ഇവർക്കു മെത്രാപ്പോലീത്താമാരെ ലഭിച്ചത് അന്ത്യോഖ്യായിൽ നിന്നാണ്. പിൽക്കാലത്ത് ഇവർ കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസിന്റെ സ്വാധീനത്തിൽ വന്നു. അന്നു മുതൽ എന്നും ബൈസന്റൈൻ സാമ്രാജ്യവും വിശ്വാസവുമായി ശക്തമായ ബന്ധം പുലർത്തിപ്പോന്നു. അതിനാൽ കല്ക്കദോൻ സുന്നഹദോസിനെ അംഗീകരിക്കുന്നതിനോ കുസ്തന്തീനോസ്പോലീസിലെ സഭയോടു ചേർന്നു റോമാസഭയ്ക്കെതിരായി ശബ്ദമുയർത്തുന്നതിനോ ഇവർക്കു യാതൊരു സംശയവും ഉണ്ടായില്ല.

ഒമ്പതാം നൂറ്റാണ്ടിൽ തന്നെ ജോർജിയൻ സഭ ഒരു കാതോലിക്കായുടെ കീഴിൽ ഒരു ഓട്ടോസെഫാലസ് സഭയായി തീർന്നു. 1801 ൽ പേർഷ്യക്കാരെ തോല്പിക്കുന്നതിനായി റഷ്യക്കാരുമായി ഇവർ കൂട്ടുകെട്ടുണ്ടാക്കി. ഇതിന്റെ

അനന്തരഫലമായി ജോർജിയ റഷ്യയുടെ ഒരു ഭാഗമായി തീർന്നു. സഭയുടെ സ്വാതന്ത്ര്യവും ഇതോടൊപ്പം അവസാനിച്ചു. 1817 മുതൽ റഷ്യൻ മേല്പട്ടക്കാർ ഇവിടെ ഭരണത്തിനായി വന്നു തുടങ്ങി. ജോർജിയൻ ആരാധനക്രമങ്ങൾക്കു പകരം സ്ലാവോണിക്ക് ആരാധനക്രമങ്ങൾ ബലം പ്രയോഗിച്ചു കുത്തിച്ചെലുത്തി. നിക്കോളാസ് രണ്ടാമൻ റഷ്യൻ ഭരണാധിപതി ആയപ്പോൾ അദ്ദേഹം മതസഹിഷ്ണതയ്ക്കായി ആജ്ഞ പുറപ്പെടുവിച്ചു. ഈ സമയത്തു ജോർജിയൻ സഭയുടെ നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യം തിരികെ തരണമെന്ന ആവശ്യം അവർ ഉന്നയിച്ചു. എന്നാൽ പരാതിയുമായി ചെന്ന മേല്പട്ടക്കാരനെ നാടുകടത്തിയതല്ലാതെ മറ്റു യാതൊരു പ്രയോജനവും ഉണ്ടായില്ല. ഇതിന്റെ ഒരു പ്രത്യാഘാതം എന്നപോലെ ജോർജിയായിൽ ഭരണത്തിനു വന്ന റഷ്യൻ മേല്പട്ടക്കാരൻ നിക്കോണിനെ ഇവർ വധിച്ചു.

1917–ലെ റഷ്യൻ വിപ്ലവ സമയത്തു മേല്പട്ടക്കാരും പട്ടക്കാരും അത്മായക്കാരും പങ്കെടുത്ത ഒരു മീറ്റിംഗിൽ വച്ചു ജോർജിയൻ സഭ ഇനിമുതൽ സ്വതന്ത്രമായിരിക്കും എന്ന് അവർ സ്വയമായി പ്രഖ്യാപിച്ചു. ഏതാനും മാസങ്ങൾക്കുശേഷം കിറിയോൺ എന്നയാളെ പുതിയ കാതോലിക്കായായി തിരഞ്ഞെടുത്തു വാഴിച്ചു. റഷ്യൻ പാത്രിയർക്കീസ് പ്രതിഷേധമുയർത്തിയെങ്കിലും ഫലമുണ്ടായില്ല. 1943–ൽ അവരും ജോർജിയൻ സഭയുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.

1921–ൽ ജോർജിയ സോവിയറ്റു യൂണിയന്റെ ഭാഗമായി തീർന്നു. അന്നു മുതൽ റഷ്യൻ സഭയെപ്പോലെ തന്നെ ജോർജിയൻ സഭയും പ്രതികൂല സാഹചര്യങ്ങളിൽ കൂടിയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. 1922 –ൽ അമ്പ്രോസ് കാതോലിക്കായെ, ഗവൺമെന്റിന്റെ നയങ്ങൾക്ക് എതിരായി മെമ്മോറാണ്ടം സമർപ്പിച്ചു എന്ന കാരണത്താൽ അറസ്റ്റു ചെയ്തു. മരിക്കുന്നതുവരെയും അദ്ദേഹത്തെ അവർ പുറത്തുവിട്ടില്ല. 1927 മുതൽ സഭ കമ്മ്യൂണിസ്റ്റു ഭരണാധികാരികളുമായി കൂടുതൽ അടുക്കുവാൻ ശ്രമിച്ചു തുടങ്ങി. ഗവൺമെന്റിന്റെ നയങ്ങളെ എതിർത്തില്ല എന്നു മാത്രമല്ല പലപ്പോഴും അവരെ പിന്താങ്ങുവാനും ആരംഭിച്ചു. ഇതിന്റെ ഫലമായി സഭയ്ക്കു പീഡനങ്ങളിൽ നിന്ന് അല്പം ആശ്വാസം ലഭിച്ചു. എങ്കിലും പട്ടക്കാരെയും മറ്റും അറസ്റ്റു ചെയ്യുകയും പള്ളികൾ പൂട്ടുകയും ചെയ്യുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം റഷ്യ പൊതുവേ ക്രിസ്ത്യാനികളോട് ദയവു കാണിക്കാൻ തുടങ്ങി എന്നതു നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണല്ലോ. ഈ കാലഘട്ടം മുതൽ ജോർജിയൻ സഭയും വളർച്ച ആരംഭിച്ചിട്ടുണ്ട്. എങ്കിലും മുപ്പതുലക്ഷം വിശ്വാസികളുള്ള ഈ സഭയിൽ വൈദികരെ അഭ്യസിപ്പിക്കുന്നതിന് ഒരു നല്ല സെമിനാരി ഉണ്ടോ എന്നു സംശയമാണ്. 19 മേല്പട്ടക്കാരാണു സഭയിലുള്ളത്.

### 3. അൽബേനിയൻ സഭ

സുവിശേഷം അൽബേനിയായിൽ പ്രവേശിച്ചതു രാജ്യത്തിന്റെ വടക്കും തെക്കും ഭാഗങ്ങൾ വഴിയാണ്. ഒരു കാലത്തു വളരെ ക്രിസ്ത്യാനികൾ ഉള്ള ഒരു രാജ്യമായിരുന്നു ഇതെങ്കിൽ മുസ്ലീങ്ങളുടെ ആഗമനത്തോടെ ഭൂരിഭാഗവും മുഹമ്മദീയരായി തീർന്നു. ന്യൂനപക്ഷമായി സ്ഥിതിചെയ്യുന്ന ക്രിസ്ത്യാനികളിൽ കത്തോലിക്കർ രാജ്യത്തിന്റെ വടക്കുഭാഗത്തും ഓർത്തഡോക്സുകാർ തെക്കുഭാഗത്തും അധിവസിക്കുന്നു. 18-ാം നൂറ്റാണ്ടു മുതൽ അൽബേനിയായിൽ ഭരണം നടത്തിയിരുന്ന മേല്പട്ടക്കാരെല്ലാം എക്യുമെനിക്കൽ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടിരുന്ന ഗ്രീക്കുകാരായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം അൽബേനിയ ഒരു സ്വതന്ത്രരാഷ്ട്രമായപ്പോൾ തങ്ങളുടെ സഭയേയും സ്വതന്ത്രമാക്കണമെന്ന ആവശ്യം ഉന്നയിച്ചു. എക്യുമെനിക്കൽ പാത്രിയർക്കീസ് ആദ്യമൊന്നും സമ്മതിച്ചില്ല. 1926-ൽ സ്വാതന്ത്ര്യത്തിനുള്ള കുറെ വ്യവസ്ഥകൾ കുസ്തന്തീനോസ്പോലീസുകാർ മുമ്പോട്ടുവച്ചത് അൽബേനിയൻ സഭ നിരസിച്ചു. അവസാനം 1929-ൽ ഒരു റഷ്യൻ ബിഷപ്പും ഒരു സെർബിയൻ ബിഷപ്പും കൂടി രണ്ട് അൽബേനിയക്കാരെ മേല്പട്ടക്കാരായി വാഴിച്ച് ഒരു സുന്നഹദോസിനു രൂപംകൊടുത്തു. ഈ സുന്നഹദോസ് ഉടൻ തന്നെ അൽബേനിയൻ സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. എക്യുമെനിക്കൽ പാത്രിയർക്കീസ് ശക്തമായി പ്രതിഷേധിക്കുകയും സുന്നഹദോസിലെ മേല്പട്ടക്കാരെ മുടക്കുകയും ചെയ്തു എങ്കിലും സെർബിയൻ പാത്രിയർക്കീസ് ഈ സഭയുടെ സ്വാതന്ത്ര്യം അംഗീകരിച്ചു. 1937-ൽ എക്യുമെനിക്കൽ പാത്രിയർക്കീസും ഗത്യന്തരമില്ലാതെ ഈ സഭയുടെ സ്വാതന്ത്ര്യത്തിന് അംഗീകാരം നല്കി. 1944-നു ശേഷം അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഗവൺമെന്റ് മതപീഡനമാരംഭിച്ചു. വളരെപ്പേരെ കൊന്നൊടുക്കി. ഇന്ന് ഈ സഭയിലുള്ള വിശ്വാസികളുടെ എണ്ണം രണ്ടര ലക്ഷം മാത്രമാണ്. നാലു മേല്പട്ടക്കാർ സഭയിലുണ്ട്.

#### ചോദ്യങ്ങൾ

1. റുമേനിയൻ സഭയും, ഗവൺമെന്റുമായുള്ള ബന്ധം ഏതു രീതിയിലാണ്?
2. ജോർജിയയിൽ ക്രിസ്തീയ വിശ്വാസം ശക്തിപ്പെട്ടത് എന്നു മുതൽ? ഇതിന്റെ കാരണമെന്ത്?
3. ഇതുവരെ നമ്മൾ കണ്ടുകഴിഞ്ഞ സഭകളുടെയെല്ലാം സ്വാതന്ത്ര്യപ്രാപ്തിയിലെ പൊതു ഘടകങ്ങൾ ഏതെല്ലാം?

## പാഠം 5

# ഗ്രീസിലെ സഭ, സൈപ്രസിലെ സഭ, സീനായിലെ സഭ

❑ ഗ്രീസിലെ സഭ ❑ സൈപ്രസിലെ സഭ ❑ സീനായിലെ സഭ

### 1. ഗ്രീസിലെ സഭ

കല്ക്കദോൻ സുന്നഹദോസിനെ അംഗീകരിക്കുന്ന സഭകളുടെ സമൂഹത്തെ സാധാരണ ഗ്രീക്ക് ഓർത്തഡോക്സ് സഭ എന്നു വിശേഷിപ്പിക്കാറുണ്ട്. എങ്കിലും ഈ പാഠത്തിൽ പ്രസ്തുത പേരു കൊണ്ട് ഉദ്ദേശിക്കുന്നത് ഇന്നത്തെ ഗ്രീസിലെ ഓട്ടോസെഫാലസ് സഭയെ മാത്രമാണ്. അപ്പോസ്തലന്മാരുടെ കാലത്തു തന്നെ ഗ്രീസിൽ വി. സുവിശേഷം എത്തിയിരുന്നു എന്നതിനു സംശയമില്ല. തെസ്സലോനിക്ക്യായിലും, കോരിന്തിലും, ആതൻസിലും, എല്ലാം പ. പൗലോസ് ശ്ലീഹാ തന്നെ പോയി സുവിശേഷവേല നടത്തിയതായി വി. വേദപുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. ഈ പുരാതനത്വത്തിൽ ഇന്നും അവർ അഭിമാനം കൊള്ളുന്നു. തങ്ങളുടെ സഭയുടെ പഠിപ്പിക്കൽ മാത്രമാണു ശരിയായ ക്രിസ്തീയ വിശ്വാസം എന്ന അഹങ്കാരത്തോടെയാണു പലപ്പോഴും അവർ മറ്റു സഭകളെ വീക്ഷിക്കാറുള്ളത്. ഇവരുടെ ഈ നിലപാട് പലപ്പോഴും എക്യുമെനിക്കൽ പ്രസ്ഥാനത്തിനു തടസ്സമാകാറുണ്ടു താനും.

റോമാ സാമ്രാജ്യത്തിന്റെ ഇല്ലിരിക്കം പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന ഗ്രീസിലെ സഭ എട്ടാം നൂറ്റാണ്ടു വരെ റോമൻ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലായിരുന്നു. എന്നാൽ എട്ടാം നൂറ്റാണ്ടിൽ ഇല്ലിരിക്കത്തിന്റെ കിഴക്കെ ഭാഗം ബൈസന്റൈൻ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീരുകയും അന്നു മുതൽ  ഇവിടുത്തെ സഭയുടെ ഭരണം ലിയോ മൂന്നാമൻ ചക്രവർത്തി കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനെ ഏൽപ്പിക്കുകയും ചെയ്തു. അന്നുമുതൽ, സ്വതന്ത്ര ഗ്രീക്ക് രാഷ്ട്രം ഉടലെടുക്കുന്നതുവരെ ഇവിടുത്തെ ക്രിസ്ത്യാനികൾ എക്യുമെനിക്കൽ പാത്രിയർക്കീസിനാലാണു ഭരിക്കപ്പെട്ടിരുന്നത്.

19-ാം നൂറ്റാണ്ടിലാണു ഗ്രീസ് തുർക്കികളുടെ പിടിയിൽനിന്നും സ്വാതന്ത്ര്യം നേടുന്നത്. മുഹമ്മദീയരായ തുർക്കികൾക്കെതിരായി പടവാളേന്തുവാൻ സഭയിലെ മേൽപ്പട്ടക്കാർ പോലും ആഹ്വാനം ചെയ്യുകയും സജീവമായി രംഗത്തിറങ്ങുകയും ചെയ്തു. 1827-ൽ ഉണ്ടായ ഒരു യുദ്ധത്തിൽ ഗ്രീക്കുകാർ വിജയം വരിച്ചു. അതിനുശേഷം തുർക്കി സുൽത്താൻ ഗ്രീസിനു സ്വാതന്ത്ര്യം നല്കാമെന്നു സമ്മതിക്കുകയും 1833-ൽ ഒരു ജർമ്മൻകാരനെ

ഇവിടെ രാജാവാക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പാശ്ചാത്യരീതിയിലുള്ള ഭരണം തൃപ്തികരമായിരുന്നില്ല.

1833–ൽ തന്നെ, സ്വതന്ത്ര ഗ്രീസിൽ ഉണ്ടായിരുന്ന 33 മേൽപ്പട്ടക്കാർ കൂടി സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. മറ്റെല്ലാ സഭകളുടേയും കാര്യത്തിൽ എന്നപോലെ തന്നെ ഈ സ്വാതന്ത്ര്യ പ്രഖ്യാപനത്തേയും എക്യുമെനിക്കൽ പാത്രിയർക്കീസ് എതിർത്തു. 1852–ൽ മാത്രമാണ് എക്യുമെനിക്കൽ പാത്രിയർക്കീസ് ഗ്രീക്കു സഭയെ ഒരു ഓട്ടോസെഫാലസ് സഭയായി അംഗീകരിച്ചത്.

ആദി കാലങ്ങളിൽ റഷ്യയിലെ പീറ്റർ ദി ഗ്രേറ്റ് ചെയ്ത മാതൃകയിൽ സഭ രാഷ്ട്രത്തിനു കീഴ്പ്പെട്ടാണു കഴിഞ്ഞുവന്നത്. 1850–ന് ശേഷം കുറേശ്ശെയായി ഈ അവസ്ഥയ്ക്കു മാറ്റം സംഭവിക്കാൻ തുടങ്ങി. എങ്കിലും പലപ്പോഴും പട്ടക്കാരെയും മേൽപ്പട്ടക്കാരെയും അറസ്റ്റു ചെയ്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. 1923–ൽ വി. സുന്നഹദോസ് നിർത്തലാക്കി എങ്കിലും രണ്ടു വർഷങ്ങൾക്കു ശേഷം വീണ്ടും നിലവിൽ വന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗമായപ്പോഴേയ്ക്കും സുന്നഹദോസിനു കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുവാൻ തുടങ്ങി. ഗ്രീസിലെ ഔദ്യോഗിക സഭയായി ഓർത്തഡോക്സ് സഭ ഇന്നും നിലനിൽക്കുകയും രാഷ്ട്രീയ കാര്യങ്ങളിൽ സജീവമായ പങ്കാളിത്തം വഹിച്ചു പോരുകയും ചെയ്യുന്നു. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഈ സഭ അധഃപതനാവസ്ഥയിൽ എത്തിയിരുന്നു. അന്നു സഭയിൽ നിലവിൽ വന്ന അനാചാരങ്ങളെ യൂസേബിയോസ് മത്തോപൂളോസ് എന്ന സന്യാസി പരസ്യമായി വിമർശിച്ചു. മക്കാറിക്കീസ് ആയിരുന്നു അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച മറ്റൊരു സന്യാസി. സഭയിൽ നടമാടിയിരുന്ന അഴിമതികളേയും, പരിശുദ്ധാത്മദാനങ്ങളെ പണം കൊടുത്തു വാങ്ങാമെന്ന വിശ്വാസത്തേയും പതിവിനേയും ഇവർ എതിർത്തു. ഇതിനു വി. സുന്നഹദോസ് അവർക്കു നല്കിയ പ്രതിഫലം സഭയിൽ നിന്നു മുടക്കുക എന്നതായിരുന്നു. 1879–ൽ അവരെ നാടുകടത്തി. എന്നാൽ അധികം താമസിയാതെ, അവരുടെ പ്രവർത്തനങ്ങളുടെ യഥാർത്ഥ ലക്ഷ്യം മനസ്സിലാക്കിയ സുന്നഹദോസ് അവരെ തിരികെ വിളിക്കുകയും പണം കൊടുത്ത് പട്ടം വാങ്ങിയ മേല്പട്ടക്കാർക്കെതിരായി നടപടിയെടുക്കുകയും ചെയ്തു. ഇതിനുശേഷം യൂസേബിയോസ് വളരെയധികം ജനപ്രീതി നേടുകയും രാജ്യത്തെമ്പാടും നടന്നു പ്രസംഗിക്കുകയും ചെയ്തു. സുവിശേഷപ്രവർത്തനത്തിനു സന്നദ്ധരായ യുവാക്കന്മാരെ ഇദ്ദേഹം സംഘടിപ്പിച്ച് 1909–ൽ 'സോയെ' (Zoe = ജീവൻ) എന്ന പേരിൽ ഒരു മിഷനറി സമൂഹം തുടങ്ങുകയും ചെയ്തു.

'സോയെ' സമൂഹം ഒരു സന്യാസസമൂഹത്തിന്റെ മാതൃകയിലാണു രൂപീകരിച്ചിരിക്കുന്നത് എങ്കിലും ഒരു വർഷത്തിൽ ഒരു മാസം മാത്രമേ അംഗ

ങ്ങൾ ഒരുമിച്ച് താമസിക്കുകയുള്ളൂ. ബാക്കിയുള്ള സമയം മുഴുവൻ രാജ്യമെമ്പാടും സഞ്ചരിച്ചു സുവിശേഷപ്രവർത്തനം നടത്തുന്നതിന് ഉപയോഗിക്കുന്നു. സഭയിലെ അംഗങ്ങൾ കൂദാശാപരമായ ജീവിതത്തിനു പ്രാധാന്യം നല്കണം എന്നു പഠിപ്പിക്കുന്ന ഈ സമൂഹത്തിലെ അംഗങ്ങൾ നിരന്തരമായ കുർബാന അനുഭവത്തിനു വില കല്പിക്കുന്നു. ഗ്രീസിൽ ഒരു ആത്മീകനവോത്ഥാനം തന്നെ സൃഷ്ടിക്കുന്നതിന് ഈ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഇവർ പ്രകാശിപ്പിക്കുന്ന 'സോയെ' എന്ന മാസികയാണു ഗ്രീക്കു ഭാഷയിലുള്ള മറ്റേതൊരു മാസികയേക്കാളും കൂടുതൽ ജനങ്ങൾ വായിക്കുന്നത്.

ഈ സമൂഹത്തെ കൂടാതെ ഇതുപോലുള്ള വേറെ സമൂഹങ്ങളും ഗ്രീസിലുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾക്കു മേൽപ്പട്ടക്കാരുടെ അനുഗ്രഹാശിസ്സുകളുണ്ട്. പവിത്രമായ ഓർത്തഡോക്സ് വിശ്വാസം കാത്തുസൂക്ഷിക്കുവാൻ ഗ്രീക്കു ജനതയെ ആഹ്വാനം ചെയ്യുക എന്നതാണ് ഇവരുടെ പ്രധാന കർത്തവ്യം. ഇവരുടെയെല്ലാം പ്രവർത്തനഫലമായി കൂടുതൽ ആളുകൾ സന്യാസാശ്രമങ്ങളിൽ ചേരുവാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ വളരെപ്പേർ മൗണ്ട് ആതോസിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു.

ഓർത്തഡോക്സി രാജ്യത്തെ ഔദ്യോഗിക മതമായതിനാൽ മതപരമായ വിദ്യാഭ്യാസം കൂടി എല്ലാ സ്കൂളുകളിലും കൊടുക്കുന്നുണ്ട്. പട്ടക്കാരെക്കാൾ അധികം അത്മേനികൾ വേദശാസ്ത്രജ്ഞന്മാരായിട്ടുള്ള ഒരു സഭയാണിത്. തെസ്സലോനിക്യയിലും ആതൻസിലുമുള്ള തിയോളജിക്കൽ യൂണിവേഴ്സിറ്റികളിൽ നിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികളിൽ മുക്കാൽ ഭാഗവും അത്മേനികളായി തന്നെ പ്രവർത്തനം തുടരുന്നു. ഇവരിൽ നല്ലൊരു വിഭാഗത്തിനു സ്കൂളുകളിൽ മതാദ്ധ്യാപകരായി ജോലി ലഭിക്കുന്നു. പട്ടക്കാർ സാധാരണ ചെറിയ സെമിനാരികളിലാണു പരിശീലിപ്പിക്കപ്പെടുന്നത്. അതിനാൽ ഒരു വിധത്തിൽ പറഞ്ഞാൽ പട്ടക്കാരേക്കാൾ കൂടുതൽ മാന്യത ലഭിക്കുന്നത് അത്മായ വേദശാസ്ത്രജ്ഞന്മാർക്കാണ്. 85 ലക്ഷം വിശ്വാസികളാണ് ഈ സഭയിലുള്ളത്. മേൽപ്പട്ടക്കാരുടെ എണ്ണവും ഒട്ടും കുറവല്ല. സഭയുടെ തലവനായ ആതൻസിലെ മെത്രാപ്പോലീത്തായെ കൂടാതെ ഏതാണ്ടു 107 മേല്പട്ടക്കാർ ഉണ്ട്. സെർബിയൻ സഭയിലെന്നപോലെ ഗ്രീസിലും ഭരണപരമായ ഉന്നതാധികാരം സഭയുടെ തലവനും മറ്റ് എട്ടു ബിഷപ്പന്മാരും അംഗങ്ങളായുള്ള സുന്നഹദോസിനാണ്. എപ്പിസ്കോപ്പൽ അസംബ്ലിയിൽ എല്ലാ മേല്പട്ടക്കാരും അംഗങ്ങളാണ്. പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത് എല്ലാ മേല്പട്ടക്കാരും കൂടിയാണ്.

**2. സൈപ്രസിലെ സഭ**

പരിശുദ്ധ പൗലോസ് ശ്ലീഹായാൽ സ്ഥാപിതവും പരിശുദ്ധ ബർന്ന

ബാസിനാൽ വളർത്തപ്പെടുകയും ചെയ്ത സൈപ്രസിലെ സഭ, എ. ഡി. 431 ലെ എഫേസോസ് സുന്നഹദോസിൽ വച്ചുതന്നെ സ്വതന്ത്രയായി. ഇതിനുമുമ്പ് അവർ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ഭരണസീമയ്ക്കുള്ളിലായിരുന്നു. എഫേസോസ് സുന്നഹദോസിന്റെ നിശ്ചയത്തെ അന്ത്യോഖ്യാക്കാർ ചോദ്യം ചെയ്തുവെങ്കിലും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസ് സുന്നഹദോസിന്റെ നിശ്ചയത്തെ പിൻതാങ്ങിയതിനാൽ അന്ത്യോഖ്യർക്ക് വിരുദ്ധമായി ഒന്നും ചെയ്യുവാൻ സാധിച്ചില്ല.

പന്ത്രണ്ടാം നൂറ്റാണ്ടിൽ സൈപ്രസ് പാശ്ചാത്യ ഭരണത്തിൻകീഴിൽ വരുവാനിടയായി. ഈ കാലഘട്ടം മുതൽ റോമിലെ പാപ്പാ ഈ സഭയുടെ ആത്മീകവും ലൗകികവുമായ കാര്യങ്ങളിൽ കൈകടത്തുവാൻ തുടങ്ങി. ഗ്രീക്കുരീതിയിൽ നിന്ന് ഇവരെ പാശ്ചാത്യരീതിയിലേക്കു കൊണ്ടുവരുവാനായിരുന്നു മാർപാപ്പായുടെ ശ്രമം. 1213-ൽ ഇന്നസന്റ് മൂന്നാമൻ പാപ്പാ രണ്ടു പ്രതിനിധികളെ സൈപ്രസിലേക്കയച്ചു. ഇവർ, പാശ്ചാത്യരീതികളോട് എതിർപ്പ് പ്രകടിപ്പിച്ച പട്ടക്കാരെയും സന്യാസികളേയും പീഡിപ്പിക്കുവാനും വധിക്കുവാനും തുടങ്ങി.

പതിനാലാം നൂറ്റാണ്ടിൽ തുർക്കികൾ സൈപ്രസിൽ എത്തുകയും പാശ്ചാത്യാധിപത്യം തകർക്കുകയും ചെയ്തു. ഇപ്രകാരം പാശ്ചാത്യസഭയിൽ നിന്നും മുക്തി ലഭിച്ചുവെങ്കിലും തുർക്കികളുടെ കൈയിൽനിന്നും ക്രിസ്ത്യാനികൾക്കു പീഡകൾ സഹിക്കേണ്ടി വന്നു. 18-ാം നൂറ്റാണ്ടിൽ ഗ്രീക്കുകാരുടെ സ്വാതന്ത്ര്യസമരത്തെ പിന്താങ്ങി അവരെ സഹായിച്ചു എന്ന ആരോപണവുമായി തുർക്കികൾ സൈപ്രസിലെ ആർച്ചുബിഷപ്പിനെയും കൂടെയുണ്ടായിരുന്ന മൂന്നു മേല്പട്ടക്കാരെയും നിഷ്കരുണം വധിച്ചു. 1878-ൽ ബ്രിട്ടീഷുകാർ ഭരണത്തിൽ വന്നതിനോടെ മാത്രമാണ് ഇവർക്ക് അല്പം ആശ്വാസം ലഭിച്ചത്.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം സൈപ്രസിലെ ഒരു നല്ല വിഭാഗം ഓർത്തഡോക്സുകാരും, രാജ്യം ഗ്രീക്കുഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നാവശ്യപ്പെടുവാൻ തുടങ്ങി. 1931-ൽ രണ്ടു മേല്പട്ടക്കാരുടെ നേതൃത്വത്തിൽ ഒരു ചെറിയ വിപ്ലവം തന്നെയുണ്ടായി. സൈപ്രസ് ഇനി മേലാൽ ഗ്രീസിന്റെ ഭാഗമായിരിക്കും എന്നു പ്രഖ്യാപിച്ചതാണു പ്രശ്നങ്ങളുടെ ഉറവിടം. വിപ്ലവത്തിനു നേതൃത്വം നല്കിയ മേല്പട്ടക്കാരെ ബ്രിട്ടീഷ് ഗവൺമെന്റ് നാടുകടത്തി. ഈ വിഷമം പിടിച്ച കാലഘട്ടത്തിൽ വളരെ നാളത്തേയ്ക്ക് സഭയ്ക്ക് ഒരു തലവനില്ലാതെ കഴിയേണ്ടി വന്നു. 1960 ൽ പുതിയ ഭരണഘടനയുടെ അംഗീകാരത്തോടെ, സൈപ്രസ് സ്വതന്ത്രയായപ്പോൾ ഇവിടുത്തെ സഭയുടെയും ഭാഗ്യനക്ഷത്രം ഉദിച്ചു. ആദ്യത്തെ പ്രസിഡന്റായി അന്നത്തെ ആർച്ചുബിഷപ്പ് മക്കാറിയോസ് സ്ഥാനമേറ്റു. ഇന്നു 4 ലക്ഷ

ത്തോളം വിശ്വാസികൾ ഈ സഭയിൽ ഉണ്ട്. ആർച്ച്ബിഷപ്പിനെ കൂടാതെ ഏഴു മേല്പട്ടക്കാർ കൂടെ സുന്നഹദോസിലംഗങ്ങളായി ഉണ്ട്.

### 3. സീനായിലെ സഭ

യഹോവയായ ദൈവം മോശെയ്ക്കു 10 കല്പനകൾ കൊടുത്ത സ്ഥലമായ സീനായിലെ ഓർത്തഡോക്സ് സഭ ഒരു സന്യാസസമൂഹം മാത്രമാണ്. വളരെ പുരാതനകാലം മുതൽ തന്നെ സന്യാസിമാർ സീനായി പ്രദേശത്തുവന്നു വാസമുറപ്പിച്ചതാണ്. മോശെ ജ്വലിക്കുന്ന മുൾപ്പടർപ്പു കണ്ടതായി വിശ്വസിക്കപ്പെടുന്ന അതേസ്ഥലത്തു സ്ഥാപിതമായ സെന്റ് കാതറീൻ ആശ്രമം ക്രിസ്തീയ ആശ്രമങ്ങളിൽ ഏറ്റം പഴക്കം ചെന്ന ഒന്നാണ്. ഈ ആശ്രമമാണു സീനായിലെ സഭയുടെ തലസ്ഥാനം.

ഈ ആശ്രമത്തിന്റെ തലവൻ ക്രമേണ അടുത്തുകിടക്കുന്ന ചില ഭദ്രാസനങ്ങൾ തങ്ങളുടെ ആധിപത്യത്തിൽ കൊണ്ടുവന്നു. യെറുശലേമിലെ പാത്രിയർക്കീസാണ് ഇവർക്ക് മേല്പട്ടക്കാരെ വാഴിച്ചു കൊടുത്തുകൊണ്ടിരുന്നത്. ഈ സഭയുടെ സ്വാതന്ത്ര്യം 1575-ൽ തന്നെ എക്യുമെനിക്കൽ പാത്രിയർക്കീസ് അംഗീകരിച്ചു എങ്കിലും യെറുശലേം പാത്രിയർക്കീസ് വഴങ്ങിയില്ല. ഇവരുടെ തലവനായ ആർച്ചുബിഷപ്പിനെ സന്യാസിമാർ ചേർന്നാണു തിരഞ്ഞെടുക്കുന്നത്. എങ്കിലും ഇന്നും യറുശലേം പാത്രിയർക്കീസ് തന്നെയാണ് അദ്ദേഹത്തെ വാഴിക്കുന്നത്. ഈ ആശ്രമത്തിന്റെ കീഴിൽ വേറെ സ്ഥലങ്ങളിലും ചെറിയ ആശ്രമങ്ങൾ ഉണ്ട്. ഇവയുടെ എല്ലാം മേലുള്ള അധികാരം മാത്രമേ ആർച്ചുബിഷപ്പിനുള്ളൂ. ഏതാണ്ട് മുന്നൂറു പേർ മാത്രം അംഗങ്ങളായുള്ള സീനായിലെ സഭയാണു കിഴക്കൻസഭകളിൽ ഏറ്റവും ചെറുത്. ഇവിടെ അതിപ്രധാനമായ കൈയെഴുത്തുപ്രതികൾ അടങ്ങുന്ന ഒരു ഗ്രന്ഥശേഖരമുണ്ട്.

### ചോദ്യങ്ങൾ

1. ഗ്രീക്കുസഭയിലെ 'സോയെ' സമൂഹം രൂപീകൃതമായത് എന്തിന്? അതിന്റെ പ്രവർത്തനരീതി എന്ത്?
2. ഗ്രീസിലെ സഭയിലെ വേദശാസ്ത്ര അഭ്യസനം നടക്കുന്ന രീതി ഏത്?
3. പാശ്ചാത്യരിൽ നിന്നും, തുർക്കികളിൽ നിന്നും സൈപ്രസിലെ സഭയ്ക്ക് അനുഭവിക്കേണ്ടി വന്ന പ്രയാസങ്ങൾ ഏതെല്ലാം?
4. സീനായിലെ സന്യാസസമൂഹം ഒരു സഭയായി തീർന്നത് എന്ന്? ഏതു വിധത്തിൽ?

## പാഠം 6

# ഓട്ടോണോമസ് സഭകൾ

❑ ഫിൻലാൻഡിലെ സഭ ❑ ചൈനയിലെ സഭ ❑ ജപ്പാനിലെ സഭ❑ സംഘടിതമായിക്കൊണ്ടിരിക്കുന്ന സഭകൾ

ഉൾഭരണ സ്വാതന്ത്ര്യം ഉണ്ടെങ്കിലും ഇന്നും മറ്റു പാത്രിയർക്കേറ്റുകളെ ആശ്രയിക്കുന്ന സഭകളെയാണ് ഓട്ടോണോമസ് സഭകൾ എന്നു വിളിക്കുന്നത്. പൂർണ സ്വാതന്ത്ര്യത്തിൽ കഴിയുന്ന സ്വയംശീർഷക സഭകളെ 'ഓട്ടോസെഫാലസ്' സഭകൾ എന്നു വിളിക്കുന്നു.

### 1. ഫിൻലാൻഡിലെ സഭകൾ

'ലേക്ക് ലഡോഗ' (Lake Ladoga) യിലെ വലാമോ സന്യാസികളാണ് മദ്ധ്യശതകങ്ങളിൽ ഫിൻലാൻഡിലെ ജനങ്ങളെ അവരുടെ പ്രാകൃത മതമുപേക്ഷിച്ച് ക്രിസ്തുവിന്റെ അനുയായികളായി തീരുവാൻ പ്രേരിപ്പിച്ചത്. ഇന്ന് ഇവിടെയുള്ള ക്രിസ്ത്യാനികളിൽ ബഹു ഭൂരിപക്ഷവും ലൂഥറൻ സഭാംഗങ്ങളാണ്. ഏതാണ്ട് 80,000 ത്തോളം ഓർത്തഡോക്സുകാരുള്ളതിൽ നല്ല പങ്കും റഷ്യക്കാരാണ്. അതിനാൽ ഇവിടുത്തെ ഓർത്തഡോക്സുകാരെ മൊത്തമായി റഷ്യക്കാരായിട്ടാണ് മറ്റു സഭകൾ കണക്കാക്കുന്നത്. 1918–ൽ ഫിൻലാൻഡ് റഷ്യയിൽ നിന്നും സ്വതന്ത്രയായതിനു ശേഷം ഓർത്തഡോക്സുകാർ 'റഷ്യക്കാർ' എന്നുള്ള മേൽമുദ്ര തങ്ങളുടെ സഭയിൽ നിന്നും മാറ്റുന്നതിനാവശ്യമായ നീക്കങ്ങൾ ആരംഭിച്ചു. ഫിൻലാൻഡിലെ ഗവൺമെന്റും ഇതിനെ അനുകൂലിച്ചു. 1923–ൽ ആർച്ചുബിഷപ്പ് ജർമാനോസ് ആബീന്റെ നേതൃത്വത്തിൽ ഇവർ കുസ്തന്തീനോസ്പോലീസ് പാത്രിയർക്കീസിന്റെ കീഴിൽ ആയിരിക്കുവാൻ സ്വയം നിശ്ചയിച്ചു. റഷ്യൻ സഭയുടെ പ്രതിഷേധത്തെ വകവയ്ക്കാതെ, എക്യുമെനിക്കൽ പാത്രിയർക്കീസ് ഫിൻലാൻഡിലെ സഭയെ ഒരു ഓട്ടോണോമസ് സഭയായി പ്രഖ്യാപിച്ചു. ഇന്നും ഫിൻലാൻഡിലെ ആർച്ചുബിഷപ്പിനു പുതിയ മേല്പട്ടക്കാരെ തിരഞ്ഞെടുക്കുന്നതിനും വി. സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിനും എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ അനുവാദം ആവശ്യമാണ്. വി. മൂറോൻ കൂദാശ ചെയ്യുവാനും ആർച്ചുബിഷപ്പിന് അനുവാദമില്ല.

സഭയും ഗവൺമെന്റുമായി വളരെ നല്ല ബന്ധങ്ങളാണ് ഇവിടെയുണ്ടായിരുന്നത്. സഭയിലെ പട്ടക്കാർക്കും സഭ നടത്തുന്ന സ്കൂളുകൾക്കുമെല്ലാം ആവശ്യമായ സഹായങ്ങൾ ഗവൺമെന്റിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ 1939–ൽ റഷ്യക്കാർ വീണ്ടും ഫിൻലാൻഡിന്റെ ഒരു ഭാഗം പിടിച്ചെടുത്തതു സഭയ്ക്കു വളരെ ക്ഷീണം ചെയ്തു. ഒട്ടുമിക്ക ഓർത്തഡോക്സ് പള്ളികളും സ്കൂളുകളും റഷ്യ പിടിച്ചെടുത്ത ഭാഗത്തായിരുന്നു. പിന്നീട്

നല്ലൊരു ഭാഗം ഓർത്തഡോക്സുകാരും റഷ്യൻ ഭാഗത്തുനിന്ന് ഓടി രക്ഷ പെട്ടതിനാൽ സഭ നാശത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടു. ഫിൻലാൻഡിലെ സഭയെ തങ്ങളുടെ കീഴിൽ കൊണ്ടുവരാൻ റഷ്യൻ പാത്രിയർക്കീസ് ഒരിക്കൽ കൂടി ശ്രമിച്ചു എങ്കിലും തങ്ങളുടെ പദ്ധതി നടപ്പാകുകയില്ല എന്നു മനസ്സിലാക്കി 1957-ൽ ഈ സഭയുടെ ഭാഗിക സ്വാതന്ത്ര്യം അംഗീകരിച്ചു.

ഇവിടുത്തെ ഓർത്തഡോക്സ് യുവാക്കൾ വളരെ ഉത്സാഹമായിട്ട് പ്രവർത്തിക്കുന്നവരാണ്. ഇവർ എക്യുമെനിക്കൽ പ്രസ്ഥാനത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് മറ്റു സഭകളുമായി വളരെ നല്ല ബന്ധം പുലർത്തിപ്പോരുന്നു. ഹെൽസിങ്കിയിൽ ഇവർക്ക് ഒരു തിയോളജിക്കൽ സെമിനാരിയുണ്ട്. ആർച്ചുബിഷപ്പിനെ കൂടാതെ മൂന്നു മേല്പട്ടക്കാർ കൂടി സഭയിൽ ഉണ്ട്.

## 2. ജപ്പാനിലെ സഭ

ഒരു റഷ്യൻ പുരോഹിതനായ നിക്കോളാസ് കസാട്കിൻ ആണ് 19-ാം നൂറ്റാണ്ടിൽ ഓർത്തഡോക്സ് വിശ്വാസം ജപ്പാനിൽ പരത്തിയത്. ജപ്പാനിലെ റഷ്യൻ കോൺസലേറ്റിലെ ചാപ്ലയിൻ ആയി ഇവിടെ എത്തിയ ഇദ്ദേഹം വേഗം തന്നെ മിഷനറിവേലയും ആരംഭിച്ചു. 1871-ൽ ഒരു മിഷനറി സമൂഹത്തിനു രൂപംനല്കുകയും അടുത്ത വർഷം തന്നെ ആദ്യത്തെ ജാപ്പനീസ് പുരോഹിതന്മാർ ഉണ്ടാവുകയും ചെയ്തു. 1880-ൽ നിക്കോളാസിനെ തന്നെ ടോക്കിയോവിലെ ബിഷപ്പായി വാഴിച്ചു. ഇദ്ദേഹം ഇവിടുത്തെ ജനങ്ങളോട് ഇഴുകിചേരുകയും 1904-ൽ റഷ്യയും ജപ്പാനും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ജപ്പാന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തു.

1939 മുതൽ സഭയെ ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരാനുള്ള നീക്കങ്ങൾ ആരംഭിച്ചു. ഒരു പുതിയ ഭരണഘടനയുണ്ടാക്കുവാൻ സഭയോട് ആവശ്യപ്പെട്ടു. പുതിയ ഭരണഘടനയിലെ വ്യത്യാസങ്ങൾക്കെതിരെ പ്രതിഷേധിച്ച് അന്നത്തെ ആർച്ചുബിഷപ്പായിരുന്ന സർഗിയസ് തന്റെ സ്ഥാനം രാജിവച്ച് റഷ്യയിലേക്ക് മടങ്ങി. 1941-ൽ ഗവൺമെന്റ് പുതിയ ഭരണഘടന അംഗീകരിക്കുകയും സഭ ഓട്ടോണോമസ് ആവുകയും ചെയ്തു. ആദ്യമായി ഒരു ജപ്പാൻകാരൻ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് ഇതിനുശേഷം മാത്രമാണ്. 1945 മുതൽ ഈ സഭ വടക്കേ അമേരിക്കയിലെ റഷ്യൻ മെത്രാപ്പോലീത്തായുടെ കീഴിൽ വന്നു. ആറ്റംബോംബു സ്ഫോടനത്തിൽ വളരെ വിശ്വാസികൾ നശിച്ചുപോയി എങ്കിലും ഇപ്പോൾ നാല്പതിനായിരത്തോളം ഓർത്തഡോക്സുകാർ ജപ്പാനിലുണ്ട്. വൈദികരെ പരിശീലിപ്പിക്കുന്നതിന് ഒരു ചെറിയ സെമിനാരിയുമുണ്ട്. ടോക്കിയോയിലെ ആർച്ചുബിഷപ്പിനു സഹായിയായി ഒരു മേല്പട്ടക്കാരൻ കൂടെ ജപ്പാനിലുണ്ട്.

### 3. ചൈനയിലെ സഭ

ചൈനയിലാദ്യമായി സുവിശേഷമറിയിച്ചതു പേർഷ്യയിലെ നെസ്തോറിയൻ സഭയിലെ മിഷനറിമാരാണ്. ഇവിടെ ഓർത്തഡോക്സ് വിശ്വാസം പ്രവേശിച്ചതു പതിനേഴാം നൂറ്റാണ്ടിൽ മാത്രമാണ്. ചൈനയിലെ ചക്രവർത്തി ഒരു കൂട്ടം റഷ്യക്കാരെ തന്റെ അംഗരക്ഷകന്മാരായി കൊണ്ടുവന്നതാണ് ചൈനീസ് ഓർത്തഡോക്സ് സഭയ്ക്കു തുടക്കം കുറിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഈ ചെറിയ സമൂഹം വളർച്ച പ്രാപിച്ചതിനാൽ ഒരു മിഷൻ കേന്ദ്രം സ്ഥാപിക്കപ്പെട്ടു. റഷ്യൻ വിപ്ലവത്തിനു ശേഷം സൈബീരിയായിൽ നിന്നും കുറെ ഓർത്തഡോക്സ് അഭയാർത്ഥികൾ ചൈനയിലേക്ക് പ്രവഹിച്ചു. ഇന്ന് അവിടെ ഇരുപതിനായിരത്തോളം ഓർത്തഡോക്സുകാരുണ്ട് എന്നു കണക്കാക്കപ്പെടുന്നു.

ചൈനയിൽ കമ്മ്യൂണിസം പ്രാബല്യത്തിൽ വന്നപ്പോൾ വിദേശികളായ സകല അധികാരികളെയും സഭയിൽ നിന്നും പുറത്താക്കി. അന്നു ചൈനയിലുണ്ടായിരുന്ന ഭൂരിപക്ഷം പട്ടക്കാരും റഷ്യക്കാരായിരുന്നു. അവർക്കെല്ലാം തന്നെ സ്വദേശത്തേക്കു മടങ്ങേണ്ടി വന്നു. 1950-ൽ സിമയോൻ ഡ്യൂ എന്ന ചൈനീസ് പുരോഹിതനെ മോസ്ക്കോയിൽ വച്ച് ചൈനയുടെ ബിഷപ്പായി വാഴിച്ചു. 1957-ൽ പീക്കിങ്ങിലെ മെത്രാപ്പോലീത്തായായി മറ്റൊരു ചൈനാക്കാരനെക്കൂടി വാഴിച്ചു.

### 4. സംഘടിതമായിക്കൊണ്ടിരിക്കുന്ന സഭകൾ

ഇന്നും തങ്ങളുടെ സഭയുടെ ഭരണം ഏതു രീതിയിലായിരിക്കണമെന്നു വ്യക്തമായ രൂപമില്ലാത്ത സഭകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് അമേരിക്കൻ ഭൂഖണ്ഡത്തിലെ ഓർത്തഡോക്സ് സഭയാണ്. റഷ്യക്കാരാണ് ആദ്യം അലാസ്ക്കായിൽ എത്തിച്ചേർന്നത്. 1794-ൽ റഷ്യക്കാർ ഇവിടുത്തെ എസ്കിമോകൾക്കായി ഒരു സ്കൂൾ സ്ഥാപിച്ചു. ജോൺ വെനിയാമിനോവ് എന്നയാളാണ് ഈ സഭയ്ക്കുവേണ്ടി അഹോരാത്രം പണിയെടുത്ത ഒരാൾ. 1840 ആയപ്പോഴേക്കും ഒരു ഭദ്രാസനം തന്നെ ഇവിടെ ആവശ്യമായി വന്നു. ഇവിടെനിന്നാണ് അമേരിക്കയുടെ മറ്റു ഭാഗങ്ങളിലേക്കു ഓർത്തഡോക്സ് വിശ്വാസം വ്യാപിച്ചത്. 1872-ൽ മെത്രാപ്പോലീത്തായുടെ ആസ്ഥാനം സാൻഫ്രാൻസിസ്കോയിലേക്കും 20 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ന്യൂയോർക്കിലേക്കും മാറ്റി. 1917-ലെ റഷ്യൻ വിപ്ലവത്തിനു ശേഷം വളരെയധികം റഷ്യക്കാർ വടക്കെ അമേരിക്കയിലേക്കു കുടിയേറുകയുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ മറ്റ് ഓർത്തഡോക്സ് സഭകളിൽ നിന്നുമുള്ള ആളുകളും അമേരിക്കയിൽ എത്തുവാനും സുവിശേഷം പടർത്തുവാനും തുടങ്ങി. ഗ്രീക്കുകാരും, സിറിയക്കാരും,

സെർബിയരും, റുമേനിയക്കാരും, ബൾഗേറിയക്കാരും, അൽബേനിയക്കാരും, ഉക്രേന്യക്കാരും എല്ലാം ഈ കൂട്ടത്തിൽ പെടുന്നു. കാലക്രമത്തിൽ ഈ സമൂഹങ്ങൾ ഓരോന്നും അവരവരുടെ ദേശത്തു നിന്നുള്ള മെത്രാപ്പോലീത്താമാരാൽ ഭരിക്കപ്പെടുവാൻ തുടങ്ങി. ആർച്ചുബിഷപ്പ് ടിക്കോൺ ഇംഗ്ലീഷിലേക്കു ആരാധനക്രമങ്ങൾ തർജമ ചെയ്തത് ഒരു അമേരിക്കൻ സഭയ്ക്കു അടിസ്ഥാനമായിത്തീർന്നു. എങ്കിലും ഇന്നുവരെയും അതിനെ മുകളിലേക്കു പണിതുയർത്തുവാൻ സാധിച്ചിട്ടില്ല. വിവിധ രാജ്യങ്ങളിൽ നിന്നു വരുന്ന ഓർത്തഡോക്സുകാർ തമ്മിൽ ഐക്യമില്ല എന്നതാണ് ഇതിന്റെ കാരണം.

ഒരു അമേരിക്കൻ ഓട്ടോസെഫാലസ് സഭയ്ക്കു രൂപംകൊടുക്കുവാനായി 1927-ൽ പ്ലേറ്റോ മെത്രാപ്പോലീത്താ ഒരു ഭരണഘടന ഉണ്ടാക്കിയെങ്കിലും അതിന് അമേരിക്കയിലെ എല്ലാ ഓർത്തഡോക്സുകാരുടേയും അംഗീകാരം ലഭിച്ചില്ലെന്ന കാരണത്താൽ എക്യുമെനിക്കൽ പാത്രിയർക്കീസ് തള്ളിക്കളഞ്ഞു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പ്രസിദ്ധീകരണമേഖലയിലും എത്രമാത്രം സഹകരിക്കാം എന്നതിനെക്കുറിച്ച് വിവിധ സഭകളുടെ നേതാക്കന്മാർ തമ്മിൽ ചർച്ചകൾ നടക്കുന്നുണ്ട്. ഇന്നു തെക്കേ അമേരിക്കയിലും വടക്കേ അമേരിക്കയിലും കൂടി ഏതാണ്ട് 30 ലക്ഷത്തോളം വിശ്വാസികൾ ഉണ്ട്. വിവിധ സഭകളെ പ്രതിനിധീകരിക്കുന്ന 15 മേല്പട്ടക്കാർ അമേരിക്കയിൽ ഉണ്ട്. ഗ്രീക്കുകാർ ഒഴിച്ചു ബാക്കി എല്ലാവരും ഇംഗ്ലീഷ് ആരാധനാഭാഷയായി അംഗീകരിച്ചു കഴിഞ്ഞു.

1917-ലെ റഷ്യൻ വിപ്ലവത്തിനു ശേഷം ഉക്രേനിയൻ സഭ റഷ്യൻസഭയോട് യോജിച്ചപ്പോൾ ഒരു വിഭാഗം ഉക്രേനിയക്കാർ അതിനെ എതിർത്തു. അവർ ഇന്നും സ്വതന്ത്രസഭയായി നിലനില്ക്കുന്നു. എന്നാൽ അകാനോനികമായി വിഘടിച്ചു നില്ക്കുന്നു എന്നതിനാൽ മറ്റു ബൈസന്റൈൻ സഭകൾ ഇതിനെ ഒരു സഭയായി അംഗീകരിക്കുകയോ പരസ്പരം കുർബാന കൊടുക്കുകയോ ചെയ്യുന്നില്ല. ഇവരിൽ ഭൂരിഭാഗവും അമേരിക്കയിലും കാനഡായിലുമാണ് പാർക്കുന്നത്. ഇവർ 8 മേല്പട്ടക്കാരുടെ മേൽനോട്ടത്തിൽ കഴിയുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ റഷ്യൻ മിഷനറിമാർ കൊറിയയിലും എത്തിച്ചേർന്നു. ചൈനയിലേയോ ജപ്പാനിലെയോ പോലെയുള്ള വിജയം കൊറിയായിൽ കൈവന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ സഭയെ പ്രതികൂലമായി ബാധിച്ചു. 1912-ൽ ആദ്യത്തെ കൊറിയൻ പട്ടക്കാരൻ നിയമിതനായി. ഇപ്പോൾ ഈ മിഷന്റെ മേൽനോട്ടം വഹിക്കുന്നത് അമേരിക്കയിലെ ഗ്രീക്ക് അതിരൂപതയാണ്. പ്രതികൂല സാഹചര്യങ്ങളിലും സഭ നശിച്ചുപോകുവാൻ ഇടയായില്ല. ഏതാണ്ട് 15000 ത്തോളം ഓർത്തഡോക്സുകാർ ഇന്നും ഇവിടെ ഉള്ള

തായി കണക്കാക്കപ്പെടുന്നു. രണ്ടു കൊറിയൻ പുരോഹിതന്മാരുടെ നേതൃത്വത്തിൽ മുമ്പോട്ടുപോകുന്ന ഈ ബാലസഭയ്ക്ക് ഒരു സ്കൂളും ഒരു ആശുപത്രിയും ഉണ്ട്.

രണ്ട് ലോകമഹായുദ്ധങ്ങളുടെയും ഇടക്കാലത്തു വളരെയധികം ഓർത്തഡോക്സുകാർ പശ്ചിമ യൂറോപ്പിൽ വന്നു പാർക്കുന്നതിന് ഇടയായി. 1922–ൽ ലണ്ടൻ കേന്ദ്രമാക്കി ഒരു ഗ്രീക്ക് ഭദ്രാസനം സ്ഥാപിതമായി. എന്നാൽ റഷ്യയിൽ നിന്നും പ്രവഹിച്ച വിശ്വാസികൾ മുക്കാലും ഫ്രാൻസിലാണു വന്നെത്തിയത്. പാരീസ് അവരുടെ കേന്ദ്രമായിത്തീർന്നു. ഇവരുടെയെല്ലാം പ്രവർത്തനങ്ങളുടെ ഫലമായിട്ടാണു ജർമ്മനിയിലെയും ഫ്രാൻസിലെയും പല ആളുകളും ഓർത്തഡോക്സ് സഭയിൽ ചേരുവാൻ ഇടയായിട്ടുണ്ട്. ഈ രാജ്യങ്ങളിലെല്ലാം ഒന്നിലധികം റഷ്യൻ ആശ്രമങ്ങൾ ഉണ്ട്. പാരീസിലെ സെന്റ് സർഗിയസ് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർത്തഡോക്സിയും റോമൻ സഭയുമായുള്ള ബന്ധങ്ങൾ വളർത്തുന്നതിനു സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്.

ഏറ്റവും ഒടുവിൽ ഓർത്തഡോക്സി വ്യാപിച്ചതു തെക്കേ ആഫ്രിക്കയിലാണ്. 1932 –ൽ ഉഗാണ്ടയിലെ കുറെ ആംഗ്ലിക്കൻ സഭക്കാർ സ്വയം ഓർത്തഡോക്സ് വിശ്വാസികളാകുവാൻ തീരുമാനിച്ചതാണ് ഇതിന്റെ തുടക്കം. അലക്സന്ത്രിയ പാത്രിയർക്കീസ് ഇവരെ ഓർത്തഡോക്സ് സഭയിൽ ചേർത്തു. ആഫ്രിക്കക്കാരനായ ഒരു പുരോഹിതന്റെ മേൽനോട്ടത്തിൽ വളരുന്ന ഈ സഭയിൽ ഏതാണ്ട് 20,000 വിശ്വാസികൾ ഉണ്ട്.

### ചോദ്യങ്ങൾ

1. ഒരു അമേരിക്കൻ ഓർത്തഡോക്സ് സഭ ഇതുവരെ രൂപീകൃതമാകാത്തത് എന്തുകൊണ്ട്? അതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞ് വിവരിക്കുക.
2. ഫിൻലാൻഡിലെ സഭ റഷ്യൻ ആധിപത്യം ഉപേക്ഷിച്ചു കുസ്തന്തീനോസ്പോലീസിന്റെ ആധിപത്യം സ്വീകരിച്ചതെന്തുകൊണ്ട്?
3. ജപ്പാനിൽ ഓർത്തഡോക്സ് വിശ്വാസം പരക്കാൻ കാരണമെന്ത്?

# SELECTED BIBLIOGRAPHY


1. Bulgakov. S: *The Orthodox Church*, London, 1935.
2. Florovsky, G: *Bible, Church and Tradition*: *An Eastern Orthodox Vier*, Nowdland, 1972.
3. Lossky, V: *Orthodox Theology: An Introduction*; Crest Wood, S.V.S., 1978.
4. Lossky, V: *Mystical Theology of the Eastern Church*, London, 1957.
5. Meyendorff, John: *The Orthodox Church*, S.V.S, 1981.
6. Meyendorff, John: *Byzantine Theology: Historical trends and Doctrinal themes*; New York, 1979.
7. Pelikan, J: *The Christian Tradition: The Spirit of Eastern Christendom*: Chicago, 1974.
8. Ware, T.: *The Orthodox Church*, Penguin, 1963.
9. Meyendorff, John: *Orthodoxy and Catholicity*, New York, 1966.
10. Meyendorff, John: *St. Gregory Palamas and Orthodox Spirituality*: S.V.S., 1974.
11. Meyendorff, John: *Living Tradition*, S.V.S., 1978.
12. Schmemann, A.: *For the life of the world: Sacraments and Orthodoxy*; S.V.S., 1974.
13. Schmemann, A: *Church, World and Mission*, S.V.S., 1979.
14. Obolensky, Dimitri: *Byzantium and the Slaves: Collected studies*, London, 1971.
15. *The Romanian Orthodox Church*, Bucharest, 1968.
16. Istavridis, V. T: Orthodoxy and Anglicanism, S.P.C.K., 1966.
17. *The Orthodox Church and the Churches of the Reformation*: W.C.C. Faith and order, No. 76.
18. A. Monk: *Orthodox Spirituality*, S.P.C.K., London.
19. Lossky, V: *Orthodox Theology: An Introduction*, S.V.S., 1978.
20. Millingen, A.V.: *Byzantine Churches in Constandinople*, London, 1974.
21. Fry and Armstrong, ed: *Rediscovering Eastern Christendom*, London, 1963.
22. Arseniev, Nicholas: *Mysticism and the Eastern Church*, S.V.S. 1979.
23. Baker, D. ed: *The Orthodox Churches and the west*, Oxford, 1976.

24. Calinicos, C. N: *The Greek Orthodox Catechism*, Bayswater, 1926.
25. Fortescve, Adrian: *The Orthodox Eastern Churches*, London, 1916.
26. Fortescve, Adrian: *The Lesser Eastern Churches*, London.
27. Bria, lon. *Martyria Mission: The witness of the Orthodox Churches tody*, W.C.C.
28. Coniaris, A. M: *Orthodoxy: A creed for Today*, Minnesota, 1972.
29. Zernov, Nicolas: *The Church of the Eastern Christians*, London, 1944.
30. Zernov, Nicolas: *Eastern Christendom.*
31. Zernov, Nicolas: *The Russians and their Church*, S.V.S., 1978
32. Wigram, W.A: *History of the Assyrian Church*, London, S.P.C.K., 1910.
33. Maria, Mother: *Orthodox Potential.*
34. Daniel, David: *Orhtodox Church of India*, Delhi, 1987.
35. Patelos, C. G: *Orthodox Churches in the Ecumenical movement*, W.C.C., 1978.
36 Ware, K.: *Orthodox Way*, S.V.S., 1978.
37. *Orthodoxia*, Reigeusburg, 1984.